# താഴ്മ

## യേശുവിന്റെ കൈയൊപ്പ്

പരദേശി

(Malayalam)
**THAZHMA**
**YESUVINTE KAIOPPU**
Author : Paradessi
mail@paradessi.org
© Reserved
First Impression : July 2009

Cover : Abhilash

Type Setting & Layout : Freelance Communications

Price Rs. 70/-

## ഉള്ളടക്കം

കുറിപ്പ് ........ 7

1. താഴ്മ: നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സുകൃതം ........ 9
2. താഴ്മയുടെ പ്രാധാന്യം ........ 14
3. എന്താണ് താഴ്മ? ........ 23
4. താഴ്മയുടെ സ്വഭാവസവിശേഷതകൾ ........ 29
   - A. പഠനക്ഷമത ........ 29
   - B. ഈഗോ ക്ലാഷ് ........ 47
   - C. പ്രസിദ്ധി ........ 57
   - D. ആത്മാവിൽ ദാരിദ്ര്യം ........ 74
   - E. വിധേയപ്പെടൽ ........ 92
   - F. ദാസ്യത്വം ........ 101
5. താഴ്മ നമ്മിൽ പെയ്തിറങ്ങുന്നതെങ്ങനെ? ........ 107
6. താഴ്മയ്ക്കായുള്ള പ്രാർത്ഥന ........ 121

# കുറിപ്പ്

മറ്റെവിടെയെങ്കിലും നിങ്ങൾ വായിച്ചതോ കേട്ടതോ ആയ ചിന്തകൾ ഈ പുസ്തകത്തിലും കണ്ടെന്നുവരാം. കഴിവതും കടപ്പാടുകൾ രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും പിഴവുകളും കുറവല്ല. അനേകവർഷത്തെ വായനയിലും പഠനത്തിലും ഞാൻ കണ്ടുമുട്ടിയ ദൈവീക ചിന്തകളും പ്രസ്താവനകളും ഏതു വ്യക്തി ഏതു പുസ്തകത്തിൽ രേഖപ്പെടുത്തിയതാണെന്ന് കുറിച്ചുവെക്കുവാൻ കാണിച്ച അലസത ഭാവിയിൽ ഇങ്ങനെ ഒരു പ്രശ്നമായി തീരുമെന്ന് ഞാൻ കരുതിയില്ല. മാപ്പാക്കുക. ഞാനെഴുതിയാലും നിങ്ങളെഴുതിയാലും ആത്യന്തികമായി വെളിപ്പാടുകൾ ദൈവത്തിന്റേതല്ലേ. അവിടുത്തെ നാമം പൂജിതമാകട്ടെ. ഈ ശുശ്രൂഷയിൽ എന്നെ സഹായിച്ച അനേകരുണ്ട്. അവരോടുള്ള നന്ദി ഇവിടെകുറിക്കുന്നു.

**പരദേശി**

*വികൃതമായിരുന്ന എന്റെ ജീവിതത്തിന്*
*സ്വർഗ്ഗീയമായ നിറങ്ങൾ വരച്ചു ചേർക്കുവാൻ*
*ദൈവം ഉപയോഗിച്ച മൂന്ന് സ്ത്രീകൾ:*
*എന്റെ ഭാര്യ, എന്റെ അമ്മ,*
*ലിയനോറ വാൻ ടോൻഡർ*
*(Health Care Christian Fellowship).*
*അവരോടുള്ള നന്ദി പ്രതീകമായി*
*ഈ പുസ്തകം സമർപ്പിക്കുന്നു.*

*ഒരു ഭക്തന്റെ ഏറ്റവും*
*മഹത്തായ സ്വഭാവ*
*ശ്രേഷ്ഠതയാണ്*
*താഴ്മ.*

**- ഓസ്‌വാൾഡ് ചേമ്പേഴ്സ്**

# 1

# താഴ്മ: നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സുകൃതം

സമകാലികമായ ഈ നിരീക്ഷണം നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു മഹാവിപത്തിനെക്കുറിച്ചാണ് ഓർമ്മപ്പെടുത്തുന്നത്: "കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കിടയിൽ മലയാളിയുടെ സമൂഹസ്വത്വം എത്തിപ്പെട്ടിരിക്കുന്ന പെരുപ്പിച്ചു കാണിക്കലിന്റേതായ ഈ പൊങ്ങച്ച മനസ്സ്..."[1] ഒരു സമൂഹത്തിൽ നിന്നും താഴ്മ ഒഴിഞ്ഞുപോകുമ്പോഴാണ് മത്സരത്തിന്റേയും കുതികാല് വെട്ടിന്റേയും കാട്ടുചെന്നായ്ക്കൾ ഓടിക്കയറുന്നത്. അന്ത്യകാലത്ത് നാം എത്തിപ്പെട്ടിരിക്കുന്ന അപകടകരമായ താഴ്മയുടെ ഒഴിഞ്ഞു പോക്കിനെക്കുറിച്ചു നൂറ്റാണ്ടുകൾക്ക് മുമ്പ് പൗലൊസ് പ്രവചിക്കുന്നു: "*തിമൊഥെയോസേ, അന്ത്യകാലത്തു ക്രിസ്ത്യാനിയായി ജീവിക്കുക ഏറ്റവും ദുഷ്ക്കരമായിത്തീരാൻ പോകുകയാണെന്നു കൂടി നീ ഓർത്തുകൊള്ളണം. മനുഷ്യർ* ***അഹങ്കാരികളും ആത്മപ്രശംസ ചെയ്യുന്നവരും ആയിരിക്കും...*** *അവർ കഠിനഹൃദയരും ഒരിക്കലും മറ്റുള്ളവർക്കു കീഴ്പ്പെടാത്തവരുമായി ജീവിക്കും...*" (2 തിമൊഥെയോസ് 3:1–3 പുതിയനിയമം – ലളിത ഭാഷയിൽ).

താഴ്മയുടെ നഷ്ടം ഇത്രയധികം പേറുന്ന ഒരു തലമുറ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. നിഗളത്തിന്റെ പ്രതിനിധികൾ മനുഷ്യചരിത്രത്തോളം ഉണ്ടെങ്കിലും ഇത്രവ്യാപകവും ശക്തവുമായ രീതിയിൽ ഉണ്ടായിരിക്കാനിടയില്ല. എവിടെയും വമ്പിന്റെ വേലിയേറ്റങ്ങൾ. വാക്കുകളിൽ, നിർമ്മതികളിൽ, ചടങ്ങുകളിൽ, 'ശുശ്രൂഷ' കളിൽ എന്നുവേണ്ട എങ്ങും നിഗളത്തിന്റെ വീർപ്പിക്കലുകളേയുള്ളൂ. ആരുടേയും തലയിൽ ചവിട്ടി തലപ്പത്തു കയറാൻ മനക്കരുത്തു നേടിയ ഒരു തലമുറ!

താഴ്മയുടെ പിൻവലിയലും നിഗളത്തിന്റെ അരങ്ങേറ്റവും പെട്ടെന്നൊരു ദിവസം കൊണ്ട് സംഭവിക്കുന്നതല്ല. പതുക്കെ പതുക്കെയുള്ള അവസ്ഥാന്തരങ്ങളാണ്. എന്നാൽ കൊക്കയിലേക്ക് മറിയാൻ തുടങ്ങുമ്പോൾ മാത്രമാണ് മിക്കപേരും താഴ്മയുടെ അസാന്നിദ്ധ്യവും നിഗളത്തിന്റെ സാന്നിദ്ധ്യവും തിരിച്ചറിയുക.

'ഉപവാസം', കൊട്ടിഘോഷങ്ങൾ പാടില്ലാത്ത ഒരു ആത്മീയ അച്ചടക്കമാണെങ്കിലും വഴി തെറ്റിയ ഒരു യാത്രയിലാണ് അതിന്ന്. സഭയുടെ ഇന്നത്തെ മുഖം എന്താണെന്നറിയാൻ, താഴ്മയുടെ ശവമടക്കായിമാറുന്ന 'ഉപവാസമേള'കൾ മാത്രം ശ്രദ്ധിച്ചാൽ മതി. *"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയമുഖം കാണിക്കരുത്"* (മത്തായി 6:16) എന്നാണ് കർത്താവിന്റെ ആഹ്വാനമെങ്കിലും ഉപവാസം കഴിയുന്നത്ര പരസ്യപ്പെടുത്താനാണ് നാം മത്സരിക്കുന്നത്. വാർത്താമാധ്യമങ്ങൾ അതിനായി നമുക്ക് വഴിയും ഒരുക്കുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പാണ് ഈ സംഭവം. ഞാനും സാക്ഷിയാണ്. ഒരു കൺവെൻഷൻ ഗ്രൗണ്ടിലുണ്ടായിരുന്ന ക്രൈസ്തവവാർത്താ വാരികയുടെ സ്റ്റോളിലേക്ക് ഒരു ശുശ്രൂഷകൻ കയറിവന്ന് കയർത്ത് സംസാരിക്കുന്നു. അവർ നടത്തിയ ഉപവാസ പ്രാർത്ഥനയെക്കുറിച്ചുള്ള വാർത്ത ഈ വാരികയ്ക്ക് നൽകിയിരുന്നു. ശുശ്രൂഷകന്റെ കോപത്തിന് ഹേതു, ആ വാർത്ത വാരികക്കാർ പ്രസിദ്ധീകരിച്ചില്ല എന്നതാണ്. ഉപവാസ പ്രാർത്ഥനയെക്കുറിച്ചുള്ള പരസ്യം പ്രസിദ്ധീകരിച്ചില്ല പോലും! രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് പരീശന്മാർക്കും ഇതേ മുഖമായിരുന്നു. യെഹൂദാ ഉപവാസദിവസങ്ങൾ തിങ്കളാഴ്ചയും വ്യാഴാഴ്ചയുമാണ്. ആ ദിവസങ്ങൾക്ക് മറ്റൊരു പ്രത്യേകതയുമുണ്ട്; 'ചന്തദിവസങ്ങ'ളും അന്നു തന്നെ[2]. നമുക്കുള്ള സാധ്യതകൾ അവർക്കില്ലല്ലോ? പത്രങ്ങളും, മാസികകളും, ടി.വിയും അന്ന് പ്രചാരത്തിലില്ല. പിന്നെ ആകെയൊരു പരിഹാരം 'ചന്തക്കവല'മാത്രം. അറിയിക്കാനും അറിയപ്പെടാനുമുള്ള ഈ മാമാങ്കത്തിൽ ശിരസ്സ് നഷ്ടപ്പെടുന്നത് 'ക്രിസ്തീയ മതത്തിലെ മഹത്തായ രത്ന'[3] മായ താഴ്മയ്ക്കാണ്.



## താഴ്മയെക്കുറിച്ചുള്ള അന്വേഷണം
## നീണ്ട ഒരു തീർത്ഥയാത്ര

താഴ്മയെക്കുറിച്ചുള്ള ഒരന്വേഷണത്തിന് നാം ഇറങ്ങിത്തിരിക്കുമ്പോൾ ഓർത്തിരിക്കേണ്ട ഒന്ന്, മഹാസമുദ്രത്തിലെ വെള്ളം അളക്കുന്നതിനു ചെറിയ ഒരു കപ്പുമായി നിൽക്കുന്ന ഒരു ബാലനെപ്പോലെയാണ് താഴ്മയുടെ മുമ്പിൽ നാം. അളന്നാലും അളന്നാലും തീരാത്തത്ര ആഴവും പരപ്പുമുണ്ട് താഴ്മയ്ക്ക്. ഈ അന്വേഷണവും ഈ സുകൃതവും ഒരു ജന്മം കൊണ്ടു മാത്രമേ കരഗതമാകുകയുള്ളൂ. ഇതൊരു സുദീർഘപ്രയാണമാണ്. യിസ്രായൽ ജനങ്ങളുടെ മരുഭൂമിയാത്രപോലെ. ഒരു പ്രവൃത്തികൊണ്ടോ ഒരു പ്രാർത്ഥനകൊണ്ടോ ഉണ്ടായി വരുന്നതല്ല താഴ്മ. താഴ്മയുടെ അകക്കാമ്പിലെത്താൻ സഹിഷ്ണുതയെ (Patience) കൂട്ടുപിടിച്ചേ പറ്റൂ. *"ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം"* (എബ്രായർ 10:36).

ഏതൊരു ആത്മീയഫലത്തെക്കുറിച്ചുമുള്ള അന്വേഷണത്തിൽ വന്നുപെടാവുന്ന അബദ്ധം താഴ്മയുടെ കാര്യത്തിലുമുണ്ട്. കേവലമായ ഒരന്വേഷണമോ പഠനമോകൊണ്ട് താഴ്മയെക്കുറിച്ച് അറിയേണ്ടതെല്ലാം അറിഞ്ഞു കഴിഞ്ഞുവെന്നും, ആ അറിവുള്ളതുകൊണ്ട് താഴ്മയുണ്ടെന്നും ചിന്തിക്കുവാനുള്ള സാധ്യതയാണത്. അറിവ് അറിവുമാത്രമാണ്. അറിവ് അനുഭവമാകാത്തിടത്തോളം ഗുണമല്ല ദോഷമാണ്. 'അറിവ് ചീർപ്പിക്കുന്നു'.

ഓരോ സന്ദർഭത്തോടും(Situation) സംഭവത്തോടുമുള്ള (Event) ഉരസലിൽ മാത്രമാണ് നമ്മുടെ താഴ്മയില്ലായ്മ തിരിച്ചറിയുന്നത്. ഒരു ഉരസലിൽ (ഒറ്റപ്പെടുത്തലോ, കൊച്ചാക്കലോ, അഭിപ്രായ നിഷേധനമോ, ശാസനയോ) പൊട്ടിത്തെറിച്ചില്ല എന്ന കാരണത്താൽ താഴ്മയുടെ ഉദാത്ത മാതൃകയാണ് നാമോ അല്ലെങ്കിൽ മറ്റാരെങ്കിലുമെന്നോ ചിന്തിക്കുന്നത് വിഡ്ഢിത്തമാണ്. ഓഫീസിൽ താഴ്മയോടെ പ്രതികരിച്ച ഒരാൾ വീട്ടിൽ മറിച്ചാകാം.

*''ഈ ലോകത്തിന്റെ പെരുമാറ്റങ്ങളും ആചാരങ്ങളും അനുകരിക്കരുത്. നേരെമറിച്ച് പ്രവൃത്തിയിലും ചിന്തയിലുമെല്ലാം പുതുക്കം പ്രാപിച്ച ഒരു വ്യത്യസ്ത മനുഷ്യനായി രൂപാന്തരപ്പെടുക...''* (റോമർ 12:2 ലളിതഭാഷ). ഈ വാക്യത്തിൽ നൽകിയിരിക്കുന്ന 'രൂപാന്തരപ്പെടുക' എന്ന വാക്ക് ഒരു തുടർക്രിയയാണ്. ഏതെങ്കിലും ഉരസലിൽ

താഴ്മയില്ലായ്മ തിരിച്ചറിയുമ്പോൾ അത് നമ്മെ അനുതാപത്തിലേക്ക് നയിക്കണം. അനുതാപവും, ദൈവസഹായത്തിന്റെ ആവശ്യബോധവും ദൈവകൃപ നമ്മിലേക്ക് പ്രവേശിക്കുവാൻ കാരണമായിത്തീരും. കൃപ, ദൈവിക ശക്തിപ്പെടുത്തൽ (Divine enablement) ആണ്. വീഴ്ചയിൽ നിന്നും കയറുവാനുള്ള സ്വർഗ്ഗീയ ഹസ്തമായ കൃപയിൽ പിടിച്ച് നാം കയറുന്നു. ചിന്തകളെയും പ്രവൃത്തികളെയും 'സ്വയ'ത്തിന്റെ പിടിയിൽ നിന്നും മോചിപ്പിച്ച് ദൈവാത്മാവിന്റെ നുകത്തിനു കീഴിലേക്ക് നമ്മെ ഏൽപ്പിച്ചുകൊടുക്കുവാൻ കൃപ നമ്മിൽ പ്രവർത്തിക്കുന്നു.

പഴയതിനെക്കാൾ ശക്തമായ മറ്റൊരു ഉരസലിൽ നാം വീണ്ടും നിഗളത്തോടെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തെന്നിരിക്കാം. വീണ്ടും പഴയ പ്രക്രിയയുടെ ആവർത്തനം. അനുതാപം, ഓട്ടം – മുമ്പ് പരാജയപ്പെട്ടപ്പോൾ ഓടിച്ചെന്ന ഇടത്തേക്ക്; ക്രൂശിന്റെ മുമ്പിലേക്ക്. "യേശുവേ ദാവീദു പുത്രാ എന്നോടു കരുണയുണ്ടാകണമേ" എന്ന പ്രാർത്ഥന നിറകണ്ണുകളോടെ അർപ്പിക്കുന്നു. ആന്തരീക പരിവർത്തനത്തിനും തുടർയാത്രയ്ക്കും അവിടുന്ന് ശക്തിയും പ്രബോധനങ്ങളും നൽകുന്നു. "*ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു...*" (1 യോഹന്നാൻ 2:1–2). ഇതൊരു ആവർത്തനമാണ് – പശ്ചാത്താപവും, കൃപാസ്വീകരണവും, തുടർയാത്രയും. താഴ്മയുടെ നിറവിലേക്ക് പതുക്കെ പതുക്കെ പ്രവേശിക്കുന്ന ഒരു ആവർത്തനം. വില്യം മാക്ഡൊണാൾഡിന്റെ തൂലിക അതിങ്ങനെയാണ് കുറിക്കുന്നത്: "അഹങ്കാരം ശമിക്കുന്നതുവരെയും വമ്പ് പറയുന്ന നാവ് നിശബ്ദമാകുന്നതുവരെയും എല്ലാ എതിർപ്പുകളും ഇല്ലാതാകുന്നതുവരെയും പരിശുദ്ധാത്മാവ് നമ്മോട് പോരാടിക്കൊണ്ടിരിക്കും. കുരിശിന്റെ ചുവട്ടിൽ കിടന്നുകൊണ്ട് ഒടുവിൽ നാം കരയും "ദൈവമേ എന്നെ രക്ഷിക്കണമേ."[4]

താഴ്മ നാം ഉണ്ടാക്കിയെടുക്കുന്നതല്ല, ഉണ്ടായി വരുന്നതാണ്. മഞ്ഞുകണങ്ങൾ ആകാശത്തു നിന്നും ഇറങ്ങി ഒരു പുഷ്പത്തിൽ അമരുന്നതുപോലെ. ഉണ്ടാക്കുവാനുള്ള എല്ലാ ശ്രമങ്ങളും പാഴ്ശ്രമങ്ങളാണെന്നു മാത്രമല്ല വിപരീതഫലം ഉളവാക്കുന്നവ കൂടിയാണ്. 'കൈക്കുമ്പിളിലെ വായുവിനെ പിടിക്കുവാൻ കൈവെള്ള പെട്ടെന്നു ചുരുട്ടിയാൽ കൈവിരലുകൾക്കിടയിലൂടെ വായു പുറത്തേക്കു പോകും. അത് പതുക്കെ ചെയ്താലും ഫലം തഥൈവ. പിന്നെ ആകെ ചെയ്യാവുന്നത് കൈവിരലുകൾ നിവർത്തി കൈവെള്ള തുറന്നു പിടിക്കുമെങ്കിൽ വായു വന്ന് കൈവെള്ളയിൽ അമരും.'[5] കർത്താവിന്റെ മാർവിൽ ചാരി, ആ കൈകളിൽ തൂങ്ങി, അവിടുത്തോടുകൂടെ നടക്കുമ്പോൾ നമ്മിൽ രുപപ്പെടുന്നതാണ് താഴ്മ. "*മനം തിരിഞ്ഞ് സ്വസ്ഥമായിരുന്നാൽ നിങ്ങൾ രക്ഷ പ്രാപിക്കും. ശാന്തതയിലും ആശ്രയത്തിലുമാണ് നിങ്ങളുടെ ശക്തി ...*" (യെശയ്യാവ് 30:15 NIBV).

*മതത്തിലെ ആദ്യത്തെ കാര്യമെന്താണെന്നുമാത്രമേ നിങ്ങൾ ചോദിച്ചിട്ടുള്ളൂവെങ്കിലും എന്റെ മറുപടി: ഒന്നാമത്തേതും രണ്ടാമത്തേതും മൂന്നാമത്തേതും താഴ്മയാണ്.*

**സെയ്ന്റ് അഗസ്റ്റിൻ**

## 2

# താഴ്മയുടെ പ്രാധാന്യം

**1. ഏതൊരു വീഴ്ചയുടേയും ചരിത്രം തുടങ്ങുന്നത് താഴ്മയുടെ ഒടുങ്ങലിൽ നിന്നുമാണ്.** ഒരു വ്യക്തിയോ സമൂഹമോ 'സഭ'യോ നിഗളിക്കുവാൻ തുടങ്ങുമ്പോൾ കൂപ്പുകുത്തി വീഴാനുള്ള ആയലാണതെന്ന് നമുക്ക് തീർപ്പു കൽപ്പിക്കാം. "*നാശത്തിനു മുമ്പെ ഗർവ്വം, വീഴ്ചക്കു മുമ്പെ ഉന്നതഭാവം*" (സദൃശവാക്യങ്ങൾ 16:18).

ദൈവത്തിന്റെ തോട്ടമായ ഏദെനിൽ എല്ലാ മഹത്വത്തോടും വാണ്, **വിശുദ്ധ ദേവപർവ്വതത്തിൽ** ഇരുന്നിരുന്ന കെരൂബാണ് ഒടുവിൽ സകല തിന്മയുടെയും പിതാവായ സാത്താനായി പരിണമിച്ചത് (യെഹെസ്കേൽ 28: 13–14). അതിന്റെ കാരണമോ താഴ്മയുടെ അഭാവവും (നിഗളം). "*നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു...*"(വാക്യം 17). അദ്ധ്യക്ഷസ്ഥാനത്തേക്ക് പുതിയ ശിഷ്യന്മാരെ നിയോഗിക്കുന്നതിനെ പൗലൊസ് എതിർക്കുന്നത് സ്ഥാനമാനങ്ങൾ അവരിൽ നിഗളത്തിന്റെ വെടിമരുന്ന് നിറയ്ക്കുവാൻ സാധ്യതയുള്ളതുകൊണ്ടാണ്. "*നിഗളിച്ചിട്ടു പിശാചിന്നു വന്ന ശിക്ഷാവിധിയിൽ...*" അവർ അകപ്പെടാം (1 തിമൊഥെയൊസ് 3:6). ഏതൊരു വിശുദ്ധനും പാപിയായിത്തീരുവാനുള്ള അകലം താഴ്മയിൽ നിന്നും നിഗളത്തിലേക്കുള്ള ദൂരത്തിനു തുല്യമാണ്.

'നമുക്ക് ഒരു പേരുണ്ടാക്കുക' എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആരംഭിച്ച ബാബേൽഗോപുരത്തിന്റെ പണി ദൈവം മുടക്കിയെന്നു മാത്രമല്ല 'ഒരേ ഭാഷയും ഒരേ വാക്കും' എന്ന തന്റെ പ്രഥമ ലക്ഷ്യത്തെ വഴിക്കുവെച്ച് നിറുത്തി ദൈവത്തിന് ഭാഷ കലക്കേണ്ടതായും വന്നു. തന്റെ 'പ്രതാപമഹത്വ'ത്തിനായി പണിത രാജധാനിയെ നോക്കി വമ്പു പറഞ്ഞ നെബൂഖദ്നേസർ രാജാവിന്റെ വാക്കുകൾ മുഴുമിപ്പിക്കുവാൻ പോലും ദൈവം അനുവദിച്ചില്ല. ന്യായവിധി പെട്ടെന്നു വന്നു: "*അവനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിക്കളഞ്ഞു; അവന്റെ രോമം കഴുകന്റെ തൂവൽപോലെയും അവന്റെ നഖം പക്ഷിയുടെ നഖം പോലെയും വളരുന്നതുവരെയും, അവൻ കാളയെന്ന പോലെ പുല്ലുതിന്നുകയും അവന്റെ ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ട് നനയുകയും ചെയ്തു*" (ദാനിയേൽ 4:31,33).

2. ദൈവത്തെപ്പോലെ ആകുവാനുള്ള **ഒന്നാമത്തെ ആദാമിന്റെ അഹങ്കാരം** തനിക്കും മനുഷ്യകുലത്തിനും **സമ്മാനിച്ചത് മരണവും ശാപവുമാണെങ്കിൽ** ഒടുക്കത്തെ ആദാമായ യേശുവിന്റെ താഴ്മ നമുക്ക് നേടിത്തന്നത് യഥാർത്ഥ ഏദെനായ സ്വർഗ്ഗവും, വിശുദ്ധിയും, ജീവനുമാണ് (ഫിലിപ്പിയർ 2: 6–10; യോഹന്നാൻ 6:40; 10:28; 1 യോഹന്നാൻ 1:7; 2:12) 'യേശുവിന്റെ താഴ്മയാണ് നമ്മുടെ രക്ഷ.'[1]

**3. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്" *** (മത്തായി 5:3)**.** സ്വർഗ്ഗരാജ്യത്തിന്റെ ഉടമസ്ഥത ആർക്കാണെന്ന് യേശുവിനെക്കാൾ നന്നായി പറയുവാൻ വേറെ ആർക്കും കഴിയുകയില്ലല്ലോ! യേശു പറയുന്നത്: താഴ്മയുള്ളവർക്കാണ് സ്വർഗ്ഗരാജ്യം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, താഴ്മയുള്ളവർ മാത്രമേ സ്വർഗ്ഗത്തിൽ കാണൂ. പരീശന്മാർക്കു മുമ്പേ ചുങ്കക്കാരും വേശ്യകളും സ്വർഗ്ഗരാജ്യത്തിൽ

---

* *'ആത്മാവിൽ ദാരിദ്ര്യം' എന്നത് താഴ്മയുടെ ഒരു രൂപമാണ്. ദൈവത്തിൽ മാത്രം ആശ്രയിച്ച്, തന്റേത് ഒന്നും തന്നേ എടുത്തു കാണിക്കുവാനില്ലാത്ത ഒരവസ്ഥ. ഈ പുസ്തകത്തിൽ ആത്മാവിൽ ദാരിദ്ര്യം, സൗമ്യത, വിനയം തുടങ്ങി താഴ്മയുടെ വിവിധ രൂപങ്ങൾ താഴ്മ എന്ന ഒറ്റ വാക്കിൽ തന്നെയാണ് കുറിക്കുന്നത്. ഇതിൽ ആത്മാവിൽ ദാരിദ്ര്യത്തെക്കുറിച്ച് നാലാം അദ്ധ്യായത്തിൽ കൂടുതൽ വിശദമാക്കുന്നുണ്ട്.*

കയറുമെന്ന് യേശു പറയുവാനുള്ള കാരണം അവർ താഴ്മയോടെ യേശുവിനെ ആശ്രയിക്കുന്നവരായിരുന്നു എന്നതാണ്. *"...താഴ്മയുള്ളവരെ യഹോവ രക്ഷകൊണ്ടു അലങ്കരിക്കും"(സങ്കീർത്തനം 149:4).*

ശിഷ്യന്മാരിൽ നിഗളത്തിന്റെ ലക്ഷണം വെളിപ്പെട്ടത് ഒരു ചോദ്യമായിട്ടായിരുന്നു: 'തങ്ങളിൽ വലിയവനാര്?' എന്നാൽ ആ ചോദ്യം, യേശുവിന്റെ അടുക്കൽ മറ്റൊരു രൂപത്തിലാണ് ശിഷ്യന്മാർ അവതരിപ്പിച്ചത്: "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര്?" അതിനുള്ള യേശുവിന്റെ മറുപടി ഒരു ഇടിവെട്ടായിട്ടായിരുന്നു: *"നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല (ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നില്ലായെങ്കിൽ) എങ്കിൽ **സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല** എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു"* (മത്തായി 18:1–4).

4. **'ദൈവകൃപ'യാണ്** ക്രിസ്തീയജീവിതത്തിന്റെ ശ്വാസവും രക്തവും. കൃപയെ ഒഴിച്ചു നിറുത്തി ആർക്കും ജയകരമായ ഒരു ജീവിതം സാധ്യമല്ല. ദൈവാശ്രയം ഇല്ലാതാകുകയും കൃപയുടെ അർത്ഥം അറിയാതിരിക്കുകയും ചെയ്യുന്ന എത്രയോ വിശ്വാസികൾ, 'സഭ'കൾ, സംഘടനകൾ നന്നായിപ്പോകുന്നുണ്ടല്ലോ എന്ന ചോദ്യം പൂർണ്ണമായും തെറ്റല്ല. എന്നാൽ ഈ നന്നാകലുകൾ കേവലം നമുക്ക് തോന്നുന്ന നന്നാകലുകൾ മാത്രമാണ്. ദൈവത്തിന്റെ വിലയിരുത്തലിലുള്ള നന്നാകലുകളല്ല. എഴുപത്തിമൂന്നാം സങ്കീർത്തനത്തിൽ ആസാഫിനെ നിരാശയിലേക്കെത്തിച്ച ദുഷ്ടന്റെ 'സൗഖ്യവും' അഹങ്കാരികളുടെ 'വേദനയില്ലായ്മയും' പോലുള്ള ഒന്ന്. ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ നിന്നും നോക്കിയാൽ മാത്രമാണ് ആ തിളക്കങ്ങൾ ഒരു മിഥ്യയാണെന്ന് മനസ്സിലാക്കുവാൻ കഴിയുക. *"എത്ര ക്ഷണം അവർ നാശമടയുന്നു!..."*(സങ്കീർത്തനം 73:10).

'കൃപ' ലഭിക്കുക എന്നു മാത്രമല്ല കൃപയുടെ അളവും വർദ്ധിച്ചു വരണമെന്നുള്ളത് ക്രിസ്തീയജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. *"കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വർദ്ധിച്ചു വരുവിൻ"*(2 പത്രൊസ് 3:18). ഒരു വ്യക്തി ക്രിസ്തീയജീവിതത്തിൽ മുന്നോട്ട് പോകുന്തോറും വെല്ലുവിളികളും, ഉത്തരവാദിത്തങ്ങളും കുറയുകയല്ലല്ലോ കൂടുന്നതല്ലേ ഉള്ളൂ. അതുകൊണ്ടു തന്നെ കൃപയും അധികം വേണം. **ഈ 'കൃപ'യിലേക്കുള്ള കവാടമാണ് താഴ്മ.** "...താഴ്മയുള്ളവർക്കു (ദൈവം) കൃപ നൽകുന്നു"(1 പത്രൊസ് 5:5). 'താണനിലത്തേ നീരോടൂ' എന്ന പഴഞ്ചൊല്ലിന്റെ വാൽക്ഷണമായി നാം കൂട്ടിച്ചേർക്കുന്നത് 'അവിടേ ദൈവം തുണ ചെയ്യൂ' എന്നാണല്ലോ. ഒരു വ്യക്തിയിലേക്ക് ദൈവകൃപ ഇറങ്ങുന്നതിന് ഇടമുണ്ടാക്കി കൊടു



ക്കുകയാണ് താഴ്മ ചെയ്യുന്നത്. കൃപയുടെ പ്രവാഹത്തെ തടഞ്ഞു നിർത്തിയിരുന്ന അണക്കെട്ട് അഹങ്കാരത്തിന്റെ നിറവായിരുന്നു.

*''അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി...'*(ഫിലിപ്പിയർ 2:6–8). ഇവിടെ 'ഒഴിച്ചു' എന്നതിനുപയോഗിച്ചിരിക്കുന്ന 'Kenoun' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ഒരു കുപ്പിയിൽ ഒരു തുള്ളിവെള്ളം പോലും ശേഷിക്കാത്ത വിധത്തിൽ ആ കുപ്പിയിലെ വെള്ളം പൂർണ്ണമായും ഒഴിച്ചു കളയുക എന്നാണ്[2]. യേശുവിന്റെ താഴ്മ നിറവുള്ളതായിരുന്നു. അതുകൊണ്ടു തന്നെ തന്നിലുള്ള കൃപയും നിറഞ്ഞതായിരുന്നു. *"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു"*(യോഹന്നാൻ 1:14).

5. ദൈവവും സാത്താനുമായി നിരന്തരം നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിൽ ഓരോ ദൈവപൈതലും കക്ഷിയാണ്. *"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ"*(എഫെസ്യർ 6:12). എന്നാൽ ഏതു പക്ഷത്താണ് നാമെന്നുള്ളത് നമ്മുടെ ആഗ്രഹത്തെയോ ഏറ്റുപറച്ചിലിനെയോ അടിസ്ഥാനപ്പെടുത്തിയല്ല, താഴ്മയെയും നിഗളത്തെയും അടിസ്ഥാനപ്പെടുത്തിയാണ്. ഒരു വ്യക്തി ദൈവപക്ഷത്ത് നിൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും അയാൾ നിഗളിയാണെങ്കിൽ സ്വാഭാവികമായും ശത്രുപക്ഷത്താകും. കാരണം ദൈവം സാത്താനോടു മാത്രമല്ല *"നിഗളികളോടും എതിർത്തു നിൽക്കുന്നു"*(1പത്രോസ് 5:5).

6. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ബോധ്യവും താഴ്മയും ആനുപാതിക (Proportionate) മാണ്. താഴ്മ എത്ര ഉണ്ടോ ദൈവത്തെക്കുറിച്ചുള്ള അറിവും അത്രയേ ഉണ്ടായിരിക്കൂ. താഴ്മയ്ക്ക് കാരണം ദൈവത്തെക്കുറിച്ചുള്ള ബോധ്യമാണല്ലോ. ഒരു വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ അറിവ് വിപുലമാകുന്നത് പരസ്പര ഇടപഴകലിലൂടെയാണ്. പ്രത്യേകിച്ചും സഹവാസത്തിലൂടെ. മൂന്നരവർഷം യേശുവിനോടു കൂടെ ഉണ്ടും ഉറങ്ങിയും നടന്നതിലൂടെ ശിഷ്യന്മാരിൽ ഉരുവായ ബന്ധത്തെക്കുറിച്ചാണ് യോഹന്നാൻ പറയുന്നത്: *"ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ* വചനം" (1യോഹന്നാൻ 1:1–2). ദൈവം സഹവസിക്കുന്നത് 'ക്രിസ്തു ഈ വീടിന്റെ നായകൻ' എന്ന ബോർഡ് നോക്കിയല്ല. താഴ്മയുടെ അളവ് രേഖപ്പെടുത്തിയ

ബോർഡ് നോക്കിയാണ്. *''ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയമുള്ളവരോടു കൂടെയും വസിക്കുന്നു"* (യെശയ്യാവ് 57:15).

മോശെയെക്കുറിച്ച് വളരെ ശ്രദ്ധേയമായ ഒരു പ്രസ്താവന ബൈബിളിലുണ്ട്: *"എന്നാൽ മോശെയാകട്ടെ വളരെ സൗമ്യനായിരുന്നു, ഭൂമുഖത്തുള്ള സകല മനുഷ്യരിലും സൗമ്യനായിരുന്നു"* (സംഖ്യാപുസ്തകം 12:3 NIBV). ഇതിനോട് ചേർത്തു വായിക്കേണ്ട മറ്റൊരു വാക്യമാണ്: *"യഹോവയെ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നീട് എഴുന്നേറ്റിട്ടില്ല"* (ആവർത്തനം 34:12 NIBV). താഴ്മയുടെ പ്രകാശം ദൈവത്തെ അറിയുന്നതിന് മോശെക്ക് ഇടനിലക്കാരനായി .

രണ്ടുതരം ജ്ഞാനത്തെക്കുറിച്ച് യാക്കോബ് പറയുന്നുണ്ട്: ഉയരത്തിലെ ജ്ഞാനവും ഭൗമിക ജ്ഞാനവും (യാക്കോബ് 3:15). ഇതിൽ ഉയരത്തിൽ നിന്നുള്ള ജ്ഞാനത്തിലൂടെ മാത്രമെ ഒരാൾക്ക് ദൈവത്തെക്കുറിച്ചും ദൈവീകകാര്യങ്ങളെക്കുറിച്ചും ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ. വെളിപ്പാടുകൾക്ക് കാരണമായി ഭവിക്കുന്ന ഉയരത്തിലെ ജ്ഞാനം ഒരാൾ പ്രാപിച്ചുവെന്നതിന്റെ തെളിവ് താഴ്മയാണ്. *''നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ **ജ്ഞാന ലക്ഷണമായ സൗമ്യത**യോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ"* (യാക്കോബ് 3:13).

7. **തിരുവചനം മനസ്സിലാക്കുവാൻ വേണ്ടത് താഴ്മയാണ്.** ബുദ്ധികൊണ്ടുള്ള ഒരു തരം മനസ്സിലാക്കലല്ല ഇത്. ദൈവവചനത്തിനു മുമ്പിൽ 'ഞാൻ മനസ്സിലാക്കി' എന്നൊന്നില്ല, 'ദൈവം വെളിപ്പെടുത്തിത്തന്നു' എന്നേയുള്ളൂ. *''നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു"* (1കൊരിന്ത്യർ2:10).

ബുദ്ധികൊണ്ടുള്ള മനസ്സിലാക്കലായിരുന്നു പരീശന്മാരുടേത്. അതിൽ വെളിപ്പാടില്ല. ആത്മീയ തലത്തിൽ ആ മനസ്സിലാക്കലുകൊണ്ട് അവർക്ക് പ്രയോജനമൊന്നും ഉണ്ടായില്ലെങ്കിലും ഭൗതീക തലത്തിൽ യേശുവിനെ കുടുക്കാൻ ശ്രമിക്കാനും കുറ്റപ്പെടുത്താനും വളരെയധികം പ്രയോജനപ്പെട്ടുതാനും.

യേശുവിന്റെ പഠിപ്പിക്കലുകൾ ശരിയായി ഗ്രഹിച്ചത് ശിശുക്കളാണ്; ശിശുക്കളെപ്പോലെ താഴ്മയുള്ളവർ. *"ആ സമയത്തു തന്നേ യേശു പറ*



*ഞ്ഞതു: പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു"*(മത്തായി 11:25).

ദൈവത്തിന്റെ വചനമാകുന്ന വിത്ത് തികവുള്ളതാണെങ്കിലും അത് വീഴുന്ന നിലത്തിന്റെ ഒരുക്കമനുസരിച്ചാണ് ഫലം ലഭിക്കുന്നത്. വഴിയരികും, മുള്ളിനിടയും, പാറപ്പുറവും വചനവിത്ത് വീഴുവാൻ നല്ല നിലങ്ങളല്ല. താഴ്മയുള്ള ഹൃദയമാണ് നനഞ്ഞ് ഒരുക്കപ്പെട്ട നിലം. *"...നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊള്ളുവിൻ"* (യാക്കോബ് 1:21).

**8. ദൈവം വളരെയധികം ഗൗരവത്തോടെയാണ് താഴ്മയെ കാണുന്നത്.** *"ന്യായം പ്രവർത്തിപ്പാനും ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത് "* (മീഖ 6:8). ദൈവത്തിന്റെ ആഗ്രഹങ്ങളെ കാച്ചിക്കുറുക്കിയാലുള്ള ശേഷിപ്പുകളിലൊന്ന് താഴ്മയാണ്.

ദൈവത്തിന് വെറുപ്പായിരുന്ന കാര്യങ്ങളെ തനിക്കു മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം ചെയ്ത യിസ്രായേല്യ രാജാവായിരുന്നു ആഹാബ്. എങ്കിലും ദൈവം വരുത്തുവാൻ പോകുന്ന ശിക്ഷയെക്കുറിച്ചു കേട്ട് ദൈവസന്നിധിയിൽ സ്വയം താഴ്ത്തിയതുകൊണ്ട് ശിക്ഷയിൽ നിന്നും ആഹാബിന് ദൈവം ഒരു ഇളവ് നൽകുന്നു. ആഹാബ് ഇത്രയധികം പാപിയായിരുന്നെങ്കിലും ദൈവത്തിന്റെ കരുണ തന്റെ മേൽ പൊഴിക്കാനുള്ള കാരണമായി ദൈവം പറയുന്നത്: *"ആഹാബ് എന്റെ മുമ്പാകെ തന്നെത്താൻ താഴ്ത്തിയതു കണ്ടുവോ?"* (1 രാജാക്കൻമാർ 21:27–*29).*

യഹോവ വെറുക്കുന്ന ആറു കാര്യങ്ങളിൽ ഒന്നാണ് 'ഗർവ്വമുള്ള കണ്ണ്' (സദൃശവാക്യങ്ങൾ 6:16–17). ആ വെറുപ്പിന്റെ തീവ്രതയാണ് ശലോമോൻ പറയുന്നത് *"അഹങ്കാരിയുടെ വീട് യഹോവ പൊളിച്ചുകളയും..."* (സദൃശവാക്യങ്ങൾ 15:25**).**

**9. യേശുവിന്റെ സ്വഭാവങ്ങളിൽ ഒന്നായിരുന്നു താഴ്മ.** '*ക്രിസ്തുവിന്റെ ഭാവം നിങ്ങൾക്കുണ്ടായിരിക്കട്ടെ*'യെന്ന് ഫിലിപ്പിയയിലുള്ള വിശ്വാസികളെ പൗലോസ് പ്രബോധിപ്പിക്കുമ്പോൾ ആ ഭാവം താഴ്മയും അതിൽ നിന്നും ഉരുത്തിരിയുന്ന അനുസരണവുമാണെന്ന് അവരെ ഓർമ്മിപ്പിക്കുന്നു (ഫിലിപ്പിയർ 2:3–8). യേശുവിൽ നിന്നും നാം പഠിക്കേണ്ടത് തന്റെ സൌമ്യതയും താഴ്മയുമാണ് (മത്തായി 11:29).

10. 'ഉയർത്തപ്പെടാൻ' ദൈവസഹായം വേണമെന്നില്ല. എന്നാൽ ദൈവം ഉയർത്താതെ ഒരാൾ ഉയർത്തപ്പെട്ടാൽ തന്റെ 'സ്വയം' കൂടുതൽ ശക്തിപ്പെടുമെന്നുള്ളതുമാത്രമാണ് ആ ഉയർത്തപ്പെടലിന്റെ തിന്മ നിറഞ്ഞ ഫലം. ദൈവം ഉയർത്തുന്നത് സ്വയമായി ഉയർത്തുന്നവരെയല്ല സ്വയമായി താഴ്ത്തുന്നവരെയാണ്. "*കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവിടുന്ന് നിങ്ങളെ ഉയർത്തും*"(യാക്കോബ് 4:10 NIBV). തന്നെത്താൻ ഉയർത്തുവാനായി ശ്രമിച്ച ലൂസിഫർ ഏറ്റവും താണുപോയി. *"അരുണോദയ പുത്രനായ ശുക്രാ നീ എങ്ങനെ ആകാശത്തു നിന്നു വീണു!... ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ ഹൃദയത്തിൽ പറഞ്ഞതു.* ***എന്നാൽ നീ പാതാളത്തിലേക്കു നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും*** *(*യെശയ്യാവു 14:12–15*).* എന്നാൽ തന്നേത്തന്നേ ഏറ്റവും താഴ്ത്തിയ യേശു ഏറ്റവും ഉയർത്തപ്പെട്ടു. *"ക്രിസ്തു യേശു...തന്നെത്താൻ താഴ്ത്തി...അതുകൊണ്ടു ദൈവവും അവനെ* ***ഏറ്റവും ഉയർത്തി"*** (ഫിലിപ്പിയർ 2:8–9*).*

**11. പ്രാർത്ഥനയും താഴ്മയും തമ്മിൽ ഇഴപിരിക്കാനാവാത്ത ബന്ധമാണുള്ളത്.** 'താഴ്മയുള്ളവനേ പ്രാർത്ഥിക്കാനാകൂ, പ്രാർത്ഥിക്കുന്നവനേ താഴ്മയുണ്ടാകൂ'. 'ആത്മാവിൽ ദരിദ്രനായവന്റെ ഭാഷയാണ് പ്രാർത്ഥന'[3]. പ്രാർത്ഥന അപേക്ഷയായതുകൊണ്ട് പദവിയിൽ താഴെയുള്ളവരാണ് അപേക്ഷിക്കുന്നത്. അല്ലെങ്കിൽ കൽപ്പിച്ചാൽ മതിയായിരുന്നു (പ്രാർത്ഥനയിൽ കൽപ്പിക്കുന്ന രീതി ഇക്കാലത്ത് പലയിടത്തും പ്രചാരത്തിലുണ്ട്. അത് വേദപുസ്തകപ്രകാരമുള്ളതല്ല. മനുഷ്യന്റെ നിഗളത്തിന്റെ ബഹിർസ്ഫുരണം മാത്രമാണ്).

**a**) താഴ്മയുള്ളവരുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്: ദാനിയേലിന്റെ പ്രാർത്ഥനയുടെ ഇരുപത്തൊന്നാം ദിവസം ദൂതൻ പ്രത്യക്ഷനായി പറയുന്നത്: *"...നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിനും മനസ്സുവെച്ച ആദ്യദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു"(*ദാനിയേൽ 10:12*).* യഹോവയ്ക്കായി പണികഴിപ്പിച്ച ആലയത്തിൽ ദൈവത്തിന്റെ പ്രത്യേക കടാക്ഷത്തിനായുള്ള ശലോമോന്റെ പ്രാർത്ഥനയോട് ദൈവം പ്രതികരിക്കുന്നത്: *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു... എങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേട്ടു അവരുടെ പാപം ക്ഷമിച്ചു ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും"(*2 ദിനവൃത്താന്തം 7:14*).* ദേവാലയത്തിൽ 'പ്രാർത്ഥിക്കുന്ന പരീശന്റേയും ചുങ്കക്കാരന്റെ'യും ഉപമയിലൂടെ ഈ സത്യം തന്നെയാണ് യേശു പഠിപ്പിക്കുവാൻ ശ്രമിക്കുന്നത് (ലൂക്കൊസ് 18:9–14).



മനശ്ശെയുടെയും (2ദിനവൃത്താന്തം 33:12–13) യോശിയാവിന്റെയും (2ദിനവൃത്താന്തം 34:27) ചരിത്രത്തിൽ നിന്നും ഉരുത്തിരിയുന്ന ഒരു പ്രയോഗമാണ് 'അവർ തങ്ങളെത്തന്നെ താഴ്ത്തി, യഹോവ പ്രാർത്ഥന കേട്ടു'.

**b**) യഥാർത്ഥ പ്രാർത്ഥന താഴ്മയുള്ളവനു മാത്രമേ അറിയുകയുള്ളൂ. മുകളിലേക്ക് നോക്കി വായിൽ നിന്നും പുറത്തേക്കുവരുത്തുന്ന ശബ്ദങ്ങളെല്ലാം പ്രാർത്ഥനകളല്ല. *"പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു"(*മത്തായി 6:7*).*

ശരിയായ പ്രാർത്ഥന എന്താണെന്ന് താഴ്മയുള്ളവൻ മാത്രം മനസ്സിലാക്കുവാനുള്ള കാരണം, അവനു മാത്രമേ യേശുവിന്റെ അടുക്കൽ വന്ന് 'എനിക്കറിയില്ലാ'യെന്നും 'പഠിപ്പിക്കണമേ'യെന്നും അപേക്ഷിക്കുവാൻ കഴിയുകയുള്ളൂ. പരീശന്മാരൊന്നും യേശുവിന്റെ അടുക്കൽ ഈ ചോദ്യവുമായി വന്നില്ല. കാരണം അവർക്ക് പ്രാർത്ഥിക്കാനറിയാം. പ്രാർത്ഥനയുടെ നല്ലൊരു പാരമ്പര്യം സൂക്ഷിച്ചിരുന്നവരാണ് യെഹൂദന്മാർ. ഒരു ദിവസം മൂന്നുനേരം മുടക്കമില്ലാത്ത പ്രാർത്ഥന കൂടാതെ മറ്റു പല പ്രാർത്ഥനകളും അവർക്കുണ്ടായിരുന്നു. പ്രാർത്ഥനയുടെ കാര്യത്തിൽ നമ്മുടേയും അപകടം നമുക്ക് പ്രാർത്ഥിക്കാൻ അറിയാമെന്നുള്ളതാണ്. "സഹോദരന്മാരേ, നമ്മുടെ കഴിവുകളാണ് നമ്മുടെ പരിമിതികൾ, നമ്മുടെ താലന്തുകളാണ് നമ്മുടെ ഇടർച്ചക്കല്ലുകൾ" (Brethren, our abilities are our handicaps, and our talents are our stumbling blocks!)[4].

പ്രാർത്ഥനയെക്കുറിച്ച് (ദൈവഹിത പ്രകാരമുള്ള പ്രാർത്ഥന)പഠിക്കുവാനുള്ള ശിഷ്യന്മാരുടെ ആദ്യത്തെ ചുവടുവെപ്പ് 'ഞങ്ങൾക്ക് അറിയില്ല' എന്ന ബോധ്യമാണ്. യേശുവിന്റെ അടുക്കൽ വന്ന് അവർ അപേക്ഷിക്കുന്നത്: "*യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കണമേ*"(ലൂക്കൊസ് 11:1).

**c**) യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ തുടക്കം തന്നെ നമ്മെ ഓർമ്മപ്പെടുത്തുന്നത് പ്രാർത്ഥനയുടെ ലക്ഷ്യത്തെക്കുറിച്ചാണ്: *"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടണമേ" (*മത്തായി 6:9*).* വിശുദ്ധീകരിക്കുക എന്ന വാക്കിന്റെ ഗ്രീക്ക് പദം 'ഹഗിയോസ്' (Hagios) എന്നാണ്. അർത്ഥം: വ്യത്യസ്തയുള്ളതായിരിക്കുക. അങ്ങനെയെങ്കിൽ ഈ അപേക്ഷയുടെ അർത്ഥമിതാണ് 'മറ്റെല്ലാനാമത്തേക്കാളും ദൈവത്തിന്റെ നാമത്തെ വ്യത്യസ്തമായി കരുതണം; മറ്റാരുടേയും നാമത്തിനില്ലാത്ത ഒരു സ്ഥാനം ദൈവത്തിന്റെ നാമത്തിന് നൽകണം'.[5] ദൈവത്തിന്റെ നാമം ഉയർത്തുവാനുള്ള ഒരു പരിശ്രമമാണ് ഈ പ്രാർത്ഥന.

കർത്താവിന്റെ മഹത്വം മാത്രം ലക്ഷ്യമാക്കുന്ന താഴ്മയുള്ള ഒരു വ്യക്തിക്ക് മാത്രമേ ഈ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ കഴിയൂ. അങ്ങനെയുള്ള ഒരു വ്യക്തിയുടെ പ്രാർത്ഥനയുടെ ലക്ഷ്യവും പ്രാർത്ഥനയുടെ അകക്കാമ്പും: “കർത്താവേ, അങ്ങയുടെ പരിശുദ്ധനാമത്തെ എങ്ങനെയെങ്കിലും ബഹുമാനിക്കുവാൻ ഞങ്ങളെ സഹായിക്കണമേ” എന്നതായിരിക്കും. സ്വന്ത മഹത്വം ജീവിതലക്ഷ്യമാക്കിയിട്ടുള്ള ഒരു വ്യക്തിക്ക് ഈ പ്രാർത്ഥന ഭയവും നിരാശയും ആണ്.

താഴ്മയിൽ നിന്നുമല്ലാത്ത പ്രാർത്ഥനകൾക്ക് ആരോടാണ് പ്രാർത്ഥിച്ചത് എന്നതിനെക്കാൾ ആരാണ് പ്രാർത്ഥിച്ചതെന്നതിനാണ് മുൻതൂക്കം. ‘ഞാൻ പ്രാർത്ഥിച്ചു നേടി’, ‘ഞാൻ പ്രാർത്ഥിച്ചു നേടിയ ആത്മാക്കളാണിത്’, ‘ഞാൻ പ്രാർത്ഥിച്ചാൽ ഏതു രോഗവും മാറും’ തുടങ്ങിയ പ്രസ്താവനകൾ താഴ്മയുടെ അഭാവവും ദൈവഹിത പ്രകാരമുള്ള പ്രാർത്ഥനകളുടെ അപര്യാപ്തതയുമാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള പ്രാർത്ഥനകൾ സാത്താന് ലാഭമുണ്ടാക്കി കൊടുക്കുന്ന (നമ്മെ കീഴടക്കുന്നതിനുള്ള ആയുധങ്ങൾ നാം തന്നെ സത്താന് ‘സപ്ളൈ’ ചെയ്യുന്ന ഒരവസ്ഥ) പ്രവൃത്തിയാണ്. അങ്ങനെയുള്ള പ്രാർത്ഥനകൾ ദൈവ സഭയ്ക്ക് ലാഭമല്ല ആപത്താണ്.

**d)** ഉപവാസം താഴ്മയുടെ ഒരനുഭവമായിരുന്നു, പഴയ നിയമത്തിൽ. “*ഉപവാസത്താൽ ഞാൻ എന്നെത്തന്നെ താഴ്ത്തി*” (സങ്കീർത്തനം 35:13 NIV). എസ്രാ ഒരു ഉപവാസം പ്രസിദ്ധപ്പെടുത്തിയത്: “ദൈവത്തിന്റെ സന്നിധിയിൽ താഴ്ത്തുവാൻ” വേണ്ടിയാണ് (എസ്രാ 8:21).

12. **നിഗളത്തിനുള്ള ശിക്ഷയും താഴ്മയ്ക്കുള്ള പ്രതിഫലവും.**

| | |
|---|---|
| നിഗളം: ***താഴ്ത്തപ്പെടൽ*** (സംഖ്യാപുസ്തകം 18:12; ദാനിയേൽ 4:30–34; യിരമ്യാവു 49:16; മത്തായി 23:11–12) | താഴ്മ: ***ഉയർത്തപ്പെടൽ*** (1പത്രോസ് 5:6; സംഖ്യാപുസ്തകം 18:12; ഫിലിപ്പിയർ 2:9; ലൂക്കൊസ് 1:52; മത്തായി 23:11–12) |
| ***മരണം*** (റോമർ 5:12; ഉല്പത്തി 3:5) | ***ജീവൻ*** (സദൃശവാക്യങ്ങൾ 22:4) |
| ***സ്വർഗ്ഗനഷ്ടം*** (മത്തായി 5:3; 18:4) | ***സ്വർഗ്ഗീയ പ്രവേശനം*** (മത്തായി 5:3; 18:3) |



*നിങ്ങളുടെ ഈഗോയെ ചൂണ്ടിക്കാണിക്കുവാനോ വിധേയത്വത്തിലേക്ക് കൊണ്ടുവരാനോ ഏതെങ്കിലും വഴിയിലൂടെ സാധ്യമല്ല. നിങ്ങളിൽ ധൈര്യമുള്ളിടത്തോളം ഈഗോയെ വളർത്തുവാനാവശ്യമായ രഹസ്യബന്ധങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കും. അതിനെ തകർക്കുവാൻ കഴിയാത്ത ഒരു ഒളിസങ്കേതം നിങ്ങളുടെ കുരുട്ടുബുദ്ധിയിൽ എപ്പോഴും തെളിഞ്ഞുവരും.*

*- ഫെനലൻ*
***Let Go***

# 3
# എന്താണ് താഴ്മ?

ഒരു വാക്യം കൊണ്ടോ ഒരു നിർവചനം കൊണ്ടോ പറഞ്ഞു തീർക്കാവുന്നതല്ല താഴ്മ. അതിന്റെ കൈവഴികൾ പലതാണ്. പോരാഞ്ഞിട്ട് താഴ്മയെക്കുറിച്ചുള്ള നമ്മുടെ തെറ്റിദ്ധാരണകളായ അനേകമതിലുകൾ ഇടിച്ചു കളയേണ്ടതായിട്ടുമുണ്ട്, താഴ്മയെന്താണെന്ന് ഗ്രഹിക്കുവാൻ.

**എന്തല്ല താഴ്മ ?**

താഴ്മ എന്തല്ലായെന്ന ഒരന്വേഷണം ഈ പഠനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. താഴ്മയുടെ വ്യാജന്മാർ അത്ര അധികം. പത്തിന്റെയോ ഇരുപതിന്റെയോ നോട്ടുകൊടുത്താൽ അത് കള്ളനോട്ടാണോയെന്ന് പൊതുവെ ആരും നോക്കാറില്ലല്ലോ. എന്നാൽ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും കാര്യത്തിൽ അങ്ങനെയല്ല. കാരണം കള്ളനോട്ട് വ്യാപകമായിട്ടുള്ളത് അഞ്ഞൂറിന്റെയും ആയിരത്തിന്റെയുമാണ്.

ഇംഗ്ലീഷ് എഴുത്തുകാരനും കവിയുമായിരുന്ന സാമുവേൽ കോൾറിജ് (Samuel Coleridge) പറഞ്ഞത്: “സാത്താന്റെ ഇഷ്ടപാപമാണ് താഴ്മയുടെ കൃത്രിമാനുകരണം.” താഴ്മയെന്ന് നാം ചിന്തിക്കുന്ന പലതും

താഴ്മയുടെ തോലണിഞ്ഞ അഹങ്കാരങ്ങളാണ്. കൊലൊസ്യർ 2:18–23 ൽ ഈ വ്യാജത്താഴ്മയുടെ തനിനിറം പൗലൊസ് വ്യക്തമാക്കുന്നു. ശരിയായ താഴ്മയുടെ ലക്ഷ്യം പോലെയല്ല വ്യാജത്താഴ്മയുടേത്. അത് ഒരു രസത്തിനു വേണ്ടിയുള്ളതാണ്; സ്വയത്തിലുള്ള രസത്തിനുവേണ്ടി. അതുകൊണ്ടുതന്നെ താഴ്മയുടെ കാര്യത്തിൽ സൂക്ഷ്മതയോടുള്ള ഒരന്വേഷണം അനിവാര്യമാണ്.

**a) ബാഹ്യമല്ല:** ശരിയായ താഴ്മ ആന്തരീകമാണ്. ബാഹ്യമായി നാം കാണുന്നത് താഴ്മയുടെ ലക്ഷണങ്ങൾ മാത്രം. രോഗലക്ഷണങ്ങൾ മാത്രം നോക്കി രോഗം നിർണ്ണയിക്കുവാൻ കഴിയാത്തതുപോലെ ബാഹ്യമായ ഒരു വിലയിരുത്തലിലൂടെ താഴ്മയെക്കുറിച്ച് അറിയാൻ കഴിയണമെന്നില്ല.

വ്യാജത്താഴ്മയുടെ കേന്ദ്രം ബാഹ്യമാണ്. അതിന് ആന്തരീകമായ വേരുകളില്ല. പൊതുവെ നാം താഴ്മയെക്കുറിച്ച് തീരുമാനിക്കുന്നത് ബാഹ്യമായ വിലയിരുത്തലിലൂടെയാണ്. വസ്ത്രധാരണം, ഭാവപ്രകടനങ്ങൾ, വേഗത അല്ലെങ്കിൽ സാവധാനത, സംസാരത്തിന്റെ ശബ്ദവ്യതിയാനങ്ങൾ ഒക്കെ നമ്മുടെ അളവുകോലുകളാണ്. പരീശന്മാരുടേത് തീർത്തും പുറംമിനുക്കൽ മാത്രമായിരുന്നു. അകത്ത് ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും.

**b) അന്തർമുഖത്വ (Introversion)മല്ല:** ഒരു വ്യക്തി ഉത്സാഹത്തോടെ കാര്യങ്ങൾ ഏറ്റെടുത്ത് ചെയ്യുകയും മറ്റൊരു വ്യക്തി ഏതൊരു ദൗത്യത്തിന്റെ മുമ്പിലും "ഞാനില്ല" എന്നു പറയുകയും, പതുങ്ങിയ സ്വഭാവമുള്ളവനുമാണെങ്കിൽ ഒന്നാമത്തെ വ്യക്തിയെ അഹങ്കാരിയായും പതുങ്ങിയ സ്വഭാവക്കാരനെ താഴ്മയുള്ളവനായും വേഗത്തിൽ നാം വിലയിരുത്തും. താഴ്മയുള്ളവനെന്നു ധരിച്ച വ്യക്തി അഹങ്കാരിയോ പെർഫെക്ഷനിസ്റ്റോ ആയിരുന്നിരിക്കാം. താൻ കാര്യങ്ങൾ ഏറ്റെടുത്തു ചെയ്താൽ തനിക്കു മുമ്പ് ഈ കാര്യങ്ങൾ ചെയ്ത വ്യക്തിയുടെ നിലവാരത്തിൽ (up to the mark) എത്തിയില്ലെങ്കിൽ മറ്റുള്ളവർ തന്നെക്കുറിച്ച് എന്ത് ധരിക്കും എന്ന ചിന്തയാകാം അയാളെ പുറകിലേക്ക് വലിച്ചത്. നേരെമറിച്ച് അഹങ്കാരിയെന്ന് നാം ചിന്തിച്ച വ്യക്തിയുടെ ഉത്സാഹങ്ങൾ 'ദൈവമാണ് എന്നെ ഈ ഉത്തരവാദിത്തം ഏൽപ്പിക്കുന്നത്, അതുകൊണ്ട് എന്റെ തോൽവിയോ വിജയമോ ഒരു പ്രശ്നമല്ല' എന്ന സ്വയത്തിലൂന്നാത്ത മനോഭാവത്തിൽ നിന്നുമാകാം.

**c) *ശാരീരിക വൈകല്യങ്ങളോ ദയനീയ ഭാവങ്ങളോ അല്ല:*** താഴ്മയുള്ള ഒരു വ്യക്തിയുടെ ചിത്രം വരയ്ക്കാൻ പറഞ്ഞാൽ സൂട്ടും കോട്ടും ഇട്ടിരിക്കുന്ന ഒരു സുന്ദരന്റെ ചിത്രം പൊതുവെ ആരും വരയ്ക്കാറില്ല.



താഴ്മയുള്ളവൻ പ്രാകൃതമായി വസ്ത്രം ധരിച്ചവനും തലകുമ്പിട്ടു നിൽക്കുന്നവനുമാണെന്നാണ് നമ്മുടെ ഭാവനാചിത്രം.

**d) നമ്മെക്കുറിച്ച് മോശമായി ചിന്തിക്കുന്നതോ ചെറുതാക്കി സംസാരിക്കുന്നതോ അല്ല.** താഴ്മയുള്ളവന് തന്നെക്കുറിച്ച് തന്റേതായ ഒരഭിപ്രായം (അത് മോശമായിപ്പോലും) ഇല്ല. ദൈവം തന്നെ എങ്ങനെ കാണുന്നുവോ അങ്ങനെതന്നെയായിരിക്കും താഴ്മയുള്ളവനും തന്നെ കാണുന്നത്. അതിൽ തന്റെ അഭിപ്രായത്തിനോ ഭാവനയ്ക്കോ യാതൊരു പ്രസക്തിയുമില്ല.

നമ്മുടെ തെറ്റുകളെ പെരുപ്പിച്ചു കാണിക്കുന്നത് മറ്റുള്ളവരുടെ ശ്രദ്ധ നമ്മിലേക്ക് കൊണ്ടുവരിക എന്ന അഹങ്കാരത്തിന്റെ സൂചനയാകാം. 'ശ്രദ്ധയോടുകൂടിയ അശ്രദ്ധ' (Careful carelessness) എന്നൊരു പ്രയോഗം ഇംഗ്ലീഷിലുണ്ട്. അശ്രദ്ധമായി ശരീരത്തെയും വസ്ത്രത്തെയും വെക്കുന്നത് അലസതകൊണ്ടല്ല, മറ്റുള്ളവർ തന്നെ ശ്രദ്ധിക്കുവാനായി ബോധപൂർവ്വം ഉണ്ടാക്കിയെടുത്തതാണ്. "നേരത്തേ തന്നെ എല്ലാവരും അറിഞ്ഞു കഴിഞ്ഞ ഒരു കുറ്റത്തിന്റെ പേരിൽ, നാം നമുക്കെതിരെ ദോഷാരോപണം നടത്തിയെന്നിരിക്കും. സ്വയം ഏറ്റുപറയുന്നതുമൂലം മറ്റുള്ളവർ അവയെ വിഗണിച്ചുകൊള്ളുമെന്നു കരുതി സ്വന്തം ദുഷ്ചെയ്തികളെ നാം അതിവർണ്ണനം ചെയ്തെന്നിരിക്കും" [1]

ഒരു വ്യക്തി തന്റെ ജീവിതത്തിലെ ചില നല്ലകാര്യങ്ങൾ പറഞ്ഞുവെന്ന കാരണത്താൽ മാത്രം അയാളെ അഹങ്കാരിയെന്ന് ധരിക്കുന്നത് തെറ്റാണ്. തന്റെ എല്ലാ 'നല്ലതിനും' കാരണം ദൈവം മാത്രമായതുകൊണ്ട്, ആ ദൈവത്തെ മഹത്വപ്പെടുത്തണമെന്ന ചിന്ത കൊണ്ടു മാത്രമാകാം അയാൾ തന്റെ അനുഭവങ്ങളെ പങ്കുവെച്ചത്.

**e)** ആരുടെയും തെറ്റുകളെ തിരുത്താതെയും ശാസിക്കാതെയും, എല്ലാ തിന്മയ്ക്കു മുമ്പിലും **പ്രതികരിക്കാതിരിക്കുന്നതുമല്ല താഴ്മ.** യഥാർത്ഥ താഴ്മയുള്ളവന് തന്റെ വികാരങ്ങളിന്മേൽ നല്ല നിയന്ത്രണമുണ്ടായിരിക്കും. അതുകൊണ്ടുതന്നെ താഴ്മയുള്ളവർക്ക് പാപം ചെയ്യാതെ കോപിക്കാനറിയാം. അരിസ്റ്റോട്ടിലിന്റെ വാക്കുകൾ ഇങ്ങനെയാണ്: "കോപിക്കാൻ ആർക്കും കഴിയും. അതിന് വലിയ ബുദ്ധിമുട്ടൊന്നും ഇല്ല. ശരിയായ വ്യക്തിയോട്, ശരിയായ ഉദ്ദേശ്യത്തോടുകൂടി, ശരിയായ രീതിയിൽ കോപിക്കുക എന്നത് എല്ലാവർക്കും കഴിയുന്ന കാര്യമല്ല." ഒരധികാരിക്ക് തന്റെ കീഴ്ജീവനക്കാരനെ ശാസിക്കാം, താഴ്മയുള്ളനാണെങ്കിൽ മാത്രം. കാരണം, താഴ്മയുള്ളവന് വ്യക്തിബന്ധങ്ങളിലൂടെയുള്ള മുറിവുകൾ ഇല്ല. അതുകൊണ്ട് അയാൾ ശാസിക്കുന്നത് തന്റെ കീഴ്ജീവനക്കാരനെയല്ല അയാളുടെ തെറ്റിനെയാണ്.

യേശു ചാട്ടയുണ്ടാക്കി ദേവാലയത്തിൽ 'ലാത്തിചാർജ്ജ്' നടത്തിയതും യോഹന്നാൻസ്നാപകൻ 'സർപ്പസന്തതികളേ'യെന്ന് സംബോധന ചെയ്ത് യെഹൂദന്മാരെ മാനസാന്തരപ്പെടുവാനായി ശാസിച്ചതും സ്വയത്തിനേറ്റ ഏതെങ്കിലും മുറിവുകളിൽ നിന്നുമല്ല, പിതാവായ ദൈവത്തോടുള്ള ബന്ധത്തിലാണ്. എന്നാൽ താഴ്മയില്ലാത്തവൻ കോപിക്കുന്നതും മറ്റുള്ളവരെ ശാസിക്കുന്നതും തന്റെ അഭിപ്രായത്തെ അംഗീകരിച്ചില്ലെന്നും, തന്റെ അഭിമാനത്തിന് മങ്ങലേൽപ്പിച്ചെന്നും തുടങ്ങി സ്വയത്തിനേറ്റ മുറിവുകളുടെ ഗുപ്തമായ കാരണങ്ങൾകൊണ്ടാണ്. വിളിച്ചപ്പോൾ മകൻ വന്നില്ല എന്ന കാരണംകൊണ്ട് ഒരു പിതാവ് കോപിക്കുന്നത് മകൻ അനുസരണക്കേടുകാണിച്ചു എന്നതിനേക്കാൾ അവൻ 'ഞാൻ' വിളിച്ചിട്ട് വന്നില്ല എന്ന സ്വയകേന്ദ്രീകൃതമായ കാരണത്താലാണ്.

**എന്താണ് താഴ്മ?**

താഴ്മയെക്കുറിച്ചുള്ള ഈ നിർവ്വചനങ്ങൾ നമ്മുടെ പഠനത്തെ സഹായിക്കുന്നതാണ്:

- ഞാൻ ശൂന്യനാണെന്ന അറിവിൽ, സമർപ്പണ മനോഭാവത്തോടുകൂടി ദൈവസന്നിധിയിൽ ആയിരിക്കുന്നതാണ് താഴ്മ (Humility is having a devotional attitude in the presence of God because of the knowledge about our nothingness).
- പൂർണ്ണമായും ദൈവാശ്രയത്തിലായിരിക്കുന്ന ഒരവസ്ഥയിലാണ് എല്ലാ സൃഷ്ടികളും. ഈ സത്യം അംഗീകരിക്കുകയും, പ്രാവർത്തികമായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതാണ് താഴ്മ (All creatures are in a state of complete dependence upon God. Humility is accepting this truth in a practical way).
- ദൈവത്തോടുള്ള ശരിയായ ബന്ധത്തിന്റെയും ദൈവകേന്ദ്രീകൃതമായ ജീവിതം നയിക്കുന്നതിന്റെയും ബോധപൂർവ്വമല്ലാത്ത ഫലമാണ് താഴ്മ (It is the unconscious result of our life being rightly related to God and centered in Him).

ഈ നിർവ്വചനങ്ങളിൽ നിന്നും ഇഴപിരിച്ചെടുക്കാവുന്ന ആശയങ്ങളാണ് :

**a**) ദൈവത്തെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്നുമാണ് താഴ്മ ഉണ്ടാകുന്നത്. ദൈവത്തിന്റെ അതിശക്തമായ വെളിപ്പാടുകൾ ലഭിച്ചവരിലൊക്കെ നാം കാണുന്നത് താഴ്മയുടെ സ്വഭാവങ്ങളാണ്. ദൈവത്തെ ശരിയായി കാണുമ്പോൾ തിമിരം നിറഞ്ഞ നമ്മുടെ കണ്ണുകൾ തെളിയാൻ തുടങ്ങും. ആ പ്രകാശം ദൈവത്തെ മാത്രമല്ല നമ്മെയും (യഥാർത്ഥ നാം) നമ്മുടെ



ചുറ്റുപാടുകളെയും നമുക്ക് കാണിച്ചു തരും. അഴുക്കു പുരുണ്ട വസ്ത്രത്തിലെ അഴുക്കുകൾ ഇരുണ്ട വെളിച്ചത്തിൽ കാണുവാൻ സാധിക്കാത്തതുപോലെ നമ്മിലുള്ള പല തിന്മകളെയും കാണേണ്ടതുപോലെ നാം കണ്ടിട്ടില്ല. നമ്മുടെ തനിസ്വരൂപത്തെക്കുറിച്ചുള്ള തിരിച്ചറിവ് അനുതാപത്തിലേക്കും താഴ്മയിലേക്കും നമ്മെ നടത്തുന്നു.

ചുഴലിക്കാറ്റിൽ നിന്നു ദൈവം സംസാരിച്ചു തീർന്നപ്പോൾ ഇയ്യോബ് പറയുന്നത്: *"ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ, ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു"* (ഇയ്യോബ് 42:5-6). യാക്കോബ് ദൈവത്തിന്റെ ദൂതനുമായി യാബ്ബോക്കിന്റെ കടവിൽ വെച്ച് മുഖാമുഖം കണ്ടതിനെക്കുറിച്ച് ഹോശേയാ പ്രവാചകന്റെ ഭാഷ്യം: *'ദൂതന്റെ കാലിൽ വീണുകിടന്ന് യാക്കോബ് കരഞ്ഞു'* എന്നാണ് (ഹോശേയാ 12:2-4). യെഹെസ്ക്കേലും (1:28), ദാനിയേലും (10:4-9), യോഹന്നാനും (വെളിപ്പാട് 1:17) ദൈവിക വെളിപ്പാടിനുമുമ്പിൽ കവിണ്ണുവീഴുന്നു.

**b**) താഴ്മ ഒരു ഉപോൽപ്പന്നം (by-product) മാത്രമാണ്. ഉൽപ്പന്നം ദൈവഭക്തിയാണ്. ദൈവോന്മുഖമായി ജീവിക്കുന്നതുകൊണ്ട് താഴ്മ നമ്മിൽ ഉപോൽപ്പന്നമായി രൂപപ്പെടുന്നുവെന്നേയുള്ളൂ. താഴ്മയാണ് ലക്ഷ്യമെങ്കിൽ അത് വ്യാജത്താഴ്മയിൽ (False humility) കൊണ്ടെത്തിക്കും.

**c**) താഴ്മ നമ്മിൽ രൂപപ്പെടുമ്പോൾ അത് നാം അറിയണമെന്നില്ല. കാരണം, നമ്മുടെ ലക്ഷ്യം താഴ്മയല്ലാത്തതുകൊണ്ട് താഴ്മയെ അല്ല അന്വേഷിക്കുന്നത് മറിച്ച് ദൈവത്തെയാണ്. ദൈവത്തെ ലക്ഷ്യമാക്കി പോകുന്നതുകൊണ്ട് താഴ്മയെ നാം കാണണമെന്നില്ല. ഒരിക്കൽ ഒരാൾ ഡി.എൽ. മൂഡിയോടു ചോദിച്ചു: "താഴ്മയുള്ളവൻ തന്നെക്കുറിച്ച് അധികമൊന്നും ചിന്തിക്കുകയില്ലായെന്നാണോ താങ്കൾ പറയുന്നത്?'' ഉത്തരമായി മൂഡി പറഞ്ഞത്: "അല്ല, തന്നെക്കുറിച്ച് താഴ്മയുള്ളവൻ അധികമൊന്നും ചിന്തിക്കാറില്ല എന്നല്ല, തന്നെക്കുറിച്ച് ചിന്തിക്കാറേയില്ല.''

മനുഷ്യപുത്രൻ തന്റെ തേജസ്സിൽ വരുമ്പോൾ സകലജാതിക്കാരെയും രണ്ടായി തിരിക്കും. വലത്തുള്ളവർ തനിക്ക് ഭക്ഷിക്കുവാൻ തന്നതും, ഉടുക്കുവാൻ തന്നതും, കാരാഗൃഹത്തിലായിരുന്നപ്പോൾ കാണുവാൻ വന്നതും, രോഗിയായിരുന്നപ്പോൾ സന്ദർശിച്ചതുമൊക്കെ ശ്രേഷ്ഠകാര്യങ്ങളായി പറയുമ്പോൾ അവർ തിരിച്ചു ചോദിക്കുന്നത്: "എപ്പോഴാണിതൊക്കെ സംഭവിച്ചത്" എന്നാണ് (മത്തായി 25:31-39). അവർ ചെയ്തതൊക്കെ സ്വാർത്ഥലക്ഷ്യത്താലോ, തങ്ങളുടെ പേര് വലുതാക്കാനോ അല്ല. കർത്താവിനോടുള്ള സ്നേഹത്താൽ സ്വാഭാവികമായി ചെയ്തതാണ്.

താഴ്മയും അങ്ങനെതന്നെ. അവർ ചെയ്തത് അവർക്കോർമ്മയില്ലാത്തതുപോലെ താഴ്മപ്രവൃത്തികൾ നാം ശ്രദ്ധിക്കുന്നുമില്ല, ഓർക്കുന്നുമില്ല. ഉള്ളിലുള്ള താഴ്മയുടെ സ്വാഭാവിക പ്രതികരണങ്ങൾ മാത്രമാണ് പുറമെ നാം താഴ്മയായി കാണുന്ന കാര്യങ്ങൾ.

താഴ്മ നമ്മിൽ വർദ്ധിക്കുന്തോറും നാമറിയുന്നത് താഴ്മ എത്ര കൂടിയെന്നല്ല കർത്താവിനെ എത്ര കൂടുതൽ അറിയുന്നുവെന്നാണ്. എന്നാൽ 'ദൈവാലയത്തിൽ പ്രാർത്ഥിക്കുന്ന പരീശ'ന് ദൈവത്തെ അറിയില്ലെങ്കിലും (അറിയുന്നവൻ ഇങ്ങനെ ഒരു പ്രാർത്ഥന പ്രാർത്ഥിക്കുകയില്ലല്ലോ) തന്റെ നന്മകളുടെ പട്ടിക നന്നായറിയാം. തന്റെ നന്മയുടെ കണക്കെടുക്കുക എന്ന പ്രയത്നത്തിൽ നിന്നും താഴ്മയുള്ളവൻ വിമുക്തനായതുകൊണ്ട് മറ്റുള്ളവരിലുള്ള താഴ്മ കാണുവാനും അവരെ തന്നെക്കാൾ ശ്രേഷ്ഠരെന്നെണ്ണാനും തനിക്ക് സാധിക്കും.

***വലിയവനും തേജോരൂപിയും പൂർണ്ണമായും മനസ്സിലാക്കുവാൻ കഴിയുന്നതിനുമപ്പുറത്തുള്ള ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട്, നാം എത്ര നിസ്സാരന്മാരാണെന്നുള്ള ബോധ്യം നമുക്ക് നൽകുന്നു. "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു?" (സങ്കീർത്തനം 8:3-4). ഈ ബോധ്യം ഹൃദയത്തിന്റെ അടിത്തട്ടിൽ സൃഷ്ടിക്കുന്ന ഒരു നിലയാണ് താഴ്മ. എന്നാൽ ആ മനോനിലയ്ക്കനുസരിച്ച് നാം സ്വാഭാവികമായി സംസാരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നതാണ് താഴ്മയായി മറ്റുള്ളവർ കാണുന്നത്.***



*അനേക കാര്യങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങിയെന്ന് ചിന്തിക്കുമ്പോൾ തന്നെ ഒന്നറിയുക അറിയാത്ത കാര്യങ്ങൾ എത്രയോ അധികം.*

തോമസ് എകെമ്പിസ്
***ക്രിസ്താനുകരണം***

# 4
# താഴ്മയുടെ സ്വഭാവ സവിശേഷതകൾ

## A) പഠനക്ഷമത (Teachability)

താഴ്മയുള്ള വ്യക്തിക്ക് പഠിക്കുവാനും താഴ്മയുള്ള വ്യക്തിയെ പഠിപ്പിക്കുവാനും എളുപ്പമാണ്. 'എനിക്കെല്ലാമറിയാം' എന്ന നിഗളത്തിന്റെ ഭാവത്തിന് ഒന്നും തന്നെ പഠിക്കേണ്ട ആവശ്യമില്ല. "എല്ലാം ലളിതമാക്കി തീർക്കുന്ന പഠനക്ഷമതയ്ക്ക് കാരണം താഴ്മയായതുകൊണ്ട് ഏതൊരു സമയത്തും താഴ്മ നല്ലതുതന്നെയാണ്" (Humility is good in every situation, because it produces that teachable spirit which makes everything easy)[1].

പഠിക്കുന്നതിനു ഗുരുവിന്റെ അടുക്കൽ വന്ന ഒരു യുവാവിന്റെ കഥ ഇവിടെ പ്രസക്തമാണ്. സംഭാഷിക്കുവാൻ ഗുരു ശ്രമിച്ചപ്പോഴൊക്കെ അവൻ പറഞ്ഞുകൊണ്ടിരുന്നു: "അതെനിക്കറിയാം." ഒടുവിൽ ചായ കുടിക്കുവാൻ ഗുരു അവനെ ക്ഷണിച്ചു. രണ്ടു ഗ്ലാസുകളിൽ ഒന്ന് അവന്റെ മുമ്പിലേക്ക് നീക്കിവെച്ച് അതിൽ ഗുരു ചായ പകരുവാൻ തുടങ്ങി. ചായ ഗ്ലാസ്സ് നിറഞ്ഞിട്ടും ഗുരു ഒഴിക്കൽ നിറുത്തിയില്ല. യുവാവ് അത്ഭുതത്തോടെ ഗുരുവിനെ നോക്കിക്കൊണ്ടുപറഞ്ഞു: "ഗ്ലാസ് നിറ

ഞ്ഞൊഴുകുന്നു ഗുരോ!" ഗുരു ഒന്ന് മന്ദഹസിച്ചു: "നിന്റെയും അവസ്ഥ ഇതുപോലെയാണ്. അറിവുകൊണ്ട് നീ നിറഞ്ഞിരിക്കുന്നു. ഇനിയും ഞാനെന്തെങ്കിലും പഠിപ്പിച്ചാൽ അത് തുളുമ്പിപ്പോകും." യുവാവ് എഴുന്നേറ്റ് തന്റെ വഴിക്കുപോയി.

പഠനക്ഷമതയുള്ളവൻ വഴക്കമുള്ളവനാണ് (Flexible). അതുകൊണ്ട് അവൻ ഒത്തുതീർപ്പുകാരൻ (Compromiser) ആണെന്ന് ചിന്തിക്കരുത്. വഴക്കം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവന്റെ ഹൃദയത്തിന്റെ അവസ്ഥയാണ്. കഠിനഹൃദയത്തിന്റെ നേർവിപരീതാവസ്ഥ. പഠനക്ഷമതയുള്ളവന്റെ മനസ്സും ഹൃദയവും ഉണങ്ങി ഉറച്ചുകിടക്കുന്ന പാടം പോലെയല്ല. അങ്ങനെയുള്ള നിലത്താണ് പകർന്നു കിട്ടുന്ന അറിവുകൾ ബൗൺസ് ചെയ്ത് തെറിച്ചു പോകുന്നത്. മറിച്ച്, നനഞ്ഞു കിടക്കുന്ന നിലം പോലെയാണ്. അവിടെ ബൗൺസിങ്ങില്ല. വീഴുന്ന വചനങ്ങൾ അവിടെത്തന്നെ കിടക്കും. അതുകൊണ്ടാണ് താഴ്മയുള്ളവർക്ക് ദൈവം തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നത് (സങ്കീർത്തനം 25:9).

തനിക്കു മാത്രമേ അറിവുള്ളൂ എന്നും, താൻ മാത്രമേ ശരിയുള്ളൂ എന്നുമല്ല പഠനക്ഷമതയുള്ളവൻ ചിന്തിക്കുന്നത്. മറ്റുള്ളവരുടെ അറിവുകളെ അംഗീകരിക്കുവാൻ തനിക്ക് മടിയില്ല. ചിലപ്പോൾ അല്ലെങ്കിൽ ചില കാര്യങ്ങളിൽ മറ്റുള്ളവരുടെ അറിവ് സത്യത്തോട് അടുത്തിരിക്കുന്നത് കാണുമ്പോൾ പഠനക്ഷമതയുള്ളവന് കോപമല്ല ഉണ്ടാകുന്നത് അത്ഭുതമാണ്: 'ഞാനിത്രയും നാൾ ഇതറിഞ്ഞില്ലല്ലോ!' നാളുകളായി താൻ കൊണ്ടുനടന്നിരുന്ന ബോധ്യം ആ സത്യത്തിനു മുമ്പിൽ അടിയറവു വെയ്ക്കാൻ അയാൾ അമാന്തിക്കുകയില്ല.

ഇതിനർത്ഥം പഠനക്ഷമതയുള്ളവന് തന്റെ ബോധ്യങ്ങളിലൊന്നും സ്ഥിരതയില്ലെന്നും, എപ്പോഴും കേട്ടുകൊണ്ടിരിക്കുകയും കേൾക്കുന്നതൊക്കെ വിശ്വസിച്ചുകൊണ്ടിരിക്കുകയുമാണെന്നല്ല. നേരെമറിച്ചാണ് സംഭവിക്കുക. പഠനക്ഷമതയില്ലാത്തതുകൊണ്ടാണ് വളരെയധികം കേൾക്കേണ്ടിവരുന്നതും, ബോധ്യങ്ങൾ മാറ്റേണ്ടി വരുന്നതും. കുടം കമിഴ്ത്തിവെച്ചിട്ട് എത്ര അധികം വെള്ളം അതിൽ ഒഴിച്ചു എന്നതിനു പ്രസക്തിയില്ലല്ലോ. പഠനക്ഷമതയില്ലാത്തവൻ കേൾക്കുന്നുവെന്നേയുള്ളൂ ഗ്രഹിക്കുന്നില്ല. ഗ്രഹിക്കാത്തത്, ഗ്രഹിക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ടാണ്. 'ആത്യന്തികം' എന്നു കരുതി തന്റെ മനസ്സിലും മറ്റുള്ളവരുടെ മുമ്പിലും തന്റെ ബോധ്യങ്ങളെ ഉയർത്തി സംസാരിച്ചിട്ടുള്ളത് തിരുത്തേണ്ടി വരുമല്ലോ എന്ന ചമ്മൽ. സ്വയത്തിന്റെ ആടയാഭരണങ്ങൾ ഉരിഞ്ഞു മാറ്റേണ്ടി വരുന്ന അവസ്ഥ. അതുകൊണ്ടുതന്നെ വീണ്ടും കേൾക്കുന്നു, ഗ്രഹിക്കാതെ.



പിറവിയിലേ അന്ധനായ ഒരു മനുഷ്യനെ യേശു സൗഖ്യമാക്കുന്നു (യോഹന്നാൻ 9). ആരാണയാളെ സൗഖ്യമാക്കിയതെന്ന പരീശന്മാരുടെ ചോദ്യത്തിന് 'യേശു' എന്നൊരുത്തരം അവരൊരിക്കലും ആഗ്രഹിച്ചില്ല. എന്നാൽ ആ മനുഷ്യന്റെ മറുപടി അതുതന്നെയായിരുന്നു. മറ്റൊരു മറുപടിക്കായി അവർ ചോദ്യം ആവർത്തിക്കുന്നു. അതുകേട്ട് സൗഖ്യമായ മനുഷ്യൻ പരീശന്മാരോടു ചോദിക്കുന്നത്: *"ഞാൻ നിങ്ങളോടു പറഞ്ഞു കഴിഞ്ഞല്ലോ, നിങ്ങൾ ശ്രദ്ധിച്ചില്ല; എന്തിനാണതു വീണ്ടും കേൾക്കുന്നത്?'* (യോഹന്നാൻ 9:27 NIBV).

പഠനക്ഷമതയുള്ളവന് തന്റെ ബോധ്യങ്ങൾ പൊതുവെ തിരുത്തേണ്ടി വരുന്നില്ല. മുൻവിധിയില്ലാതെയും താഴ്മയോടെയും സ്വീകരണ മനഃസ്ഥിതിയിൽ ഏറ്റെടുത്ത ബോധ്യങ്ങളായതുകൊണ്ട് മിക്കപ്പോഴും അത് ശരിതന്നെയായിരിക്കും. വിനീതരായ പലരുടെയും ഉത്തരങ്ങൾ കേട്ടപ്പോൾ യേശു അത്ഭുതപ്പെട്ടു. അത്ഭുതപ്പെട്ടതിന്റെ കാരണം ആ ഉത്തരങ്ങൾ ശരിയായിരുന്നു. എന്നാൽ പരീശന്മാരുടെ ബോധ്യങ്ങളെയാകട്ടെ യേശുവിനു തിരുത്തേണ്ടതായും വന്നു. പഠനക്ഷമത ഒരു പ്രവൃത്തി എന്നതിനേക്കാൾ ഒരു മനോഭാവമാണ്. പഠനക്ഷമതയുള്ളവൻ തിരുത്തുന്നു എന്നതിനേക്കാൾ തിരുത്തുവാൻ തയ്യാറാണെന്നതാണ് ശരി.

താഴ്മയുടെ പ്രതിരൂപമായി ശിശുക്കളെയാണ് യേശു ചൂണ്ടിക്കാണിച്ചത്. പഠനക്ഷമതയാണ് ഒരു ശിശുവിന്റെ പ്രത്യേകത. മുതിർന്നവരേക്കാൾ പഠിക്കുവാനും അറിയുവാനുമുള്ള ആകാംക്ഷ ശിശുക്കൾക്കാണ്. മുൻവിധിയോ, അറിയാമെന്ന ഭാവമോ ശിശുക്കൾക്കില്ലാത്തതുകൊണ്ട് ഒരു കുശവന്റെ കൈയിലെ വഴക്കമുള്ള കളിമണ്ണുപോലെയാണ് ശിശുക്കൾ. നമുക്കവരെ വേഗത്തിൽ മാറ്റിയെടുക്കാനാകും.

ഹോസ്പിറ്റൽ ക്രിസ്റ്റ്യൻ ഫെല്ലോഷിപ്പ് (HCF) എന്ന സുവിശേഷ സംഘടനയുടെ സൗത്ത് ഏഷ്യാ കോഡിനേറ്ററും രാജ്യാന്തര പ്രഭാഷകനുമായ ശ്രീലങ്കൻ സ്വദേശി ഡോ. അരുൾ ആങ്കെട്ടൽ താഴ്മ കൊണ്ട് എന്നിൽ കുറിച്ചിട്ട ചില പാഠങ്ങൾ ഇന്നും ഞാനോർക്കുന്നത് നെഞ്ചിൽ വലിയൊരു പ്രകാശമായിട്ടാണ്. 2001 ഫെബ്രുവരിയിൽ HCF ന്റെ ഒരു രാജ്യാന്തര കൂട്ടായ്മയ്ക്കും പ്രാർത്ഥനയ്ക്കുമായിട്ടാണ് ഞാൻ ശ്രീലങ്കയിൽ ചെന്നത്. മനോഹരമായ ഒരു ശാന്തസ്ഥലമാണ് ഡോ.അരുൾ പ്രാർത്ഥനയ്ക്കായി എനിക്ക് നൽകിയത്. ഡേ.അരുളിനെ ഓർമ്മപ്പെടുത്താൻ ചില പ്രവാചക സന്ദേശങ്ങളും ദൈവം എന്റെ കൈയിൽ നൽകിയിട്ടുണ്ടായിരുന്നു. ദൈവം തന്ന സന്ദേശങ്ങൾ അറിയിക്കുവാൻ എനിക്ക് കുറച്ച് സമയം വേണമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. കൂട്ടായ്മയുടെ പ്രധാന

സംഘാടകരിൽ ഒരാളായ ഡോ.അരുൾ വളരെ തിരക്കിലായിരുന്ന ദിവസങ്ങളായിരുന്നു അത്. എന്നിട്ടും ഒരു സമയം കണ്ടെത്തി ഞാൻ താമസിക്കുന്നിടത്തേക്ക് അദ്ദേഹം ഓടി വന്നു. എനിക്ക് പറയുവാനുള്ള കാര്യങ്ങൾ ഞാൻ പറയുവാൻ തുടങ്ങി. സാധാരണപോലെ പ്രവചന ശബ്ദം കേൾക്കുവാൻ അത്ര സുഖകരമായ കാര്യങ്ങളായിരുന്നില്ല. ഡോ. അരുൾ (HCF ന്റെ സൗത്ത് ഏഷ്യാ കോഡിനേറ്റർ, HCF ന്റെ പ്രമുഖ വ്യക്തികളിലൊരാൾ) HCF ലെ തുടക്കക്കാരനായ എന്റെ മുമ്പിൽ ഒരു ശിശുവിനെപ്പോലെയിരുന്നു കേൾക്കുന്നു. പെട്ടെന്ന് അരുൾ പറഞ്ഞു: "അൽപമൊന്ന് നിറുത്താമോ, ഈ പറയുന്ന കാര്യങ്ങൾ ഞാനൊന്ന് എഴുതിയെടുത്തോട്ടെ." അദ്ദേഹം ഒരു പുസ്തകമെടുത്ത് ഞാൻ പറഞ്ഞ കാര്യങ്ങൾ കുറിക്കുവാൻ തുടങ്ങി. എവിടെ നിന്നും, ആരിൽ നിന്നും പഠിക്കേണമെങ്കിൽ താഴ്മയുടെ വഴിയിലെത്തിയാലേ സാധിക്കൂ.

**തെറ്റുവരികയോ! അസംഭവ്യം.**

പഠനക്ഷമതയില്ലാത്തവൻ അഹങ്കാരിയായതുകൊണ്ട് 'ഞാനെന്ന ഭാവം' തന്റെ തെറ്റുകളെ ആവുന്നത്ര മറയ്ക്കും. തനിക്ക് തെറ്റു പറ്റുകയെന്ന ചിന്ത ഒരുതരം ഭയം അഹങ്കാരിയിൽ സൃഷ്ടിക്കുന്നതുകൊണ്ട് തെറ്റിനെ ശരിയാക്കുവാൻ താൻ ആവുന്നത്ര സമരം ചെയ്തുകൊണ്ടിരിക്കും. ശലോമോന്റെ വാക്കുകൾ ഇത്തരത്തിലുള്ള (അ)ജ്ഞാനികളെക്കുറിച്ചാണ്. *"തനിക്കുതന്നെ ജ്ഞാനിയെന്നു തോന്നുന്ന മനുഷ്യനെ നീ കാണുന്നുവോ; അവനെക്കുറിച്ചുള്ളതിനെക്കാളും മൂഢനെക്കുറിച്ച് അധികം പ്രത്യാശയുണ്ട്"* (സദൃശവാക്യങ്ങൾ 26:12).

മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുവാനെങ്കിലുമുള്ള സഹിഷ്ണുത ഈ ചിന്താഗതിക്കാർക്ക് കാണുകയില്ല. അതുകൊണ്ടാണ് യേശു പഠിപ്പിക്കുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോയെന്ന് പരീശന്മാർക്ക് അന്വേഷിക്കേണ്ടി വരാതിരുന്നത്.

തെറ്റുവരിക സ്വാഭാവികവും അത് അംഗീകരിച്ച് തിരുത്തുന്നത് സ്വർഗ്ഗീയവും. 'തെറ്റിപ്പോയി' എന്നൊരു വാക്ക് പുറത്തുവരിക അതികഠിനമാണ്. ജോൺ സ്റ്റോട്ട് Essential Living എന്ന തന്റെ പുസ്തകത്തിൽ തനിക്ക് സംഭവിച്ച ഒരു തെറ്റിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ്: "I am indebted to Mr. G.J Hobson, a chemist in Carnforth, Lancashire, for writing to me in August 1972 about this, in order to correct an earlier **blunder of mine** and to supply a lack in my scientific knowledge."[2]

പരീശന്മാർക്ക് തെറ്റുവരാതിരുന്നത് ശരിയുടെയും തെറ്റിന്റെയും അളവുകോൽ അവർ തന്നെയായിരുന്നതുകൊണ്ടാണ്. പൗലൊസ് പറ



യുന്നത് പോലെ: *"...അവർ തങ്ങളാൽ തന്നേ തങ്ങളെ അളക്കുകയും തങ്ങളോടു തന്നേ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ട് തിരിച്ചറിവുള്ളവരല്ല"* (2 കൊരിന്ത്യർ 10:12). പരീശന്മാർ വിശ്വസിക്കുന്നത് ആരൊക്കെ വിശ്വസിക്കുന്നുവോ അവരൊക്ക ശരി. ആരൊക്കെ വിശ്വസിക്കാതിരിക്കുന്നുവോ അവരൊക്കെ തെറ്റും. ഒരു 'സഭ'ക്കാർ തെറ്റാണെന്ന് മറ്റൊരു 'സഭ'ക്കാർ. അവർ തെറ്റാകുവാനുള്ള കാരണം അവർ പായിലാണ് ഇരിക്കുന്നത്. സഭകൂടുമ്പോൾ പായിലിരുന്നാലെന്താണ് തെറ്റെന്നു ചോദിച്ചാൽ, ഞങ്ങൾ കസേരയിലാണ് ഇരിക്കുന്നതെന്നായിരിക്കും ഉത്തരം. യേശുവിനെ പിടിച്ചുകൊണ്ടുവരുവാനായി മഹാപുരോഹിതന്മാരും പരീശന്മാരും അയച്ച കാവൽഭടന്മാർ യേശുവിന്റെ പഠിപ്പിക്കലുകളിൽ ആകൃഷ്ടരായി, യേശുവിനെ പിടിച്ചുകൊണ്ടുവരാതെ മടങ്ങിയെത്തി. യേശു പഠിപ്പിക്കുന്നതൊന്നും ശരിയല്ലെന്ന് മടങ്ങിയെത്തിയ കാവൽ ഭടന്മാരെ ഗ്രഹിപ്പിക്കുവാനായി പരീശന്മാർ പറഞ്ഞത്: *"ഭരണാധികാരികളിലോ പരീശന്മാരിലോ ആരെങ്കിലും അയാളിൽ വിശ്വസിച്ചിട്ടുണ്ടോ?"* (യോഹന്നാൻ 7:48).

ദൈവത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഗ്രഹിക്കുവാൻ ബുദ്ധിയും കൂർമ്മചിന്താശക്തിയുമല്ല ആവശ്യം. ഇത് പഠനത്തിന് തടസ്സം പോലുമാണ്. ന്യായപ്രമാണത്തിലെ ബുദ്ധിരാക്ഷസന്മാരെ തഴഞ്ഞാണ് പഠിപ്പില്ലാത്തവരും സാമാന്യരുമായ ചിലരെ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ സ്വീകരിക്കുവാൻയേശു തിരഞ്ഞെടുത്തത്. ദൈവീകവെളിപ്പാടുകൾക്ക് താഴ്മയിൽ നിന്നും രൂപപ്പെടുന്ന പഠനക്ഷമതയാണ് ആവശ്യം.

**പഠനക്ഷമതയുടെ പ്രാധാന്യം**

**(i)** പഠനക്ഷമതയുള്ളവനുമാത്രമാണ് 'ക്രിസ്തുവിൽ തികഞ്ഞവനാകുവാൻ സാധിക്കുക'. പൗലൊസ് തന്റെ ജീവിതലക്ഷ്യങ്ങളിൽ ഒന്നായിപ്പറയുന്നത്: "*അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും* ***ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു*** *ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെഉപദേശിക്കുകയുംചെയ്യുന്നു*"(കൊലൊസ്യർ1:28). ഇവിടെ പറയുന്നത് ക്രിസ്തുവിൽ തികഞ്ഞവനായിത്തീരുവാനുള്ള ആദ്യപടി പ്രബോധനം സ്വീകരിക്കലാണെന്നാണ്. പഠനക്ഷമതയുള്ളവനു മാത്രമെ സ്വീകരിക്കുവാൻ കഴിയൂ; അതുകൊണ്ട് തികഞ്ഞവനാകുവാനും.

ഉപദേശങ്ങളോടുള്ള ബന്ധത്തിൽ നാം നടപ്പിലാക്കിപ്പോരുന്ന ഒരു അബദ്ധമുണ്ട്. എബ്രായർ 6-ൽ കാണുന്ന അടിസ്ഥാന ഉപദേശങ്ങളെന്ന പേരിലുള്ള 'മാനസാന്തരം, വിശ്വാസം, സ്നാനം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി' എന്നിവ മാത്രമാണ് ഉപദേശങ്ങൾ എന്ന് ചിന്തിക്കുന്നതാണ് ആ അബദ്ധം. അതുകൊണ്ടുതന്നെ ഈ അടിസ്ഥാന ഉപദേശങ്ങളെ നാം തിരിച്ചും മറിച്ചും പഠിപ്പിക്കുന്നതല്ലാതെ എബ്രായ ലേഖകൻ പറയുന്നതുപോലെ 'ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ' കഴിയുന്നില്ല. സ്നാനത്തെക്കുറിച്ചു മാത്രം പഠിപ്പിക്കുന്ന ഒരു ശുശ്രൂഷകനെക്കുറിച്ചുള്ള ഒരു ഫലിതം എവിടെയോ വായിച്ചതോർക്കുന്നു. സ്നാന പ്രസംഗം കേട്ടു മടുത്ത വിശ്വാസികൾ ശുശ്രൂഷകനോട് മറ്റൊരു വിഷയം പ്രസംഗിക്കണമെന്ന് അപേക്ഷിച്ചു. അടുത്ത ആഴ്ച വിഷയത്തിനു മാറ്റമുണ്ടായി. ധനവാനും ലാസറും. പ്രസംഗം ആരംഭിച്ചു. ശുശ്രൂഷകൻ, ധനവാൻ യാതനാ സ്ഥലത്തു കിടന്ന് അബ്രഹാം പിതാവിനോട് അപേക്ഷിക്കുന്ന ഭാഗം ഇങ്ങനെ പറഞ്ഞു. "ലാസർ, വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടേതിന്നു അവനെ അയക്കണമേ". ശുശ്രൂഷകൻ ഉത്സാഹത്തോടെ തുടർന്നു: "ശ്രദ്ധിക്കുക വിശ്വാസികളേ, ഇവിടെ നാം കാണുന്നത് വിരൽ വെള്ളത്തിൽ മുക്കിയെന്നാണ്. അതുകൊണ്ട് വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണ് ശരി." അരമണിക്കൂർ ശുശ്രൂഷകൻ വീണ്ടും സ്നാനത്തെക്കുറിച്ച് പ്രസംഗിക്കുവാൻ തുടങ്ങി.



മാനസാന്തരം, സ്നാനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എബ്രായ ലേഖകൻ കുറിക്കുന്നത് അടിസ്ഥാന ഉപദേശങ്ങൾ എന്നാണ്. ഒരു വീടിന് അടിസ്ഥാനം വളരെ പ്രധാന്യമുള്ളതാണെങ്കിലും അടിസ്ഥാനം മാത്രം കെട്ടിയ ഒരു വീട്ടിൽ ആരും പാർക്കാറില്ലല്ലോ. വേദപുസ്തകത്തിൽ, ഉടനീളം കാണുന്ന വിഷയങ്ങളെ നാം ഉപദേശിക്കേണ്ടതാണ്. യേശു പറഞ്ഞത്: "*ഞാൻ നിങ്ങളോടു കല്പിച്ചതെല്ലാം അനുസരിക്കാൻ ഉപദേശിച്ചും കൊണ്ട് സകല ജനതകളെയും എന്റെ ശിഷ്യരാക്കിക്കൊൾവിൻ...*" (മത്തായി 28:20) എന്നാണ്. താഴ്മയുടെ പ്രാധാന്യം നാം കണ്ടു കഴിഞ്ഞു. പക്ഷേ, എന്തുകൊണ്ട് താഴ്മ ഒരു ഉപദേശമല്ല? താഴ്മയെക്കുറിച്ച് ഒരു പ്രസംഗമോ പഠനമോ നാം കേൾക്കാത്തതെന്ത്?

**പരീക്ഷയും സ്ഥാനക്കയറ്റവും**

ക്രിസ്തുവിൽ ഒരു വ്യക്തി വെറുതെയങ്ങു തികഞ്ഞുവരികയല്ല. ഒന്നാം ക്ലാസിൽ ചേർന്നതുകൊണ്ടുമാത്രം ഒരാൾ പത്താം ക്ലാസിലെത്തുന്നില്ലല്ലോ? പഠിക്കുന്നു, പരീക്ഷയെഴുതുന്നു, ജയിക്കുന്നു. സ്ഥാനക്കയറ്റം ലഭിക്കുന്നു. ചിലപ്പോൾ തോറ്റെന്നുമിരിക്കാം. വീണ്ടും പഠിച്ച് പരീക്ഷയെഴുതി ജയിക്കുന്നു. ഇതു തന്നെയാണ് ക്രിസ്തീയജീവിതത്തിലും. പഠനക്ഷമതയുള്ളവൻ കേൾക്കുന്നവനാണ്. അതുകൊണ്ട് ദൈവം അവന് 'വെളിപ്പാടു'കൾ നൽകുന്നു. അവൻ അത് സ്വീകരിക്കുന്നു. പ്രതികരണം, ലഭിച്ച വെളിപ്പാടിന് അനുകൂലമോ പ്രതികൂലമോയെന്നറിയുവാൻ പരീക്ഷ വരുന്നു. വിജയിക്കുമ്പോൾ* സ്ഥാനക്കയറ്റം ലഭിക്കുന്നു; ഒരു തലത്തിലുള്ള വിശുദ്ധിയിൽ നിന്ന് അടുത്ത തലത്തിലേക്ക്. 'വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ'യെന്ന ആഹ്വാനം അപ്പോഴാണ് പ്രയോഗികമാകുന്നത്.

എന്നാൽ പഠനക്ഷമതയില്ലാത്തവന് പഠനത്തിന്റെയോ പരീക്ഷയുടെയോ ആവശ്യം ബോധ്യപ്പെടുന്നില്ല. കാരണം 'താൻ തികഞ്ഞു കഴിഞ്ഞു' എന്നാണല്ലോ അയാളുടെ ചിന്ത. എന്തുകേട്ടാലും അങ്ങനെയുള്ളവരുടെ പ്രതികരണം "ഹോ...ഇതെത്ര കേട്ടിരിക്കുന്നു" എന്നായിരിക്കും.

---

**ഈ വിജയം സ്വയത്തിന്റെ പ്രയത്നത്തിൽ ഊന്നിയുള്ളതല്ല. ദൈവത്തിന്റെ കൃപയിൽ ചാരിയുള്ളതാണ്. 'ആത്മീക ദാരിദ്ര്യത്തി'ന്റെ അദ്ധ്യായത്തിൽ ഇതേക്കുറിച്ച് വിശദമായി പരമാർശിക്കുന്നുണ്ട്.*

തികഞ്ഞുവെന്ന അഹങ്കാരത്തിന്റെചിന്ത പഠനത്തെ പ്രോത്സാഹിപ്പിക്കുകയില്ല. എന്നാൽ പഠനം എപ്പോൾ ഇല്ലാതാകുന്നുവോ അപ്പോൾ ഒരു ശിഷ്യൻ ശിഷ്യനല്ലാതാകുന്നു. വിശ്വാസികളെ ഉണ്ടാക്കുവാനല്ല ശിഷ്യന്മാരെ ഉണ്ടാക്കുവാനാണ് യേശു കൽപ്പിച്ചത്. ശിഷ്യന്മാർക്കാണ് അന്ത്യോക്ക്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായത്. മറിച്ചല്ല. ശിഷ്യൻ എന്ന വാക്കിന്റെ ഗ്രീക്ക് 'മാത്തറ്റൈസി'ന്റെ അർത്ഥം പഠിക്കുന്നവൻ എന്നാണ്[3]. ഹവാഡ് ഹെൻറിക്ക്സ് (Howard Hendricks) അതേക്കുറിച്ച് പറയുന്നത്: "പഠനം നിറുത്തിയ ശിഷ്യൻ ജീവിക്കുന്നതും നിറുത്തി."

പഠനക്ഷമതയുള്ളവൻ ക്രിസ്തീയജീവിതത്തിൽ മുമ്പോട്ടു പോകുന്തോറും തന്റെ തികവുകണ്ട് സന്തോഷിക്കുകയല്ല ദൈവത്തെക്കുറിച്ചറിഞ്ഞ് അമ്പരക്കുകയാണ്: "*ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ!*" (റോമർ11:33). ക്രിസ്തുവിൽ തികഞ്ഞുവെന്ന് ആർക്കെങ്കിലും ചിന്തിക്കാമെങ്കിൽ അതിൽ ഒന്നാമനായ പൗലൊസിന്റെ വാക്കുകൾ: "*ഞാൻ പരിപൂർണ്ണനായി എന്നല്ല പറയുന്നത്. ഗ്രഹിക്കേണ്ടതെല്ലാം ഞാൻ ഗ്രഹിച്ചിട്ടില്ല; എന്നാൽ ക്രിസ്തു എന്നെ എന്തിനു വേണ്ടി രക്ഷിച്ചുവോ, ഞാൻ എന്താകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവോ, അതെല്ലാമായിത്തീരുന്ന ആ ദിവസത്തിനായി പ്രവർത്തിച്ചുകൊണ്ടു ഞാൻ മുമ്പോട്ടു പോവുകയാണ്*" (ഫിലിപ്പിയർ 3:2 പുതി. ലളിത ഭാഷ).

ആഫ്രിക്കയിൽ ദീർഘവർഷങ്ങൾ മിഷണറിയായിരുന്ന സി.റ്റി.സ്റ്റഡ് ജീവിതത്തിന്റെ അവസാന നാളുകളിൽ തന്റെ കുടിലിലിരുന്ന് പ്രയാസപ്പെട്ട്, ലെൻസ് കണ്ണിനു നേരെ പിടിച്ച് ബൈബിൾ വായിക്കുന്നതു കണ്ട ഒരാൾ ചോദിച്ചു: "സ്റ്റഡ്, ഇത്രയും കാലം കർത്തൃവേലയിലായിരുന്ന നിങ്ങൾ ഇപ്പോഴും ഇത്ര പ്രയാസപ്പെട്ട് ബൈബിൾ വായിക്കണോ?" പഠനക്ഷമത ഏറെ ഉണ്ടായിരുന്ന ആ ക്രിസ്തുശിഷ്യന്റെ മറുപടി: "ഇനിയും ഞാനറിയാതെ പോയ ഏതെങ്കിലും കൽപ്പനയുണ്ടോയെന്ന് തിരയുകയാണ്". മരണത്തിന്റെ ചൂളംവിളി കാതിൽ മുഴങ്ങുമ്പോഴും പൗലൊസ് തിമൊഥെയൊസിനോട് അപേക്ഷിക്കുന്നത് "*ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവരിക*" എന്നാണ് (2തിമൊഥെയൊസ്4:13). വില്ല്യം ടിൻഡെയിൽ എന്ന ക്രിസ്തീയ രക്തസാക്ഷിയും, തന്റെ മരണദിനങ്ങൾ അടുത്തു വരുമ്പോൾ വിൽ വോഡ് ജയിലിൽകിടന്ന് തന്റെ സ്നേഹിതനോട് അപേക്ഷിക്കുന്നത് പഠനക്ഷമതയുള്ള ഒരുവന്റെ ആവശ്യങ്ങളാണ്: "ഒരു കമ്പിളിത്തൊപ്പിയും, എന്റെ കാലുകളിൽ ചുറ്റുവാൻ എന്തെങ്കിലും എനിക്ക് എത്തിക്കുവാൻ യേശുവിന്റെ



നാമത്തിൽ ഞാൻ നിന്നോട് അപേക്ഷിക്കുന്നു. അതിനെക്കാളുപരി എന്റെ എബ്രായ ബൈബിളും."[4]

**പഠനക്ഷമതയുടെ അളവിൽ മാത്രമേ പാഠങ്ങളുള്ളൂ**

യേശുവിന്റെ ശിഷ്യന്മാരിൽ പഠനക്ഷമതയുടെ നിഴലാട്ടമുണ്ടായിരുന്നുവെങ്കിലും അതിനൊരു തികവുണ്ടായിരുന്നില്ല. മൂന്നരവർഷംകൊണ്ട് എന്തെല്ലാമവർ പഠിക്കണമായിരുന്നോ അതെല്ലാം പഠിച്ചില്ല. യേശു അവരോട് പറഞ്ഞത്: "*ഇനിയും വളരെ നിങ്ങളോട് പറയുവാനുണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല*" (യോഹന്നാൻ 16:12). തന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷവും പഠനക്ഷമതയുടെ വിഷയത്തിൽ ശിഷ്യന്മാരിൽ വലിയ പുരോഗതിയൊന്നും സംഭവിക്കാതിരുന്നപ്പോൾ യേശു അവരെ ശാസിക്കുന്നു: "*അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ*" (ലൂക്കൊസ് 24:25). യേശു നൽകിയ വെളിപ്പാടുകൾ എല്ലാംതന്നെ സ്വീകരിക്കുവാനുള്ള തലത്തിലേക്ക് അവരുടെ പഠനക്ഷമത ഉയർന്നിട്ടില്ലായിരുന്നു. ഇതേ കാര്യമാണ് എബ്രായലേഖകൻ പരാതിയായി ഉയർത്തുന്നത്: "*ഇതിനെക്കുറിച്ച് ഞങ്ങൾക്ക് വളരെ പറയുവാനുണ്ട് എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായിത്തീർന്നതുകൊണ്ട് തെളിയിച്ചു തരുവാൻ വിഷമം*" (എബ്രായർ 5:11). ***ദ് മെസ്സേജ്*** എന്ന ഇംഗ്ലീഷ് പരിഭാഷയിൽ ഈ വാക്യം ഇങ്ങനെയാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്: "*ശ്രദ്ധിക്കാതിരിക്കുക എന്ന ഒരു ചീത്തസ്വഭാവം നിങ്ങൾക്കുള്ളതുകൊണ്ട് ഇത് അകത്തേക്ക് പ്രവേശിക്കുവാൻ ബുദ്ധിമുട്ടാണ്.*"

**ജീവിതമെന്ന പാഠശാല**

ക്രിസ്തുവിൽ തികയുവാനുള്ള പാഠങ്ങൾ ഒരു ക്ലാസ്റൂം ക്രമീകരണത്തിലൂടെ മാത്രമല്ല ലഭിക്കുന്നത്; ജീവിതമാകുന്ന ആലയിലെ തീച്ചൂളയിൽ നിന്നും കൂടിയാണ്. "*അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവെക്കു വഴിപാടു അർപ്പിക്കും*" (മലാഖി 3:3). കഷ്ടതകൾ നല്ലൊരദ്ധ്യാപകനായതുകൊണ്ട്, തന്റെ ജീവിതത്തിലെ കഷ്ടതകളുടെ പ്രയോജനം സങ്കീർത്തനക്കാരൻ കണ്ടെത്തിയത് ദൈവീകവെളിപ്പാടുകൾക്ക് അതൊരു വാതിലാണെന്നാണ്: "*നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിലായത് എനിക്ക് ഗുണമായി*" (സങ്കീർത്തനം 119:71).

ജീവിതത്തിന്റെ സുഗമമായ പ്രയാണത്തിനു മുമ്പിൽ തടസ്സമായി വരുന്നതെന്തും പഠനക്ഷമതയുള്ളവൻ പാഠങ്ങളായെടുക്കും. ഏതൊരു കുരിശും കിരീടമാക്കിത്തീർക്കുന്ന ദൈവത്തിന്റെ പുനർനിർമ്മിതിയിൽ അവന് തികഞ്ഞ വിശ്വാസമുണ്ട്. "*നാം ദൈവത്തെ സ്നേഹിക്കുന്നവരും അവിടുത്തെ ഉദ്ദേശ്യങ്ങളോട് അനുരൂപരും ആയിരിക്കുമെങ്കിൽ നമുക്ക് സംഭവിക്കുന്നതെല്ലാം നമ്മുടെ നന്മയ്ക്കായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം*"(റോമർ 8:28 പുതി.ലളിതഭാഷ).

എന്നാൽ എന്താണ് ആ നന്മ? അടുത്ത വാക്യം അതിന്റെ ഉത്തരം നൽകുന്നു: "*തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിനു തന്റെ പുത്രനെപ്പോലെ ആയിത്തീരണമെന്നത് ആദിമുതൽ തന്നെയുള്ള ദൈവനിശ്ചയമാണ്*"(പുതി.ലളിതഭാഷ).

**ജീവിതപാഠങ്ങളോടുള്ള രണ്ട് പ്രതികരണങ്ങൾ**

കഷ്ടതയിലൂടെ കടന്നുപോയതുകൊണ്ട് മാത്രം പാഠങ്ങൾ പഠിക്കണമെന്നില്ല. നാൽപ്പതുവർഷത്തെ മരുഭൂമിയാത്രയിലെ കഷ്ടതകളിൽ കൂടുതൽ പിറുപിറുക്കുവാനല്ലാതെ യിസ്രായേൽ ജനങ്ങൾ മറ്റൊന്നും പഠിച്ചില്ല. കഷ്ടതയിൽ നമ്മിൽ നിന്നും തെളിഞ്ഞു വരേണ്ടതായി ദൈവം ആഗ്രഹിക്കുന്ന ഒരു പ്രതികരണമുണ്ട്. അത് സഹനത്തിന്റേതാണ്. പഠനക്ഷമതയുള്ളവനിൽ നിന്നു മാത്രമേ അത് പുറത്തുവരികയുള്ളൂ. അങ്ങനെയുള്ള ഒരു പ്രതികരണമാണ് നാം ഗെത്ത്ശേമനയിൽ കേട്ടത്; സൃഷ്ടികളുടെയെല്ലാം അന്തരാത്മാവിൽ നിറഞ്ഞുനിൽക്കേണ്ട ഒന്ന്: "*എങ്കിലും എന്റെ ഇഷ്ടമല്ല (പിതാവേ) അങ്ങയുടെ ഇഷ്ടം ആകട്ടെ.*"

സാഹചര്യങ്ങളെ ഭൗതികവും ജഢീകവുമായ ബലംകൊണ്ട് തള്ളിമാറ്റുവാൻ പലപ്പോഴും നമുക്ക് കഴിയും. എന്നാൽ താൻ അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയിൽ (സാഹചര്യങ്ങളിൽ) ദൈവത്തിന് തന്നോടു പറയുവാനുള്ളത് ശ്രദ്ധിക്കുന്ന ഒരു വ്യക്തി സാഹചര്യത്തെയല്ല ദൈവത്തെയാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. അങ്ങനെയുള്ള വ്യക്തി ദൈവഹിതത്തിനുവേണ്ടി കാതോർത്ത് തന്നെ അതിനായി ഏൽപ്പിച്ചുകൊടുക്കും.

ഭീരുവോ അശക്തനോ തന്റെ മുമ്പിലുള്ള പ്രതിസന്ധി വലുതാണെന്നും, അത് തന്റെ കൈപ്പിടിയിൽ ഒതുങ്ങുന്നതല്ലെന്നും കണ്ട് ചുരുണ്ടുകൂടുന്നതുപോലെയുള്ള ഒന്നല്ല ഇത്. ദൈവത്തിന്റെ ശക്തിയെക്കുറിച്ചും, ആ പ്രതാപവാന് തന്റെ സാഹചര്യങ്ങളിന്മേലും തന്നിലുമുള്ള നിയന്ത്രണം ഏതൊരു വൻമതിലും തകർക്കുവാൻ പോന്നതാണെന്നും, വേണമെങ്കിൽ തനിക്ക് ദൈവത്തോട് കടും പിടിത്തം നടത്തി കാര്യങ്ങളെ തന്റെ ഇഷ്ട



ത്തിനനുസരിച്ച് മാറ്റിയെടുപ്പിക്കാൻ കഴിയും എന്ന് അറിയുമ്പോൾ തന്നെയാണ് തന്റെ താത്പര്യങ്ങളെ ബലികഴിച്ച് ദൈവഹിതത്തിനു മുമ്പിൽ ഈ ഏൽപ്പിച്ചു കൊടുക്കൽ.

ഗെത്ത്ശേമനയിൽ യേശു പടയാളികൾക്ക് തന്നെ ഏൽപ്പിച്ചുകൊടുത്തപ്പോൾ പത്രൊസിന്റെ പ്രതികരണം വാളിന്റെ ഭാഷയായിരുന്നു. ആ പ്രതികരണത്തെക്കുറിച്ച് യേശു പറഞ്ഞത്: "*വാൾ എടുക്കുന്നവനൊക്കെയും വാളാൽ നശിച്ചുപോകും*" (മത്തായി 26:52).

കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരുന്നപ്പോൾ പഠനക്ഷമതയുള്ളവന്റെ പ്രതികരണമായിരുന്നില്ല കയീന്റേത്. തന്റെ പ്രതിസന്ധിയായ ഹാബേലിനെ കയീൻ കൊല്ലുന്നു. കയീൻ പഠനക്ഷമതയോടെയാണ് പ്രതികരിച്ചിരുന്നതെങ്കിൽ ദൈവം തന്റെ യാഗം സ്വീകരിക്കാതിരുന്നപ്പോൾ അതിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുമായിരുന്നു; എന്തുകൊണ്ട് ദൈവം തന്റെ യാഗം സ്വീകരിച്ചില്ലായെന്ന പാഠം. കയീനോട് ദൈവം ചോദിക്കുന്നത്: "*നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകുകയില്ലയോ?*" ന്യൂലിവിംഗ് പരിഭാഷ അതിങ്ങനെയാണ് നൽകുന്നത്: "*ശരിയായ രീതിയിൽ നീ പ്രതികരിക്കുമെങ്കിൽ നീ അംഗീകരിക്കപ്പെടും*" (You will be accepted if you respond in the right way).

യിസ്രായേൽ പഠനക്ഷമതയില്ലാത്തവരായതുകൊണ്ട് അവർ അവരുടെ മുമ്പിലുള്ള പ്രതിസന്ധിയെ തള്ളിനീക്കുന്ന ശബ്ദമാണ് നാം പിറുപിറുപ്പായി കേൾക്കുന്നത്. മാറായിൽവെച്ച് 'ഞങ്ങൾ എന്തു കുടിക്കും' എന്നു പറഞ്ഞു മോശെയുടെ നേരെ യിസ്രായേൽ ജനം പിറുപിറുത്തു (പുറപ്പാട് 15:24). എന്നാൽ താഴ്മയുള്ളവനായ മോശെ പഠനക്ഷമതയുള്ളവനായതുകൊണ്ട് തന്റെ പ്രതികരണം മറ്റൊന്നായിരുന്നു, മോശെ പ്രാർത്ഥിച്ചു. കൈപ്പുവെള്ളത്തെ അവർ പാഠമായി കണ്ടിരുന്നെങ്കിൽ എത്ര പാഠങ്ങൾ അവർക്ക് പഠിക്കാമായിരുന്നു. "*ഏതു ശിക്ഷയും തൽക്കാലത്തേക്കു സന്തോഷകരമല്ല, ദു:ഖകരമായി തോന്നും; എന്നാൽ അതിനാൽ പരിശീലനം ലഭിക്കുന്നവർക്കു അത് പിന്നീട് നീതി എന്ന സമാധാനഫലം നൽകുന്നു*" (എബ്രായർ 12:11). അതൊരു പരീക്ഷയായിരുന്നല്ലോ: "*അവിടെവെച്ചു അവൻ അവരെ പരീക്ഷിച്ചു*"(പുറപ്പാട് 15:25). ആ പരീക്ഷ നേരത്തേ പഠിച്ച പാഠങ്ങളുടെ വിലയിരുത്തൽ കൂടെയായിരുന്നു. എന്നാൽ യിസ്രായേൽ മക്കൾക്ക് ലഭിച്ചത് 'വട്ട പൂജ്യം'.

വാച്ച്മാൻ നീയുടെ ജീവിത ഏടുകളെ ബോബ് ലൗറന്റ് (Bob Laurent) 'Watchman Nee: Man of Suffering' ൽ നിരത്തിവെക്കുമ്പോൾ ജീവിത വഴിത്താരയിലെ മുള്ളുകളെ സൗകര്യപ്രദമായി ഒഴിഞ്ഞു പോകുന്നവനായി

ട്ടല്ല നീയെക്കുറിച്ച് ചിത്രീകരിക്കുന്നത്: "അൽപ്പാൽപ്പമായി താൻ ക്രൂശിന്റെ മനുഷ്യനായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നു. തന്റെ വഴിയിൽ വന്നു ഭവിക്കുന്ന എല്ലാ പ്രശ്നങ്ങളെയും ആത്മീയമായി വളരുവാനുള്ള മറ്റൊരവസരമായി കണ്ട്, സമാധാനത്തോടുകൂടിത്തന്നേ സ്വീകരിക്കുവാൻ താൻ പഠിച്ചു." വാച്ച്മാൻ നീയുടെ ഒരു കവിത ഇങ്ങനെയാണ്.

*നേട്ടങ്ങൾ കൊണ്ടല്ല ജീവിതമളക്കുന്നത്*
*നഷ്ടങ്ങളുടെ കണക്കാണ് ശ്രേഷ്ഠത.*
*വീഞ്ഞെത്ര കുടിച്ചുവറ്റിച്ചുവെന്നല്ല*
*പുറത്തേക്കെത്ര പകർന്നു നൽകി.*
*മുറിവുകൾ സ്വയമേറ്റു വാങ്ങുന്നവനാരോ*
*മുറിഞ്ഞവർക്കുള്ള സാന്ത്വനഗാനം അവന്റെ സ്വന്തം.*[5]

മലയാളക്കരയിലെ ക്രൈസ്തവയോഗി സാധുകൊച്ചുകുഞ്ഞ് ഉപദേശിയും ജീവിതകഠിനതകളെ നഷ്ടങ്ങളായിട്ടല്ല നേട്ടങ്ങളായിട്ടാണ് കാണുന്നത്. ആ നേട്ടങ്ങളെ പഴയ മലയാളത്തിൽ അദ്ദേഹം ഇങ്ങനെ കുറിച്ചു വെച്ചു. "എന്തു തന്നെ വന്നാലും ആ വാത്സല്യ കൈകളിലേക്കു തന്നേ, പിന്നെയും എന്നെ കോരിയെടുക്കുന്ന നീട്ടപ്പെട്ട ഭുജം, അന്നാളുകളിൽ എന്നെ ആ വലിയ ക്ലേശ സമുദ്രത്തിൽ താങ്ങി, ഞാൻ പഠിക്കേണ്ടിയിരുന്ന ചില അനുസരണമൊഴികൾ എന്നെ ഗ്രഹിപ്പിച്ചത് ആതിന്റെ ദിവ്യസ്വാദിനാൽ ആനന്ദമഗ്നനാക്കി...ആ പൊന്നുകൈകളിലേക്ക് ഈ അടിയനെ പിന്നെയും എറിഞ്ഞുകൊടുത്തു പ്രാർത്ഥിച്ചതിനോടുകൂടെ, അപ്പോൾ അടിയാൻ ഏതാണ്ടല്പം പഠിച്ചതുപോലെ തോന്നി."[6]

ദാവീദും യോശുവയും പ്രതിബന്ധങ്ങളെ പ്രശ്നങ്ങളായി കാണുകയും അതിനെതിരെ ജഢീകമായി പ്രതികരിക്കുകയും ചെയ്യുന്നവർ ആയിരുന്നില്ല. ദൈവത്തിങ്കലേക്ക് തിരിയുന്നതിനും ദൈവത്തിൽ നിന്ന് കേൾക്കുന്നതിനുമുള്ള ഒരു സാധ്യതയായിട്ടാണ് അവരതിനെ കണ്ടത്. ദൈവത്തിന്റെ പെട്ടകം ബാലേ-യെഹൂദയിൽ നിന്ന് ദാവീദിന്റെ നഗരത്തിലേക്കു കൊണ്ടുവരുന്ന ഘോഷയാത്രയിൽ കാളവിരണ്ടതും തുടർന്നുള്ള ഉസ്സയുടെ മരണവും ദാവീദിൽ പിറുപിറുപ്പോ കോപമോ അല്ല ഉണ്ടാക്കിയത്. "*അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി. യഹോവയുടെ പെട്ടകം എങ്ങനെ കൊണ്ടുവരേണ്ടു എന്നു പറഞ്ഞു*" (2ശമൂവേൽ6:9). ഹായി പട്ടണക്കാരുടെ മുമ്പിൽ യിസ്രയേൽ ജനം തോറ്റോടേണ്ടതായി വന്നപ്പോൾ യോശുവയും ഇതേ നിലയിൽ തന്നെ പ്രതികരിക്കുന്നു: "*യോശുവ വസ്ത്രം കീറി യഹോവയുടെ പെട്ടകത്തിനു മുമ്പിൽ അവനും യിസ്രയേൽ മൂപ്പന്മാരും തലയിൽ മണ്ണുവാരിയിട്ടുകൊണ്ട് സന്ധ്യവരെ സാഷ്ടാംഗം വീണുകിടന്നു*"(യോശുവ 7:6).



ദാവീദിന്റെ ജീവിതത്തിലെ ശ്രേഷ്ഠമാർന്ന ഒരിതളാണ് ശൗലിന്റെ കുടുംബത്തിലെ ശിമയിയോടുള്ള തന്റെ പ്രതികരണം. ശിമയി ദാവീദിനെ ശപിക്കുന്നു: "നീചാ, പോ, പോ". ദാവീദാകട്ടെ മകനായ അബ്ശാലോമിനെ ഭയന്നുള്ള ഓട്ടത്തിന്റെ തളർച്ചയിലും. ദാവീദിന്റെ കൂട്ടത്തിലെ അബീശായിയുടെ പ്രതികരണം:"*ഈ ചത്ത നായ എന്റെ യജമാനനായ രാജാവിനെ ശപിക്കുന്നതെന്തു? ഞാൻ ചെന്ന് അവന്റെ തല വെട്ടിക്കളയട്ടെ?*" എന്നാൽ ദാവീദിന്റെ പ്രതികരണം മറ്റൊന്നായിരുന്നു: "*അവൻ ശപിക്കട്ടെ, ദാവീദിനെ ശപിക്ക എന്നു യഹോവ അവനോട് കൽപ്പിച്ചിരിക്കുന്നു; പിന്നെ നീ ഇങ്ങനെ ചെയ്യുന്നതെന്തെന്ന് ആര് ചോദിക്കും*" (2 ശമൂവേൽ 16:10). ശൗലിനോടുള്ള ബന്ധത്തിൽ സഹിഷ്ണുതയും താഴ്മയും വളരെയധികം പഠിച്ചിരുന്ന ദാവീദ് ഇപ്പോൾ സ്വഭാവശ്രേഷ്ഠതയിൽ ഒരു പടികൂടെ ഉയരുകയാണ്.

പഠനക്ഷമതയുള്ളവൻ പഠിക്കുന്നു, ഏതൊന്നിലൂടെയും. ക്രൂശിനെ സഹിക്കുന്നു - താഴ്മ പഠിക്കുന്നു, കഷ്ടത സഹിക്കുന്നു - സ്വഭാവദാർഢ്യം വളർത്തുന്നു (റോമർ 5:4), സാത്താന്റെ കുത്തലുകളെ സഹിക്കുന്നു – നിഗളിച്ചു പോകാതെ താഴ്മയിൽ തുടരുന്നു (2 കൊരിന്ത്യർ 12:7). താഴ്മ നിറഞ്ഞ പഠിതാവ് പായ്ക്കപ്പലിലെ പായ പോലെയാണ്. തനിക്കേൽക്കുന്ന കാറ്റിനെ സ്വീകരിച്ച്, അതൊരു ഊർജ്ജമാക്കി, ഭാരമേറിയ കപ്പലിനെ മുന്നോട്ട് തള്ളുന്നു. Humility എന്ന വാക്ക് Humus എന്ന ലാറ്റിൻ വാക്കിൽ നിന്നും ഉരിത്തിരിഞ്ഞതാണ്. ഭൂമി, നിലം എന്നൊക്കെയാണ് Humus ന്റെ അർത്ഥം. ഭൂമിക്ക് നാം നൽകുന്നത് തുപ്പലും, ചീഞ്ഞളിഞ്ഞ വസ്തുക്കളുമൊക്കെയാണെങ്കിലും, ഭൂമി അതേറ്റു വാങ്ങി മടക്കിത്തരുന്നത് മധുരവും രുചികരവുമായ ഫലങ്ങളാണ്.[7]

പ്രതിബന്ധങ്ങളുടെ ഓരോപടിയും സഹിഷ്ണുതയോടെ ചവിട്ടിക്കയറുമ്പോൾ മാത്രമാണ് ക്രിസ്തുവിൽ തികഞ്ഞവനാകുവാൻ കഴിയുക. വേണമെങ്കിൽ കുരിശിനെ വലിച്ചെറിയുകയും നുകത്തിനു കീഴിൽ നിന്ന് കുതറി മാറുകയും ചെയ്യാം. പക്ഷേ, സ്വഭാവരൂപാന്തരം ദൂരെ മാറി നിൽക്കുമെന്നു മാത്രം. "*ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ*" (മത്തായി 16:24).

**(ii)** ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിന്റെ മനസ്സിൽ ഒരു രൂപമുണ്ട്. ദൈവം കുശവനും നാം കളിമണ്ണുമാണ്. ഈ ഭൂമിയിൽ വെച്ച്, തന്റെ മനസ്സിലുള്ള ആ രൂപം പോലെ നമ്മെ ആക്കിത്തീർക്കുവാനുള്ള ഒരു പ്രവൃത്തിയിലാണ് ദൈവം. എന്നാൽ പഠനക്ഷമതയുള്ളവരിൽ മാത്രമാണ്

ദൈവത്തിന്റെ പണി വേഗത്തിൽ (ശരിയായ അർത്ഥത്തിൽ തക്കസമയത്തിൽ) ചെയ്തു തീർക്കുവാൻ കഴിയുക.

ദൈവം ആരെയും ബലം പ്രയോഗിച്ച് രൂപാന്തരപ്പെടുത്തുന്നില്ല. ദൈവത്തിന്റെ ആത്മാവ് ഒരദ്ധ്യാപകനായി ബുദ്ധി ഉപദേശിക്കുന്നു. "*നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ : വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും*" (യെശയ്യാവ് 30:21). പഠനക്ഷമതയുള്ളവൻ ആ നേരിയ സ്വരം കേട്ട് അതിനോട് അനുകൂലമായി പ്രതികരിക്കുന്നു. നന്നായി പരുവപ്പെട്ട കളിമണ്ണു പോലെയാണ് അവൻ.

യിസ്രായേൽ ജനത്തിന് മിസ്രയീമിൽ നിന്ന് കനാൻ നാട്ടിലെത്തുവാൻ നാൽപ്പതു വർഷം തീർച്ചയായും വേണ്ട. പക്ഷേ, പാഠങ്ങൾ പഠിക്കാതെ എങ്ങനെ കനാൻ നാട്ടിൽ കയറ്റും? പഠനക്ഷമത കുറയുന്തോറും ദൂരവും ദീർഘിച്ചു കൊണ്ടിരിക്കും.

ഒരു ക്രിസ്തു ശിഷ്യൻ ആത്മീയ പാഠങ്ങളെ പഠിക്കുന്നതു പോലെ തന്നെ പ്രാധാന്യമുള്ളതാണ് പഠിച്ചു തീരേണ്ട സമയത്തിനുള്ളിൽ തന്നെ പഠിച്ചു തീർക്കുകയെന്നത്. എബ്രായലേഖകന്റെ പരാതി: "*കാലം നോക്കിയാൽ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു*" (എബ്രായർ 5:12).

കൊർന്നല്ല്യോസിനോടുള്ള ബന്ധത്തിൽ പത്രൊസിനുണ്ടായ ദർശനത്തിൽ, എല്ലാവിധ മൃഗങ്ങളും ഉൾക്കൊണ്ടിരുന്ന ഒരു തുപ്പട്ടിപോലുള്ള പാത്രം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നതായി കാണുന്നു (അപ്പൊ. പ്രവൃത്തികൾ 10). മൂന്നു പ്രാവശ്യമേ ആ പാത്രം ഇറങ്ങി വന്നുള്ളൂ. പിന്നീട് സ്വർഗ്ഗത്തിലേക്ക് തിരിച്ചെടുക്കപ്പെട്ടു. ജാതികളെയും ദൈവം അംഗീകരിക്കുന്നുവെന്ന സത്യം യെഹൂദനായ പത്രൊസിനെ ഈ ദർശനത്തിലൂടെ പഠിപ്പിക്കുവാൻ ദൈവം ശ്രമിക്കുകയാണ്. ദൈവം പഠിപ്പിക്കുന്ന പാഠങ്ങൾ പത്രൊസ് ഏറ്റെടുക്കുവാൻ തയ്യാറായില്ലെങ്കിൽ ആ കുട്ട ഇറങ്ങിവന്നു കൊണ്ടേയിരിക്കുമോ?" "*...ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു*" (എബ്രായർ 4:7). അതുകൊണ്ടാണ് എഫെസ്യ വിശ്വാസികളെ പൗലൊസ് ഓർമ്മിപ്പിക്കുന്നത്: "*...സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.*" (എഫെസ്യർ 5:16). പഠനക്ഷമതയില്ലാത്തവന് പഠിക്കുവാൻ ഈ ജന്മം പോരാ. അതിന്റെ കാരണമാണ് ശലോമോൻ പറയുന്നത്: "*ഭോഷനെ നൂറ് അടിക്കുന്നതിനേക്കാൾ ബുദ്ധിമാനെ ഒന്നു ശാസിക്കുന്നത് നല്ലത്*" (സദൃശവാക്യങ്ങൾ 17:10).



**(iii)** പഠനക്ഷമതയില്ലെങ്കിൽ ഭാഗികമായ അറിവിൽ കുടുങ്ങിപ്പോകും. ഭാഗികമായ അറിവ് അപൂർണ്ണമെന്നല്ല, അപകടമാണ്. മശിഹയെക്കുറിച്ച് യെഹൂദന്മാർക്കുണ്ടായിരുന്ന അറിവ് ഭാഗികമായിരുന്നതുകൊണ്ടാണ് ആറ്റുനോറ്റിരുന്ന മശിഹയെത്തന്നെ അവർക്കു കൊല്ലേണ്ടി വന്നത്.

പഠനക്ഷമതയുള്ളവൻ ദൈവത്തിന്റെ പുരോഗമനപരമായ വെളിപ്പാടിൽ (Progressive Revelation) വിശ്വസിക്കുന്നവനാണ്. തനിക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന വെളിപ്പാട് ഗൗരവത്തോടെ കാണുകയും, വിശ്വസിക്കുകയും, പഠിപ്പിക്കുകയും ചെയ്യുമ്പോൾത്തന്നെ അടുത്ത പടിയിലേക്കുള്ള ആരോഹണം, ദൈവം അനുവദിക്കുമ്പോൾ, അതേറ്റെടുക്കുവാൻ അവന് മടിയില്ല. 'ഞാൻ നേരത്തെ ഇങ്ങനെയല്ലേ പറഞ്ഞു കൊണ്ടിരുന്നത് ഇനി എങ്ങനെ അങ്ങനെ പറയും' എന്ന ഒരു പ്രശ്നം അയാൾക്കില്ല. ഒരു കെട്ടിടത്തിലേക്ക് കയറുവാൻ പല പടികളുണ്ട്. ആദ്യത്തെ പടിയിൽ ചവിട്ടി വേണം അടുത്ത പടിയിൽ കയറുവാൻ. താൻ ആദ്യത്തെ പടിയിലായിരിക്കുമ്പോൾ ആ പടിയിൽ താൻ വിശ്വസിക്കുന്നു. വിശ്വസിക്കുന്നത് ഉതഘോഷിക്കുന്നു; എന്നാൽ അഹങ്കാരത്തിന്റെ പിൻബലത്തോടെയല്ല. അഹങ്കാരത്തിന്റെ അഭാവത്തിൽ ഒരു കാര്യം മനസ്സിലാക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുമ്പോൾ 'ഞാനെന്ന ഭാവം' അവിടെയില്ല. 'ഞാനെന്ന ഭാവമാണ്', 'ആത്യന്തികമാണ് എന്റെ ചിന്തകൾ' എന്ന അവസ്ഥയിലേക്ക് ഒരുവനെ നയിക്കുന്നത്.

പറഞ്ഞു വരുന്നതിനർത്ഥം, ഇന്ന്, യേശു കർത്താവാണെന്ന് മനസ്സിലാക്കി നാളെ അല്ല എന്ന ചിന്തയിലേക്കെത്തുമെന്നല്ല. യേശു കർത്താവാണെന്ന് നാമറിയുമ്പോൾത്തന്നെ നാളെ, മറ്റെന്നാൾ തുടർന്നങ്ങോട്ട് ആ കർത്തൃത്വത്തിന്റെ ആഴവും ശക്തിയും എത്ര അധികമാണെന്ന് അറിയുവാൻ തുടങ്ങും. ദൈവവചനം കാലത്തിനനുസരിച്ച് മാറുന്നില്ല. സ്വർഗ്ഗത്തിലും ഭൂമിയിലും എന്നേക്കും സ്ഥിരമായിരിക്കുന്നതാണ് ദൈവവചനം. മാറ്റം നമ്മുടെ ബോധ്യത്തിനാണ്. ഹവാഡ് ഹെൻറിക്ക്സ് (Howard G. Hendricks) അതേക്കുറിച്ച് ഇങ്ങനെയാണ് പറയുന്നത്: "ദൈവവചനം, തീർച്ചയായും മാറുന്നില്ല. എന്നാൽ വചനത്തെക്കുറിച്ചുള്ള എന്റെ അറിവ് മാറുന്നു. കാരണം ഞാൻ വികാസം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ്."[8] വേദപുസ്തകത്തിലെ സത്യങ്ങൾ നമ്മുടെ ആത്മീയ പക്വതയ്ക്കനുസരിച്ചാണ് ദൈവം വെളിപ്പെടുത്തിത്തരുന്നത്. രക്ഷിക്കപ്പെട്ട കാലങ്ങളിൽ ദൈവം നമുക്ക് ആരായിരുന്നുവോ അതിനെക്കാൾ എത്ര അധികമാണ് ദൈവമിപ്പോൾ (ചിലർക്ക് രക്ഷിക്കപ്പെട്ടപ്പോൾ ദൈവം എന്തൊക്കെയോ ആയിരുന്നു. എന്നാൽ ഇപ്പോൾ ഒന്നുമല്ലാതായിത്തീർന്നി

രിക്കുന്നു. അത് ശരിയായ ഒരു വളർച്ചയുടെ ഫലമല്ല. എവിടെയോ സംഭവിച്ച പാളിച്ചയുടെ ഫലമാണ്). എന്നാൽ പുരോഗമനപരമായ വെളിപ്പാടുകൾ ഏറ്റെടുക്കുവാൻ താഴ്മയും അതിന്റെ കൈവഴിയായ പഠനക്ഷമതയും വേണം. അല്ലാത്തപക്ഷം പാതിവഴിയിൽ, കുടിൽ കെട്ടി അവിടെ സ്ഥിരവാസമാക്കും.

രാവും പകലും ഉണ്ടാകുന്നതെങ്ങനെയെന്ന ചോദ്യത്തിന് കിഴക്കുദിച്ച് പടിഞ്ഞാറ് സൂര്യൻ അസ്തമിക്കുമ്പോൾ എന്ന ഉത്തരം മൂന്നാം ക്ലാസ്സിലെ കുട്ടി എഴുതിയാൽ നാം മുഴുവൻ മാർക്കും നൽകും. എന്നാൽ ഇതേ ഉത്തരം എട്ടാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥി എഴുതിയാൽ ഉത്തരം തെറ്റാണ്. കാരണം സൂര്യൻ കിഴക്കുദിക്കുകയോ പടിഞ്ഞാറ് അസ്തമിക്കുകയോ ചെയ്യുന്നില്ലല്ലോ, ഭൂമിയാണ് ഭ്രമണം ചെയ്യുന്നത്. ഒരു 'പടി' ഒരു കാലത്തേക്ക് ശരിയായിരിക്കാം. എന്നാൽ ആ പടിയിൽ നാം നിന്നുപോകുകയാണെങ്കിൽ കാലം കഴിയുന്തോറും ആ പടി നമുക്ക് അപകടമാണ്. ഒരു കുഞ്ഞിന്റെ ബാല്യകാലക്രിയകൾ ആ കാലത്ത് നല്ലതാണെങ്കിലും വർഷങ്ങൾ കഴിയുന്തോറും ആ ബോധ്യങ്ങൾക്കും പെരുമാറ്റങ്ങൾക്കും മാറ്റമുണ്ടാകുന്നില്ലെങ്കിൽ അതൊരു രോഗലക്ഷണമാണ്.

പരീശന്മാർ വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യവുമായി യേശുവിനെ സമീപിക്കുന്നു (മത്തായി 19:3–9). വിവാഹമോചനത്തെ അനുകൂലിക്കാതെ യേശു സംസാരിക്കുമ്പോൾ ഉപേക്ഷണപത്രം കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ച കാര്യം അവർ യേശുവിനെ ഓർമ്മിപ്പിക്കുന്നു. അതിനുള്ള യേശുവിന്റെ മറുപടി: "*നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ മോശെ അനുവദിച്ചത്.*" കഠിനഹൃദയന്മാരായ യിസ്രായേൽ ജനത്തിന്റെ ഏതോ ഒരു ഭയങ്കര പ്രശ്നത്തിനു മുമ്പിലായിരിക്കണം മോശെ താത്ക്കാലിക പരിഹാരമായി ഇത് അനുവദിച്ചത് (ഭാര്യമാരെ ഉപേക്ഷിക്കാൻ അനുവദിച്ചില്ലെങ്കിൽ അവർ കൊല്ലുമായിരുന്നേക്കാം; അതിനേക്കാൾ നല്ലത് ഉപേക്ഷണം തന്നെയാണ്). എന്നാൽ യിസ്രായേൽജനങ്ങൾ വഴിക്ക് നിന്നുപോയി. അപൂർണ്ണമോ അപകടമോ താത്ക്കാലികമോ ആയ ആ അറിവിനെ പൂർണ്ണതയുള്ള അവസ്ഥയിലേക്ക് കൊണ്ടുപോകുവാൻ അവർ അനുവദിച്ചില്ല. കഠിനഹൃദയന്മാർക്കെവിടെ പഠനക്ഷമത! അതുകൊണ്ടു തന്നെ യേശുവിന്റെ കാലം വരെ ദൈവം വെറുക്കുന്ന വിവാഹമോചനമെന്ന പാപം അവർ ചെയ്തുകൊണ്ടിരുന്നു.

ഭാവിയിൽ വളരെ ഉയരത്തിൽ ചാടേണം എന്ന ലക്ഷ്യം മുന്നിൽ കണ്ട് ഒരു കുട്ടിക്ക്, ചാട്ടം തുടങ്ങിയ കാലത്ത് ഹൈജംബ് റാമ്പ് താഴ്ത്തിക്കൊടുത്തു. യുവാവായപ്പോഴും ചാടുന്നത് ആ പഴയ ഉയരത്തിൽ



തന്നെ. രക്ഷിക്കപ്പെട്ട നാളുകളിൽ നമ്മുടെ പ്രാർത്ഥന 'വസ്തു കേന്ദ്രീകൃത'മാണെങ്കിൽ അതിൽ അപാകതയൊന്നുമില്ല. കാലം കുറെ കഴിഞ്ഞിട്ടും നമ്മുടെ പ്രാർത്ഥന 'ചോറും കറിയും തരണേ'യെന്നു മാത്രമാണെങ്കിൽ പഠനക്ഷമതയുടെ അപര്യാപ്തത കൊണ്ട് ആത്മീയപക്വത പ്രാപിക്കാത്തതാണ് അതിനു കാരണം.

പൗലൊസിനെക്കുറിച്ച് അനന്യാസിനുണ്ടായിരുന്ന 'യെരുശലേമിൽ കർത്താവിന്റെ ദാസന്മാർക്ക് വളരെ ദോഷം ചെയ്തവൻ' (അപ്പൊ. പ്രവൃത്തി 9:13) എന്ന ബോധ്യം സത്യമായിരുന്നു. എന്നാൽ ആ ബോധ്യത്തിനുമപ്പുറത്തുള്ള മറ്റൊരു സത്യം സർവ്വജ്ഞാനിയായ ദൈവത്തിനു മാത്രമേ അറിയുകയുള്ളു; ദമസ്കൊസിന്റെ പടിവാതിക്കൽവെച്ചുള്ള പൗലൊസിന്റെ മാനസാന്തരം. അനന്യാസ് അത് അറിഞ്ഞില്ല (പരിമിതനാണല്ലോ). പക്ഷേ, ദൈവം അറിഞ്ഞു (അവിടുന്ന് പരിമിതികളില്ലാത്തവനാണല്ലോ). തന്റെ അറിവിനും അപ്പുറത്തേക്ക് ദൈവം അനന്യാസിനെ നടത്തിയപ്പോൾ അനന്യാസ് തന്റെ അറിവ് ആത്യന്തികമാണെന്ന പിടിവാശിയിൽ പൗലൊസിന്റെ അടുത്തേക്ക് പോകാതിരുന്നില്ല. പോയി. എന്നാൽ യോനാ അങ്ങനെയല്ല പ്രതികരിച്ചത്. നിനെവേയിലേക്ക് പോകുവാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ, യോനായ്ക്ക് തന്റെ ബോധ്യങ്ങളായിരുന്നു വലുത്. അതുകൊണ്ടുതന്നെ നിനെവേയിലേക്ക് പോയില്ലെന്നു മാത്രമല്ല തർശ്ശീശിലേക്ക് (യോനായ്ക്ക് ശരിയെന്ന് തോന്നിയ ഇടം) പോകുകയും ചെയ്തു.

**(iv)** പഠനക്ഷമതയില്ലാത്തവൻ മരിക്കും. "*പരിജ്ഞാനം (ജ്ഞാനം നേടാത്ത അവസ്ഥ) ഇല്ലാത്തതിനാൽ എന്റെ ജനം നശിച്ചു പോകുന്നു*" (ഹോശേയ 4:6). ആത്മീയമരണത്തിന്റെ തായ്‌വേര് അഹങ്കാരത്തിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന പഠനക്ഷമതയില്ലായ്മയാണ്.

പഠനക്ഷമതയില്ലാത്തവൻ അഹങ്കാരിയായതുകൊണ്ട് അവൻ ശാസനയെ (correction) ഒന്നുകിൽ വഴിയരികിൽ വലിച്ചെറിഞ്ഞു കളയും അല്ലെങ്കിൽ ശാസിക്കുന്നവനുമായി യുദ്ധത്തിലേർപ്പെടും. ദൈവം പഠിപ്പിക്കുന്ന രീതികളിൽ ഒന്നാണ് ശാസന. ബൈബിൾ പറയുന്നത്: "*ശാസന വെറുക്കുന്നവൻ മരിക്കും*" (സദൃശവാക്യങ്ങൾ 15:10) എന്നാണ്. താഴ്മയുണ്ടോയെന്നതിന്റെ സൂക്ഷ്മമായ പരിശോധനയാണ് ശാസിക്കപ്പെടുമ്പോഴോ തിരുത്തപ്പെടുമ്പോഴോ ഉള്ള നമ്മുടെ പ്രതികരണം. ശാസന വെറുക്കുന്നവന്റെ ദാരുണമായ പതനത്തെക്കുറിച്ച് സദൃശവാക്യങ്ങളിൽ (1:25–26; 5:11–12; 12:1; 13:18; 15:5; 29:1) ശലോമോൻ സവിസ്തരം പ്രസ്താവിക്കുന്നുണ്ട്.

**(v)** പഠനക്ഷമത വിലയേറിയ സമ്പത്താണ്. "*വെള്ളിയെക്കാൾ എന്റെ പ്രബോധനവും മേത്തരമായ പൊന്നിനെക്കാൾ പരിജ്ഞാനവും കൈക്കൊൾവിൻ. ജ്ഞാനം മുത്തുകളേക്കാൾ നല്ലതാകുന്നു...*" (സദൃശവാക്യങ്ങൾ 8:10–11).



*അവരിൽവെച്ചു ആർ വലിയവൻ എന്നു ഒരു വാദം അവരുടെ ഇടയിൽ നടന്നു.*

**(ലൂക്കൊസ് 9:46)**

## B) ഈഗോ ക്ലാഷ്

നമുക്ക് വളരെ പരിചിതമായ ഒരു പ്രയോഗമാണ് ഈഗോ ക്ലാഷ്. വ്യക്തിബന്ധങ്ങളിലെ സംഘർഷങ്ങളെ 'ഈഗോ ക്ലാഷ്' എന്ന പേരിട്ടാണ് നാമിന്ന് വിളിക്കുന്നത്. എന്താണ് ഈ ഈഗോ? മന:ശാസ്ത്രപരമായ ഒരു വിശകലനമല്ല ഇവിടെ നൽകുന്നത്. താഴ്മയോടുള്ള ബന്ധത്തിൽ ഈഗോയെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്.

നാമറിയാതെ നമ്മിൽ രൂപപ്പെട്ടതും, കാലങ്ങൾ കൊണ്ട് ശക്തിപ്പെട്ട് നമ്മുടെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുവാൻ കഴിയുന്നതുമായ മറ്റൊരു വ്യക്തിത്വം (യഥാർത്ഥ വ്യക്തിത്വം കൂടാതെ) നമ്മിൽ കുടികൊള്ളുന്നുണ്ട്. അതിനെ ഈഗോയെന്നോ സാങ്കൽപ്പികവ്യക്തിത്വമെന്നോ വിളിക്കാം.

നാം ഭാവന കാണുമ്പോൾ അറിയുന്നില്ല സാങ്കൽപ്പികവ്യക്തിത്വത്തിന് തീറ്റ കൊടുക്കുകയാണെന്ന്. ഭാവന കാണുമ്പോൾ (സങ്കൽപ്പിക്കുമ്പോൾ) ബോധമനസ്സിൽ (കേൾക്കുകയും കാണുകയും അനുഭവിക്കുകയും ചെയ്യുന്ന സജീവാവസ്ഥ) അതൊരു ഭാവന മാത്രമാണെങ്കിലും ഉപബോധമനസ്സിലോ അബോധമനസ്സിലോ അതൊരു വ്യക്തിത്വമായി പിറവിയെടുക്കുകയാണ്. സ്റ്റേജിൽ കയറിനിന്ന് ഒരു പാട്ട് പാടുമ്പോൾ എല്ലാവരും കൈയടിക്കുന്നത് ഭാവനയിൽ

ഒന്നു കണ്ടതേയുള്ളൂ, എന്നാൽ സാങ്കൽപ്പിക വ്യക്തിത്വത്തിൽ നാം പാട്ടുകാരായിക്കഴിഞ്ഞു.

ഭാവനാലോകത്ത് സാങ്കൽപ്പികവ്യക്തിത്വം പണിയുവാനുള്ള പ്രധാന അസംസ്കൃത വസ്തുവാണ് ആഗ്രഹങ്ങൾ അഥവാ മോഹങ്ങൾ. ആഗ്രഹം എത്ര അധികമുണ്ടാകുമോ സാങ്കൽപ്പിക വ്യക്തിത്വത്തിന്റെ വലിപ്പവും അത്ര അധികമായിരിക്കും.

താഴ്മയുള്ള ഒരു വ്യക്തിക്ക് സാങ്കൽപ്പികവ്യക്തിത്വമില്ല യഥാർത്ഥ വ്യക്തിത്വമേയുള്ളൂ. ദൈവം തന്നെ എങ്ങനെ കാണുന്നുവോ (യഥാർത്ഥ വ്യക്തിത്വം) അങ്ങനെ തന്നെയായിരിക്കും താഴ്മയുള്ളവൻ സ്വയം കാണുന്നതും.

**ഈഗോ ക്ലാഷ് :** സാങ്കൽപ്പിക വ്യക്തിത്വത്തിന് അടിമയായ ഒരു വ്യക്തി അഭിമുഖീകരിക്കുന്ന സംഘർഷങ്ങളാണ് ഈഗോ ക്ലാഷുകൾ. ഈഗോ ക്ലാഷുകൾ വ്യക്തികൾ തമ്മിലാണെങ്കിലും തന്നിൽത്തന്നെ ആരംഭിക്കുന്ന ചില സംഘർഷങ്ങളുണ്ട്:

***ഒന്ന്***: ഏതെങ്കിലും ഉരസലിലോ (വ്യക്തികളോടോ സാഹചര്യങ്ങളോടോ), ദൈവത്തിന്റെ ശക്തമായ ഒരു വെളിപ്പാടിനു മുമ്പിലോ (നാഥാൻ പ്രവാചകന്റെ വിരൽ ചൂണ്ടലോ യോഹന്നാൻസ്നാപകന്റെ അലർച്ചയോ ആകാം), നമ്മുടെ യഥാർത്ഥവ്യക്തിത്വം കാണേണ്ടി വരുമ്പോൾ നമ്മിൽ ആഴത്തിലുള്ള ഒരു ഞെട്ടൽ ഉളവാകുന്നു. നമ്മെക്കുറിച്ച് നാം എന്തൊക്കെയോ ചിന്തിച്ചു വെച്ചിരുന്നു. യാഥാർത്ഥ്യം മറ്റൊന്നും. ആ ബോധോദയം ലജ്ജ, ഭയം, യഥാർത്ഥ അവസ്ഥ അംഗീകരിക്കുവാനുള്ള മടി ഇതിലേതെങ്കിലുമൊന്നോ എല്ലാം കൂടിയോ നമ്മെ തീക്കുണ്ഡത്തിലിറക്കും. ഇങ്ങനെയുള്ള ഒരു അനുഭവമാണ് നാം യെശയ്യാവിൽ കാണുന്നത്. യെശയ്യാവിന്റെ സംഘർഷം ഒരു നിലവിളിയായിട്ടാണ് പുറത്തു വന്നത്. *"അപ്പോൾ ഞാൻ: എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു..."* (യെശയ്യാവ് 6:5). ദൈവത്തിന്റെ 'വിശുദ്ധ അരുളപ്പാട'റിയിക്കുന്ന പ്രവാചകനാണ് യെശയ്യാവ്. തന്റെ നാവ് അശുദ്ധമാണെന്ന യാഥാർത്ഥ്യം യെശയ്യാവ് തിരിച്ചറിയുന്നത് ദൈവീക വെളിപ്പാടിനു മുമ്പിലാണ്.

***രണ്ട്***: സാങ്കൽപ്പികവ്യക്തിത്വം സാങ്കൽപ്പികം മാത്രമായതുകൊണ്ട് അത് വീണ് ഉടഞ്ഞു പോകാതെയും നഷ്ടപ്പെട്ടു പോകാതെയും സൂക്ഷിക്കേണ്ട ഒരു ഭാരിച്ച ഉത്തരവാദിത്വം നമുക്കുണ്ടാകും. അതിനു വേണ്ടി നടത്തേണ്ട മാമാങ്കങ്ങൾ കുറച്ചൊന്നുമല്ല. പുതിയ പ്രദേശങ്ങൾ (വ്യക്തിത്വത്തിന് മാറ്റു



കൂട്ടുവാനായി ചെയ്യേണ്ടതും പറയേണ്ടതുമായ കാര്യങ്ങൾ) പിടിച്ചടക്കുന്നതിനോടൊപ്പം നേരത്തേ പിടിച്ചെടുത്തത് കൈവിട്ടുപോകാതെ സൂക്ഷിക്കുകയും വേണം. ഒരു ട്രിപ്പീസുകളിക്കാരൻ വലിച്ചു മുറുക്കിയ കയറിൽ കൂടി നടക്കുമ്പോൾ താൻ വീണുപോകാതെ സൂക്ഷിക്കുന്നതോടൊപ്പം കൈയിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന ട്രേയിലെ ഗ്ലാസ്സുകളും താഴെവീഴാതെ സൂക്ഷിക്കേണ്ടതുപോലെ. നമ്മുടെ സാങ്കൽപ്പികവ്യക്തിത്വത്തിന് മാനങ്ങൾ ഉണ്ടാക്കുകയും നേരത്തെ നേടിയെടുത്ത മാനങ്ങൾ നഷ്ടപ്പെടാതെയും ശ്രദ്ധിക്കണം! ശൌൽ രാജാവ് ഇതിനൊരു തികഞ്ഞ ഉദാഹരണമാണ്. താനുണ്ടാക്കിയെടുത്ത സാങ്കൽപ്പിക വ്യക്തിത്വം (തന്നെക്കുറിച്ചുള്ള നല്ലൊരഭിപ്രായം – ഉണ്ടായതല്ല ഉണ്ടാക്കിയെടുത്തത്) പൊളിച്ചു കളയല്ലേയെന്നാണ് ശൌൽ ശമുവേലിനോട് അപേക്ഷിക്കുന്നത്: *"അപ്പോൾ ശൌൽ: ഞാൻ പാപം ചെയ്തിരിക്കുന്നു; എങ്കിലും ജനത്തിന്റെ മൂപ്പന്മാരുടെയും യിസ്രായേലിന്റെയും മുമ്പാകെ ഇപ്പോൾ എന്നെ മാനിച്ചു, ഞാൻ നിന്റെ ദൈവമായ യഹോവയെ നമസ്കരിക്കേണ്ടതിന്നു എന്നോടു കൂടെ പോരേണമേ എന്നു അപേക്ഷിച്ചു"* (1 ശമുവേൽ 15:30).

സാങ്കൽപ്പികവ്യക്തിത്വത്തിന് സ്ഥായിയായ ഒരു നിലനിൽപ്പില്ലാത്തതുകൊണ്ട് അത് നിലനിർത്തുവാൻ നാമുണ്ടാക്കുന്ന ലഹളകളും കുറവല്ല. വ്യക്തിബന്ധങ്ങളിലുള്ള പ്രശ്നങ്ങളുടെ കാരണങ്ങൾ മറ്റെന്തൊക്കെയോ ആണെന്ന് നാം പറയുമ്പോഴും സത്യം മറ്റൊന്നാണ്. സാങ്കൽപ്പികവ്യക്തിത്വത്തിന്റെ നിലനിൽപ്പിനായുള്ള 'ജീവിത'സമരങ്ങളാണത്.

സാങ്കൽപ്പികവ്യക്തിത്വം തകർന്നു വീഴാൻ വലിയ ഭൂകമ്പങ്ങളൊന്നും വേണ്ട. ഒരു നോട്ടമോ നോട്ടപ്പിശകോ, ചിരിയോ, കവിളിന്റെ വക്രിക്കലോ മതി ഒരു ബന്ധം തകരാൻ. ശൌലിന്റെ കാര്യത്തിലാണെങ്കിൽ ഒരു കണക്കു മാത്രം: 10000–1000 = 9000. *"ദാവീദ് ഫെലിസ്ത്യനെ സംഹരിച്ച ശേഷം അവർ മടങ്ങി വരുമ്പോൾ യിസ്രായേല്യ പട്ടണങ്ങളിൽ നിന്നൊക്കെയും സ്ത്രീകൾ പാടിയും നൃത്തം ചെയ്തും കൊണ്ടു തപ്പും തംബുരുവുമായി സന്തോഷത്തോടെ ശൌൽരാജാവിനെ എതിരേറ്റു ചെന്നു: സ്ത്രീകൾ വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി:*

*'ശൌൽ ആയിരത്തെ കൊന്നു*
*ദാവീദോ പതിനായിരത്തെ' എന്നു പാടി.*

*അപ്പോൾ ശൌൽ ഏറ്റവും കോപിച്ചു; ഈ വാക്ക് അവന്നു അനിഷ്ടമായി. അവർ ദാവീദിനു പതിനായിരം കൊടുത്തു. എനിക്കു ആയിരം മാത്രമേ തന്നുള്ളൂ..."* (1 ശമുവേൽ 18:6–8). സാങ്കൽപ്പിക വ്യക്തിത്വം സാങ്കൽപ്പികം മാത്രമായതുകൊണ്ട് രാത്രി കണ്ട സ്വപ്നം രാവിലെ ഉണർന്നപ്പോൾ മറന്നു പോയതുപോലെ തീർന്നു പോകാവുന്നതേയുള്ളൂ.

യഥാർത്ഥവ്യക്തിത്വത്തെ കാണാത്തതു കൊണ്ടോ കാണാൻ ഇഷ്ടമില്ലാത്തതു കൊണ്ടോ മിഥ്യാ ലോകത്തായിരിക്കും നാമെപ്പോഴും. സത്യം (യാഥാർത്ഥ്യം) തെളിയിക്കപ്പെടാതിരിക്കാൻ ജീവിതത്തിൽ പലകളികളും കളിക്കേണ്ടി വരും. തന്റെ യഥാർത്ഥ വ്യക്തിത്വത്തെ മറച്ചു വെച്ചിരിക്കുന്ന മുഖംമൂടി പറിച്ചു കളയുവാൻ പ്രത്യക്ഷമായോ പരോക്ഷമായോ ആരു ശ്രമിച്ചാലും അവരെല്ലാം ശത്രുക്കളാണ്. അതുകൊണ്ടാണ് പരീശന്മാർക്ക് യേശുവും ഹെരോദാവിന് യോഹന്നാൻസ്നാപകനും ശത്രുവായത്. എന്നാൽ താഴ്മയുള്ള ദാവീദിന് സാങ്കൽപ്പിക വ്യക്തിത്വം ഇല്ലാതിരുന്നതു കൊണ്ട് നാഥാൻ പ്രവാചകൻ ശത്രുവല്ല. സാങ്കൽപ്പിക വ്യക്തിത്വം പ്രവചന ശബ്ദത്തിനു മുമ്പിൽ, ന്യായീകരണത്തിന്റെ വാക്കുകൾ കൊണ്ട് തന്റെ സാങ്കൽപ്പിക വ്യക്തിത്വം കൈവിട്ടു പോകാതെ കാക്കുവാൻ ശ്രമിക്കുമ്പോൾ, യാഥാർത്ഥ വ്യക്തിത്വം തനിക്കൊന്നും താങ്ങിപ്പിടിക്കുവാനില്ലാത്തതു കൊണ്ട് കൈകൾ രണ്ടും സ്വാതന്ത്ര്യത്തോടെ ഉയർത്തി അനുതപിക്കാൻ തയ്യാറാകും.

### സാങ്കൽപ്പികവ്യക്തിത്വവും കാപട്യവും

സാങ്കൽപ്പികവ്യക്തിത്വത്തിന് ഒളിച്ചുകളിയും കാപട്യവും കൂടപ്പിറപ്പാണ്; യാഥാർത്ഥ്യങ്ങളെ ഭയവും. 'സാംസ്ക്കാരിക'തയെന്ന് ഓമനപ്പേരിട്ടു വിളിക്കുന്നതിന്റെ സംഭാവനയാണ് പലപ്പോഴും കാപട്യം. സംസ്ക്കാരശൂന്യനെന്ന് നാം കരുതുന്ന ഒരു വ്യക്തി തന്റെ കോപം ഒരു ലജ്ജയും കൂടാതെ പ്രകടമാക്കുമ്പോൾ, സംസ്ക്കാര സമ്പന്നരായ നാം കോപത്തെ നെഞ്ചിലൊതുക്കി, ഉള്ളുകൊണ്ട് പല്ലിറുമ്മി, മനസ്സിലിട്ട് കത്തിച്ച് ആ തീ കെട്ടു പോകാതെ സൂക്ഷിക്കുന്നു. സംസ്ക്കാരശൂന്യൻ ചീത്തവിളിച്ചിട്ട് സുഖമായി ഉറങ്ങുമ്പോൾ നാം പ്രഷറിന്റെയും ഉറക്കത്തിന്റെയും ഗുളികകൾ തേടി മെഡിക്കൽഷോപ്പിലേക്ക് ഓടുന്നു.

ക്രിസ്തീയജീവിതം ആരംഭിച്ചപ്പോൾ കാപട്യത്തിന്റെ ക്ലാവുകളൊന്നും ഉണ്ടായിരുന്നില്ല; യാതൊരുവിധ പ്രകടനങ്ങളും. പതുക്കെപ്പതുക്കെ നീട്ടിയും കുറുക്കിയും അർത്ഥം വെച്ചും സ്ത്രോത്രം പറയുവാൻ പഠിച്ചു. മറ്റെന്തെങ്കിലുമൊക്കെ ചിന്തിച്ചു കൊണ്ടോ, തമ്മിൽ തമ്മിൽ ആശയവിനിമയം നടത്തിക്കൊണ്ടോ 'അടിയനിതാ ദേവാ അടിയനിതാ'യെന്ന് പാടുവാൻ പഠിച്ചു. പ്രസംഗം ശ്രദ്ധിക്കുന്നില്ലെങ്കിലും ശ്രദ്ധിക്കുന്നുവെന്ന ഭാവേന തലയാട്ടിക്കൊണ്ടിരിക്കുവാൻ പ്രാവീണ്യം നേടി. പ്രാർത്ഥിക്കുന്നതിനിടയിൽ ഉറങ്ങിപ്പോയപ്പോൾ ആരോ മുറിയിലേക്ക് കയറിവരുന്ന ഒച്ച കേട്ട് ഞെട്ടിയുണർന്ന് ഇതുവരെയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നതുപോലെ പ്രാർത്ഥന തുടരുന്നതിലും മിടുക്കു കാട്ടി. ഇതെല്ലാം പഠിച്ചേ പറ്റൂ. 'ആത്മീയർ'ക്കിടയിൽ പാപികളില്ലല്ലോ!



സാങ്കൽപ്പികവ്യക്തിത്വത്തിൽ കുറെയധികം യാത്രചെയ്തു കഴിയുമ്പോൾ കൃത്രിമ ലോകമേത് യാഥാർത്ഥ്യ ലോകമേതെന്ന് തിരിച്ചറിയാൻ കഴിയാത്ത ഭീകരമായ ഒരവസ്ഥയിൽ എത്തിച്ചേരും. നാം അഭിനയിക്കുകയാണെന്ന് ഒരിക്കലും മനസ്സിലാക്കുവാൻ കഴിയാത്ത ഒരവസ്ഥ. ഹിമാലയത്തിൽ നൂറ്റാണ്ടുകളായി അടിഞ്ഞമർന്നിരിക്കുന്ന ഐസ് ഉരുകാനാവാത്ത ഒരവസ്ഥയിൽ എത്തിച്ചേരുന്നതിനെക്കുറിച്ച് കേട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു വ്യക്തിയെക്കുറിച്ച് രൂത്ത് കാട്ടർ സ്റ്റേപ്പിൾട്ടൺ (Ruth Carter Stapleton) *'ദ് എക്സ്പീരിയൻസ് ഓഫ് ഇന്നർഹീലിംഗ്'* എന്ന തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. യഥാർത്ഥവ്യക്തിത്വവുമായി ബന്ധം നഷ്ടപ്പെട്ടുപോയ ഒരു പാസ്റ്റർ. അഭിനയ ലോകത്തിലേക്ക് കയറിക്കയറി എല്ലാം പിന്നെയൊരു ഭാവന മാത്രമായിത്തീർന്നു. ദൈവവും അങ്ങനെയാണെന്ന് തോന്നിത്തുടങ്ങി. തന്റെ അപകടം മനസ്സിലാക്കുവാൻ തുടങ്ങിയ അദ്ദേഹം ആറുമാസത്തേക്ക് സഭാശുശ്രൂഷയിൽ നിന്നും ഒഴിഞ്ഞു നിന്നു. ഇപ്പോൾ താനൊരു 'പാസ്റ്റ'റല്ല. ഒരു പച്ചമനുഷ്യൻ. മറ്റുള്ളവരെ കാണുമ്പോൾ ഒരു പ്രത്യേക രീതിയിൽ നീട്ടിയും കുറുക്കിയും സ്വരം ഗംഭീരപ്പെടുത്തിയും തനിക്കിപ്പോൾ ഹല്ലേലുയ്യാ പറയേണ്ടാ. എങ്ങനെ ഒരു ശുശ്രൂഷകൻ പെരുമാറണമെന്ന് വിശ്വാസികൾ തീരുമാനിച്ച് ഉറപ്പിച്ചുവെച്ചിട്ടുണ്ടോ ആ രീതിയിൽ നിർബന്ധത്താൽ പെരുമാറുന്ന സമ്പ്രദായം അദ്ദേഹം വലിച്ചെറിഞ്ഞു (തീർച്ചയായും തന്നിൽ നിന്നും ഒരു നെടുനിശ്വാസം ഉയർന്നു കാണും. ഒരു വലിയ ചുമട് തലയിൽ നിന്നും ഇറക്കിയതുപോലെ). ചായക്കടയിലേക്കു പോയി അവിടെ വർത്തമാനം പറഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിലിരുന്ന് അവരുടെ വർത്തമാനം കേട്ട് പൊട്ടിച്ചിരിച്ചു. വളച്ചുകെട്ടില്ലാത്ത, 'ഭക്തിസാന്ദ്രമായ' വാക്കുകളില്ലാത്ത സംഭാഷണങ്ങൾ ശ്രദ്ധിച്ചു. ആരെങ്കിലും തന്നെ ശ്രദ്ധിക്കുന്നുണ്ടോയെന്ന് അദ്ദേഹം ഇടംകണ്ണിട്ട് നോക്കിയില്ല. ഒരു പരിപ്പുവടയും ചായയും കഴിച്ച് നേരെ മീൻ പിടിക്കുവാൻ പോയി. കാലുകൾ വെള്ളത്തിലിട്ട് തട്ടിക്കളിച്ചു. ഇതൊന്നും നഷ്ടപ്പെട്ടുപോയ തന്റെ വ്യക്തിത്വത്തെ തന്നിലേക്ക് മടക്കികൊണ്ടു വന്നില്ലെങ്കിലും അഭിനയിക്കാത്ത ചിലരുമായി ഇടകലരാനും ജീവിതത്തിൽ തനിമയോടെ പെരുമാറാനും ഇടയാക്കി. അഭിനയത്തിന്റെ ലോകത്തിൽ നിന്നും യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിലേക്ക് കടന്നുവന്നപ്പോൾ പതുക്കെ പതുക്കെ തന്റെ 'താനു'മായി കണ്ടുമുട്ടാൻ തുടങ്ങി. അങ്ങനെ രൂപപ്പെട്ട വൈകാരികമായ ഒരു അന്തരീക്ഷത്തിൽ ദൈവത്തെ തൊടുവാൻ തുടങ്ങി. തോന്നലായിട്ടല്ല, അനുഭവിക്കുവാൻ തുടങ്ങി."

ഈ മായാപ്രപഞ്ചം നമുക്ക് ഇന്ന് പരിചിതമല്ലാത്ത ഒന്നല്ല എന്നത് നേര്. ചിലർക്ക് 'ആത്മീയഭാഷയും' 'ലൗകീക' ഭാഷയും മാറ്റിമാറ്റിപ്പറ

യുവാൻ അറിയാമെന്നിരിക്കെ മറ്റുചിലർക്ക് എവിടെയും 'ആത്മീയഭാഷ' മാത്രമേയുള്ളൂ. 'പാറമേൽ അടിസ്ഥാനമിടുന്നവർ' എന്ന പുസ്തകത്തിൽ സാജു അതെക്കുറിച്ച് പറയുന്നതിങ്ങനെയാണ്: "1974-ൽ ഞാൻ രക്ഷയിലേക്ക് വന്നുകൊണ്ടിരിക്കുന്ന കാലം. എന്നുവെച്ചാൽ ഞാൻ ക്രിസ്തുവിനാൽ ആകൃഷ്ടനായി എന്നാൽ രക്ഷയെപ്പറ്റി ഉള്ളറിവൊന്നുമില്ലാതിരുന്ന സമയം. ഒരു...യോഗത്തിൽ വെച്ച് അതിന്റെ നടത്തിപ്പുകാരോടു ഞാൻ ചോദിച്ചു "എന്തുകൊണ്ടാണ് നിങ്ങൾ ഇത്ര സന്തോഷമുള്ളവരായിരിക്കുന്നത്?" അവർ എന്തെക്കെയോ പറഞ്ഞു. എന്നാൽ ആത്മീകഭാഷ മനസ്സിലാക്കാതിരുന്ന ഞാൻ അന്തംവിട്ടു നിന്നതേയുള്ളൂ."

**സാങ്കൽപ്പികവ്യക്തിത്വ ശിൽപ്പികൾ**

സാങ്കൽപ്പികവ്യക്തിത്വം നമ്മിൽ നാം പണിയുമ്പോൾ നമ്മെപ്പോലെ മറ്റുള്ളവർക്കും അതിലൊരു പങ്കുണ്ട്. ഈ രണ്ടു പങ്കിന്റെയും സ്വാധീനത്തിനുമുണ്ട് വ്യത്യാസം.

സ്വപ്നലോകത്തെ വിനോദയാത്രയിലൂടെ 'നാം രൂപപ്പെടുത്തിയ' വ്യക്തിത്വത്തിന് പരിധികളില്ല. അതിനർത്ഥം ഭാവനയിൽ നമുക്ക് എന്തും ആകാം. ഏത് കിട്ടാക്കനിയും സ്വന്തമാക്കാം. ലോകൈക സുന്ദരനോ സുന്ദരിയോ ആകാൻ മെനക്കെടേണ്ടതു വല്ലതുമുണ്ടോ? അങ്ങനെയാണെന്ന് വെറുതെ ഒന്നു സങ്കൽപ്പിച്ചാൽ മാത്രം പോരേ! എന്നാൽ 'മറ്റുള്ളവരുടെ പങ്കിലൂടെ' നാം സൃഷ്ടിച്ചെടുക്കുന്ന സാങ്കൽപ്പിക വ്യക്തിത്വത്തിന് ദൃഢത (Strength) കൂടുതലായിരിക്കും. അതായത് നാം നമ്മെ ആരെന്ന് കരുതുന്നവോ അതിലും ഉറപ്പായി നാം വിശ്വസിക്കുന്നത് മറ്റുള്ളവർ നമ്മെക്കുറിച്ച് നാം ആരാണെന്ന് പറയുന്നതാണ്. ഞാൻ നല്ലൊരു പാട്ടുകാരനാണെന്ന് എനിക്ക് തോന്നുന്നതിലും കേമമായിരിക്കും മറ്റൊരാൾ എന്റെ പാട്ട് നന്നായിരുന്നുവെന്ന് പറഞ്ഞാൽ. മറ്റുള്ളവരുടെ സംഭാവനയിലൂടെ പണിത സ്വപ്നലോകം ഉടയ്ക്കുവാനാണ് ദൈവത്തിന് ഏറെ പണിപ്പെടേണ്ടതും.

'മോഹിക്കരുത്' എന്ന ദൈവീകതാക്കീത് ഈ പശ്ചാത്തലത്തിൽ വേണം നാം മനസ്സിലാക്കുവാൻ. 'ആധുനിക ദൈവശാസ്ത്ര'ത്തിന് 'മോഹ'മെന്ന വാക്ക് വളരെ മോഹിപ്പിക്കുന്നതാണ്. വിശ്വാസത്തെ അവർ പലപ്പോഴും വ്യാഖ്യാനിക്കുന്നതും ഈ മോഹത്തോടുള്ള ബന്ധത്തിലാണ്. എന്നാൽ ഈ മോഹത്തിന്റെ വിഷം ഗുരുതരമായ വിപത്തുക്കളാണ് ഉണ്ടാക്കുന്നത്. അതുകൊണ്ടു തന്നെ ബൈബിൾ അതിനെതിരെ ഉപയോഗിക്കുന്നത് മയമുള്ള ഒരു ഭാഷയല്ല. "*മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം പൂർണ്ണ വളർച്ചയെത്തുമ്പോൾ മരണത്തെ ഉളവാക്കുന്നു*" (യാക്കോബ് 1:15 NIBV).



പൗലൊസിന്റേത് സാങ്കൽപ്പികവ്യക്തിത്വമല്ലായിരുന്നു. കാരണം, തന്റെ വ്യക്തിത്വത്തെ കാണുവാൻ മറ്റുള്ളവരുടെ വാക്കുകളോ തന്റെ തന്നെ ഭാവനയോ അല്ല പൗലൊസ് ഉപയോഗിച്ചത്. അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവനും, ഇരുവായ്ത്തലയുള്ള ഏതുവാളിനേക്കാളും മൂർച്ചയുള്ളതും പ്രാണനും ആത്മാവും ഒന്നിക്കുന്ന സ്ഥലം വരെയും ആഴ്ന്നിറങ്ങുന്നതുമായ വചനമാകുന്ന വാളുള്ളവനുമായ കർത്താവ് തന്നെക്കുറിച്ച് പറയുന്ന അഭിപ്രായമാണ് പൗലൊസ് കണക്കിലെടുത്തത്. "*നിങ്ങളോ മാനുഷികമായ ഏതെങ്കിലും കോടതിയോ എന്നെ വിധിച്ചാൽ അത് എനിക്കൊരു ലഘുകാര്യമാണ്. വാസ്തവത്തിൽ ഞാൻ തന്നെയും എന്നെ വിധിക്കുന്നില്ല. എനിക്ക് യാതൊന്നിനെപ്പറ്റിയും കുറ്റബോധമില്ല, എന്നാൽ അതുകൊണ്ട് ഞാൻ കുറ്റമില്ലാത്തവൻ എന്നു വരുന്നില്ല. എന്നെ വിധിക്കുന്നത് കർത്താവാണ്*" (1 കൊരിന്ത്യർ4:3-4 NIBV).

മറ്റുള്ളവർ നമ്മുടെ കഴുത്തിലണിയിക്കുന്നതോ നാം സ്വയം അണിയുന്നതോ ആയ സ്ഥാനപ്പെരുമയുടെ നെറ്റിപ്പട്ടങ്ങളായ 'നാമങ്ങൾ' നമ്മെ കുരുക്കുവാനായി സാത്താനെറിഞ്ഞ കുരുക്കുകയറുകളും കൂടിയാണെന്ന് നാം അറിയാതെ പോകരുത്. യേശുവിന്റെ പ്രബോധനങ്ങൾ നമുക്ക് കേവലം പ്രസംഗിക്കുവാൻ മാത്രമല്ല അഗ്നിശുദ്ധി വരുത്തുവാൻ കൂടി ഉള്ളതാണ്: "*വഴിയിൽ വെച്ച് മറ്റുള്ളവരുടെ ആദരപൂർവ്വമായ പെരുമാറ്റവും റബ്ബീ എന്നും, ഗുരോ എന്നുമുള്ള സംബോധനയും അവർക്ക് എത്ര സന്തോഷകരം*" (മത്തായി 23:7 പുതിയ ലളിതഭാഷ). നമ്മെക്കുറിച്ച് മറ്റുള്ളവർ പറയുന്നതെന്താണെന്ന് കേൾക്കുവാനുള്ള ത്വര ഇവിടെയാണ്. ഭക്ഷണമേശയിൽ അതിഥിക്ക് ഭക്ഷണം വിളമ്പുമ്പോഴും വീട്ടമ്മയുടെ മനസ്സിൽ ഭക്ഷണത്തെക്കുറിച്ചുള്ള 'നല്ല' അഭിപ്രായം കേൾക്കുവാനുള്ള തിടുക്കമാണ്.

**കൊടുക്കൽ വാങ്ങൽക്കളി**

പലപ്പോഴും മറ്റുള്ളവരെക്കുറിച്ച് നാം നല്ലൊരു അഭിപ്രായം പറയുന്നത് ഇങ്ങോട്ടും മടക്കി കിട്ടുവാൻ വേണ്ടിയാണ്. ഇതൊരു പരസ്പര സഹായത്തിന്റെ കളിയാണ്. 'എന്റെ മുതുക് ചൊറിഞ്ഞാൽ ഞാൻ നിന്റെയും മുതുക് ചൊറിയാം. എന്റെ മൂക്കിനിടിച്ചാൽ ഞാനുമിടിക്കും'. എല്യാനോർ ഷാഫീ (Eleanor Chaffee) പറഞ്ഞത് "Tact is the ability to describe others as they see themselves'.

നമ്മുടെ പുറംപൂച്ച് പൊളിച്ച് നമ്മെ ശുദ്ധീകരിക്കുവാൻ ദൈവം ഉപയോഗിക്കുന്നത് മുതുക് ചൊറിഞ്ഞു തരുന്നവരെയല്ല മുഖം മാന്തിപ്പറിക്കുന്നവരെയാണ്. എന്നാൽ അങ്ങനെയുള്ളവരെ നാം വെറുക്കുന്നു.

ആഹാബ് മിഖായാവിനെ വെറുക്കാനുള്ള കാരണവും അതു തന്നെയായിരുന്നു. "... *അവൻ എന്നെക്കുറിച്ച് ഗുണമല്ല ദോഷം തന്നെ പ്രവചിക്കുന്നതുകൊണ്ട് എനിക്കവനോട് ഇഷ്ടമല്ല...*" (1 രാജാക്കന്മാർ 22:8). ചക്കരവാക്കും മുഖസ്തുതിയും നമ്മെ ആനയിക്കുന്നത് മരണത്തിലേക്കാണ്. സ്തുതിപാഠകന്മാരായ ആഹാബിന്റെ നാന്നൂറു പ്രവാചകന്മാരും ആരാമിനെതിരെ യുദ്ധത്തിനു പോകുവാനുള്ള പച്ചക്കൊടി കാട്ടി. മിഖായാവ് സ്തുതി പാഠകനല്ല. പ്രവാചകനാണ്. മുഖം നോക്കാതെ ദൈവത്തിന്റെ അരുളപ്പാടറിയിക്കുന്നവൻ. മിഖായാവിനെ വിളിക്കുവാൻചെന്ന രാജഭൃത്യനുപോലുമറിയാം മിഖായാവിന്റെ സ്വഭാവം. അതുകൊണ്ട് മിഖായാവിന് അയാൾ ബുദ്ധിയുപദേശം നൽകുന്നു: "*നോക്കൂ, പ്രവാചകന്മാരുടെ വാക്കുകൾ ഒരു പോലെ ഒത്തിരിക്കുന്നു; നിന്റെ വാക്കും അവരിൽ ഒരുത്തന്റേതുപോലെ ഇരിക്കേണം: നീയും ഗുണമായി പറയേണമേ എന്നു പറഞ്ഞു*" (1 രാജാക്കന്മാർ 22:13). മിഖായാവിന്റെ കൊടി ചുവപ്പായിരുന്നു. ആ കൊടി തട്ടിമാറ്റി ആഹാബ് യുദ്ധത്തിനു പോയി. ആ യുദ്ധത്തിൽ ആഹാബ് കൊല്ലപ്പെട്ടു എന്നുള്ളത് ദുരന്തചരിത്രം.

**അസൂയ**

സാങ്കൽപ്പികവ്യക്തിത്വത്തിന്റെ സംഭാവനയാണ് അസൂയ. അസൂയ ജനിക്കാൻ തന്നോളം പോന്ന മറ്റൊരാളും കൂടി വേണം. ശൗലിന് ദാവീദിനെ കണ്ടുമുട്ടുന്നതു വരെ അസൂയ ഉണ്ടായിരുന്നില്ല (സത്യത്തിൽ ഉള്ളിൽ അതിന്റെ വിത്ത് പാകിയിട്ടുണ്ടായിരുന്നു. വളരാൻ അനുകൂലമായ സാഹചര്യം ഉണ്ടായിരുന്നില്ല എന്നു മാത്രം).

താരതമ്യമാണ് അസൂയയുടെ ജനനത്തിന് കാരണം. സാങ്കൽപ്പികവ്യക്തിത്വത്തിനു മാത്രമെ താരതമ്യമുള്ളൂ. യഥാർത്ഥവ്യക്തിത്വത്തിൽ ജീവിക്കുന്ന ഒരുവന് തന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള മതിപ്പ് തന്നിലുള്ള മതിപ്പല്ല. തന്നെ ഇങ്ങനെ ആക്കിയ ദൈവത്തിൽ മാത്രമുള്ള മതിപ്പാണ്. കാരണം തന്റെ വ്യക്തിത്വം ദൈവത്തിന്റെ ദാനമാണെന്നുള്ള തികഞ്ഞ തിരിച്ചറിവുണ്ട്: "*നിന്നെ വിശേഷിപ്പിക്കുന്നതു ആർ? ലഭിച്ചതല്ലാതെ നിനക്കു എന്തുള്ളൂ*" (1 കൊരിന്ത്യർ 4:7).

**അരക്ഷിതബോധം (Insecurity feeling)**

അസൂയയുടെ ഇരട്ട പിറന്ന സഹോദരനാണ് അരക്ഷിതബോധം. തന്റെ വ്യക്തിത്വം (സാങ്കൽപ്പികം) തകർക്കുവാൻ വരുന്നവരായിട്ടാണ് എല്ലാവരെയും അയാൾ കാണുന്നത്. മനസ്സിൽ ഉണ്ടാക്കിയെടുത്ത ശത്രുക്കൾ വളരെയധികമായിരിക്കും. തന്റെ മുകളിൽ ആരും കയറാതിരിക്കുവാൻ അയാൾ ഏറെ ജാഗരൂകനായിരിക്കും. ഒന്നുകിൽ അയാൾ എപ്പോഴും



'ശത്രു'വിൽ നിന്നും ഒളിച്ചോടിക്കൊണ്ടിരിക്കും അല്ലെങ്കിൽ ശത്രുവിനെ തന്നിൽ നിന്നും ഓടിച്ചുകൊണ്ടിരിക്കും. രണ്ടായാലും യുദ്ധവും അനന്തര കെടുതികളും അയാളുടെ മനസ്സിൽ തന്നെയാണ്. ലോകത്ത് ഏറ്റവും അധികം ചെലവായിപ്പോകുന്ന രണ്ടു ഗുളികകൾ പ്രഷറിന്റെയും ഉറക്കത്തിന്റെയുമാണത്രേ! തന്നെക്കാൾ ശക്തനോ, 'ഭക്ത'നോ, സുന്ദരനോ, ശുശ്രൂഷയിൽ 'ശോഭിക്കുന്ന'വനോ ഒക്കെ സാങ്കൽപ്പികവ്യക്തിത്വത്തിന്റെ ഭയങ്ങളാണ്.

**താഴ്മയുള്ളവൻ സുരക്ഷിതൻ**

ദാനിയേൽ സാങ്കൽപ്പികവ്യക്തിത്വത്തിൽ ഒളിച്ചിരിക്കുന്നവനായിരുന്നില്ല. അതുകൊണ്ടുതന്നെ തന്റെ ജീവിതത്തിൽ അസൂയയോ, അരക്ഷിതബോധമോ നാം കാണുന്നില്ല. രാജാവിന്റെ മുമ്പിൽ വലിയൊരു പദവിയും ബഹുമാനവും ലഭിക്കാനിടവന്ന സമയത്ത്, തന്റെ സ്നേഹിതർ അത് തട്ടിയെടുക്കുമോ എന്ന് ഭയപ്പെട്ട് അവരെ ഓടിക്കുകയല്ല അവരെക്കൂടെ തന്റെ കൂട്ടത്തിൽ ചേർക്കുകയാണ്: "*ഇതാകുന്നു സ്വപ്നം; ഇപ്പോൾ* ***ഞങ്ങൾ*** *സ്വപ്നത്തിന്റെ പൊരുൾ വിവരിക്കാം*" (ദാനിയേൽ 2:36 NIBV).

താഴ്മ നിറഞ്ഞ ഒരു പ്രാകൃതവേഷധാരിയായിരുന്നു യോഹന്നാൻസ്നാപകൻ. തന്നെക്കാൾ പ്രായം കുറഞ്ഞ യേശുവും താനും ഒരേ തട്ടകത്തിൽ ഒരേ കാലയളവിൽ ശുശ്രൂഷിച്ചവരാണ്. യേശുവിനോടുള്ള ബന്ധത്തിൽ യോഹന്നാൻസ്നാപകന്റെ ജീവിതത്തിൽ അസൂയയോ, അരക്ഷിതബോധമോ ഉണ്ടാകുന്നതായി നാം കാണുന്നില്ല. യോഹന്നാൻ സ്നാപകന് താൻ ചിന്തിച്ചുണ്ടാക്കിയതോ മറ്റുള്ളവർ പറഞ്ഞുപറഞ്ഞുണ്ടാക്കി കൊടുത്തതോ ആയ സാങ്കൽപ്പികവ്യക്തിത്വം അല്ല ഉണ്ടായിരുന്നത്. പദവിയില്ലാത്ത, തലക്കുറികളില്ലാത്ത, മുഖമില്ലാത്ത യോഹന്നാൻ സ്നാപകൻ തന്നെക്കുറിച്ച് പറയുന്നത്: "*യെശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ; കർത്താവിന്റെ വഴി നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ* ***ശബ്ദം*** *ഞാൻ ആകുന്നു*" (യോഹന്നാൻ 1:23).

അരക്ഷിതബോധമില്ലാത്തവൻ തന്നിൽ തന്നെ സുരക്ഷിതനായതുകൊണ്ട്, അതായത് തനിക്ക് നഷ്ടപ്പെടുവാൻ ഒന്നുമില്ലാത്തതുകൊണ്ട് മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുവാനാകും. യാതൊരുവിധ ഭയാശങ്കകളുമില്ലാതെ ഒരു കുടിലിൽ രാത്രിയിൽ വാതിൽ തുറന്നിട്ട് ഒരാൾ കിടന്നുറങ്ങുന്നു. കാരണം അവിടെ നിന്നും മോഷ്ടിച്ചുകൊണ്ടുപോകുവാൻ ഒന്നുമില്ല. എന്നാൽ ധനാഢ്യനായ ഒരു മനുഷ്യൻ തന്റെ വീടിന്റെ വാതിലുകൾ അടച്ചിട്ടുണ്ടോയെന്ന് പല പ്രാവശ്യം പരിശോധിച്ച് ഉറങ്ങാൻ കിടക്കുന്നു. പക്ഷേ, ഉറക്കം വരുന്നില്ല.

കള്ളൻ വന്ന് വീട്ടിലെ സാധനങ്ങൾ മോഷ്ടിച്ചുകൊണ്ടുപോകുമോ എന്ന ഭയം. തങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ലാത്തതുകൊണ്ട് മറ്റുള്ളവരുടെ ഉന്നമനത്തിന് ആവോളം സഹായിക്കുവാൻ കഴിയുന്നവരെക്കുറിച്ച് *ഡിട്രിച്ച് ബോൺ ഹോഫർ* പറയുന്നത്: "സ്വന്തം ആവശ്യങ്ങളും ജീവിതഭാരങ്ങളും ആവശ്യംപോലെ ഉള്ളപ്പോൾത്തന്നെ അതൊന്നും പോരാ എന്നതുപോലെയാണ് അവർ മറ്റുള്ളവരുടെ ഭാരവും മറ്റുള്ളവർ ഏൽക്കേണ്ട തുപ്പലും സ്വന്തമായി ഏറ്റെടുക്കുന്നത്."[9]

അസ്സീസിയിലെ ഫ്രാൻസിസിന്റെ ജീവിതകഥയിൽ ശ്രേഷ്ഠമായ ഒരനുഭവം ഇങ്ങനെയാണ്: "തന്റെ സമൂഹത്തിലുള്ള പ്രായം ചെന്ന ഒരു സഹോദരന് ഉപവാസം വളരെ പ്രയാസമായിത്തീർന്നു. ഉപവസിക്കത്തക്ക ആരോഗ്യം അയാൾക്കില്ലായിരുന്നു. ഫ്രാൻസിസിനു കുണ്ഠിതം തോന്നി. ഒരു ദിവസം അതിരാവിലെ അയാളെ ഉണർത്തി ഫ്രാൻസിസ് പുറത്തേക്കു നടന്നു." തന്റെയും ഉപവാസം ലംഘിച്ച് മുന്തിരിത്തോട്ടത്തിൽ നിന്നും ചില മുന്തിരിക്കുലകൾ അറുത്തെടുത്ത് രണ്ടു പേരും തിന്നു. ഉപവാസ ദിവസങ്ങളായതുകൊണ്ട് അയാളെ മാത്രം തിന്നാനനുവദിച്ചാൽ ഏതെങ്കിലും വിധത്തിൽ അയാൾക്കൊരു മാനസികക്ഷീണം തോന്നാതിരിക്കുവാൻ വേണ്ടിയാണ് ഫ്രാൻസിസും ആ ത്യാഗത്തിനൊരുമ്പെട്ടത്.[10]



*പിന്നെ അവർ: "വരുവിൻ, നാം ഭൂതലത്തിലെല്ലാം ചിതറിപ്പോവാതിരിക്കുവാൻ നമുക്ക് ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിയാം; നമുക്ക് ഒരു പേരുമുണ്ടാക്കാം" എന്നു പറഞ്ഞു.*

**(ഉൽപത്തി 11:4 NIBV)**

## C. പ്രസിദ്ധി

താഴ്മയുടെ അസ്ഥിവാരത്തിന് ഇളക്കം തട്ടുമ്പോൾ ഉയിർക്കൊള്ളുന്ന ഒരു ഭീകരതയാണ് 'പ്രസിദ്ധിക്കു വേണ്ടിയുള്ള മോഹവും അതിന്റെ അനന്തര നടപടികളും'. പ്രസിദ്ധനാകുവാനുള്ള മോഹവും അത് നിവർത്തിച്ചെടുക്കുവാനുള്ള എല്ലാവിധ ഗോഷ്ടികളും ക്രൈസ്തവ സമൂഹത്തിന്റെ മുഖചരായയായി മാറിക്കൊണ്ടിരിക്കുന്നു എന്നത് യേശുവിനെ ഒന്നല്ല ഒരായിരം വട്ടം വീണ്ടും ക്രൂശിക്കുന്നതിന് സമമാണ്.

പ്രസിദ്ധനാകുവാൻ 'ശ്രമിക്കുക' എന്നാൽ മറ്റുള്ളവരുടെ കണ്ണ് നമ്മിലേക്ക് കൊണ്ടുവരികയെന്നർത്ഥം. 'Centre of attraction' എന്ന കാലികമായ പ്രയോഗം ഇവിടെ നന്നായി ഇണങ്ങും. 'സാത്താന്റെ ആത്മാവും' കൃത്യം അതു തന്നെയാണ്– Centre of attraction. ദൈവത്തിനും മുകളിൽ സിംഹാസനമിട്ട് ഒന്നു വാഴുവാൻ നടത്തിയ ശ്രമം പാളി കൈപൊള്ളിയിട്ടും തരിമ്പും താൻ നിരാശനായിട്ടില്ല. അധർമ്മ മൂർത്തിയെക്കുറിച്ച് ബൈബിൾ നൽകുന്ന പ്രവചനം: "*അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ*" (2 തെസ്സലൊനികൃർ 2:4).

അധർമ്മമൂർത്തി ഇതുവരെയും പ്രത്യക്ഷനായിട്ടില്ലെങ്കിലും അധർമ്മ മൂർത്തിയുടെ 'തന്നെത്താൻ ഉയർത്തുന്ന' ആത്മാവ് വ്യാപകമായി പ്രവർത്തിക്കുന്നുണ്ട്: *"ഈ അധർമ്മമൂർത്തി വരുമ്പോൾ ചെയ്യാനിരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോഴേ നടക്കുന്നുണ്ട്"* (2 തെസ്സലൊനിക്യർ 2:7 പുതിയ ലളിതഭാഷ). അന്തിക്രിസ്തുവിന്റെ പ്രതിരൂപമായി ദാനിയേലിൽ പറയുന്ന 'ചെറിയ കൊമ്പിന്' വമ്പു പറയുന്ന ഒരു വായും ഉണ്ടായിരുന്നു (ദാനിയേൽ 7:8).

നിഗളത്തിന് പുതിയനിയമ ഭാഷയായ ഗ്രീക്കിൽ ഹുപ്പർഫാനോസ് (Huperephanos) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വാക്കിന്റെ അർത്ഥം മറ്റുള്ളവരെക്കാൾ മുകളിലാണെന്ന് കാണിക്കുക എന്നും. മറ്റുള്ളവരെക്കാൾ ഉയരാൻ ശ്രമിക്കുമ്പോൾ പരോക്ഷമായി സംഭവിക്കുന്ന ഒരു തിന്മയാണ് മറ്റുള്ളവരെ താഴ്ത്തുക എന്നത്. ഒരേ ഉയരത്തിലുള്ള ചില വസ്തുക്കളിൽ ഒന്ന് ഉയർത്തിയാൽ സ്വാഭാവികമായും മറ്റുള്ളവ താഴെയാകും. മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണണമെന്നുള്ള ദൈവീകകൽപ്പന ലംഘിക്കുവാനുള്ള ഒരു വാതിൽ അതിലൂടെ തുറന്നു കിട്ടുന്നു!

എന്നാൽ ദൈവം ഒരു വ്യക്തിയെ ഉയർത്തുമ്പോൾ* മറ്റുള്ളവർക്കും കയറിവരുവാനുള്ള ഉയരം കൂടിയ ഒരു ഏണി മാത്രമായിരിക്കും അയാൾ. കാരണം, താഴ്മയുള്ളവരെയാണ് ദൈവം ഉയർത്തുന്നത്. താഴ്മയുള്ളവൻ തന്റെ വെളിച്ചം തന്നെ ശോഭിപ്പിക്കുവാനല്ല ഉപയോഗിക്കുന്നത്, ദൈവത്തേയും സഹജീവികളെയുമാണ്.

**യേശുവും പ്രസിദ്ധിയും**

യേശു പ്രസിദ്ധി ആഗ്രഹിച്ചില്ല. 'പിതാവിനെ പ്രസിദ്ധനാക്കുക' എന്ന നിയോഗവുമായി ഈ ഭൂമിയിലേക്ക് കടന്നുവന്ന ദൈവപുത്രന് തന്റെ പ്രസിദ്ധി, തന്റെ നിയോഗത്തിന് ഒരു മാർഗ്ഗതടസ്സമാണെന്ന് അറിയാമായിരുന്നു. പ്രസിദ്ധി തനിക്കു കൈവരാനുള്ള എല്ലാ പഴുതുകളും യേശു ശ്രദ്ധാപൂർവ്വം അടച്ചുകൊണ്ടിരുന്നു. *"അവർ വന്നു തന്നെ പിടിച്ചു രാജാ*

---

** 'ദൈവം ഉയർത്തുക' എന്നത് പരിമിതമായ, ലൗകിക ദർശനത്തിലാണ് നാം പലപ്പോഴും കാണുന്നത്. നാം ഏതിനെയാണോ വലുതായി കാണുന്നത് അത് ലഭിക്കുമ്പോഴാണ് ഉയർന്നതായി തോന്നുന്നത്. ദൈവീക ഉയർത്തൽ ദൈവീക കാഴ്ചപ്പാടിൽ നിന്ന് കാണുവാനും അളക്കുവാനും ദൈവീകദർശനമുള്ളവനേ കഴിയൂ. അതിൽ ലൗകിക തലങ്ങളും ഉൾപ്പെടാം. എന്നാൽ കാതൽ അതല്ല.*



*വാക്കുവാൻ ഭാവിക്കുന്നു എന്ന് യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്ക് വാങ്ങിപ്പോയി"*(യോഹന്നാൻ 6:15). മലയിലേക്ക് യേശു വാങ്ങിപ്പോകുന്നത് പൊതുവെ പ്രാർത്ഥനയ്ക്കായിട്ടാണ്. *"അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി..." (മത്തായി 14:23).* തന്നെ രാജാവാക്കുവാനുള്ള ജനങ്ങളുടെ ശ്രമത്തെ തള്ളിക്കളഞ്ഞിട്ട് യേശു പ്രാർത്ഥിക്കുവാൻ മലയിലേക്ക് പിൻവാങ്ങിയതെന്തിനാണ്? ഉത്തരം തീർത്തും നമുക്കറിയില്ലെങ്കിലും ഒന്നറിയാം, പ്രസിദ്ധനാകുവാനുള്ള അന്തർദാഹം ഉള്ളിൽ ഒരു കൊടുങ്കാറ്റാണ്. ആ കൊടുങ്കാറ്റിനെ തളയ്ക്കുവാൻ ചെറുമരങ്ങൾക്കാവുകയില്ല. അതിനാവശ്യം നെടുങ്കേമൻ പർവ്വതങ്ങളാണ്. '*ഉപവാസത്താലും, പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല*'.

'രോഗശാന്തി ശുശ്രൂഷ'യുടെ അനന്തര നടപടികളായി യേശു ചെയ്യുന്നത് തന്നെക്കുറിച്ചുള്ള ശ്രേഷ്ഠമായ പ്രസ്താവനകളോ മറ്റെന്തെങ്കിലും 'കലാപരിപാടി'കളോ അല്ല. മറിച്ച് ഒരു ഉപദേശമായിരുന്നു: *''നോക്കൂ ആരോടും പറയരുത്"* (മത്തായി 8:4). മത്തായി സുവിശേഷകൻ യേശുവിന്റെ ഈ പ്രവൃത്തി കോർത്തിണക്കുന്നത് യെശയ്യാവിന്റെ പ്രവചനവുമായിട്ടാണ്: *"ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ ... ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കുകയുമില്ല"* (മത്തായി 12:18).

വർഷങ്ങൾക്കു മുമ്പ്, 'എങ്ങനെ എനിക്ക് പേരുണ്ടാ'ക്കാമെന്ന് എന്നോടൊരാൾ പറഞ്ഞു തന്നത് ഇന്നും ഞാൻ ഓർക്കുന്നു. മനുഷ്യനന്മയിൽ ഒരു പുഴുക്കുത്തായി മാറിയ ഏദെൻ തോട്ടത്തിലെ പാമ്പിന്റെ ഉപദേശം പോലെയാണ് ഞാൻ ആ ഉപദേശത്തെ കണ്ടത്. 'കൺവെൻഷനുകളിലെ പ്രസംഗകനായി' എങ്ങനെ മാറാം എന്നാണ് അയാൾ എനിക്ക് പറഞ്ഞു തന്നത്. അതിനു വേണ്ടിയുള്ള പ്രാരംഭ പരിപാടികൾ പരസ്യയോഗത്തിലെ പ്രസംഗത്തിൽ നിന്നും തുടങ്ങണമത്രേ. കൺവെൻഷനുകളിൽ പ്രസംഗിക്കുന്നതിന്റെ 'പ്രത്യേക മഹത്വം' എനിക്ക് അന്നും ഇന്നും വെളിപ്പെട്ടു കിട്ടാതിരുന്നതു കൊണ്ട് ആ ഉപദേശം ചിതലരിച്ചു പോയി. എന്നെ രക്ഷിച്ച ദയാലുവായ ദൈവത്തിന് സ്തുതി.

യേശുവിന് ആകർഷിക്കത്തക്കതായ ഒന്നുമുണ്ടായിരുന്നില്ല എന്നു മാത്രമല്ല താൻ അത് ഉണ്ടാക്കിയുമില്ല: *"ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു? അവൻ (യേശു) ഇളയ തൈപോലെയും വരണ്ട നിലത്തുനിന്നു വേർ മുളെക്കുന്നതു പോലെയും അവന്റെ മുമ്പാകെ വളരും; അവനു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൌന്ദര്യവുമില്ല.*

*അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും...ഇരുന്നു...നാം അവനെ ആദരിച്ചതുമില്ല"*(യെശയ്യാവു 53:1–3).

**മിനിസ്ട്രിയും പ്രസിദ്ധിയും**

യേശുവിന്റെ സഹോദരന്മാർക്ക് 'മിനിസ്ട്രി' സ്വയത്തെ ഉയർത്തുവാനുള്ള ഒരു ഉപാധിയാണ്. *"നിന്റെ അത്ഭുതങ്ങൾ അധികം പേർക്കു കാണുവാൻ കഴിയുന്നിടത്തേക്കു പോകൂ... ഇങ്ങനെ ഒളിച്ചു കഴിഞ്ഞാൽ നിനക്കു പ്രസിദ്ധനാകുവാൻ സാധ്യമല്ല..."* (യോഹന്നാൻ 7:3–4). അവരുടെ ആത്മീയ നേതൃത്വമായ ശാസ്ത്രിമാരിൽ നിന്നും പരീശന്മാരിൽ നിന്നും പഠിച്ച പാഠമാകാം അത്. *"അവർ (പരീശന്മാർ) തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്"* (മത്തായി 23:5).

എന്നാൽ യേശുവിന്, പിതാവിനെ ഉയർത്തുവാനും പ്രസിദ്ധമാക്കുവാനുമുള്ളതാണ് 'മിനിസ്ട്രി'. തന്റെ വാക്കുകൾ തന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നതാണ്: *"സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതികേടു അവനിൽ ഇല്ല"*(യോഹന്നാൻ 7:18).

'തൂണുംചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി' എന്ന് പറഞ്ഞതുപോലെയാണ് നാം. ദൈവത്തിന് പോകേണ്ട മഹത്വമെല്ലാം നാം അൽപ്പംപോലും ശേഷിക്കാതെ നമ്മിലേക്ക് ആവാഹിക്കുകയാണ്, മിനിസ്ട്രിയിലൂടെ. മിനിസ്ട്രിയുടെ വിളംബരത്തിലൂടെ ലോകം നമ്മെ അറിയുന്നു. അതുകൊണ്ട് ലോകം 'നമ്മുടെ' പിന്നാലെയാണ്.

യെരുശലേം സഭയുടെ ആവശ്യത്തിനായി നടത്തിയ ധർമ്മശേഖരത്തെക്കുറിച്ച് പൗലൊസ് സാക്ഷ്യപ്പെടുത്തുന്നത് ആ ശുശ്രൂഷയിലൂടെ കർത്താവിന്റെ മഹത്വമാണ് ഉയരേണ്ടത് എന്നാണ് (2കൊരിന്ത്യർ 8:19). ധർമ്മശേഖരത്തിൽ സംഭാവനകൾ നൽകുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഘടകം രണ്ടുപേർ ഈ കാര്യം അറിയുമല്ലോയെന്നും, സ്വീകർത്താവ് സംഭാവന നൽകുവാനായി നമ്മെ പ്രലോഭിപ്പിക്കുന്നത് സംഭാവന തന്ന കാര്യം രണ്ടു പേരെ താൻ തന്നാലാവുന്ന വിധത്തിൽ അറിയിക്കാം എന്നതുമാണ്. പലപ്പോഴും ഇങ്ങനെയുള്ള പ്രവൃത്തി ഒരു ലാഭക്കച്ചവടമാണ്. ഒരു പരസ്യത്തിന് എത്രയാണ് ചെലവ്! ഇവിടെ തുച്ഛമായ പണം കൊണ്ട് വലിയ പരസ്യം ലഭിക്കുന്നു! ഏതോ സഭാഹാളിന് സംഭാവനയായി നൽകിയ ഒരു ഫാനിന്റെ മൂന്നു ലീഫിലും മൂന്നുപേരുടെ പേരെഴുതി വെച്ചിരിക്കുന്നത് കണ്ടുവെന്ന ആരുടെയോ സാക്ഷ്യപ്പെടുത്തൽ ഞാൻ ഓർക്കുന്നു.



സക്കറിയാസ് റ്റാനീ ഫോമം (Zacharias Tanee Fomum), എന്റെ ജീവിതത്തെ ഉഴുതുമറിക്കുവാൻ ദൈവം ഉപയോഗിച്ച ഒരു പ്രാർത്ഥനാമനുഷ്യൻ. ഞാൻ ഈ പുസ്തകം എഴുതിക്കൊണ്ടിരിക്കുമ്പോൾ അറിഞ്ഞു, ഫോമം ഉടയവന്റെ നാട്ടിലേക്ക് – നിത്യവിശ്രമത്തിലേക്ക് യാത്രയായെന്ന്. തന്നിൽ ഞാൻ കണ്ട താഴ്മയുടെ വെട്ടം എന്റെ ഓർമ്മയിൽ ഇന്നും തിളക്കമാർന്ന ഒരു മുത്തായി ശേഷിക്കുന്നു. ബാംഗ്ലൂരിൽ വെച്ച് ഫോമത്തിന്റെ മീറ്റിംഗ് നടക്കുന്നുവെന്നറിഞ്ഞാണ് ഞാൻ ബാംഗ്ലൂരിൽ എത്തിയത്. പക്ഷേ, ഞാൻ കണ്ട 'യോഗസ്ഥലം' എന്നെ തളർത്തിക്കളഞ്ഞു. ഫോമത്തിന്റെ മീറ്റിംഗുകൾ നടക്കുന്ന ഓഡിറ്റോറിയത്തിലെ കാഴ്ച്ചകളല്ലായിരുന്നു ഞാനവിടെ കണ്ടത്. എല്ലാം തിളക്കമയം. ഫോമത്തിന്റെ യോഗസ്ഥലത്തെ കാര്യങ്ങളെല്ലാം സാധാരണമായിരുന്നു. ആ ദൈവമനുഷ്യന്റെ വായിൽ നിന്നും വരുന്നത് സ്വർഗ്ഗത്തിന്റെ തീയായിരുന്നതുകൊണ്ട് ആ വാക്കുകൾക്ക് ലൈറ്റിന്റേയോ, താളമേളങ്ങളുടെയോ യാതൊരുവിധ പുറംമോടികളുടേയോ സങ്കലനം ആവശ്യമില്ലായിരുന്നു, ജനങ്ങളെ ഉണർത്തുവാൻ. എന്നാൽ ഇവിടമാകെ തകിടംമറിഞ്ഞിരിക്കുന്നു. ബാനറുകൾ, അലങ്കാരങ്ങൾ, സ്റ്റേജിലുള്ള തിരക്കുകൾ. സ്റ്റേജിൽ വലിയൊരു ബാനർ. അതിൽ ഫോമത്തിന്റേയും മറ്റു ചിലരുടെയും പേരുകൾ. എനിക്ക് കോപം തോന്നിയത് യോഗസംഘാടകരോടല്ല, ഫോമത്തിനോടായിരുന്നു. ഇതൊക്കെ കണ്ടിട്ടും ഈ ദൈവമനുഷ്യൻ എന്തുകൊണ്ട് നിശ്ചലനായി നിൽക്കുന്നു. ഒന്നാം ദിവസവും രണ്ടാം ദിവസവും കഴിഞ്ഞു. മൂന്നാം ദിവസം രാവിലെ ക്ലാസ്സ് എടുക്കുകയാണ് ഫോമം. ഓഡിറ്റോറിയം തിങ്ങിനിറഞ്ഞ് ആളുകളുണ്ട്. ക്ലാസ്സിന്റെ വിഷയം യേശു പഠിപ്പിച്ച പ്രാർത്ഥന. അതിൽ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ' എന്ന ഭാഗം പറഞ്ഞിട്ട് ആ ഭക്തൻ പൊട്ടിക്കരഞ്ഞു. രണ്ടു ദിവസമായി തന്റെ നെഞ്ചിൽ കൊണ്ടു നടന്നിരുന്ന വേദന അദ്ദേഹം വാക്കുകളാക്കി പുറത്തേക്കൊഴുക്കി: "ഞാൻ വന്ന അന്നുമുതൽ ഇവിടെ ശ്രദ്ധിക്കുകയായിരുന്നു. എവിടേയും സക്കറിയാസ് റ്റാനീ ഫോമത്തിന്റെ പേര്. യേശു എന്ന പേരു ഞാൻ എങ്ങും തന്നെ കണ്ടില്ല." ഫോമം മുട്ടിലേക്കു വീണു വിതുമ്പി. സദസ്യരിലേക്കും ആ വേദന പടർന്നു പിടിച്ചു. എല്ലാവരും പശ്ചാത്താപത്തോടെ നിലവിളിച്ചു. മീറ്റിംഗിന്റെ ആ ഭാഗം അവസാനിച്ച് ഉച്ചയ്ക്കു ശേഷം അടുത്ത ഭാഗത്തിനായി തിരികെ ഓഡിറ്റോറിയത്തിലെത്തിയപ്പോൾ കണ്ട കാഴ്ച്ച വ്യത്യസ്തമായിരുന്നു. സ്റ്റേജിൽ നിന്നും ആ വലിയ ബാനർ നീങ്ങിപ്പോയി. പകരം മറ്റൊരു ബാനർ. അതിലുണ്ടായിരുന്നത് ഒരു നാമം മാത്രം – **യേശു.** അതല്ലേ ഉണർവ്വ്. അതല്ലേ തനിമ. അതിലേക്കല്ലേ നാം മടക്കയാത്ര നടത്തേണ്ടത്.

തന്റെ ഈ ഭൂമിയിലെ ശുശ്രൂഷയുടെ സമാപനപ്രാർത്ഥനയായി യേശു പ്രാർത്ഥിച്ചത്: *"ഞാൻ ഭൂമിയിൽ നിന്നെ (പിതാവിനെ) മഹത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു"* (യോഹന്നാൻ 17:4).

**അപ്പൊസ്തലന്മാരും പ്രസിദ്ധിയും**

യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്നതുവരെയും ശിഷ്യന്മാരുടെ കണ്ണ് 'കസേര'യിലായിരുന്നു. തങ്ങളിൽ വലിയവനാരെന്ന അന്വേഷണവും, വലിയവനാകുവാൻ രഹസ്യവും പരസ്യവുമായ 'ചെപ്പടികളും' അവരുടെ ഇടയിൽ ഒരു പതിവായിരുന്നു. തങ്ങളുടെ പേരിനോ, മാനത്തിനോ 'ഉയർച്ച!' കിട്ടുന്ന അവസരങ്ങൾ അവർ നന്നായി ഉപയോഗിച്ചു. അത് ദൈവാലയമോ മിനിസ്ട്രിയോ എന്തുമായിക്കൊള്ളട്ടെ. *"യേശു ദേവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവന്നു ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന്നു അവന്റെ അടുക്കൽ വന്നു"* (മത്തായി 24:1). സഭ കൂടുന്ന 'കെട്ടിടം' (ഹാൾ) മനോഹരവും വലതുമാണെങ്കിൽ അത് നമ്മുടെ അഭിമാനത്തിന്റെ സ്തംഭമായി മാറാം. അത് മറ്റുള്ളവരെ കാണിക്കുവാൻ ഒരു പ്രത്യേക താൽപ്പര്യവും ഉണ്ടാകാം. ദൈവാലയ പണി കാണിക്കുവാനുള്ള ശിഷ്യന്മാരുടെ ഉത്സാഹത്തെ യേശു പ്രോത്സാഹിപ്പിക്കുകയല്ല അതിന് സംഭവിക്കുവാൻ പോകുന്ന നാശത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയാണ്; *"അവൻ അവരോടു ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞു പോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു"*(മത്തായി 24:2). യേശുവിന്റെ പ്രതികരണത്തെ ഞാൻ ഇങ്ങനെയാണ് വായിക്കുന്നത്: "ഓ...ഇതിലെന്തിരിക്കുന്നു. ഇതെല്ലാം ഇടിഞ്ഞു വീഴാനുള്ളതല്ലേ!"

മറ്റൊരിക്കൽ ശിഷ്യന്മാർക്ക് രോമാഞ്ചമുണ്ടായത് 'ഭൂതശാന്തി ശുശ്രൂഷ'യിലാണ്. അവരുടെ സന്തോഷമെപ്പോഴും 'തങ്ങൾക്ക്' ലഭിക്കുന്ന മാനങ്ങളിലാണ്. *"ആ എഴുപതുപേർ സന്തോഷത്തോടെ മടങ്ങിവന്നു: കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു"* (ലൂക്കൊസ് 10:17). ഇവിടെയും യേശുവിന്റെ പ്രതികരണം അത്ര സുഖകരമല്ല. കാരണം അവരിപ്പോഴും ഏതിലാണ് സന്തോഷിക്കേണ്ടതെന്നുള്ള തിരിച്ചറിവിൽ എത്തിയിട്ടില്ല. *"എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ"* (ലൂക്കൊസ് 10:20). ശിഷ്യന്മാരുടെ സന്തോഷത്തിന്റെ കേന്ദ്രം കർത്താവോ സ്വർഗ്ഗമോ അല്ല, മറിച്ച് തങ്ങൾ തന്നെയാണ്.



അതിനോടുള്ള ബന്ധത്തിലെ യേശുവിന്റെ വാക്കുകൾ: *"സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നു വീഴുന്നതു ഞാൻ കണ്ടു"* എന്നത് ശിഷ്യന്മാരുടെ സ്വയകേന്ദ്രീകൃത ശുശ്രൂഷയ്ക്കും സന്തോഷത്തിനും നേരെയുള്ള താക്കീതായിരുന്നുവെന്ന് ചില വേദവ്യാഖ്യാനികൾ കരുതുന്നു. 'അഹങ്കാരം കൊണ്ടാണ് സാത്താൻ വീണതെങ്കിൽ 'മിനിസ്ട്രിയിലുള്ള' അതും 'നിങ്ങളുടെ കൈയിലൂടെ നടന്ന മിനിസ്ട്രി' എന്ന അഹങ്കാരത്തിന്റെ മനോഭാവമാണ് നിങ്ങൾക്കുള്ളതെങ്കിൽ സൂക്ഷിച്ചുകൊള്ളുക വീഴ്ച നിങ്ങൾക്കും വന്നു ഭവിക്കാം!'

ക്രിസ്തുവിന്റെ ക്രൂശീകരണവും ഉയിർത്തെഴുന്നേൽപ്പും പരിശുദ്ധാത്മാവിന്റെ ആഗമനവും ശിഷ്യന്മാരുടെ ചിന്താഗതികളെയും ജീവിതത്തെയും ആകമാനം മാറ്റിമറിച്ചു. പ്രസിദ്ധി ഇപ്പോൾ അവരുടെ ലക്ഷ്യമേ അല്ല. ഏതെങ്കിലും വിധത്തിൽ തങ്ങൾ പ്രസിദ്ധരാകുകയോ മഹത്വപ്പെടുകയോ ചെയ്യുന്നുവെന്ന് കണ്ടാൽ അതിനെ ശക്തമായി അവർ എതിർക്കുവാനും തുടങ്ങി. സുന്ദരം എന്നു പേരുള്ള ദൈവാലയ ഗോപുരത്തിലെ മുടന്തന്റെ സൗഖ്യം കണ്ട് *"ജനം എല്ലാം വിസ്മയം പൂണ്ട് ശലോമോന്റേതു എന്നു പേരുള്ള മണ്ഡപത്തിൽ അവരുടെ അടുക്കൽ ഓടിക്കൂടി."* എന്നാൽ ജനങ്ങളുടെ കണ്ണ് തങ്ങളിൽ നിന്ന് മാറ്റുവാൻ പത്രോസ് അവരെ കർശനമായി ശാസിക്കുന്നു: *"യിസ്രായേൽ പുരുഷന്മാരേ... ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടോ ദൈവഭക്തികൊണ്ടോ ഇവന് നടക്കുവാൻ കഴിവു നൽകി എന്ന ഭാവത്തിൽ ഞങ്ങളെ നോക്കുന്നതെന്തിന്?"* (അപ്പൊ.പ്രവൃത്തി 3:12).

പൗലൊസും ബർന്നബാസും ഇതുപോലെയുള്ള മറ്റൊരു സന്ദർഭത്തിൽ ജനങ്ങളുടെ പൂമാലയ്ക്ക് തലകുനിച്ചുകൊടുക്കാതെ വസ്ത്രം വലിച്ചുകീറിക്കൊണ്ട് അലറിവിളിച്ച് ജനങ്ങളുടെ ഇടയിലേക്ക് ഓടിച്ചെന്നു: *"പുരുഷന്മാരേ, നിങ്ങൾ ഈ ചെയ്യുന്നതു എന്തു? ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യർ അത്രേ; നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയേണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു"*(അപ്പൊ.പ്രവൃത്തി 14:8-15).

സ്വന്ത പ്രസിദ്ധിക്കുള്ള എല്ലാ സാധ്യതകളും ശിഷ്യന്മാർ ഒഴിവാക്കിയെന്നു മാത്രമല്ല, മറ്റൊരാൾക്ക് പ്രസിദ്ധി കിട്ടുവാനുള്ള വാതിലുകൾ മലർക്കെ തുറന്നിടുകയും ചെയ്തു. താഴ്മയുള്ളവൻ പ്രസിദ്ധിയിൽ കണ്ണുവെക്കാതിരിക്കുന്നതോടൊപ്പം മറ്റുള്ളവർക്ക് താഴ്ച്ച വരുന്നതൊന്നും അവരെക്കുറിച്ച് പറയുകയുമില്ല. യേശുവിന്റെ കാലത്ത് മാന്യത തീരെയില്ലാത്ത ഒരു വിഭാഗമായിരുന്നു ചുങ്കക്കാർ. അവരിലൊരാളായിരുന്നു മത്തായി.

താൻ സുവിശേഷം എഴുതിയപ്പോൾ താനൊരു ചുങ്കക്കാരനായിരുന്നുവെന്ന് മത്തായി പച്ചയായി രേഖപ്പെടുത്തിയപ്പോൾ മാർക്കോസും ലൂക്കോസും ആ കാര്യം കഴിയുന്നത്ര മറച്ചാണ് പറയുന്നത്. മത്തായി എന്ന പേരിനു പകരം ക്രിസ്ത്യാനികളുടെ ഇടയിൽ അത്ര പ്രസിദ്ധമല്ലാത്ത 'ലേവി' എന്ന പേരാണ് അവർ ഉപയോഗിക്കുന്നത് (മർക്കോസ് 2:14; ലൂക്കോസ് 5:27).

വായനക്കാരുടെ ശ്രദ്ധ തന്നിലേക്ക് ചായാൻ ഇടയുള്ള ഒരു വിഷയത്തെക്കുറിച്ച് പൗലോസിന് പറയേണ്ടി വന്നപ്പോൾ വളരെ മറച്ചും സൂക്ഷിച്ചുമാണ് വാക്കുകളെ ഉപയോഗിക്കുന്നത്. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട മഹത്വമാർന്ന ദർശനത്തെക്കുറിച്ച് പറയുമ്പോൾ കർത്താവിന്റെ പിന്നിൽ തന്നെ ഒളിപ്പിച്ചു നിറുത്തുവാൻ പൗലോസ് എത്ര ശ്രദ്ധയുള്ളവനാണെന്ന് നമുക്ക് അറിയുവാൻ കഴിയുന്നു:

1. പ്രസ്താവന തുടങ്ങുന്നതു തന്നെ, 'പ്രശംസിക്കുന്നതിനാൽ പ്രയോജനമില്ലാ'യെന്ന് പറഞ്ഞുകൊണ്ടാണ് (2 കൊരിന്ത്യർ 12:1).
2. തന്നെ ത്രിതീയ പുരുഷ (Third Person) നായിട്ടാണ് പൗലൊസ് സൂചിപ്പിക്കുന്നത്. "ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു."
3. പതിന്നാലു വർഷങ്ങൾക്കു ശേഷമാണ് ഈ കാര്യത്തെക്കുറിച്ച് പൗലൊസ് എഴുതുന്നത്.

അതുപോലെതന്നെ പൗലൊസിനുണ്ടായിരുന്ന ഒരു ഭയമായിരുന്നു തന്റെ ജ്ഞാനം (ഗമാലിയേൽ ബൈബിൾ കോളേജിൽ നിന്ന് ലഭിച്ചതും തന്റേതായ ലോകജ്ഞാനവും) പ്രസംഗമദ്ധ്യത്തിലോ സംസാരത്തിനിടയിലോ പുറത്തേക്ക് വരുമോയെന്ന് (1 കൊരിന്ത്യർ 2:1-5). അങ്ങനെ വന്നാൽ പൗലൊസിന് പ്രശംസ ലഭിക്കാൻ അത് കാരണമാകും. പൗലൊസ് അതിനെ കാണുന്നത് 'ജ്ഞാനത്തിന്റെ വശീകരണ വാക്കാ'യിട്ടാണ് (1 കൊരിന്ത്യർ 2:5).

താഴ്മയുള്ളവൻ തന്നെത്തന്നെ ഒളിപ്പിക്കുകയും കർത്താവിനെ ആവുന്നത്ര ഉയർത്തുകയും ചെയ്യും. അവന്റെ സന്തോഷവും, അഭിമാനവും, ലക്ഷ്യവുമെല്ലാം അതു തന്നെയാണ്. തന്നെ ഉയർത്തുവാനുള്ള എല്ലാ ശ്രമങ്ങളും പാപമാണെന്നും താഴ്മയുള്ളവൻ തിരിച്ചറിയുന്നു.

**പ്രസിദ്ധിയും ആത്മീയതയും**

ശ്രദ്ധിക്കപ്പെടുവാനും മാനിക്കപ്പെടുവാനുമുള്ള ആഗ്രഹം ആത്മീയതയുടെ പരിവേഷം അണിയുമ്പോഴാണ് അപകടം ഏറെ. വലിയവനാകാൻ ചെയ്യുന്നതും പറയുന്നതും ആയ കാര്യങ്ങളൊക്കെ ആത്മീയത



യുടെ ഭാഗമാണെന്ന് നാമും മറ്റുള്ളവരും തെറ്റിദ്ധരിക്കാം. രോഗം കണ്ടുപിടിക്കാത്ത ഒരു രോഗിയെപ്പോലെ അഹങ്കാരം നമ്മിൽ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ നാമും ലോകവും നമ്മിൽ ആത്മീയത വർദ്ധിക്കുന്നതായിട്ടാവാം ധരിക്കുന്നത്. പരീശന്മാരുടെ ഭക്തിപ്രകടനങ്ങൾ ആത്മീയതയായിട്ടാണ് ജനങ്ങൾ തിരിച്ചറിഞ്ഞിരുന്നത്; യേശു പരീശന്മാരുടെ മുഖംമൂടികൾ പറിച്ചുമാറ്റുന്നതു വരെ.

സെബദിമക്കളായ യാക്കോബും യോഹന്നാനും ഈ ലോകത്തിലെ മാനങ്ങളൊന്നുമല്ല യേശുവിനോടു ചോദിച്ചത്. "*നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിക്കുവാൻ വരം നൽകണം*" (മർക്കോസ് 10:37). നല്ലതും ആത്മീയവുമായ ഒരു ആഗ്രഹമായി ഇത് തോന്നാമെങ്കിലും അവരുടെ ചോദ്യത്തിന്റെ തനിനിറമറിയാൻ യേശുവിന്റെ മറുപടി ശ്രദ്ധിച്ചാൽ മതി. "*നിങ്ങൾ യാചിക്കുന്നത് ഇന്നതെന്നു നിങ്ങൾ അറിയുന്നില്ല ... നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം*" (മർക്കോസ് 10:38-44). യെഹൂദരുടെ വിരുന്നുകളിൽ വിരുന്നുകാരുടെ പ്രാധാന്യത്തിനനുസരിച്ചാണ് ഇരിപ്പിടങ്ങൾ ക്രമീകരിക്കുക. വളരെ പ്രാധാനപ്പെട്ടവരായിരിക്കും മുഖ്യാതിഥിയുടെ രണ്ടു വശത്തുമിരിക്കുന്നത്. സ്വർഗ്ഗത്തിൽ തങ്ങൾ യേശുവിന്റെ ഇരുവശത്തുമാണെങ്കിൽ അതിന്റെ പേരിൽ ഇപ്പോഴേ 'ആളുകളിക്കാം' എന്നതായിരുന്നു അവരുടെ ദുഷ്ടലാക്ക്.

**പ്രസിദ്ധിയും ക്രിസത്യാനിയും**

തോമസ് അകെമ്പിസിന്റെ വാക്കുകൾ ഇങ്ങനെയാണ്: "അറിയപ്പെടാതിരിക്കുവാനുള്ള ആഗ്രഹമാണ് താഴ്മ." ഞാൻ ക്രിസ്തുവിനോടു കൂടി മെല്ലെ നടന്നു തുടങ്ങി, അൽപ്പാൽപ്പമായി ആഴത്തിലേക്ക് ഇറങ്ങുവാൻ തുടങ്ങിയ സമയം. എന്റെ കഥകളും ലേഖനങ്ങളും പ്രസിദ്ധമായിക്കൊണ്ടിരിക്കുന്നു. സമ്മാനങ്ങളും അവാർഡുകളും കൈയിലെത്തിത്തുടങ്ങി. പെട്ടെന്ന് ഉടയവൻ കൽപ്പിച്ചു എഴുത്തു നിർത്തുവാൻ. അന്ന് പൂർണ്ണമായും ആ കൽപ്പനയുടെ ഉദ്ദേശ്യം മനസ്സിലായില്ലെങ്കിലും ഞാൻ എഴുത്തു നിറുത്തി. തോമസ് അകെമ്പിസിന്റെ വാക്കുകൾ എന്നെ ചില സത്യങ്ങൾ ഇന്ന് ഓർമ്മപ്പെടുത്തുന്നു.

മറ്റുള്ളവരുടെ കണ്ണുകൾ നമ്മിലേക്ക് നാം കൊണ്ടുവരുമ്പോൾ കർത്താവിൽ നിന്നും കണ്ണെടുക്കുവാൻ അവരെ നാം നിർബന്ധിക്കുകയാണെന്ന് ഭയത്തോടെ ഓർക്കണം. ഒരേ സമയം രണ്ടുപേരെ പൂർണ്ണമായും ശ്രദ്ധിക്കുവാൻ ആർക്കും കഴിയുകയില്ലല്ലോ. 'സെന്റർ ഓഫ് അട്രാക്ഷൻ' കർത്താവല്ലാതെ മറ്റെന്തു തന്നെ ആയാലും അത് വിഗ്രഹാരാധനയാണ്.

കർത്താവിനെ തഴഞ്ഞ്, തന്നെ മറ്റൊരാൾ ശ്രദ്ധിക്കുന്നത് ഒരു ശിഷ്യനെ സംബന്ധിച്ച് അസഹനീയമാണ്. വൈവാം (Youth With A Mission) എന്ന സുവിശേഷ സംഘടനയുടെ സ്ഥാപകനായ ലോറൻ കണ്ണിംഗ്ഹാം തന്റെ ഒരനുഭവം വിവരിക്കുന്നതിങ്ങനെയാണ്: ഒരു കപ്പൽ വൈവാമിനുവേണ്ടി വാങ്ങുവാൻ താത്പര്യമുണ്ടായി, അതിനുവേണ്ടി പ്രവർത്തനങ്ങളും പണ സമാഹാരണവും നടന്നുകൊണ്ടിരിക്കുന്നു. 'മാവോരി' എന്ന് പേരുള്ള ഒരു കപ്പൽ വാങ്ങുവാൻ ഏകദേശ ധാരണയായി. എന്നാൽ ലോറൻ കണ്ണിംഗ് ഹാമിനോട് ആ കപ്പൽ വാങ്ങിക്കാനുള്ള പദ്ധതി മാറ്റി വെക്കുവാൻ ദൈവം ആവശ്യപ്പെടുന്നതുപോലെ തനിക്ക് തോന്നി. എന്നാൽ പൂർണ്ണമായും കണ്ണിംഗ്ഹാം അത് അംഗീകരിക്കുവാൻ തയ്യാറുമല്ലായിരുന്നു. "പെട്ടെന്ന്, എന്റെ മനസ്സിനകത്ത് ഞാൻ ഒരു ചിത്രം കണ്ടു... ഞാൻ വൈവാം ലീഡേഴ്സിന്റെ മദ്ധ്യത്തിൽ നിൽക്കുന്നത് ഞാൻ കണ്ടു. ഞാൻ സന്തോഷാധിക്യത്തോടെ വിളിച്ചു പറഞ്ഞു: "നമുക്ക് കപ്പൽ ലഭിച്ചു! മാവോരിക്കാവശ്യമായ പണം ദൈവം നൽകി!" ജനങ്ങൾ ഉച്ചത്തിൽ ആർത്തുവിളിച്ചു. അവർ കൈകളുയർത്തി സന്തോഷം പ്രകടിപ്പിച്ചു. അപ്പോൾ പെട്ടെന്ന് ഞങ്ങളാരും ശ്രദ്ധിക്കാതെ എന്റെ ഇടതു ഭാഗത്ത് നിഴലിൽ ഒരു രൂപം നിൽക്കുന്നതു ഞാൻ കണ്ടു. ഞാൻ അവന്റെ മുഖത്ത് സൂക്ഷിച്ചു നോക്കിയപ്പോൾ അവൻ ദു:ഖിതനായി കാണപ്പെട്ടു. ആ ദൃശ്യം എന്നെ തകർത്തു – അത് യേശുവായിരുന്നു! ഞങ്ങൾ അവനെ അവഗണിക്കുകയായിരുന്നു! ഞങ്ങൾ കപ്പലിന്റെ ലബ്ധിയിൽ ആർത്തുവിളിച്ചു യേശുവിനെ മറന്നു കളഞ്ഞു!

ഞാൻ, എന്റെ കിടക്കവിരിയിൽ മുഖം മറച്ചു; ആ ഭയങ്കര കാഴ്ച എനിക്ക് താങ്ങാവുന്നതിലധികമായിരുന്നു. "ഓ, ദൈവമേ! എന്നോട് ക്ഷമിക്കേണമേ! എന്റെ കണ്ണുകൾ കപ്പലിൽ പതിഞ്ഞു പോയി. ദൈവമേ, അങ്ങ് ഞങ്ങൾക്ക് കപ്പൽ നൽകി; അത് അങ്ങയെ ഞങ്ങളിൽ നിന്ന് അകറ്റിക്കളഞ്ഞു! അത് ലഭിക്കുവാൻ ഞങ്ങൾ യോഗ്യരല്ല! അങ്ങയുടെ മഹത്വത്തെ അങ്ങയിൽ നിന്ന് അപഹരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഒരു ലോഹക്കൂട്ടിന് ആ മഹത്വം ഞങ്ങൾ കൊടുക്കുകയില്ല."[11] ലോറൻ കണ്ണിംഗ്ഹാം കപ്പൽ വേണ്ടന്ന് വെച്ചു.

**സാത്താന്റെ കരം**

പ്രസിദ്ധരാകുവാനായി നാം പ്രവർത്തിക്കുമ്പോൾ (ആരും പ്രസിദ്ധനാകുവാൻ വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ടല്ലല്ലോ ഓരോ കാര്യവും ചെയ്യുന്നത്. പക്ഷേ മനസ്സിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിപ്പരതാമെങ്കിൽ ഉദ്ദേശ്യം വെളിപ്പെടും) അതിന്റെ പിന്നിൽ, അദൃശ്യലോകത്ത് സാത്താന്റെ ഗൂഢാലോചന നാം കാണാതിരിക്കരുത്. സാത്താൻ വലിയ തന്ത്രശാലിയാണ്. ഏത് ഇരയിട്ടാൽ ഏത് മീനിനെപ്പിടിക്കാമെന്ന് അവന് നന്നായറിയാം.



പൗലൊസ് പ്രാർത്ഥനാസ്ഥലത്തേക്ക് പോകുമ്പോൾ വെളിച്ചപ്പാടത്തിയായ ഒരു പെൺകുട്ടിയുടെ 'അനൗൺസ്മെന്റ്' പൗലൊസിന്റെ ഹൃദയത്തെ ആകർഷിക്കേണ്ടതാണ്: "*ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസൻമാർ, രക്ഷാമാർഗം നിങ്ങളോട് അറിയിക്കുന്നവർ.*" എന്നാൽ പൗലൊസിന് ആ വാക്കുകൾ മുഷിപ്പായിട്ടാണ് തോന്നിയത് (അപ്പൊ. പ്രവൃത്തികൾ 16:16–18). വെളിച്ചപ്പാടത്തി പെൺകുട്ടിയിലൂടെ പൗലൊസിന് പുകഴ്ചയായി ലഭിക്കാവുന്ന വാക്കുകൾ സാത്താൻ തന്നെ പറഞ്ഞാൽ സാത്താനു തന്നെയല്ലേ നഷ്ടമെന്ന് നാം ചിന്തിച്ചുപോകും. സാത്താൻ പറഞ്ഞ വാക്കുകൾ കേട്ട് ആളുകൾ പൗലൊസിനെ ശ്രദ്ധിക്കുകയും സുവിശേഷം കേൾക്കുകയും ചെയ്താൽ സാത്താന്റെ ആളുകൾ തന്നെയല്ലേ യേശുവിലേക്ക് പോകുന്നത്? ഇവിടത്തെ സാത്താന്യ തന്ത്രം 'തീറ്റ കൊടുത്ത് കെണിയിൽച്ചാടിക്കുക' എന്നതാണ്. പൗലൊസിനെ പുകഴ്ത്തി പറയുമ്പോൾ, തന്നെക്കുറിച്ചുള്ള ശ്രേഷ്ഠമായ വാക്കുകളിൽ പൗലൊസ് രസിച്ച് രമിച്ച് നിഗളത്തിന്റെ മലകയറിപ്പോകുമെന്നും, ഒടുവിൽ തന്റെ കെണിയിൽ കുടുങ്ങുമെന്നും സാത്താൻ ധരിച്ചു. താത്കാലികമായ ഒരു നഷ്ടം വന്നാലും സാരമില്ല വലിയൊരു ലാഭം ഭാവിയിൽ കൊയ്യാമല്ലോ! നരകത്തിന് ഭീഷണിയല്ലാത്ത കുറേപ്പേരെ തന്റെ തടവിൽ നിന്നും തുറന്നുവിട്ടാലും നരകത്തിന് ഭീഷണിയായ പൗലൊസിനെ പകരം വാങ്ങിക്കാം.

കഴിവുകൾ കൊണ്ടും സ്വാധീനംകൊണ്ടും തന്ത്രങ്ങൾ കൊണ്ടും നാം നമുക്കായി ഉണ്ടാക്കിയെടുക്കുന്ന മഹിമയാർന്ന സ്ഥാനപ്പേരുകൾ വിളിച്ചു വരുത്തുന്നത് മാരകമായ 'ആത്മീയരോഗ'ങ്ങളെയാണ്. പ്രശസ്തിയുടെ ഉയരം എത്ര കൂടുതലാണോ വീഴ്ചയുടെ ആഘാതവും അത്ര കൂടുതലായിരിക്കും. സാധുസുന്ദർസിംഗിനോട് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷയെന്താണെന്ന് ഒരിക്കൽ പത്രപ്രവർത്തകർ ചോദിച്ചു. തന്നെ കാണുവാനായി ഓടിക്കൂടിയ ജനങ്ങളെ ചൂണ്ടിക്കൊണ്ടു പറഞ്ഞു: "ഇവരാണ." രോഗശാന്തി വരം ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ ആളുകൾ കർത്താവിനേക്കാൾ തന്നെ ശ്രദ്ധിക്കുവാൻ തുടങ്ങിയെന്ന കാരണത്താൽ സാധുസുന്ദർസിംഗ് ആ വരം പിന്നീട് അധികമൊന്നും ഉപയോഗിച്ചിട്ടില്ല.

പതിനെട്ടാം നൂറ്റാണ്ടിലെ പ്രശസ്ത കവി അലക്സാണ്ടർ പോപ്പ് 'സോളിറ്റ്യൂഡ്' എന്ന തന്റെ കവിത അവസാനിപ്പിക്കുന്നതിങ്ങനെയാണ്:

*ഒരു കണ്ണും എന്നിൽ പതിക്കാതെ*
*അറിയപ്പെടാത്തവനായി ഞാനിരിക്കട്ടെ.*

*ഞാൻ യാത്രപറഞ്ഞിറങ്ങുമ്പോൾ*
*ഒരു കണ്ണും നനയാതിരിക്കട്ടെ.*
*എന്റെ കുഴിമാടമേതന്നറിയുവാൻ*
*ഒരു ചെറിയ കല്ലുപോലും ഇല്ലാതിരിക്കട്ടെ.*

**ആര് ഉയരണം: ദൈവമോ ഞാനോ?**

നമ്മുടെ സംഭാഷണം ശ്രദ്ധിച്ചാലറിയാം ആരെ ഉയർത്തുവാനാണ് നാം ഉന്നം വെക്കുന്നതെന്ന്. വാക്കുകളുടെ പ്രതലം 'ദൈവനാമ മഹത്വ'മെന്നാണെങ്കിലും അന്തരാത്മാവിലെ തൃഷ്ണ സ്വയമഹത്വമാകാം. ദൈവത്തിന്റെ സ്തുതിക്കിടയിൽ നമ്മുടെയും മഹത്വം തിരുകിക്കയറ്റുന്നതിൽ 'വിശ്വാസികൾ' വിദഗ്ധരാണ്. 'ഞാൻ കണ്ട അമേരിക്ക' എന്ന പേരിൽ എഴുതിയ ഒരു യാത്രാവിവരണം അവലോകത്തിന് നൽകിയപ്പോൾ വന്ന ഒരഭ്യർത്ഥന അതിന്റെ പേര് മാറ്റുവാനായിരുന്നു. **'അമേരിക്ക കണ്ട ഞാൻ'** എന്നാക്കുവാൻ. ദൈവത്തെക്കുറിച്ചും, ദൈവം ചെയ്ത കാര്യങ്ങളെക്കുറിച്ചും നാം സംസാരിക്കുമ്പോഴും ആളുകൾ കേൾക്കുന്നതും കാണുന്നതും മുഴച്ചു നിൽക്കുന്ന 'ഞാനു'കൾ ആണ്.

യോഹന്നാൻസ്നാപകനെ ക്രിസ്തുവാണെന്ന് എല്ലാ തരത്തിലും തെറ്റിധരിക്കാവുന്ന ഒരു പ്രത്യേക കാലഘട്ടത്തിലാണ് തന്റെ ജനനവും ശുശ്രൂഷയും. ആളുകളുടെ നോട്ടം യേശുവിനേക്കാൾ അധികം തന്നിൽ വീഴ്ത്തുവാൻ യോഹന്നാൻസ്നാപകന് വലിയ അദ്ധ്വാനത്തിന്റെ ആവശ്യമില്ലായിരുന്നു. പക്ഷേ ആ മഹാപുരുഷൻ (സ്ത്രീകളിൽ നിന്ന് ജനിച്ചിട്ടുള്ളവരിൽ ഏറ്റവും വലിയവൻ) ക്രിസ്തുവിലേക്ക് നോക്കേണ്ട നോട്ടം വഴുതിയെങ്കിലും തന്റെ മേൽ വീഴാതിരിക്കുവാൻ അതീവ ജാഗ്രതയുള്ളവനായിരുന്നു. താനാരാണെന്നന്വേഷിക്കുവാൻ യെരൂശലേമിൽ നിന്നും വന്ന പുരോഹിതൻമാരും ലേവ്യരും ചോദിച്ച ആദ്യത്തെ ചോദ്യം: "നീ മശിഹയാണോ?" എന്നാണ്. അവർക്ക് താൻ ആരാണെന്നറിയുവാൻ ഉത്സാഹം. എന്നാൽ, താനാരല്ലയെന്നു പറയുവാൻ യോഹന്നാൻസ്നാപകന് ഉത്സാഹം.

| | | |
|---|---|---|
| *പുരോഹിതന്മാർ* | : | *നീ ആരാണ്?* |
| *യോഹന്നാൻസ്നാപകൻ* | : | *ഞാൻ ക്രിസ്തുവല്ല* |
| *പുരോഹിതന്മാർ* | : | *ഏലിയാവാണോ?* |
| *യോഹന്നാൻസ്നാപകൻ* | : | *അല്ല* |
| *പുരോഹിതന്മാർ* | : | *നീ ആ പ്രവാചകനാണോ?* |
| *യോഹന്നാൻസ്നാപകൻ* | : | *അല്ല* |
| *പുരോഹിതന്മാർ* | : | *നീ ആരാകുന്നു?* |



| | | |
|---|---|---|
| *യോഹന്നാൻസ്നാപകൻ* | : | *(ഞാൻ ആരുമല്ല) യെശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ: കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു* (യോഹന്നാൻ 1:19–23). |

തനിക്ക് 'ആരും ആകേണ്ടാ'ത്തതുകൊണ്ട് ക്രിസ്തുവിനെ ജനങ്ങളുടെ മുമ്പിൽ ചിലതൊക്കെ ആക്കുവാൻ യോഹന്നാൻസ്നാപകന് കഴിഞ്ഞു. "അവൻ വളരേണം, ഞാനോ കുറയേണം" എന്ന യോഹന്നാന്റെ ഉൾദാഹം നിവർത്തിക്കുവാനായി സന്ദർഭം ലഭിച്ചപ്പോഴൊക്കെ യോഹന്നാൻ തന്നെ കുറയ്ക്കുകയും കർത്താവിനെ വളർത്തുകയും ചെയ്തു. യോഹന്നാൻ വായ് തുറന്നാൽ താനാരല്ലായെന്നും ക്രിസ്തുവാരാണെന്നും പറഞ്ഞുകൊണ്ടിരുന്നു. ബൈബിളിൽ കുറിച്ചു വെച്ചിരിക്കുന്ന യോഹന്നാന്റെ വാക്കുകൾ ആ സത്യമാണ് വെളിപ്പെടുത്തുന്നത്:

| | |
|---|---|
| **യേശു:** | എനിക്കു മുമ്പെ ഉണ്ടായിരുന്നവൻ, ദൈവത്തിന്റെ കുഞ്ഞാട്, പരിശുദ്ധാത്മാവു കൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കുന്നവൻ, എന്നിലും ബലമേറിയവൻ, വീശുമുറം കൈയിലുള്ളവൻ, എനിക്കു മുമ്പൻ. |
| **ഞാൻ:** | കേവലമൊരു ശബ്ദം, വെള്ളം കൊണ്ടു മാത്രം സ്നാനം കഴിപ്പിക്കുന്നവൻ, യേശുവിന്റെ ചെരുപ്പിന്റെ വാറഴിക്കുന്ന ഒരടിമയുടെ യോഗ്യത പോലുമില്ലാത്തവൻ. |

ഇങ്ങനെയുള്ള മനോഭാവവും പ്രവർത്തനവും കൊണ്ട് യോഹന്നാനുണ്ടായ നഷ്ടം തന്റെ രണ്ടു ശിഷ്യന്മാർ തന്നെ വിട്ട് യേശുവിനെ അനുഗമിച്ചു എന്നതാണ്. *"പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നിൽക്കുമ്പോൾ കടന്നുപോകുന്ന യേശുവിനെ നോക്കീട്ടു: ഇതാ, ദൈവത്തിന്റെ കുഞ്ഞാടു എന്നു പറഞ്ഞു. അവൻ പറഞ്ഞതു ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിനെ അനുഗമിച്ചു"* (യോഹന്നാൻ 1:35–37). എങ്കിലും യോഹന്നാന് തന്റെ നഷ്ടം നഷ്ടമല്ല; കാരണം, ലാഭത്തെക്കുറിച്ചും നഷ്ടത്തെക്കുറിച്ചുമുള്ള യോഹന്നാൻ സ്നാപകന്റെ വീക്ഷണം തനിക്കുണ്ടാകന്ന ലാഭനഷ്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല, ക്രിസ്തുവിനുണ്ടാകുന്ന ലാഭനഷ്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ക്രിസ്തുവിന്റെ ലാഭമാണ് തന്റെയും ലാഭം; ആ ലാഭത്തിനു വേണ്ടി തനിക്ക് നഷ്ടങ്ങളുണ്ടായാൽ കൂടി. ഇതേ മനോഭാവമായിരുന്നു പൗലൊസിനും: *"...എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു"* (ഫിലിപ്പിയർ 3:7).

### നെറ്റിപ്പട്ടവും മുഖ്യാസനവും

മുഖ്യാസനവും സ്ഥാനപ്പേരുകളും ഏതു കാലത്തേയും മനുഷ്യന്റെ അന്തർദ്ദാഹമായിരുന്നു. യേശുവിന്റെ കാലത്ത്, പരീശന്മാർ സ്റ്റേജിൽ ഒരു കസേര തരപ്പെടുത്തുവാൻ ഓടുന്നതും സ്ഥാനപ്പേരുകൾ കഴുത്തിലണിഞ്ഞ് ഞെളിയുന്നതും കണ്ടപ്പോൾ യേശു തന്റെ ശിഷ്യന്മാരെ കർശനമായി ശാസിച്ചു, അവരെപ്പോലെ ആകരുതെന്ന്: " *അവർ തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുതു. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ* '' (മത്തായി 23:5–9).

'ഒരു പേരിലെന്തിരിക്കുന്നു' എന്ന ചോദ്യം കാലപ്പഴക്കമുള്ളതാണെങ്കിലും ഒരു സ്ഥാനപ്പേരിലുള്ളത് വളരെ വലുതാണെന്ന് ഈ കാലഘട്ടത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നു. 'റവറണ്ട്' എന്ന വാക്കിന്റെ അർത്ഥം ഏതൊരു ഡിക്ഷ്ണറിയിലും ലഭ്യമാണ്. ഒന്നു തുറന്നു നോക്കുക. എന്റെ കൈയിലുള്ളത് പഴയ ഒരു ഇംഗ്ലീഷ്-മലയാളം ഡിക്ഷ്ണറിയാണ്. അതിൽ ഈ വാക്കിനു നൽകിയിരിക്കുന്ന അർത്ഥങ്ങൾ: 'ആദരവുള്ള', 'ഒരു പുരോഹിതന്റെ സ്ഥാനപ്പേര്' എന്നൊക്കെയാണ്. നമ്മുടെ പേരിനു മുമ്പിൽ നാം ആ വാക്ക് മുഴുരൂപത്തിലോ ചുരുക്കരൂപത്തിലോ എഴുതുമ്പോൾ വായനക്കാരോട് നാം ആവശ്യപ്പെടുന്നത് അവർ നമ്മെ ആദരിക്കുവാനാണ്. അല്ലെങ്കിൽ 'നിങ്ങൾ ആദരിക്കുവാൻ യോഗ്യനായ വ്യക്തിയാണ് ഞാൻ' എന്നാണ്. അസ്സീസിയിലെ ഫ്രാൻസിസ് താനുൾപ്പെടെയുള്ള തന്റെ സമൂഹാംഗങ്ങളെ വിളിക്കുവാൻ അനുവദിച്ചിരുന്നത് Minor Brothers (എളിയ-കുറഞ്ഞ-സഹോദരന്മാർ) എന്നാണ്.

നമുക്ക് ലഭിക്കുന്ന സ്ഥാനമാനങ്ങളും നമ്മുടെ കരങ്ങളാൽ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളും ദൈവത്തിന്റെ സ്ഥാനത്തേക്ക് ആളുകൾ നമ്മെ തെറ്റായി ഉയർത്തുവാനുള്ള വാതിലുകൾ കൂടിയാണെന്നുള്ള കാര്യം നാം മറക്കരുത്. എന്നാൽ ദൈവകേന്ദ്രീകൃതമായ ജീവിതം നയിക്കുന്ന താഴ്മയുള്ളവൻ, ചിറകെട്ടി തടഞ്ഞ് വെള്ളം മറ്റൊരു വഴിക്ക് ഒഴുക്കി വിടുന്നതുപോലെ വഴിതെറ്റി തന്റെ നേരെ വരുന്ന എല്ലാ കൂപ്പുകൈകളും ദൈവത്തിങ്കലേക്ക് തിരിച്ചു വിടും. ഗിദെയോൻ അതിന് ഒത്ത ഒരു ഉദാഹരണമാണ്. "*അനന്തരം യിസ്രായേല്യർ ഗിദെയോനോടു: നീ ഞങ്ങളെ മിദ്യാന്റെ കൈയിൽ നിന്നു രക്ഷിച്ചിരിക്കകൊണ്ടു ഞങ്ങൾക്കു രാജാവായിരിക്കേണം; അങ്ങനെ തന്നേ നിന്റെ മകനും മകന്റെ മകനും*" എന്നു



പറഞ്ഞു. ഗിദെയോൻ അവരോടു: "*ഞാൻ നിങ്ങൾക്കു രാജാവാകയില്ല; എന്റെ മകനും ആകയില്ല; യഹോവയത്രേ നിങ്ങളുടെ രാജാവു എന്നു പറഞ്ഞു*" (ന്യായാധിപന്മാർ 8:22–23).

'ഉയർന്ന ഒരു സ്ഥാനം' എന്ന ചിന്ത ശിശുപ്രായത്തിലേ കുഞ്ഞിന്റെ നിഷ്ക്കളങ്കമായ മനസ്സിൽ നാം എഴുതിച്ചേർക്കുന്നു. 'നന്നായി പഠിച്ച് ഉയർന്ന ഒരു സ്ഥാനത്തെത്തണം' എന്ന് കുഞ്ഞിനെ മാതാപിതാക്കൾ ഉപദേശിക്കുമ്പോൾ, 'നന്നായി പഠിച്ച്' എന്നുള്ളത് കുഞ്ഞ് മറന്നു പോയാലും 'ഉയർന്ന സ്ഥാനത്തെത്തണം' എന്നുള്ളത് മറക്കുന്നില്ല. അതുകൊണ്ടു തന്നെ ആ കുഞ്ഞ് വളർന്നു കഴിയുമ്പോൾ ഉയരമുള്ള ഏതൊന്നും അവനെ ആകർഷിക്കുന്നു. സ്റ്റേജുകളുടെ ആകർഷണ രസതന്ത്രം ഇവിടെയാണ്. യെഹൂദാ ദേവാലയങ്ങളായ സിനഗോഗുകളിലെ ഇരിപ്പിട ക്രമീകരണം രസകരമാണ്. ഏറ്റവും പുറകിലുള്ള ഇരിപ്പിടങ്ങൾ കുട്ടികൾക്കും 'അപ്രധാന' വ്യക്തികൾക്കും ഉള്ളതാണ്. ഇരിപ്പിടങ്ങളുടെ സ്ഥാനം മുന്നോട്ടു വരുന്തോറും അവയുടെ മാന്യത കൂടിക്കൊണ്ടിരിക്കും. അതിൽ ഏറ്റവും 'ശ്രേഷ്ഠമായ ഇരിപ്പിടം' മൂപ്പന്മാരുടേതാണ്. ആ ഇരിപ്പിടങ്ങൾ സദസ്യർക്ക് അഭിമുഖമായിട്ടാണ്. എല്ലാവർക്കും ദൃശ്യമാണ് ആ ഇരിപ്പിടത്തിലെ ആസനസ്ഥനെ![12]

### എന്തുകൊണ്ട് ഉണർവ്വ് താമസിക്കുന്നു?

'എന്തുകൊണ്ട് ഉണർവ്വ് താമസിക്കുന്നു?' എന്ന പുസ്തകത്തിൽ റാവൻഹിൽ ഉണർവ്വിനു തടസ്സമായ അഞ്ചു കാര്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതിൽ ഒന്ന്: 'ദൈവത്തിനു ലഭിക്കേണ്ട മഹത്വം നാം കവരുന്നു' എന്നതാണ്. കർത്താവിൽ നിന്നും മോഷ്ടിച്ച മഹത്വവും, മോഷ്ടിച്ചു കൊണ്ടിരിക്കുന്ന മഹത്വവും എന്നാണോ നാം മടക്കി കൊടുക്കുവാൻ തയ്യാറാകുന്നത് അന്ന് ദൈവം ഉണർവ്വയയ്ക്കും. മറ്റൊരു വാക്കിൽ പറഞ്ഞാൽ ആ പ്രവൃത്തി ഉണർവ്വ് ആരംഭിച്ചു എന്നതിന്റെ കേളികൊട്ടാണ്. ഉണർവിന്റെ ദിനങ്ങളിൽ എല്ലാവരുടേയും നോട്ടം കർത്താവിൽ മാത്രമായിരിക്കും. എല്ലാവർക്കും പറയുവാനുള്ളത് കർത്താവിനെക്കുറിച്ച് മാത്രമായിരിക്കും; "*മനുഷ്യരുടെ നിഗളിച്ച കണ്ണു താഴും; പുരുഷന്മാരുടെ ഉന്നതഭാവം കുനിയും; യഹോവ മാത്രം അന്നാളിൽ ഉന്നതമായിരിക്കും*"(യെശയ്യാവ് 2:11). സ്വർഗ്ഗത്തിൽ സിംഹാസനത്തിനുമുമ്പിലിരിക്കുന്ന മൂപ്പന്മാർക്ക് കർത്താവിന്റെ മഹത്വത്തിന്റെ പരകോടിയിൽ ചെയ്യുവാനുള്ളത് '*സിംഹാസനത്തിനു മുമ്പിൽ വീഴുവാനും, തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനു മുമ്പിൽ ഇടുക*' എന്നതുമാണ് (വെളിപ്പാട് 4:10–11). ആർക്ക് കഴിയും ആ മഹാതേജസ്സിനു മുമ്പിൽ കിരീടങ്ങളെ സ്വന്തം തലയിൽ സൂക്ഷിക്കാൻ!

ഐ.സി.പി.എഫ് ലെ പ്രൊഫ. മാത്യു പി. തോമസ് പറഞ്ഞ ഒരു ചിന്ത ഞാൻ കേട്ടത് ഇവിടെ കുറിക്കുന്നു: ഓരോ ക്രിസ്ത്യാനിക്കും മുതുകത്ത് ഒരു കുട്ടയുണ്ട്. തനിക്കു ലഭിക്കുന്ന പ്രശംസയും മാനങ്ങളും അതിൽ നിക്ഷേപിക്കണം. ഇതൊരു ചവറ്റുകുട്ടയാണ്. പൗലൊസിന് തന്റെ എല്ലാ മാനങ്ങളും പദവികളും ശ്രേഷ്ഠതയും നിക്ഷേപിക്കുവാൻ ആ ചവറ്റുകുട്ടയെക്കാൾ നല്ലൊരു സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല. അതുകൊണ്ടു തന്നേ പൗലൊസിന്റെ ചവറ്റുകൊട്ട നിറഞ്ഞത് വേഗത്തിലായിരുന്നു. നമ്മുടെ ചവറ്റുകുട്ടയിൽ എന്തെങ്കിലുമുണ്ടോ? ഫാദർ ഡാമിയന്റെ അനുഭവത്തെക്കുറിച്ച് 'വെളിച്ചം പെയ്തിറങ്ങുമ്പോൾ' എന്ന പുസ്തകത്തിൽ ഷാജി ജോർജ് പറഞ്ഞു തരുന്നതിങ്ങനെയാണ്: "സകല മനുഷ്യരാലും പരിത്യക്തനായി, സകല മനുഷ്യരും സമീപിക്കാനറയ്ക്കുന്ന കുഷ്ഠരോഗികൾക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചുകൊണ്ട് അദ്ദേഹം (ഫാദർ ഡാമിയൻ) കുഷ്ഠരോഗികളെ കൊണ്ടുവന്ന് തള്ളുന്ന മൊളോക്കോ ദ്വീപിൽ ചെന്ന് ജീവിതാന്ത്യംവരെ അവരെ ശുശ്രൂഷിക്കുവാൻ തയ്യാറായി. ഒരു ദിവസം ഒരു അമേരിക്കൻ പത്രപ്രവർത്തകൻ ഡാമിയനെ കാണുവാൻ മൊളോക്കോയിലുള്ള വീട്ടിൽ ചെന്നു. സംസാരിച്ചു തുടങ്ങുമ്പോഴാണ് പൊടി പിടിച്ച് വികൃതമായ ഒരു പെട്ടി ആ മുറിയിൽ ഇരിക്കുന്നത് അയാൾ കണ്ടത്. ഇതെന്താണിങ്ങനെ? "അതറിയില്ലേ? പുറത്തെഴുതിയിരിക്കുന്നത് ഒന്നു വായിച്ചു നോക്കൂ." വന്നയാൾ അതിന്റെ പൊടി തൂത്തു കളഞ്ഞു. അക്ഷരങ്ങൾ തെളിഞ്ഞു: 'ഫാദർ ഡാമിയന്റെ വിശിഷ്ട സേവനങ്ങളെ മാനിച്ചുകൊണ്ട് ഹാവായിലെ മഹാറാണി നൽകുന്ന ബഹുമതി പത്രം.'

ലൗകികമായ എല്ലാ മാനങ്ങളും സ്ഥാനങ്ങളും ചപ്പെന്നും ചവറെന്നും എണ്ണാത്തിടത്തോളം 'ഫറവോന്റെ പുത്രിയുടെ മകനെന്നുള്ള' വിളിയെ പിന്നിൽ തള്ളി ദൈവാനുഗ്രഹത്തോട് ചേരുവാൻ ആർക്കും കഴിയുകയില്ല. ക്രിസ്തു വെട്ടിത്തെളിച്ച പാത തിളക്കങ്ങളുടേതല്ല നിന്ദയുടേയും കഷ്ടതയുടേതുമാണ്. അവിടെ സ്ഥാനമാനങ്ങളുടെ കിരീടങ്ങളല്ല, ദർശന പ്രാപ്തിക്കായുള്ള ജീവിത സമരങ്ങളാണുള്ളത് – **കുരിശിന്റെ പടയാളികളുടെ.** "*ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ*" (2 തിമൊഥെയൊസ് 4:7-8).



ഏതോ ഒരു ആഫ്രിക്കൻ പാസ്റ്ററുടെ വീട്ടുചുമരിൽ തൂങ്ങിയ 'വാൾ ഹാങ്ങ'റിലെ വരികൾ ഞാനും എന്റെ വീട്ടുചുമരിൽ തൂക്കിയിട്ടുണ്ട്. അതിലെ ചില വരികളിങ്ങനെയാണ്:

*"ലജ്ജിക്കാത്തവരുടെ നിരയിലാണ് ഞാനും.*
*തരംതാണ, കാഴ്ചയുടെ*
*അകലത്തിൽ മാത്രമുള്ള ജീവിതം*
*എനിക്കന്യമാണ്.*
*ഒന്നാമനും 'ഞാൻ ശരി'ക്കാരനാകുവാനും*
*ഉന്നതനും മാന്യനും സ്തുതിക്കപ്പെടുന്നവനും*
*ആയിത്തീരുവാൻ എനിക്ക് സമയമില്ലല്ലോ.*
*പണം കൊടുത്തു വാങ്ങാനോ*
*പ്രശസ്തിയുടെ ഉദ്യാനത്തിലിട്ട് കറക്കുവാനോ*
*എന്നെ കിട്ടില്ല.*
*ഞാനൊരു ശിഷ്യനാണ്*
*ഗുരു യേശുവും."*

*“ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ; സ്വർഗ്ഗരാജ്യം അവരുടേതാണ്”*

**(മത്തായി 5:3 NIBV).**

*“അവർക്ക് സുരക്ഷിതത്വമൊന്നുമില്ല. തങ്ങളുടേതെന്നു പറയുവാനും ഒന്നുമില്ല; ഒരു ചുവടു ഭൂമി പോലും. തങ്ങളെ പിൻതാങ്ങുന്നവർ എന്ന് ചൂണ്ടിക്കാണിക്കുവാൻ ഒരു ലൗകിക സമൂഹവും അവർക്കു പിന്നിലില്ല.”*

*ഡിട്രിച്ച് ബോൺഹോഫർ*

**4. ആത്മാവിൽ ദാരിദ്ര്യം**

സ്വന്തമെന്ന് പറയുവാൻ ഒന്നുമില്ലാത്തവനെയാണ് പൊതുവെ ദരിദ്രൻ എന്ന് പറയുന്നത്. ആത്മാവിൽ ദരിദ്രന്റെ കാര്യത്തിലും അങ്ങനെ തന്നെ. ദരിദ്രന്റെ കൈ ഒഴിഞ്ഞതായിരിക്കുമ്പോൾ ആത്മാവിൽ ദരിദ്രന്റെ കൈ ഒഴിഞ്ഞതായിരിക്കണമെന്നില്ല. പക്ഷേ തന്റെ കൈയിലുള്ളത് തന്റേതല്ലെന്നും താൻ അതിന്റെ സൂക്ഷിപ്പുകാരൻ (Steward) മാത്രമാണെന്നും തികഞ്ഞ ബോധ്യമുള്ളവനാണ്. തന്റെ ഇടപെടലുകളും, സംഭാഷണവും, മനോഭാവം പോലും ആ ബോധ്യത്തിന്റെ നനവുള്ളതായിരിക്കും. ദരിദ്രൻ മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിക്കുമ്പോൾ ആത്മാവിൽ ദരിദ്രൻ ജീവിക്കുന്നത് ദൈവത്തിന്റെ ഔദാര്യത്തിലാണ്.

ആത്മാവിൽ ദരിദ്രന്റെ ദൈവത്തിലുള്ള ആശ്രയം കേവലം വാക്കുകൾകൊണ്ടുള്ള ഒരു പുറംമോടിയല്ല, അത് അവന്റെ സത്ത തന്നെയാണ്. വെന്റിലേറ്ററിൽ കിടക്കുന്ന ഒരു രോഗിക്ക് വെന്റിലേറ്റർ എങ്ങനെയാണോ അങ്ങനെയാണ് ആത്മാവിൽ ദരിദ്രന് ദൈവം. ദൈവത്തെ ഒഴിവാക്കി അവനൊരു ലോകമില്ല. ദൈവത്തിന്റെ സാന്നിദ്ധ്യം എപ്പോഴെങ്കിലും മങ്ങുന്നുവെന്ന് അവനു തോന്നിയാൽ, ഒരു കുഞ്ഞിനെ ഒറ്റയ്ക്കാക്കിയിട്ട് കടന്നുപോയ പിതാവിനെ നോക്കി ആ കുഞ്ഞ് നിലവിളിക്കുന്നതുപോലെയുള്ള തന്റെ നിലവിളി



യാണ്: “*ഞാൻ എളിയവനും ദരിദ്രനുമാകുന്നു; ദൈവമേ, എന്റെ അടുക്കലേക്ക് വേഗം വരണമേ. അങ്ങ് എന്റെ സഹായകനും രക്ഷകനുമാകുന്നു. കർത്താവേ താമസിക്കരുതേ*” (സങ്കീർത്തനം 70:5 NIBV).

സ്വന്തശക്തികൊണ്ടും, സ്വാധീനംകൊണ്ടും, ധനസമൃദ്ധികൊണ്ടും മക്കളെ ഉപരിപഠനത്തിന് അയക്കുവാനുള്ള എല്ലാ വാതിലുകളും ആദ്യമേ തന്നെ തുറന്നുവെച്ചിട്ട്, പിന്നീട് ദൈവത്തിലും കൂടി ആശ്രയിക്കുന്നതു പോലുള്ള ഒരാശ്രയമല്ല ഇത്. ആത്മാവിൽ ദരിദ്രൻ തുടങ്ങുന്നതുതന്നെ തന്നിൽ നിന്നുമല്ല ദൈവത്തിൽ നിന്നുമാണ്. “എന്റെ മകനെ മെഡിസിന് (എഞ്ചിനീയറിംഗിന്) അയയ്ക്കുന്നതിന് തിരുഹിതമുണ്ടോ?” എന്ന അന്വേഷണത്തിൽ നിന്നുമാണ് ഈ ആശ്രയത്തിന്റെ തുടക്കം. അല്ലാതെ എല്ലാം പാകപ്പെടുത്തിയ ശേഷം ആശിർവാദത്തിനു വേണ്ടിയല്ല അവൻ ദൈവത്തെ ക്ഷണിക്കുന്നത്. ‘ദൈവത്തെയും കൂടെ കൂട്ടുചേർത്തില്ലെങ്കിൽ എങ്ങനെയാണ്?’ എന്നല്ല അവൻ ചിന്തിക്കുന്നത്, ‘ദൈവമില്ലാതെ എങ്ങനെയാണ്?’ എന്നാണ്.

ഇതൊരു കടുത്ത ദാഹമാണ്, ദൈവത്തിനായുള്ള ദാഹം. “*മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതു പോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവു ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നേ, ദാഹിക്കുന്നു...*” (സങ്കീർത്തനം 42:1–2). യേശുവിനോടുള്ള മഗ്ദലനക്കാരി മറിയയുടെ ബന്ധം ദാഹിച്ചു വരണ്ട മാനും നീർത്തോടുമായുള്ള ബന്ധം പോലെയാണ്. മാൻ നീർത്തോടു തേടി ഓടുമ്പോൾ മാനിന്റെ മുന്നിൽ ഒരേ ഒരു ലക്ഷ്യമേ ഉള്ളൂ; വെള്ളം. യേശുവിനു വേണ്ടിയുള്ള മറിയയുടെ ഈ ദാഹത്തെ ജഡീക ആസക്തിയുമായി ചേർത്ത് പലരും നോവലുകളും കഥകളുമൊക്കെ എഴുതിയിട്ടുണ്ട്. അങ്ങനെയൊരു മാറ്റി മറിച്ചിലിന്റെ കാരണം ആ എഴുത്തുകാരിൽ തന്നെയാണ്. “*ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു*” (റോമർ 8:5). ജഡികതയുടെ ഇരുട്ട് സർവ്വശക്തനായ ദൈവം അവരിൽ നിന്നും നീക്കട്ടെ. അപ്പോൾ ദൈവത്തിനായുള്ള ഒരു സ്ത്രീയുടെ ദാഹത്തിന്റെ പവിത്രത തിരിച്ചറിയാനാകും.

മഗ്ദലനക്കാരി മറിയ ആത്മാവിൽ ദരിദ്ര ആയിരുന്നു. യേശുവിനു വേണ്ടിയുള്ള അവളുടെ ആവശ്യം ‘അവൾക്കു വേണ്ടി’യുള്ള ആവശ്യങ്ങളുടെ ലഭ്യതയ്ക്കു വേണ്ടിയുള്ളതായിരുന്നില്ല. യേശുവിനു വേണ്ടിയുള്ള ആഗ്രഹം യേശുവിനു വേണ്ടി മാത്രമുള്ള ആഗ്രഹമായിരുന്നു. യേശുവിനോടു കൂടി മറ്റെന്തെങ്കിലും നന്മകൾ ലഭിച്ചാലും ഇല്ലെങ്കിലും അവൾക്കതൊരു വിഷയമല്ല.

പത്രൊസും യോഹന്നാനും കല്ലറയ്ക്കുള്ളിൽ യേശുവിന്റെ മൃത ശരീരം കാണാതെ 'കണ്ടില്ല, ഞങ്ങളിപ്പോൾ എന്തു ചെയ്യാനാ?' എന്ന മനോഭാവത്തോടുകൂടി, ഒരു നെടുവീർപ്പുമിട്ട് മടങ്ങിപ്പോകുമ്പോൾ മഗ്ദ ലനക്കാരി മറിയ പോയില്ല. എവിടെ പോകാൻ? എന്തിന് പോകാൻ? "*പിന്നെ ശിഷ്യന്മാർ അവരുടെ വീടുകളിലേക്ക് മടങ്ങി. എന്നാൽ മറിയ കല്ലറയ്ക്കു പുറത്തു കരഞ്ഞുകൊണ്ടു നിന്നു...*"(യോഹന്നാൻ 20:10-11).

'കൃപ'യുടെ അർത്ഥം ആഴത്തിൽ തിരിച്ചറിഞ്ഞവനാണ് ആത്മാവിൽ ദരിദ്രൻ. ദൈവത്തിന്റെ ഔദാര്യ (കൃപ) മല്ലാതെ മറ്റൊരു ആശ്രയ സ്ഥാനം അവനില്ല. കൃപയുടെ വിശദീകരണങ്ങൾ ഒരുപക്ഷേ അവന് അന്യമാ യിരിക്കാം. എന്നിരുന്നാലും കൃപ കൂടാതെ ഏതെങ്കിലുമൊരു പ്രവൃത്തി തന്നാൽ അസാദ്ധ്യമാണെന്നുള്ള യാഥാർത്ഥ്യം ജീവിതത്തിന്റെ എല്ലാ തുറകളിലും അന്വർത്ഥമാക്കുന്നവനാണ്. അതുകൊണ്ടാണ് മോശെ ദൈവത്തോട് പറഞ്ഞത്: "*തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ലാ എങ്കിൽ ഞങ്ങളെ ഇവിടെ നിന്നും പുറപ്പെടുവിക്കരുതേ*" (പുറപ്പാട് 33:15). "*യഹോവ ഭവനം പണിയുന്നില്ലെങ്കിൽ പണിയുന്നവർ അദ്ധ്വാനിക്കുന്നതു വ്യർത്ഥം; യഹോവ നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരി ക്കുന്നതും വ്യർത്ഥം തന്നെ*"(സങ്കീർത്തനം 127:1 NIBV) എന്നത് ആത്മാ വിൽ ദരിദ്രന് പകൽവെട്ടം പോലെയാണ്. 'യഹോവ ഇല്ലെങ്കിൽ?' – അവൻ ഉത്തരം പറയുവാൻ അമാന്തിക്കുകയില്ല, ഒരു വലിയ പൂജ്യം. തന്റെ പാട്ടിലും, പ്രസംഗത്തിലും, നേട്ടങ്ങളിലുമെല്ലാം ഈ ബോധ്യം നിർവ്വഹി ക്കുന്ന ഒരു പ്രവൃത്തി, തന്റെ 'ഞാൻ' എടുത്തു മാറ്റലാണ്. ആത്മാവിൽ ദരിദ്രന്റെ സംഭാഷണത്തിലൊന്നും ദൈവത്തെ മറച്ചുകളയുന്ന 'ഞാൻ' ഇല്ല. പൂജ്യത്തിന് വിലയില്ലല്ലോ, അതിന് മുമ്പിൽ എന്തെങ്കിലും ചേർ ക്കുന്നതുവരെ!

നേട്ടങ്ങളുടെ കണക്കെടുപ്പ് ഇല്ലെന്നു മാത്രമല്ല, തന്റെ ജീവിത ത്തിൽ സംഭവിക്കുന്ന പാകപ്പിഴകൾക്ക് ഉത്തരവാദിത്വം തന്റെ 'സ്വയം' വേഗ ത്തിൽ ഏറ്റെടുക്കുകയും ചെയ്യും. കാരണം, '*എന്നിൽ, അതായത് എന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു*'(റോമർ 7:18 NIBV). അതുകൊണ്ട് തന്റെ ജീവിതത്തിൽ എപ്പോ ഴെങ്കിലും ഒരു നന്മ ആത്മാവിൽ ദരിദ്രൻ കണ്ടെത്തിയാൽ തന്നെ അത് തന്റെ ക്രെഡിറ്റി ലല്ല ദൈവത്തിന്റെ ക്രെഡിറ്റിലാണ് എഴുതിവെയ്ക്കുന്നത്. സ്വയപ്പുകഴ്ച്ച യുടെ വാക്കുകൾ തന്നിൽ നിന്നും പുറപ്പെടാത്തത് അതുകൊണ്ടാണ്. 'എന്നെ കണ്ടു പഠിക്ക്', 'ഞാൻ നേടിയത്' തുടങ്ങിയ ഹുങ്ക് നിറഞ്ഞ പ്രയോഗങ്ങൾ താൻ ബോധപൂർവ്വം ഒഴിവാക്കുന്നതല്ല സ്വാഭാവികമായി ഒഴിഞ്ഞുപോകുന്നതാണ്.



**ആത്മാവിൽ സമ്പന്നൻ**

ആത്മാവിൽ ദരിദ്രന്റെ നേർവിപരീത ദിശയിലാണ് ആത്മാവിൽ സമ്പന്നൻ. ആരുടെയും ഔദാര്യമില്ലാതെ സ്വന്തമായി കാര്യങ്ങൾ നോക്കി നടത്തുവാൻ സമ്പന്നന് പ്രാപ്തിയുള്ളതുപോലെ ദൈവത്തിന്റെ ഔദാര്യ മില്ലാതെ ആത്മാവിൽ സമ്പന്നന് ജീവിക്കുവാനറിയാം. ദൈവം തന്റെ ജീവിതത്തിൽ നിന്നും മാറിനിന്നാലും ഒന്നും തന്നെ ഇടിഞ്ഞു വീഴാനില്ല. ആരോ ഇങ്ങനെ പറഞ്ഞു: 'ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദൈവം സ്വർഗ്ഗത്തിലേക്ക് തിരികെ വിളിച്ചാലും പല സുവിശേഷ സംഘടനകളും 'സഭ'കളും നന്നായിത്തന്നെ പ്രവർത്തിക്കു'മെന്ന്!

തന്റെ ആഗ്രഹങ്ങൾക്ക് ചിലപ്പോഴൊക്കെ ദൈവം മാർഗ്ഗതടസ്സം ഉണ്ടാക്കുന്നതുകൊണ്ട് ആത്മാവിൽ സമ്പന്നന് ദൈവം ഒരു 'രസംകൊല്ലി' കൂടിയാണ്. സുഗമമായ യാത്രയ്ക്ക്തടസ്സമാകുന്നതൊക്കെ നീക്കുന്ന താണല്ലോ മനുഷ്യസ്വഭാവം. പിന്നെ, ആത്മീക സമ്പന്നന് ദൈവത്തിന്റെ ആവശ്യമുണ്ടാകുന്നത്, താനൊരു സമൂഹത്തിന്റെ ഭാഗമായതുകൊണ്ടു മാത്രമാണ്. എല്ലാവർക്കും ദൈവവും ആചാരങ്ങളുമുള്ളപ്പോൾ തനി ക്കില്ലാതിരിക്കുന്നത് കുറച്ചിലല്ലേ! അതുകൊണ്ട് ഒരു ദൈവവും വേണം. അത് യഹോവയായാലും 'കാളക്കുട്ടി'യായാലും തരക്കേടില്ല.

തന്റെ യോഗ്യതകൾ ആത്മാവിൽ സമ്പന്നന് കാണാപ്പാഠമാണ്. 'സ്വയം' അവന്റെ നട്ടെല്ലാണ്. ആത്മാവിൽ ദരിദ്രന്റേതുപോലെ തന്റെ കഴിവുകൾ ദൈവത്തിന്റെ ദാനമൊന്നുമല്ല; നേടിയെടുത്തതാണ്. ജഡ പ്രകാരം തനിക്ക് വളരെയധികം പ്രശംസിക്കുവാനുണ്ട്. ദൈവം തന്നെ ക്കൊണ്ട് ചെയ്യിച്ച കാര്യങ്ങളും താൻ ദൈവത്തിനായി ചെയ്ത കാര്യങ്ങളും തുടങ്ങി ഒരു നീണ്ടപട്ടിക കൈയിലെപ്പോഴുമുണ്ട്. പരീശന്മാരുടെയും സദൂക്യരുടെയും പ്രശംസ യഹോവയായ ദൈവം അവർക്ക് ദൈവമായി ട്ടുണ്ട് എന്നതിലല്ല, അബ്രഹാം പിതാവായിട്ടുണ്ട്, മോശെയുടെ ന്യായ പ്രമാണമുണ്ട്, യെരുശലേം ദൈവാലയമുണ്ട് എന്നിവയിലൊക്കെയാണ്. പ്രവാചകൻ അവർക്കുനേരെ ശാസനയുടെ തീക്കനൽ കോരിയിടുന്നത് അതുകൊണ്ടാണ്: "*അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ട് പറവാൻ തുനിയരുത്; ഈ കല്ലുകളിൽ നിന്നും അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും...*" (മത്തായി 3:9). ആത്മാവിൽ സമ്പന്നന്റെ ബൈബിളിൽ നിന്ന് ഒഴിവാക്കപ്പെട്ട ഒരു വാക്യമാണ് യിരെമ്യാവ് 9:23 :"*യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്; ബലവാൻ തന്റെ ബല ത്തിൽ പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ*

*ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ...".* താഴ്മയുടെ ഉൽപ്പന്നമാണ് ആത്മാവിൽ ദാരിദ്ര്യം. നേരെമറിച്ച് അഹങ്കാര ത്തിന്റെ സൃഷ്ടി ആത്മാവിൽ സമ്പന്നതയും.

ആത്മാവിൽ ദരിദ്രൻ ഒരു ഇത്തിൾക്കണ്ണിയെപ്പോലെയാണ്; ദൈവം ഇത്തിൾക്കണ്ണി പടർന്നു കയറുന്ന മരവും. ആ മരത്തിന്റെ നിലനിൽപ്പു വരെയേ ഇത്തിൾക്കണ്ണിയുടെ നിലനിൽപ്പുമുള്ളൂ. ഇത്തിൾച്ചെടിക്ക് മരത്തിൽ നിന്നുമല്ലാതെ തന്റെ നിലനിൽപ്പിനായുള്ള പോഷകങ്ങൾ മറ്റെങ്ങുനിന്നും സ്വീകരിക്കാനറിയില്ല. ഇത്തിൾക്കണ്ണിയെ അത് പടർന്നിരിക്കുന്ന മരത്തിന്റെ ശിഖരങ്ങളിൽ നിന്ന് പറിച്ചുമാറ്റുക ശ്രമകരമായ ഒരു ജോലിയാണ്. ഒന്നുകിൽ മരത്തിൽ വേര് ശേഷിപ്പിച്ചേ ചെടി പറിഞ്ഞു വരികയുള്ളൂ. അല്ലെങ്കിൽ, മരത്തിന്റെ തൊലിയോടുകൂടി മാത്രമേ ചെടിയെ ഇളക്കിമാറ്റാനാകൂ. എങ്ങനെയായാലും രണ്ടിലേതെങ്കിലും ഒന്നിന്റെ ശേഷിപ്പ് മറ്റേതിലില്ലാതെ ഇത്തിൾച്ചെടിയെയും മരത്തെയും വേർപിരിക്കുവാൻ കഴിയുകയില്ല.

എന്നാൽ ആത്മീയ സമ്പന്നൻ കുരുമുളകു ചെടിയെപ്പോലെയാണ്. ഒരു മരത്തിൽ ചുറ്റിയാണ് അത് വളരുന്നതെങ്കിലും അതിന്റെ നിലനിൽപ്പിന്റെ സ്രോതസ്സ് ആ മരമല്ല. കുരുമുളകുചെടി സ്വയമായിട്ടു തന്നെയാണ് നിലത്തുനിന്നു അതിനാവശ്യമായ വെള്ളവും വളവും വലിച്ചെടുക്കുന്നത്. ആ ചെടിയെ മരത്തിൽ നിന്നും പറിച്ചുമാറ്റുക വളരെ എളുപ്പമാണ്. പിന്നെ, മരം ഒരു താങ്ങുമാത്രം.

ദൈവത്തിനു വേണ്ടിയുള്ള ആവശ്യവും തീക്ഷ്ണമായ ആഗ്രഹ വും ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നതല്ല, ഉണ്ടായി വരേണ്ടതാണ്. പിന്നെ ആകെകൂടി ചെയ്യാവുന്നത് ദൈവത്തിന്റെ ആവശ്യം നമുക്ക് ഇല്ലാതാക്കുന്ന തടസ്സങ്ങളെ നീക്കിക്കളയാം എന്നു മാത്രം.

**ആത്മീയസമ്പന്നനും ഭൗതികസമ്പത്തും**

ആത്മീയസമ്പന്നനും ഭൗതികസമ്പത്തും തമ്മിൽ നേരിട്ട് ബന്ധമില്ലായെങ്കിലും, ഒരാളെ ആത്മീയ സമ്പന്നനാകുന്നതിൽ ഭൗതിക സമ്പത്തിന് വലിയൊരു പങ്കാണുള്ളത്. നമ്മുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന കോട്ടകളാണ് നിക്ഷേപങ്ങളും സമ്പത്തും(?). തന്റെ നിലത്തുനിന്നും നല്ല വിളവ് ലഭിച്ചപ്പോൾ ധനവാനായ മനുഷ്യൻ പറയുന്ന വാക്കുകൾ ശ്രദ്ധിച്ചാലറിയാം സുരക്ഷിതത്വവും നിക്ഷേപങ്ങളും തമ്മിലുള്ള സഹവാസം: *"നിനക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു;* ***ആശ്വസിക്കുക***...*" (ലൂക്കൊസ് 12:19).*



ഭൗതിക ധനമോ സമ്പത്തോ പാപമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ലായെങ്കിലും, ലോകത്തോട് പറ്റിക്കിടന്ന് ഉറങ്ങുവാൻ അനുകൂലമായ കാലാവസ്ഥയും സൗകര്യങ്ങളും അത് പ്രദാനം ചെയ്യുമെന്ന് ബൈബിൾ മുന്നറിയിപ്പു തരുന്നുണ്ട്. സങ്കീർത്തനക്കാരന് മുട്ടില്ലാത്തത് യഹോവ തന്റെ ഇടയനായതുകൊണ്ടാണെങ്കിൽ, ലൗകികശക്തി തന്റെ എല്ലാമായ ആത്മാവിൽ സമ്പന്നന് മുട്ടില്ലാത്തത് തന്റെ 'കരുത'ലുകൊണ്ടാണ്. ഭൗതികസമ്പത്ത് നമ്മുടെ സുരക്ഷിതത്വത്തിന്റെ കാര്യം പൂർണ്ണമായും നോക്കിക്കൊള്ളാമെന്ന ഓഫർ വെച്ചു നീട്ടുമ്പോൾ ആ ഓഫർ നാം സ്വീകരിച്ചു പോകുന്ന ഒരു വലിയ ആകർഷണ ശക്തിയാണ് സമ്പത്തിനുള്ളത്. എന്നാൽ ഈ ഓഫറിനോടൊപ്പം നമുക്ക് കൈമാറുന്ന ഒരു ബോണസ്സാണ് ആത്മീയപാപ്പരത്തം.

ഈയൊരപകടത്തെക്കുറിച്ച് ദൈവം തന്റെ ജനങ്ങളെ എല്ലാ കാലയളവുകളിലും ആവർത്തിച്ചാവർത്തിച്ച് മുന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആ മുന്നറിയിപ്പുകളെ ടൈറ്റാനിക്കിന് ലഭിച്ച മുന്നറിയിപ്പുപോലെ ജനങ്ങൾ അവഗണിച്ചിട്ടുമുണ്ട്. അഹങ്കാരത്തിന്റെ ഈ നിസ്സംഗത ടൈറ്റാനിക്കിനെയും മുന്നറിയിപ്പു ലഭിച്ച ജനങ്ങളെയും കൊണ്ടുപോയത് ദുരന്തങ്ങളിലേക്കാണ്. അങ്ങനെയുള്ള ഒരു മുന്നറിയിപ്പാണ് ദൈവം യിസ്രായേൽ ജനങ്ങൾക്ക് നൽകുന്നത്. *'നീ ഭക്ഷിച്ചു തൃപ്തി പ്രാപിച്ചു നല്ല വീടുകൾ പണിതു അവയിൽ പാർക്കുമ്പോഴും നിന്റെ ആടുമാടുകൾ പെരുകി നിനക്കു വെള്ളിയും പൊന്നും ഏറി നിനക്കുള്ളതു ഒക്കെയും വർദ്ധിക്കുമ്പോഴും നിന്റെ ഹൃദയം നിഗളിക്കാതിരിപ്പാനും... നിന്റെ ദൈവമായ യഹോവയെ നീ മറന്നു: എന്റെ ശക്തിയും എന്റെ കൈയുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചു കൊള്ളേണം"*(ആവർത്തനം 8:12,13–17). അവർ കനാൻ നാട്ടിൽ പ്രവേശിച്ചു. കൃഷിയിറക്കി, വീടുകൾ പണിതു, ശത്രുക്കളെ നിർമ്മൂലമാക്കി. എല്ലാം ഒരു സ്വസ്ഥതയിലേക്കും സുരക്ഷിതത്വത്തിലേക്കും വരുവാൻ തുടങ്ങി. സ്വസ്ഥത എന്നത്തേതും പോലെ ആലസ്യത്തിന് വഴി തുറന്നു. പാപം മാളത്തിൽ നിന്നും മെല്ലെ തല നീട്ടി: *"എന്നാൽ യിസ്രയേൽ മക്കൾ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു. ബാൽ വിഗ്രഹങ്ങളെ സേവിച്ചു"* (ന്യായാധിപന്മാർ 2:11). ഈ ഒരപകടത്തെ കണ്ടുകൊണ്ടാണ് ആഗൂർ പ്രാർത്ഥിക്കുന്നത്: *"...ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതെ നിത്യവൃത്തി തന്നു എന്നെ പോഷിപ്പിക്കേണമേ. ഞാൻ തൃപ്തനായിത്തീർന്നിട്ടു: യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും... സംഗതി വരരുതേ"* (സദൃശവാക്യങ്ങൾ 30:8–9).

നാളയെക്കുറിച്ചുള്ള അരക്ഷിതത്വം മനുഷ്യന് ഭയമാണ്. ആ ഭയത്തെ ഒഴിവാക്കുവാൻ മനുഷ്യൻ തന്നെ കണ്ടെത്തിയ ഒരു പോംവഴിയാണ് നാളത്തേക്കുള്ള ഇന്നത്തെ സംഭരണം. ആ ഒരു തത്വത്തിലാണ് യിസ്രായേൽ മക്കളിൽ ചിലർ 'നാളത്തേക്കുള്ള മന്ന' കൂടി പെറുക്കിയെടുത്തത്: "*പിറ്റന്നാളത്തേക്ക് ആരും ഒട്ടും ശേഷിപ്പിക്കരുതെന്നു മോശെ പറഞ്ഞു. എങ്കിലും ചിലർ മോശെയെ അനുസരിക്കാതെ പിറ്റന്നാളത്തേക്കു കുറേ ശേഷിപ്പിച്ചു; അതു കൃമിച്ചു നാറി...*"(പുറപ്പാട് 16:19-20). 'നാളത്തേക്കുള്ള മന്ന'ദൈവത്തിന്റെ സംഭാവനയല്ല മനുഷ്യന്റെ കണ്ടെത്തലാണ്. 'കെട്ടിക്കിടക്കുന്നത് നാറു'മെന്നുള്ളത് പ്രകൃതി നിയമമാണ്. അതുകൊണ്ടാണ് യേശു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത്: "*ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നു തരണമേ*"(മത്തായി 6:11). വർത്തമാനകാലത്തിന്റെ ആവശ്യമാണ് നമ്മുടെ ആവശ്യം മറ്റേതെല്ലാം ആഗ്രഹങ്ങളോ മോഹങ്ങളോ ഒക്കെയാണ്.*

മനുഷ്യന്റെ നിലനിൽപ്പും, ആശ്രയവും, സുരക്ഷിതത്വവും, അവന്റെ നീക്കിയിരിപ്പിൽ ആകരുതെന്ന് ദൈവത്തിന് നിർബന്ധമുണ്ട്. കാരണം, ദൈവത്തിലുള്ള ആശ്രയം നാം മറ്റൊന്നിലേക്കാക്കുമ്പോൾ ശപിക്കപ്പെട്ട ഒരവസ്ഥയാണ് നാം വിളിച്ചുകൊണ്ടു വരുന്നത്: "*യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ട വൻ*" (യിരെമ്യാവു 17:5). വള്ളിച്ചെടിക്ക് വളരുവാൻ താങ്ങുകൾ സഹായകമാകുന്നതുപോലെ മനുഷ്യന് താങ്ങാകുന്ന എന്തിലും അവൻ ചുറ്റിപ്പടരും. നമുക്ക് 'കീറാമുട്ടി'യെന്ന് നാം തന്നെ വെറുതെ വരുത്തിത്തീർക്കുന്ന ഈ പ്രസ്താവന യേശു പറഞ്ഞത് അതിനാലാണ്: "*പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ സ്വരൂപിക്കരുത്*" (മത്തായി 6:19). *കാരണം: "നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും."*

---

**ഭാവി പദ്ധതികൾ ഒന്നും ഉണ്ടാക്കരുതെന്നും ഇന്നത്തെകാര്യം മാത്രമേ ചിന്തിക്കാവൂ എന്നല്ല അതിനർത്ഥം. നാളെ ഇഡ്ഡലി ഉണ്ടാക്കണമെങ്കിൽ ഇന്നു തന്നെ അരിയും ഉഴുന്നും വെള്ളത്തിലിട്ട് അരയ്ക്കണമല്ലോ. നാം ഇന്ന് കാണുന്നതുപോലെയുള്ള കൂട്ടിവെപ്പും നാളെയെക്കുറിച്ചുള്ള ചിന്ത കാരണം ക്രിസ്തുവിലുള്ള ഏകാഗ്രത നഷ്ടമാകുന്ന രീതിയിലുള്ള ലക്ഷ്യം തെറ്റിയുള്ള യാത്രയുമാണ് ഇവിടത്തെ വിവക്ഷ.*



**ആത്മാവിൽസമ്പന്നൻ – സ്വയതൃപ്തൻ**

"*ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിനും മുട്ടില്ല...*" (വെളിപ്പാട് 3:17). ലവൊദിക്യ സഭ സ്വയതൃപ്തിയുടെ സമ്പന്നത കൈവരിച്ചപ്പോൾ തനിക്കിനി ആരുടെയും ആവശ്യമില്ല; ദൈവത്തിന്റേതുപോലും. തന്റെ യോഗ്യതകളിൽ ആത്മീയ സമ്പന്നന് എപ്പോഴും തികഞ്ഞ വിശ്വാസമാണ്. സ്വന്തശക്തികൊണ്ട് പ്രാപിച്ചെടുക്കാവുന്നതേ ഈ പ്രപഞ്ചത്തിൽ എന്തുമുള്ളൂ. ഇച്ഛാശക്തി (Self-will), സ്വയശക്തി (Self-Power) ഒക്കെ ആത്മീയസമ്പന്നന്റെ ശക്തി സ്രോതസ്സുകളാണ്.

പ്രാർത്ഥിച്ചിട്ടു തന്നെയായിരിക്കാം ആത്മീയസമ്പന്നനും കാര്യങ്ങളൊക്കെ തുടങ്ങുന്നതും നിറുത്തുന്നതും. പിന്നീട് ആ കാര്യങ്ങളിൽ നിന്നും ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധിച്ചാലറിയാം തന്റെ സ്വയത്തിന് എത്ര പൊക്കമുണ്ടെന്ന്. 'എന്റെ പ്രാർത്ഥന', 'എന്റെ വിശുദ്ധി' തുടങ്ങി 'എന്റേതു'കളുടെ ഒരു പരമ്പര തന്നെ കേൾക്കാം.

ആത്മാവിൽ ദരിദ്രൻ തനിക്ക് ലഭിക്കപ്പെട്ട നന്മകളുടെയും വരങ്ങളുടെയും കഴിവുകളുടെയും സൂക്ഷിപ്പുകാരൻ (Steward) മാത്രമാണ്. തന്റേതല്ലാത്ത വസ്തുവകകൾ കുറച്ചുകാലത്തേക്ക് സൂക്ഷിക്കുവാനും കൈകാര്യം ചെയ്യുവാനും ഏൽപ്പിക്കപ്പെട്ടവനാണല്ലോ കാര്യസ്ഥൻ. യിസ്രായേലിന്റെ സംഗീതസാമ്രാട്ടായ ദാവീദ്, പദവികളും മാനങ്ങളും തന്നെ കിരീടമണിയിക്കുമ്പോഴും തനിക്കുവേണ്ടി ഉപയോഗിക്കുവാൻ തിരഞ്ഞെടുത്ത നാമമാണ് 'ദരിദ്രൻ'. "*ഞാനോ എളിയവനും ദരിദ്രനും ആകുന്നു...*"(സങ്കീർത്തനം 40:17). ദരിദ്രന് എന്തെങ്കിലുമുണ്ടെങ്കിൽ അത് ഔദാര്യത്താൽ ലഭിച്ചതു മാത്രമാണ്; തന്റേതല്ലാത്തത് കൈകാര്യം ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ടത്. പൗലൊസിന്റെയും ബോധ്യം മറ്റൊന്നായിരുന്നില്ല: "*എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു*"(2 കൊരിന്ത്യർ 4:7). മറ്റൊരു ഭാഗത്ത് പൗലൊസ് പറയുന്നത്: "*ഞങ്ങളിൽ എന്തെങ്കിലും മേന്മ യുള്ളതായി അവകാശപ്പെടാൻ ഞങ്ങൾക്കു യോഗ്യതയില്ല; ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നു വരുന്നു* (2 കൊരിന്ത്യർ 3:5 NIBV).

എന്നാൽ കൊരിന്തിലെ വിശ്വാസികൾക്ക് ആത്മീയസമ്പന്നന്റെ നിലപാടാണ് ഉണ്ടായിരുന്നത്. അവർക്ക് ജഡത്തിൽ പ്രശംസിക്കുവാനും സ്വയത്തെ ഉയർത്തികാണിക്കുവാനും ഏറെയുണ്ട്. തങ്ങളുടെ നേതാവ് പൗലൊസിനെക്കുറിച്ച് ഒരു വിഭാഗം പറയുമ്പോൾ മറ്റൊരു വിഭാഗത്തിന് പൊക്കിപ്പറയുവാനുള്ളത് തങ്ങളുടെ നേതാവ് അപ്പൊല്ലോസിനെ

ക്കുറിച്ചാണ്. ജഡത്തിലുള്ള (ദൈവത്തെ ഒഴിവാക്കിയതെന്തും ജഡമാണ്) അവരുടെ ആനന്ദഗീതങ്ങൾക്കെതിരെ ആത്മീയദരിദ്രനായ പൗലൊസ് ചോദിക്കുന്നത്: "അപ്പൊല്ലോസ് ആര്? പൗലൊസ് ആര്? കർത്താവ് തങ്ങളെ നിയോഗിച്ചതിൻപ്രകാരം, നിങ്ങൾ വിശ്വസിക്കുവാൻ മുഖാന്തര മായിത്തീർന്ന ശുശ്രൂഷക്കാർ മാത്രമല്ലേ? *ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു; വളർത്തിയതോ ദൈവമാണ്. ആകയാൽ വളർത്തുന്ന ദൈവ മല്ലാതെ നടുന്നവനോ നനയ്ക്കുന്നവനോ ഏതുമില്ല*" (1 കൊരിന്ത്യർ 3:5-7).

**ദൈവമെന്ന ഊന്നുവടി**

ഒരു തളർവാത രോഗിക്ക് ഊന്നുവടി എങ്ങനെയോ അങ്ങനെയാണ് ആത്മീയ ദരിദ്രന് ദൈവം. അവന്റെ പ്രതീക്ഷ മറ്റൊന്നിലുമല്ല ദൈവത്തിൽ മാത്രം: "*ഈ ദരിദ്രൻ നിലവിളിച്ചു. യഹോവ കേട്ടു; അവന്റെ സകല യാതനകളിൽ നിന്നും അവനെ വിടുവിച്ചു* (സങ്കീർത്തനം 34:6 NIBV). രണ്ടു ബോധ്യങ്ങളാണ് തന്റെ നേരെ വരുന്ന സുനാമിത്തിരകളെ തടഞ്ഞു നിറുത്തുവാൻ ആത്മാവിൽ ദരിദ്രന് സഹായമാകുന്നത്: "*യഹോവേ, ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടായാൽ സഹായിപ്പാൻ നീയ ല്ലാതെ ആരുമില്ല; ഞങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളേ സഹായി ക്കണമേ; നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു*" (2 ദിനവൃത്താന്തം 14:11). ഈ വാക്യത്തിൽ തന്റെ രണ്ടു ബോധ്യങ്ങൾ ആത്മാവിൽ ദരിദ്രൻ പകർത്തി വെച്ചിട്ടുണ്ട്:

ഒന്ന്: ഞാൻ ബലഹീനൻ

രണ്ട്: ബലവാനായ യഹോവ എന്റെ സഹായം.

ഈ രണ്ടു ബോധ്യങ്ങളും പരസ്പര പൂരകങ്ങളാണ്. നാം ബലഹീന രാണെന്ന് നമുക്ക് തോന്നാത്തിടത്തോളം ദൈവത്തിന്റെ ബലം നമ്മിൽ പകരുകയില്ല. "Grace has a constant characteristic- a man cannot receive it until he has realized his need of it."[13] വിശപ്പില്ലാത്തിടത്ത് ആഹാരത്തിന് സ്ഥാനമില്ലല്ലോ!

ദൈവത്തിന്റെ ഊന്നുവടിയിൽ ചാരണമെങ്കിൽ നമ്മുടെ 'സ്വയ' ത്തിന്റെ നട്ടെല്ല് ഒടിഞ്ഞേ പറ്റൂ. ചിലപ്പോൾ നട്ടെല്ലൊടിക്കുന്ന പ്രവൃത്തി ദൈവം തന്നെ ഏറ്റെടുക്കും. മോശെ ഈ വിഷയത്തിൽ നമുക്കൊരു ദൃഷ്ടാന്തമാണ്. മിസ്രയീമിലെ വിദ്യകളൊക്കെ അഭ്യസിച്ച് മോശെ 'ശക്ത'നായിത്തീർന്നു. യെഹൂദാ ചരിത്രകാരനായ യോസിഫസ് ആ വന്മ രത്തിന്റെ പടർപ്പുകളെക്കുറിച്ച് വിവരിക്കുന്നതിങ്ങനെയാണ്: 'മോശെ വളർന്നു കഴിഞ്ഞപ്പോൾ മറ്റെല്ലാ മിസ്രയീമ്യ സൈന്യാധിപന്മാരിലും



അഗ്രഗണ്യനായിത്തീർന്നു. എത്യോപ്യവരെയും തന്റെ സൈന്യത്തെ നയിച്ച് മോശെ വിജയശ്രീ ലാളിതനായി.'[14]

തന്റെ ലൗകീകമായ നേട്ടങ്ങളും വിജയങ്ങളും മോശെയുടെ നട്ടെല്ലിന് ഒന്നുകൂടി ഉറപ്പു നൽകി. തന്നിൽതന്നെയുള്ള വിശ്വാസം വർ ദ്ധിച്ചു. ആത്മീയ സമ്പന്നനായിത്തീർന്ന മോശെ തന്റെ 'ശക്തി' യിസ്രാ യേൽ ജനങ്ങളും തിരിച്ചറിയുമെന്ന് ചിന്തിച്ചു: "*ദൈവം താൻ മുഖാന്തരം അവർക്കു രക്ഷ നൽകും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു അവൻ നിരൂപിച്ചു; എങ്കിലും അവർ ഗ്രഹിച്ചില്ല*" (അപ്പൊ.പ്രവൃത്തികൾ 7:25).

ദൈവത്തിന് സ്വയത്തിന്റെ നട്ടെല്ലുള്ളവരെ ആവശ്യമില്ല. മോശെയെ തന്നെയാണ് ദൈവം ഉപയോഗിക്കുവാനാഗ്രഹിക്കുന്നത്; പക്ഷേ അതിനു മുമ്പ് മോശെയിൽ ദൈവത്തിന് ചില പ്രവൃത്തികൾ ചെയ്യുവാനുണ്ട്. അതി നായി, മാനത്തിനും പുകഴ്ചയ്ക്കും ഹേതുവായ മോശെയുടെ എല്ലാ താങ്ങുകളും ദൈവം മോശെയിൽ നിന്നും പറിച്ചുമാറ്റി മരുഭൂമിയിലേക്ക് ഓടിച്ചുവിട്ടു. നാൽപ്പതുവർഷമെടുത്താണ് മോശെയുടെ ഞാനെന്ന ഭാവം വളർന്നതെങ്കിൽ അത്രയും വർഷം തന്നെയെടുത്താണ് തന്റെ താനെന്ന ഭാവത്തെ ദൈവം തകർക്കുന്നത്. രാജകൊട്ടാരത്തിന്റെ ഗാംഭീര്യവും പ്രൗഢിയുമാണ് തന്റെ താനെന്ന ഭാവത്തെ വളർത്തുവാൻ വളമായതെ ങ്കിൽ മരുഭൂമിയുടെ ശൂന്യതയും, കാഴ്ചക്കാർ തന്റെ പ്രവൃത്തികളെ കാണു വാൻ ഇല്ലാത്തതുമാണ് അതിനെ തളർത്തുവാനുള്ള മറുമരുന്നായത്. "ദൈവത്തിന്റെ ജ്ഞാനത്തിന്റെ ആഴമേ!"

ഒടുവിൽ, എപ്പോഴും സംഭവിക്കുന്നതുപോലെ ദൈവം തന്നെ വിജ യിച്ചു. ദൈവത്തെ ഒഴിവാക്കി 'എനിക്ക് കഴിയുമെന്ന്'ചിന്തിക്കുവാൻ മോശെക്ക് എളുപ്പമായിരുന്നെങ്കിൽ, ഇപ്പോൾ ചിന്തകളും വാക്കുകളും മാറിമറിഞ്ഞു: "*ഞാൻ എന്തുമാത്രമുള്ളൂ*"(പുറപ്പാട് 3:11). ആ തിരിച്ചറി വിലേക്കാണ് ദൈവം തന്റെ സഹായത്തിന്റെ കരം നീട്ടുന്നത്. ദൈവം മോശെയോടു പറഞ്ഞു: "*ഞാൻ നിന്നോട് കൂടെയിരിക്കും*" (പുറപ്പാട് 3:12).

ഇതേ പാഠം തന്നെയാണ് ജോഹാൻസ് ഫേഷ്യസും (Johans Facius) പഠിച്ചത്. ഒരു അന്തർദേശീയ ക്രിസ്റ്റ്യൻ ലീഡറായിരുന്നു ഫേഷ്യസ്. അന്തർദേശീയ തലത്തിൽ പല കോൺഫറൻസുകൾ സംഘടിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്ന അറിയപ്പെടുന്ന ഒരു വ്യക്തി. വിജയ ങ്ങളുടെ ശേഷിപ്പായി നമ്മിൽ വന്നുകയറുന്ന ഒരു തിന്മയായ 'എന്നെ കൂടാതെ ദൈവത്തിനെന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?' എന്ന ചിന്ത ഫേഷ്യസിലും കയറി. 'വീഴ്ചയ്ക്കു മുമ്പേ ഉന്നതഭാവം'. പെട്ടെന്നാണ്

കാര്യങ്ങളെല്ലാം തകിടം മറിഞ്ഞത്. മാനസികവും ശാരീരികവുമായ പല പ്രയാസങ്ങളും തന്നിലേക്ക് കടന്നുവന്നു. ആകെ അന്ധകാരത്തിലായ ദിനങ്ങൾ. മൂന്നരവർഷമെടുത്തു ആ മരുഭൂമി കടന്നു കിട്ടാൻ. ഏതോ നിമിഷത്തിൽ ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി ഫേഷ്യസ് നിലവിളിച്ചപ്പോൾ ദൈവം തന്റെ പണി ആയുധങ്ങളുമായി വന്ന് പണി ആരംഭിച്ചു. ഫേഷ്യസ് മുട്ടുകുത്തിത്തുടങ്ങി. ഫേഷ്യസിന്റെ തന്നെ ഭാഷയിൽ 'തകർക്കപ്പെട്ട ഒരു പ്രസംഗകന്റെ പാഠ'ങ്ങളിലേക്ക് താൻ കടന്നു ചെന്നു. ആത്മീയ സമ്പന്നന്റെ കൂടാരത്തിൽ നിന്നും ആത്മീയ ദരിദ്രന്റെ തെരുവിലേക്കിറങ്ങിയപ്പോൾ ദൈവത്തിന്റെ പ്രകാശം തെളിയുവാൻ തുടങ്ങി. ഒടുവിൽ ഫേഷ്യസ് എത്തിച്ചേർന്ന ഉപസംഹാരമാണ് തന്റെ ആത്മകഥയ്ക്ക് താൻ നൽകിയ പേര് 'എന്നെക്കൂടാതെയും ദൈവത്തിന് ഇത് ചെയ്യാവുന്നതേയുള്ളൂ' (God can do it without me).

**ആത്മീയദാരിദ്ര്യവും പ്രാർത്ഥനയും**

'ആത്മാവിൽ ദരിദ്രന്റെ ഭാഷ'യും ആത്മാവിൽ സമ്പന്നന്റെ ആഡംബരവുമാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നമുക്കുള്ള വിശ്വാസം 'ഞാൻ' പ്രാർത്ഥിക്കുന്നു എന്നതിലാണ്. അതുകൊണ്ടു തന്നെ പ്രാർത്ഥനയിൽ 'ആത്മാർത്ഥത'യേക്കാൾ നാം കൂടുതൽ ശ്രദ്ധിക്കുന്നത് പ്രാർത്ഥനാ വാചകങ്ങളാണ്. ഗംഭീരൻ പ്രാർത്ഥന, ശക്തമായ പ്രാർത്ഥന, നല്ല പ്രാർത്ഥന എന്നൊക്കെ അഭിപ്രായപ്പെടുമ്പോൾ അതിനു പിമ്പിൽ നാം ഉദ്ദേശിക്കുന്ന അർത്ഥം വാക്കുകളുടെ ഉച്ചസ്ഥായിയും, താളാത്മകതയും, വേഗതയും ഒക്കെ അല്ലേ? പരീശന്മാരുടെ പ്രാർത്ഥന കേൾവിക്കാർക്ക് രസകരമായിരുന്നപ്പോൾ നെഞ്ചുരുകി ദൈവത്തോട് നിലവിളിക്കുന്ന ഹന്നയുടെ (ശമൂവേൽ പ്രവാചകന്റെ അമ്മ) പ്രാർത്ഥന മദ്യാസക്തിയിലുള്ള ജല്പനമായിട്ടേ കേൾവിക്കാർക്ക് തോന്നിയുള്ളൂ. എന്നാൽ ആ പ്രാർത്ഥനയുടെ മറുപടിയാണ് യിസ്രായേലിന്റെ ആദ്യത്തെ പ്രവാചകനായ ശമൂവേൽ എന്ന് നാം ഓർക്കണം.

പ്രാർത്ഥനാ വീരന്മാരെന്ന പേരിൽ നാം ചിലരെ എഴുന്നള്ളിക്കുമ്പോഴും, പൂമാലയണിയിക്കുമ്പോഴും, സ്വയം പൂമാലയണിയുമ്പോഴും അത് സ്വയത്തിന്റെ ആഘോഷങ്ങളാണോയെന്ന് ഒന്നന്വേഷിക്കുന്നത് വലിയ ഒരു വിപത്തിനെ ഒഴിവാക്കുവാൻ ഇടയാക്കും. അസ്സീസിയിലെ ഫ്രാൻസിസ്സിന്റെ പ്രാർത്ഥനയിലൂടെ അനേകർക്ക് രോഗശമനം ലഭിച്ചു. അതേ സമയം ഫ്രാൻസിസാകട്ടെ പലവിധ രോഗങ്ങൾക്ക് അടിമയും. ആരോ അതേക്കുറിച്ച് ആരാഞ്ഞപ്പോൾ ആ ഭക്തന്റെ മറുപടി ഇങ്ങനെയായിരുന്നു: "ഞാനല്ല, രോഗികളെ സൗഖ്യമാക്കുന്നതെന്ന് എന്നെ ഓർമ്മിപ്പിക്കുവാനുള്ള ദൈവത്തിന്റെ ഒരു ക്രമീകരണമാണിത്."



എന്താണ് യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന? നമുക്ക് പ്രാർത്ഥന നിറുത്തുവാനുള്ള ഒരു ഉപസംഹാര വാക്യമല്ല അത്; ആത്മാവിൽ ദരിദ്രന്റെ മുദ്രയാണ്. ആ മുദ്ര ദൈവം തന്നെ അവന് സമ്മാനിച്ചതാണ്. പ്രാർത്ഥനയാകുന്ന അപേക്ഷ ദൈവത്തിന് സമർപ്പിക്കുമ്പോൾ നമ്മുടെ ഏതെങ്കിലും യോഗ്യതകൾ പ്രാർത്ഥനയെ സഹായിക്കുന്നില്ല. കാരണം, '*നമ്മുടെ നീതി പ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണി പോലെ'യാണ്* (യെശയ്യാവ് 64:6). എന്നാൽ യേശുവിന്റെ നാമത്തിൽ അല്ലെങ്കിൽ യേശുവിന്റെ കെയറോഫിലാണെങ്കിൽ, അത് നമ്മുടെ പ്രാർത്ഥന ദൈവം സ്വീകരിക്കുവാൻ തികഞ്ഞ യോഗ്യതയുമാണ്. എന്നാൽ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുകയും അതേ സമയം നമ്മുടെ യോഗ്യതകളെക്കുറിച്ച് നാം ചിന്തിക്കുകയും പറയുകയും ചെയ്യുകയാണെങ്കിൽ യേശുവിന്റെ നാമം ഒരു പ്രഹസനം മാത്രമാണ്.

**ആത്മാവിൽ ദരിദ്രരായ വിജാതീയരും (അനാത്മികർ!) ആത്മാവിൽ സമ്പന്നരായ യെഹൂദരും (ആത്മികർ!)**

ആത്മാവിൽ ദരിദ്രന്റെ ലക്ഷണങ്ങൾ യേശുവിന്റെ കാലത്തെ വിജാതീയരിലും അല്ലെങ്കിൽ പരീശന്മാരോ സാദൂക്യരോ അല്ലാത്ത സാധാരണക്കാരിലും ആത്മാവിൽ സമ്പന്നന്റേത് യെഹൂദപ്രമാണിമാരിലും കാണുവാൻ കഴിയും. യെഹൂദന്മാർ 'ദൈവത്തിന്റെ സ്വന്തജന'മെന്ന പദവിയിൽ അഹങ്കാരത്തിന്റെ നെറുകയിലായിരുന്നവരും; വിജാതീയർ, 'പുറംപറമ്പിൽ എറിയപ്പെട്ടവർ' എന്ന അവസ്ഥ സ്വീകരിച്ച് യേശുവിന്റെ കാരുണ്യത്തിനായി നിലവിളിക്കുന്നവരുമായിരുന്നു.

**a. യേശുവിന് നന്ദി പറഞ്ഞവർ യെഹൂദന്മാരല്ല, യെഹൂദേതരരാണ് – വിജാതീയരാണ്**

യേശുവിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചാൽ ഒരു യെഹൂദന് നന്ദി പറയേണ്ടതില്ല! കാരണം, തനിക്കു ലഭിച്ച സഹായം ഔദാര്യമല്ല അവകാശമാണ്. യേശു സൗഖ്യമാക്കിയ പത്തു കുഷ്ഠരോഗികളിൽ ഒരാൾ മാത്രമേ മടങ്ങി വന്ന് യേശുവിന് നന്ദി പറഞ്ഞുള്ളൂ. അതെക്കുറിച്ച് ലൂക്കൊസ് എടുത്തു പറയുന്ന കാര്യം – '*അവനോ ശമര്യാക്കാരൻ ആയിരുന്നു*' എന്നാണ് (ലൂക്കൊസ് 17 : 15–16)

സഭായോഗത്തിന്റെയോ, ഭവനപ്രാർത്ഥനയുടെയോ ഭാഗമായി പ്രെയ്സ് ആന്റ് വർഷിപ്പ് 'നടത്തി' എന്നതു കൊണ്ടോ, 'സ്തോത്രം സ്തോത്ര'മെന്ന് ആവർത്തിച്ചു പറഞ്ഞതു കൊണ്ടോ, നാം ദൈവത്തോട് നന്ദിയുള്ള ആത്മാവിൽ ദരിദ്രരാണെന്ന് ചിന്തിക്കുന്നത് ഭോഷത്തമാണ്.

പലപ്പോഴും നമ്മുടെ സ്തുതി പറച്ചിൽ (നന്ദി പറച്ചിൽ) നിർബന്ധിക്കപ്പെട്ട് പറഞ്ഞു പോകുന്ന സാഹചര്യത്തിന്റെയോ ചടങ്ങിന്റെയോ ആചാരത്തിന്റെയോ ഭാഗം മാത്രമാണ്. ഹിറ്റ്ലറെക്കുറിച്ചുള്ള ഒരു കഥ ഓർമ്മയിൽ മങ്ങിക്കിടക്കുന്നതിങ്ങനെയാണ്: ഹിറ്റ്ലറുടെ കാലത്ത് തന്നെക്കുറിച്ചുള്ള ചില ദൃശ്യങ്ങൾ സിനിമാ തിയേറ്ററിൽ പ്രദർശിപ്പിക്കും. സിനിമ കാണുവാൻ വന്നിരിക്കുന്നവർ ഹിറ്റ്ലറോടുള്ള ബഹുമാനാർത്ഥം അപ്പോൾ എഴുന്നേറ്റു നിൽക്കണം. ഒരിക്കൽ ഇതു പരിശോധിക്കാനായി ഹിറ്റ്ലർ തിയേറ്ററിൽ എത്തി (വേഷം മാറിയായിരിക്കണം). ഹിറ്റ്ലറുടെ ദൃശ്യം സ്ക്രീനിൽ തെളിഞ്ഞപ്പോൾ ആളുകൾ ചാടി എഴുന്നേറ്റു; ഹിറ്റ്ലറൊഴികെ. അടുത്തു നിന്ന ആൾ ഹിറ്റ്ലറെ തോണ്ടിക്കൊണ്ടു പറഞ്ഞു: "തല പോകണ്ടായെങ്കിൽ എഴുന്നേറ്റു നിന്നോ!"

ആത്മാവിൽ ദരിദ്രന് ദൈവത്തോട് ഡിമാന്റുകളില്ലാത്തതുകൊണ്ട്, പരിഭവങ്ങളും ഇല്ല. പിന്നെ ലഭിച്ചതൊക്കെ ദൈവത്തിന്റെ ഔദാര്യം കൊണ്ടു മാത്രം. നന്ദി പറയുവാനല്ലാതെ ആത്മാവിൽ ദരിദ്രൻ മറ്റെന്തു ചെയ്യാൻ. ആത്മാവിൽ ദരിദ്രനാകാത്തിടത്തോളം നമ്മുടെ നന്ദികൾ കേവലം വാക്കുകൊണ്ടുള്ള ഒരു തരം കളിയാണ്.

ആത്മീയ സമ്പന്നൻ തനിക്കു ലഭിക്കുന്നതെല്ലാം ലഭിക്കേണ്ടതു തന്നെയാണെന്നു ചിന്തിക്കുന്നതുകൊണ്ട് 'തന്റെ യോഗ്യത'യ്ക്കാണ് ഊന്നൽ. പ്രസിദ്ധ റേഡിയോ പ്രഭാഷകനും ഗ്രന്ഥകർത്താവുമായിരുന്ന സെൽവിൻ ഹ്യൂസിനോട് (Selwyn Hughes) ഒരു റേഡിയോ ഇന്റർവ്യൂവിൽ ചോദിച്ച ഒരു ചോദ്യം: "ഒരു കൗൺസിലർ എന്ന നിലയിലും ദീർഘനാളായി ക്രിസ്തീയ ശുശ്രൂഷയിൽ ആയിരിക്കുന്ന വ്യക്തി എന്ന നിലയിലും വിശ്വാസികൾ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം ഏതാണെന്ന് പറയാമോ?" ഹ്യൂസ് നൽകിയ മറുപടി: "ദൈവം തങ്ങൾക്ക് നൽകാതിരുന്നതോ തങ്ങൾക്കുവേണ്ടി പ്രവർത്തിക്കാതിരുന്നതോ ആയ ഏതെങ്കിലും കാര്യങ്ങൾ നിമിത്തം ദൈവത്തോടു വിശ്വാസികൾക്കുണ്ടാകുന്ന അമർഷവും, ആ അമർഷം അവരിൽ നൽകുന്ന ദൈവത്തെക്കുറിച്ചുള്ള തെറ്റായ ബോധ്യവുമാണ് ആ ഏക പ്രശ്നം."

ദൈവം തനിക്കു വേണ്ടി പ്രവർത്തിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് അമർഷത്തോടുകൂടി ഒരാൾ ചിന്തിക്കുമ്പോൾ ആ ചോദ്യത്തിനു പിന്നിലുള്ള അമർഷത്തിനു കാരണം അയോഗ്യമായി തന്നിൽ ഒന്നും തന്നെ ഇല്ലല്ലോ; പിന്നെ എന്തുകൊണ്ട് ദൈവത്തിന് താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ തന്നുകൂടാ എന്ന മനോഭാവമാണ്. ഇതാണ് ആത്മീക സമ്പ



ന്നന്റെ ഭാവം. അങ്ങനെയാണെങ്കിൽ പിന്നെ കുറ്റവാളി ദൈവം തന്നെ! ലഭിക്കുന്നതൊക്കെ യോഗ്യത കൊണ്ടാകുമ്പോൾ പ്രത്യേകിച്ചു നന്ദി പറച്ചിലിന്റെ ആവശ്യവും ഇല്ല. ഇന്ത്യൻ പശ്ചാത്തലത്തിൽ, ലഭിക്കുവാൻ കടപ്പെട്ടത് ലഭിക്കുമ്പോൾ പൊതുവെ ആരും നന്ദി പറയാറില്ലല്ലോ. രാവന്തിയോളം പണിയെടുത്ത് ഒടുവിൽ കൂലി വാങ്ങുമ്പോൾ ആരാണ് നന്ദി പറയുക. എന്നാൽ ലഭിക്കാതിരുന്നാലോ യോഗ്യതകൾ ഏറെയുണ്ടായിട്ടും നിഷേധിക്കപ്പെട്ടത് ദൈവത്തെ ചോദ്യം ചെയ്യുവാൻ കാരണമായും ഭവിക്കുന്നു. 'അയാളെ വണ്ടിയിടിച്ചത് അയാൾ എന്നെപ്പോലെ കാര്യങ്ങൾ ചെയ്യാത്തതുകൊണ്ടാണെന്ന്' നാം ചിന്തിക്കുമ്പോൾ, 'എന്നെ വണ്ടിയിടിക്കാത്തത് ഞാൻ ശരിയായി ചെയ്യുന്നതുകൊണ്ടാണെന്ന്' നാം മൗനമായി നമ്മോടു തന്നെ പറയുകയാണ്.

ദൈവത്തോട് നമുക്ക് നന്ദി തോന്നാത്തതും ഹൃദയത്തിന്റെ ഉൾത്തട്ടിൽ നിന്നു നന്ദി പറയാത്തതും ദൈവത്തിന്റെ കൃപ നമുക്കിപ്പോൾ അത്യന്താപേക്ഷിതമല്ലാതായിരിക്കുന്നതിനാലാണ്. അതേക്കുറിച്ച് ചാൾസ് ഫിന്നിയുടെ വാക്കുകൾ ഇങ്ങനെയാണ്: "രക്ഷ കൃപയാലാണെന്ന തിയറി എല്ലാവർക്കുമറിയാം; അതിലാർക്കും സംശയമില്ല. അതുപോലെ തന്നെ എനിക്കറിയാവുന്ന മറ്റൊരു കാര്യമാണ് ഇവരിൽ പലരും പിന്നീടും കൃപ ആവശ്യമാണെന്നതിൽ വിശ്വസിക്കുന്നില്ല" (I know people hold in theory that salvation is all grace, and suppose themselves not to doubt it, and I know too that very many of those same people do not believe it after all).

**b. യാചിച്ചവർ ജാതീയരാണ്**

ജാതികൾ യേശുവിന്റെ അടുക്കൽ കൽപ്പിച്ചില്ല, യാചിച്ചതേയുള്ളൂ. യേശുവിന്റെ അടുക്കൽ മകളുടെ സൗഖ്യവും തേടി വന്ന കനാന്യസ്ത്രീ തന്റെ മകളെ സൗഖ്യമാക്കുവാൻ യേശുവിനോട് യാചിക്കുന്നു. അവളുടെ അപേക്ഷയെ സുവിശേഷകൻ രേഖപ്പെടുത്തുന്നത് നിലവിളിയായിട്ടാണ്: "*കർത്താവേ, ദാവീദുപുത്രാ, എന്നോടു കനിവുണ്ടാകണമേ, എന്റെ മകളെ ഒരു ഭൂതം ബാധിച്ച് കഠിനമായി പീഡിപ്പിക്കുന്നു" എന്നു നിലവിളിച്ചു പറഞ്ഞു*" (മത്തായി 15:22). എന്നാൽ യേശുവിന്റെ മറുപടി സഹതാപത്തോടു കൂടിയതല്ലായിരുന്നു എന്നു ഒറ്റ നോട്ടത്തിൽ നമുക്ക് തോന്നാം: "*മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടു കൊടുക്കുന്നതു നന്നല്ല*" (മത്തായി 15:26). ആ സ്ത്രീയാകട്ടെ പിന്നെയും കുനിയുന്നു. അവൾ വീണ്ടും യേശുവിനോട്: "*ശരിയാണ് കർത്താവേ, എന്നാലും അവരുടെ യജമാനന്റെ മേശപ്പുറത്തു നിന്നും വീഴുന്നവയെങ്കിലും നായ്ക്കൾ*

*തിന്നാറുണ്ടല്ലോ*" (Easy-to-read version). ജാതീയ സ്ത്രീയായ അവൾ യേശുവിന്റെ ഔദാര്യത്തിനു വേണ്ടി കാത്തുനിൽക്കുന്നു. എന്നാൽ ആത്മാവിൽ സമ്പന്നൻ കൽപ്പിക്കും. ആധുനിക ക്രിസ്ത്യാനിത്വം ചവറ്റുകൊട്ടയിൽ കളഞ്ഞ ഒരു വാക്കാണ് 'യാചന'. അവർക്ക് എന്തും മോഹിക്കാം ('സ്വപ്നം കാണുക' തുടങ്ങി മനോഹരമായ വാക്കുകളാണ് അതിനുപയോഗിക്കുന്നത്). പിന്നെ അത് നിവർത്തിച്ചു തരാൻ ദൈവത്തോട് കൽപ്പിക്കാം.

തന്റെ ഇഷ്ടങ്ങളിലേക്ക് ദൈവം ഇറങ്ങി വന്ന് ആ ഇഷ്ടങ്ങൾ നിവർത്തിച്ചു തരണമെന്ന് ആത്മാവിൽ സമ്പന്നൻ ശഠിക്കുമ്പോൾ (ഈ ശാഠ്യത്തെയാണ് പലപ്പോഴും നാം വിശ്വാസമെന്ന് വിളിക്കുന്നത്), ദൈവത്തിന്റെ ഹിതത്തിലേക്ക് ആത്മാവിൽ ദരിദ്രൻ തന്നെത്തന്നെ ഏൽപ്പിച്ചു കൊടുക്കുന്നു. ആത്മാവിൽ ദരിദ്രന് യാചനയുടെ ഭാഷയേ അറിയൂ. കാരണം ദൈവം അവന്റെ യജമാനനും കർത്താവുമാണ്. അവിടുത്തെ ഔദാര്യമാണ് തന്റെ ജീവിതം.

എസ്ഥേർ അഹശ്വരോശ് രാജാവിന്റെ മുന്നിൽ ചെന്നത് നിയമപ്രകാരമല്ലായിരുന്നു. മുന്നനുവാദമില്ലാതെ ഒരാൾ, അത് രാജ്ഞിയാണെങ്കിൽക്കൂടെ രാജസന്നിധിയിൽ പ്രവേശിച്ചാൽ മരണശിക്ഷ ലഭിക്കാം; രാജാവിന്റെ ചെങ്കോൽ തന്റെ നേരെ നീട്ടപ്പെട്ടില്ലെങ്കിൽ. ആ ചെങ്കോൽ നീട്ടപ്പെടുക എന്നത് പരിപൂർണ്ണമായും അഹശ്വരേശ് രാജാവിന്റെ ഔദാര്യത്തിൽ മാത്രം അധിഷ്ഠിതമാണ്. "*എസ്ഥേർ രാജ്ഞി പ്രാകാരത്തിൽ നിൽക്കുന്നത് രാജാവു കണ്ടപ്പോൾ അവന്നു അവളോടു കൃപ തോന്നി. തന്റെ കൈയിൽ ഇരുന്ന പൊൻചെങ്കോൽ രാജാവ് എസ്ഥേരിനു നേരെ നീട്ടി. എസ്ഥേർ അടുത്തു ചെന്നു ചെങ്കോലിന്റെ അഗ്രം തൊട്ടു*" (എസ്ഥേർ 5:2). എസ്ഥേർ അവകാശവാദങ്ങളുമായല്ല ചെന്നത്. രാജാവിന്റെ കരുണ തേടിയാണ്.

### c. അനുതാപം ജാതീയർക്കു മാത്രമുള്ളത്!

യേശുവിന്റെ അടുക്കൽ 'ഞങ്ങൾ തെറ്റിപ്പോയി' എന്ന വാക്കുമായി വന്ന ഏതെങ്കിലും പരീശനോ ശാസ്ത്രിയോ ഉണ്ടോ? ആത്മാവിൽ ദരിദ്രൻ അനുതാപമുള്ളവനാണെന്നു മാത്രമല്ല അവനു മാത്രമേ അനുതപിക്കേണ്ടി വരുന്നുള്ളൂ! കാരണം, ആത്മാവിൽ സമ്പന്ന് 'തെറ്റു പറ്റാറില്ല' ഒരു യാത്ര പോകുമ്പോൾ അവന് വഴി തെറ്റിയാൽത്തന്നെ 'സ്വയന്യായീകരണ' വാക്കുകളുമായി വരും: 'ഇങ്ങനെയും പോകാമല്ലോ.' എന്നിട്ടും ഉദ്ദേശിച്ച സ്ഥലത്തല്ല മറ്റൊരിടത്താണ് എത്തിയതെങ്കിൽ



പറയും: "ഇങ്ങനെയൊക്കെയല്ലേ പുതിയ സ്ഥലങ്ങൾ പരിചയപ്പെടുന്നത്.". പശ്ചാത്താപം കുറയുന്നത് പാപത്തിന്റെ അപ്രത്യക്ഷത കൊണ്ടല്ല തെറ്റുകൾ കാണാത്തതു കൊണ്ടാണ്. തെറ്റുകൾ കാണാത്തതോ 'കാണേണ്ടാത്ത'തുകൊണ്ടും.

ആത്മാവിൽ സമ്പന്നന് തന്റെ കുറ്റങ്ങൾ ഇറക്കി വെക്കുവാൻ എപ്പോഴും ആരെങ്കിലും കാണും. ആദാമിന് ഹവ്വയും, ഹവ്വയ്ക്ക് പാമ്പുമുണ്ടായിരുന്നു കുറ്റങ്ങൾ ചുമക്കുവാൻ. എന്നാൽ ആത്മാവിൽ ദരിദ്രൻ പ്രതിരോധശക്തിയില്ലാത്തവനാണ്. അവന് തന്റെ കുറ്റങ്ങൾ മറ്റാരുടെയെങ്കിലും മേൽ ചാരി വെക്കുവാൻ കഴിയുകയില്ലെന്നുമാത്രമല്ല, അങ്ങനെ അവൻ ചിന്തിക്കുന്നതുമില്ല. തെറ്റുകൾക്ക് ഉത്തരവാദിത്തം ഏറ്റെടുക്കുന്നതുകൊണ്ട് ആത്മാവിൽ ദരിദ്രൻ അനുതാപഹൃദയനാണ്.

രണ്ടു വ്യക്തികൾ വഴിയരികിലൂടെ നടന്നു പോകുന്നു. അതിലൊരാൾ പട്ടണത്തിലെ ഒരു സമ്പന്നനും മറ്റെയാൾ ഒരു ദരിദ്രനും. ഒരു ജീപ്പ് അവർക്കരികിലൂടെ പാഞ്ഞുപോയപ്പോൾ വഴിയരികിൽ കിടന്ന ചെളിവെള്ളം അവരുടെ മേൽ തെറിച്ചു. അവർ രണ്ടുപേരും ജീപ്പുകാരനെ ചീത്തവിളിച്ചുകൊണ്ട് ജീപ്പിനു പിറകേ കുറച്ചു നേരം ഓടി. ശബ്ദം കേട്ട് ജീപ്പ് ഓടിച്ചിരുന്നയാൾ ജീപ്പ് നിറുത്തി പുറത്തേക്കിറങ്ങി. അപ്പോഴാണവർ കണ്ടത് അയാൾ പട്ടണത്തിലെ ഒരു മുതിർന്ന പോലീസുദ്യോഗസ്ഥനാണ്. പെട്ടെന്ന് ദരിദ്രൻ ആ പോലീസുദ്യോഗസ്ഥന്റെ കാലിൽ വീണ്, താൻ ചീത്തവിളിച്ചതിന് അയാളോട് മാപ്പിരന്നു. കാരണം, ദരിദ്രന് അയാളുടെ കരുണ മാത്രമേ ഇനി രക്ഷയുള്ളൂ. എന്നാൽ സമ്പന്നൻ കുലുങ്ങിയില്ലെന്നു മാത്രമല്ല താൻ ചീത്തവിളിച്ചതിന് ന്യായങ്ങൾ പറയുവാനും തുടങ്ങി. പോലീസുദ്യോഗസ്ഥന്റെ ഔദാര്യം തനിക്ക് ആവശ്യമില്ല. പണവും, സ്വാധീനവും, ആൾബലവും ഉണ്ട്.

ആത്മീയ സമ്പന്നനും അനുതപിക്കേണ്ടാത്ത വിധത്തിൽ സൗകര്യങ്ങളുള്ളവനാണ്. എന്തുകൊണ്ടാണ് അനുതാപം നമ്മെ വിട്ട് മാറിപ്പോയിരിക്കുന്നത്? അല്ല, ഇപ്പോഴും അനുതാപം നമ്മോടു കൂടെയുണ്ടെന്നാണ് വാദമെങ്കിൽ ഒന്നോർത്തു നോക്കൂ നമ്മുടെ തെറ്റ് സമ്മതിച്ച്, അനുതപിച്ച അവസാനദിവസമെന്നാണെന്ന്? നമുക്ക് പാട്ടുണ്ട്, കൺവെൻഷനുകളുണ്ട്, സഭാ ഇലക്ഷനുണ്ട്, രാഷ്ട്രീയ പാർട്ടിയും, പാർട്ടിക്കാരുമുണ്ട്. നാമും ആത്മീയസമ്പന്നരായി. ആത്മീയ സമ്പന്നന്റെ നെഞ്ചും കണ്ണും എന്നും ഉണങ്ങിയതായിരിക്കും. "ഹൃദയം ഉണങ്ങിയതുകൊണ്ട് കണ്ണും ഉണങ്ങിപ്പോയി."[15]

ആർച്ചു ബിഷപ്പ് ഹൈറോത്തിയോസ് ലാക്കോസ് (Hierotheus Vlachos) സഭയെക്കുറിച്ച് പറയുന്നത്: ഇപ്പോഴും "സൗഖ്യം പ്രാപിച്ചിട്ടില്ലാത്ത രോഗികളായ നമ്മെക്കൊണ്ട് നിറഞ്ഞ ഒരാശുപത്രിയാണ് സഭ." അനുതാപത്തിലൂടെയും, ശുദ്ധീകരണത്തിന്റെ വർത്തമാനകാല അനുഭവത്തിലൂടെയും കടന്നുപോകാത്തവർക്ക് കർത്താവ് നൽകുന്ന താക്കീതാണ്: "*നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നും നീക്കുകയും ചെയ്യും*" (വെളിപ്പാട് 2:5). അതുകൊണ്ടാണ് ആത്മാവിൽ ദരിദ്രർക്കുമാത്രം സ്വർഗ്ഗരാജ്യം ലഭ്യമാകുന്നത്. അവരാണല്ലോ പശ്ചാത്താപത്തിലൂടെ രക്ഷയുടെ പാലം കടക്കുന്നത്.

ദുരാത്മാവ് ബാധിച്ച് സംസാരശേഷി നഷ്ടപ്പെട്ട ഒരു ബാലകന്റെ പിതാവിനെക്കുറിച്ച് മർക്കൊസ് വരച്ചു തരുന്ന ചിത്രം ഒരു ആത്മാവിൽ ദരിദ്രന്റേതാണ്. അയാൾ യേശുവിനോട് അപേക്ഷിച്ചു: "*അങ്ങേക്കു കഴിയുമെങ്കിൽ ദയവുതോന്നി ഞങ്ങളെ സഹായിക്കേണമേ*"(മർക്കൊസ് 9:22 NIBV). യേശുവിന്റെ മറുപടി കടുത്തതായിരുന്നു: "അങ്ങേക്കു കഴിയുമെങ്കിൽ എന്നോ? വിശ്വസിക്കുന്നവനു സകലവും കഴിയും." ആ മനുഷ്യൻ ആത്മാവിൽ സമ്പന്നനായിരുന്നെങ്കിൽ യേശുവിന്റെ കുറ്റപ്പെടുത്തലിനു മുമ്പിൽ അനുതപിക്കാതെ മറുത്തു ചോദിക്കാമായിരുന്നു: "അങ്ങയോടു കൂടെ രാവും പകലും നടക്കുന്ന ശിഷ്യന്മാർക്ക് ഇതുവരെ വിശ്വാസം വന്നിട്ടില്ല. എന്റെ മകനെ സൗഖ്യമാക്കുവാൻ അവർക്ക് കഴിയാതിരുന്നത് അവരുടെ അവിശ്വാസം കൊണ്ടാണെന്നു അങ്ങു തന്നെയല്ലേ പറഞ്ഞതും അവരെ ശാസിച്ചതും: "*അവിശ്വാസമുള്ള തലമുറയേ; ഞാൻ എത്രകാലം നിങ്ങളെ വഹിക്കും?*" എന്നിട്ടാണോ എന്റെ അവിശ്വാസത്തെ ശാസിക്കുന്നത്? പക്ഷേ, അയാൾ ആത്മാവിൽ സമ്പന്നനല്ല. ആത്മാവിൽ ദരിദ്രനാണ്. അയാൾ അനുതപിച്ചു. തന്റെ തെറ്റിനെയാണ് കണ്ടത്. ന്യായീകരണത്തിനുള്ള വാക്കുകളല്ല. "*കർത്താവേ, ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ ജയിക്കുവാൻ എന്നെ സഹായിക്കണമേ*" എന്നു നിലവിളിച്ചു പറഞ്ഞു" (മർക്കൊസ് 9:24).

ആത്മാവിൽ ദരിദ്രൻ, കർത്താവിനു വേണ്ടി ജീവിക്കുന്നവനാണ്. ഓസ്വാർഡ് ചേമ്പേഴ്സിന്റെ പ്രസിദ്ധമായ ഒരു പ്രതിദിന ധ്യാന പുസ്തകത്തിന്റെ പേരാണ് 'My utmost for His highest'. ആത്മാവിൽ ദരിദ്രൻ ലോകത്തിന്റെ കണ്ണിൽ തകർത്തെറിയപ്പെട്ടവനും, പരാജിതനും, ശക്തിയില്ലാ



ത്തവനുമൊക്കെ ആയിരിക്കാം. പക്ഷേ, ആ തകർക്കപ്പെടലിൽ നിന്നും പുറപ്പെടുന്ന സുഗന്ധവും നന്മയുമാണ് ഈ ലോകത്തിന്റെ സൗന്ദര്യം.

"*.. ശകാരം കേട്ടിട്ടു ആശീർവദിക്കുന്നു; ഉപദ്രവം ഏറ്റിട്ടു സഹിക്കുന്നു; ദൂഷണം കേട്ടിട്ടു നല്ലവാക്കു പറയുന്നു. ഞങ്ങൾ ലോകത്തിന്റെ ചവറു പോലെയും ഇന്നുവരെ സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു.*" (1 കൊരിന്ത്യർ 4:12–13).

*"എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊൾവിൻ"*
(1 പത്രോസ് 5:5)

### E)വിധേയപ്പെടൽ/കീഴടങ്ങൽ (Submission)

ദൈവത്തിനും നേതൃത്വങ്ങൾക്കും വിധേയരായിരിക്കുക എന്നത് താഴ്മയുടെ പ്രകടമായ ഒരു ലക്ഷണമാണ്. താഴ്മയില്ലാത്തവന് വിധേയത്വം അനാത്മികവും അനാവശ്യവും ആയിരിക്കും.

**വിധേയത്വം: വെറുക്കപ്പെട്ട ഒരദ്ധ്യായം**

ഈ പുസ്തകരചനയിൽ കഠിനമെന്ന് തോന്നിയ ഒരദ്ധ്യായമാണിത്. നമ്മുടെ കാലഘട്ടത്തിന് അത്ര സ്വീകാര്യതയുള്ള വാക്കല്ല വിധേയത്വം. കേൾക്കുവാൻ പൊതുവേ നാം ആഗ്രഹിക്കാത്തതുകൊണ്ടാകാം വിധേയത്വത്തെക്കുറിച്ച് കേൾപ്പിക്കുന്നതും ചുരുങ്ങിയിരിക്കുന്നു. താഴ്മയുടെ വേലിയിറക്കത്തിൽ, കരയിൽ പെട്ട് ശ്വാസത്തിനായി വാ തുറക്കുന്ന ഒരു മീനിനെപ്പോലെ ആയിത്തീർന്നിരിക്കുന്ന വിധേയത്വത്തെക്കുറിച്ച് എഴുതുക ശ്രമകരമായ ഒരു ദൗത്യമാണ്. അത് എനിക്കു മാത്രമല്ല ഈ വിഷയം കൈകാര്യം ചെയ്ത പല എഴുത്തുകാർക്കും. പക്ഷേ, താഴ്മയെക്കുറിച്ച് പറയുമ്പോൾ വിധേയത്വത്തെക്കുറിച്ച് പറയാതിരുന്നാൽ മരങ്ങളെക്കുറിച്ച് പറയാതെ കാടിനെക്കുറിച്ച് പറഞ്ഞതുപോലെയാകും.

ലോകത്തിന് വിധേയത്വം പരാജയത്തിന്റെയും ഭീരുത്വത്തിന്റെയും കഴിവില്ലായ്മയുടേയും ലക്ഷണമാണ്. അതുകൊണ്ടുതന്നെ ഇത് ഒരു 'നെഗറ്റീവ്' ആണ്. സാത്താൻ തന്റെ ആശയങ്ങൾ മധുരത്തിൽ പൊതിഞ്ഞാണ് കൈമാറുന്നതെന്നുള്ളത് അനുഭവപാഠം. ആ ആശയങ്ങൾ നല്ലതും, പ്രാക്ടിക്കലും, യുക്തിക്ക് നിരക്കുന്നതും ആണെന്ന് നമുക്ക് തോന്നാം. 'ലോകക്കാർ' നമുക്ക് കൈമാറിതന്ന നെഗറ്റീവാണെന്ന ആശയം നാമും കൈനീട്ടി വാങ്ങാതിരുന്നിട്ടില്ല. എഡ്വിൻ ലൂയിസ് കോൾ (Edwin Louis Cole) അതെക്കുറിച്ച് പറയുന്നത് സുവിശേഷത്തെ നാം മനഃശാസ്ത്രീകരിച്ചു (We have psychologized the Gospel)[16] എന്നാണ്. ബൈബിൾ ആശയങ്ങളേക്കാൾ മനഃശാസ്ത്രത്തിനാണ് ഊന്നൽ.

വിധേയത്വം നമുക്ക് വെറുക്കപ്പെട്ടതായതിന്റെ മറ്റൊരു കാരണമാണ്, സ്വാർത്ഥതകൊണ്ടും സ്വേച്ഛാധിപത്യ പ്രവണതകൊണ്ടും അനേകർ വിധേയത്വത്തെ ദുരുപയോഗം ചെയ്തു എന്നത്. ദുർഗന്ധം വമിക്കുന്ന പല കഥകളും സഭാചരിത്രത്തിൽ നിന്നുപോലും നമുക്ക് തോണ്ടിയെടുക്കാനാകും.

വിധേയത്വത്തോടുള്ള വെറുപ്പിന്റെ ബാഹ്യമായ കാരണങ്ങൾ ഇതൊക്കെയാണെങ്കിലും ഉള്ളിൽ, അതിന്റെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു വിരുതനുണ്ട്. 'സ്വയം!' മറ്റെല്ലാകാരണങ്ങളും ഈ കാരണത്തെ മറച്ചു വെക്കുവാനുള്ള ഒരു മറ മാത്രമാണ്. സ്വയത്തിന് ഇത്രയധികം മുറിവേൽപ്പിക്കുന്ന വിധേയത്വത്തെപ്പോലുള്ള മറ്റൊരു ശത്രുവില്ല. അത് എത്ര സത്യമാണെന്നറിയാൻ വിധേയത്വത്തിന്നെതിരായി നാം ഉയർത്തുന്ന മുദ്രാവാക്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതി: *'അവർ എന്റെ തലയിൽക്കയറി നിരങ്ങും', 'ഞാൻ കൊച്ചാകും' 'എന്റെ വ്യക്തിത്വം നഷ്ടപ്പെടും'.* മുഴച്ചു നിൽക്കുന്ന ഒരു സ്വയത്തെയും, സ്വയത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള ഭയത്തെയുമാണ് ഈ വാക്കുകളിൽ നാം കാണുന്നത്.

വിധേയപ്പെടലിൽ നമ്മുടെ സ്വയത്തിനു സംഭവിക്കുന്ന ക്ഷതം എത്ര വലുതാണെന്ന് ജോൺ മിൽട്ടന്റെ പേന, നഷ്ടസ്വർഗ്ഗം, (Paradise Lost) എന്ന പുസ്തകത്തിലൂടെ നമുക്ക് കാണിച്ചു തരുന്നുണ്ട്. സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ട സാത്താനും കൂട്ടരും അനന്തരനടപടികളെക്കുറിച്ച് ചിന്തിക്കുവാൻ കൂടിയിരിക്കുന്നു. സാത്താന്റെ സംഭാഷണം ഇങ്ങനെയാണ്: "ഇനി ദൈവം ദയാപുരസ്സരം കഴിഞ്ഞ അപരാധങ്ങൾക്ക് മാപ്പ് നൽകി നമ്മെ സ്വർഗ്ഗത്തിൽ തിരികെ പ്രവേശിക്കുവാൻ അനുവദിക്കുകയാണെങ്കിലോ?... അവന്റെ നിയമങ്ങൾക്കു വിധേയരായി, അവന്റെ സിംഹാസന ചുവട്ടിൽ സ്തുതിപാഠകരായി നിൽക്കുക... അന്യന്റെ പാദസേവ

യുടെ സുഖസൗകര്യങ്ങളേക്കാൾ ഇവിടുത്തെ (നരകത്തിലെ) ബുദ്ധിമുട്ടുകൾ ഭേദമാണ്."[17]

നമ്മുടെ സ്വയത്തെ നിർവീര്യമാക്കുവാനുള്ള കഠിനമായ ഒരു ശ്രമത്തിലാണ് ദൈവം. ദൈവത്തിനത് കഠിനമാകുന്നത് തന്റെ അശക്തി കൊണ്ടല്ല നമ്മുടെ നിസ്സഹരണം കൊണ്ടാണ്. "The death of self must be voluntary, and it can only be accomplished as far as you allow."[18] അറിഞ്ഞുകൊണ്ടോ അറിയാതെയോ, വിധേയത്വത്തിൽ നിന്നുള്ള ഒഴിഞ്ഞുപോക്കിലൂടെ സ്വയത്തിന് വളരുവാനുള്ള വളമാണ് നാം ഇട്ടുകൊടുക്കുന്നത്. ഒരു വലിയ അലമാര വീടിനു പുറത്തേക്ക് ഇറക്കുവാൻ ശ്രമിച്ച ഒരാളുടെ കഥ ഇങ്ങനെയാണ്. അയാളുടെ ശ്രമം കണ്ട് ദയതോന്നിയ ഒരു വഴിപോക്കനും അയാളെ സഹായിക്കുവാൻ കൂടി. അലമാരയുടെ ഒരു ഭാഗത്ത് വീട്ടുടമയും മറുഭാഗത്ത് വഴിപോക്കനും. ശ്രമം രണ്ടുപേരും ചേർന്ന് തുടർന്നു. കുറേക്കഴിഞ്ഞിട്ടും ഒന്നും സംഭവിക്കുന്നില്ല. വീട്ടുടമ വിളിച്ചു ചോദിച്ചു: "താനെന്താ ചെയ്യുന്നേ?" അയാളുടെ മറുപടി വന്നു: "ഈ അലമാര വീട്ടിനകത്തേക്ക് കയറ്റുവാൻ ഞാൻ നിങ്ങളെ സഹായിക്കുകയാണ്!" സ്വയത്തിന്റെ കാര്യത്തിൽ ദൈവം പുറത്തേക്കും നാം അകത്തേക്കും തള്ളുകയാണ്.

വിധേയത്വം, കഴിഞ്ഞകാലങ്ങളിൽ നിന്നും തന്റെ അനുഭവങ്ങൾ പറഞ്ഞുതരുന്നത് എത്ര വേദനനിറഞ്ഞതോ തിന്മനിറഞ്ഞതോ ആണെങ്കിലും അതൊന്നും വിധേയത്വത്തെ ഒഴിവാക്കുവാൻ മതിയായ കാരണങ്ങളല്ല. കാരണം, ഇതൊരു ദൈവീകകൽപ്പനയാണ്. സാഹചര്യങ്ങൾക്കും സംസ്കാരങ്ങൾക്കും അനുസൃതമായി ദൈവം തന്റെ കൽപ്പനകളെ പൊളിച്ചെഴുതുന്നില്ലല്ലോ! വിധേയത്വത്തിലൂടെ കടന്നുപോയതു കൊണ്ട് അനേക ദൈവികസുകൃതങ്ങൾ (virtues) നേടിയെടുത്തവരുടെ ചരിത്രം കൂടിയാണ് ബൈബിളും സഭാചരിത്രവും.

ദൈവിക പ്രമാണങ്ങൾ ചിലർക്ക് കനത്ത നുകങ്ങളായും മറ്റു ചിലർക്ക് മൃദുവായും കാണപ്പെടുന്നത് മനോഭാവത്തിന്റെ വ്യത്യസ്തകളാണ്. വിധേയത്വം നമുക്ക് വെറുക്കപ്പെട്ട ഒരദ്ധ്യായമാണെങ്കിൽ വിധേയപ്പെടേണ്ടി വരുമ്പോഴൊക്കെ പിറുപിറുപ്പും കൂട്ടിനുണ്ടാകും.

വിധേയപ്പെട്ടതിലൂടെ എന്തെങ്കിലും നഷ്ടങ്ങളോ കഷ്ടങ്ങളോ തിന്മകളോ ആർക്കെങ്കിലും ഏറ്റു വാങ്ങേണ്ടി വന്നിട്ടുണ്ടെങ്കിൽ തന്നെ അത് ഈ ഭൂമിയിലെ കാര്യം മാത്രമാണ്. എന്നാൽ സ്ഥായിയായുള്ളതും, ഘനമേറിയതും ഇവിടുത്തെ നന്മകളല്ല അപ്പുറത്ത് – മരണത്തിനപ്പുറമുള്ള



നന്മകളാണ്. "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകലമനുഷ്യരിലും അരിഷ്ടന്മാത്രേ"(1 കൊരിന്ത്യർ 15:19). ക്രൂശീകരണം വരെയെ നാം ക്രൂശികരണത്തെ കാണുന്നുള്ളൂ എങ്കിൽ 'മരത്തിന്മേൽ തൂങ്ങപ്പെട്ടവൻ ശപിക്കപ്പെട്ടവൻ' എന്നു തന്നെയായിരിക്കും നമ്മുടെയും വിലയിരുത്തൽ. എന്നാൽ യേശു കണ്ടത് ക്രൂശീകരണത്തെ മാത്രമല്ല അതിനുമപ്പുറം മൂന്നാംദിവസത്തെ ഉയിർപ്പുകൂടിയാണ്. 'ഫറവോന്റെപുത്രിയുടെ മകനെന്നുള്ള വിളിയും മിസ്രയീമിലെ കനത്ത നിക്ഷേപങ്ങളും' കൈയൊഴിഞ്ഞ് ദൈവജനത്തോടൊപ്പമുള്ള കഷ്ടതയെ നെഞ്ചോടു ചേർക്കുവാൻ മോശെയ്ക്ക് കഴിഞ്ഞത് ഇതേ തത്വം കൊണ്ടുതന്നെയാണ് – ക്രൂശീകരണത്തിനപ്പുറമുള്ള ഉയിർപ്പ്! അതിനെക്കുറിച്ച് എബ്രായലേഖകൻ പറയുന്നത്: 'പ്രതിഫലം നോക്കിയതു കൊണ്ടാ'ണെന്നാണ് (11:24–26).

വിധേയത്വത്തെക്കുറിച്ച് തുടർന്ന് ഇനിയും നാം ചിന്തിക്കുമ്പോൾ 'വീക്ഷണകോൺ' ബോധപൂർവ്വം ഒന്ന് മാറ്റിയെടുക്കണം. ചില ചിത്രങ്ങൾ ഒരു കോണിൽ നിന്നും നോക്കിയാൽ ഒരു പുരുഷന്റെയും മറ്റൊരു കോണിൽ നിന്നും നോക്കിയാൽ ഒരു സ്ത്രീയുടെയും ചിത്രം കാണിക്കുന്നതുപോലെ വീക്ഷണകോണാണ് നിശ്ചയിക്കുന്നത് വിധേയത്വം നെഗറ്റീവാണോ പോസിറ്റീവാണോയെന്ന്. മാനുഷികവും ലൗകികവുമായ കോണിൽ നിന്നും നോക്കിയാൽ ഭയവും നിരാശയും ഉണ്ടാകുമ്പോൾ ദൈവീകമായ കോണിൽ നിന്നും നോക്കിയാൽ സന്തോഷവും പ്രതീക്ഷയുമായിരിക്കും ഉണ്ടാവുക.

**എന്താണ് വിധേയത്വം?**

*"ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും"*(റോമർ 13:1–2).

എല്ലാ അധികാരവും ദൈവത്തിൽ നിന്നുമാണെന്ന് ബൈബിൾ പറയുന്നു. അതുകൊണ്ട് അധികാരത്തെ അംഗീകരിച്ച് അധികാരികളെ അനുസരിക്കുന്നതാണ് വിധേയത്വം. 'വിധേയത്വം എന്നത് മനോഭാവവും അനുസരണം അതിന്റെ പ്രകടനവുമാണ്'. വിധേയത്വത്തിലെ കാതലായ കാര്യം സ്വന്തം താത്പര്യങ്ങളുടെയും മുൻഗണനകളുടെയും ഉപേക്ഷണമാണ്. അത് സ്വയത്തിന്റെ മരണവും കൂടിയാണ്.

വിധേയത്വമില്ലാതെയും അനുസരിക്കാം. അത് ദൈവികമല്ല. ഭയത്തിന്റെയും ശക്തിയുടെയും മുമ്പിൽ വിധേയപ്പെടുക എന്നത് സാധാരണമാണ്. "*ദാസന്മാരേ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ട് ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടതു. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ മനസ്സോടെ ചെയ്‌വിൻ*" (കൊലൊസ്സ്യർ 3:22-23).

നമുക്ക് ഇഷ്ടമുള്ളവർക്കും ഇഷ്ടമുള്ള സമയത്തും മാത്രം അനുസരിക്കുകയെന്നത് താഴ്മയുടെ നിഴൽപ്പറ്റിയുള്ള വിധേയത്വമല്ല അഹങ്കാരത്തിന്റെ ചായ്‌വുള്ള വിധേയത്വത്തിന്റെ കൃത്രിമാനുകരണം മാത്രമാണ്. അങ്ങനെയുള്ള അനുസരണത്തിൽ നാം തന്നെയായിരിക്കും നമ്മുടെ കർത്താവ്. "നാം തിരഞ്ഞെടുത്ത് ചെയ്യുന്ന ത്യാഗത്തേക്കാൾ വിലയേറിയതാണ് നാം തിരഞ്ഞെടുക്കാതെ തന്നെ ചെയ്യേണ്ടി വരുന്ന ത്യാഗങ്ങൾ (The sacrifices that are not chosen are often of greater value than those we select for ourselves.[19].)

**വിധേയത്വം: ദൈവത്തോടും മനുഷ്യരോടും**

വിധേയത്വത്തിന്റെ രണ്ട് പകുതികളാണ് ദൈവത്തോടും മനുഷ്യരോടുമുള്ളത്. ചിലർ ദൈവത്തോട് വിധേയപ്പെടുന്നവരും (വിധേയപ്പെടുന്നുവെന്ന് അവകാശപ്പെടുന്നവർ) പൂർണ്ണമായും മാനുഷിക അധികാരങ്ങളെ അവഗണിക്കുന്നവരുമാണ്. മറ്റു ചിലർ പരിശുദ്ധാത്മാവിന്റെ നിയോഗങ്ങളെയും ദൈവവചനത്തിന്റെ നിർദ്ദേശങ്ങളേയും പൂർണ്ണമായും ഒഴിവാക്കുന്നവരും മാനുഷിക അധികാരങ്ങൾക്ക് (മനസ്സുകൊണ്ടല്ലെങ്കിലും) കീഴ്പ്പെടുന്നവരുമാണ്.

എന്നാൽ ശരിയായ വിധേയത്വം ഇതു രണ്ടുമല്ല. ദൈവത്തോടാരംഭിച്ച് മനുഷ്യനിൽ എത്തി നിൽക്കുന്നതാണ്. നമ്മുടെ കർത്താവിന്റെ ജീവിതമാണ് അതിന് ശരിയായ ഉദാഹരണം. പിതാവിനോട് തുല്യനായിരുന്ന യേശു, ഒരു നിയോഗവുമായി താണഭൂമിയിലേക്ക് കടന്നുവന്നപ്പോൾ സ്വമേധയാ പിതാവിനേക്കാൾ കുറഞ്ഞവനായി വിധേയത്വത്തിന്റെ പാത തിരഞ്ഞെടുത്തു. ഈ ഭൂമിയിൽ തികച്ചും പിതാവിന് കീഴ്പ്പെട്ടതായിരുന്നു തന്റെ എല്ലാ പ്രവൃത്തികളും. യേശുവിന്റെ വാക്കുകൾ അതാണ് പറഞ്ഞു തരുന്നത്: "*എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം*"(യോഹന്നാൻ 4:34). ആ വിധേയത്വംമൂലം തന്റെ താൽപ്പര്യങ്ങളെ യേശു ബലികഴിക്കുന്നു: "*പിതാവേ,*



*നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ;* എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നേ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (ലൂക്കൊസ് 22:42).

എന്നാൽ യേശുവിന്റെ വിധേയത്വവും അനുസരണവും അവിടെ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. "*പിന്നെ അവൻ (യേശു) അവരോടുകൂടെ (യോസേഫിനോടും മറിയയോടും കൂടെ) ഇറങ്ങി നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു...*" (ലൂക്കൊസ് 2:51). അത് താഴ്മയുടെ ഒരു അദ്ഭുതക്കാഴ്ചയാണ്. സ്രഷ്ടാവ് സൃഷ്ടികൾക്ക് കീഴടങ്ങിയിരിക്കുക! ദേശത്തിന്റെ അധികാരികൾക്കും യേശു അധീനനായിരുന്നു. കൈസർക്കുള്ളത് കൈസർക്ക് നൽകണമെന്ന് പഠിപ്പിക്കുക മാത്രമല്ല, കരം കൊടുക്കുവാൻ തന്റെ കൈയിൽ പണമില്ലാതിരുന്നിട്ടുപോലും ശിഷ്യന്മാരിൽ ഒരുവനെവിട്ട് മീൻപിടിപ്പിച്ച് മീനിന്റെ വായിൽ നിന്നും കിട്ടിയ പണമെടുത്ത് യേശു കരം കൊടുക്കുന്നു (മത്തായി 17:24-27).

'ദൈവത്തിനു മാത്രമേ ഞാൻ വിധേയപ്പെടൂ' എന്നൊരാൾ ശഠിക്കുമ്പോൾ ആ വാക്കുകളുടെ തുടർച്ചയാണ് 'മനുഷ്യർക്കാർക്കും ഞാൻ വിധേയപ്പെടുകയില്ല'എന്നത്. സഭാനേതൃത്വമോ, അധികാരികളോ ഒന്നും തനിക്ക് വിഷയമല്ലായെന്നത് അഹങ്കാരത്തിന്റെ തനിരൂപമാണ്. യേശുവിന്റെ ജീവിതത്തിൽ നാം കണ്ടതുപോലെ ദൈവത്തോടുള്ള വിധേയത്വത്തിന്റെ തെളിവാണ് മാനുഷിക അധികാരങ്ങളോടുള്ള വിധേയത്വം. ആൻഡ്രൂ മുറേ പറയുന്നതിങ്ങനെയാണ്: "ദൈവത്തിന്റ മുമ്പിൽ നമുക്ക് താഴ്മയുണ്ടെന്ന് ചിന്തിക്കുവാൻ വളരെ എളുപ്പമാണ്. എന്നാൽ മനുഷ്യരോടുള്ള ബന്ധത്തിൽ നാം പ്രകടമാക്കുന്ന താഴ്മയാണ് ദൈവത്തിന്റെ മുമ്പാകെയുള്ള നമ്മുടെ താഴ്മ യഥാർത്ഥമാണോ അല്ലയോ എന്നതിന്റെ തെളിവ്.'' (It is easy to think we humble ourselves before God. Yet, humility toward man will be the only sufficient proof that our humility before God is real).[20]

ഈ തലമുറ നേരിടുന്ന വലിയൊരു വിപത്താണ് **'ഭൗതിക ഉത്തരവാദിത്വങ്ങളുടെ ആത്മീയവത്കരണം'**. ക്രിസ്തു ശിഷ്യരെന്ന നിലയിൽ അനുദിന ജീവിതത്തിൽ നാം നിർവഹിക്കേണ്ട കടപ്പാടുകളെയും ഉത്തരവാദിത്വങ്ങളെയും ചെയ്യാതിരിക്കുകയും, എന്നാൽ അതിനെ മറ്റൊരു തലത്തിൽ – ആത്മീയ തലത്തിൽ കാണുകയും ചെയ്യുന്ന ഒരവസ്ഥ. ഇതേക്കുറിച്ചാണ് യാക്കോബ് നമ്മെ ഉപദേശിക്കുന്നത്: "*സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ നഗ്നരും*

*അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നുപറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?"* (യാക്കോബ് 2:14–16).

'നല്ല ശമര്യക്കാര'ന്റെ ഉപമയിലെ പുരോഹിതന്റെയും, ലേവ്യന്റെയും, വഴിയരുകിൽ മുറിവേറ്റു കിടക്കുന്ന വഴിയാത്രക്കാരനെ മാറിയുള്ള കടന്നുപോക്ക് ഭൗതീകഉത്തരവാദിത്വങ്ങളുടെ ആത്മീയവത്കരണത്തിന് ഒരു അടയാളമാണ്. രോഗിയായിക്കിടക്കുന്ന ഭർത്താവിനെയോ/ഭാര്യയേയോ ഒഴിവാക്കി ഉപവാസപ്രാർത്ഥനയ്ക്കും ആരാധനായോഗത്തിനും വേഗത്തിൽ കടന്നുപോകുമ്പോൾ പുരോഹിതന്റെയും ലേവ്യന്റെയും ജീവിതം നാം ആവർത്തിക്കുകയാണ്.

ഇങ്ങനെയുള്ള ഒരു ഭൗതീക ഉത്തരവാദിത്വത്തിന്റെ ആത്മീയവത്കരണത്തിനെതിരെയാണ് യേശു ജനങ്ങളെ ശാസിക്കുന്നത്: *"നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയേയോ പ്രാകുന്നവൻ മരിക്കേണം എന്നും മോശെ പറഞ്ഞുവല്ലോ. നിങ്ങളോ ഒരു മനുഷ്യൻ അപ്പനോടോ അമ്മയോടോ: നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാടു എന്നർത്ഥമുള്ള കൊർബ്ബാൻ എന്നു പറഞ്ഞാൽ മതി എന്നു പറയുന്നു"* (മർക്കോസ് 7:10–11). '*കൊർബ്ബാൻ*' എന്നാൽ ദൈവത്തിന് നിവേദിക്കപ്പെട്ടത്. ഒരു വ്യക്തിക്ക് തന്റെ മാതാപിതാക്കളോട് എന്തെങ്കിലും പ്രശ്നമുണ്ടാകുകയും അവർക്ക് നൽകിയിരുന്ന സഹായം നൽകുവാൻ താൽപര്യമില്ലാതാകുകയും ചെയ്താൽ, മതനേതൃത്വം ഒരു പരിഹാരം ഉണ്ടാക്കിക്കൊടുത്തു: കൊർബ്ബാൻ. അതായത് ആ പണം പള്ളി ഭണ്ഡാരത്തിൽ ഇട്ടാൽ മതിയെന്ന്!

ആധുനിക മിഷണറി പ്രസ്ഥാനത്തിന്റെ പിതാവെന്ന പേരിലറിയപ്പെടുന്ന വില്ല്യം ക്യേരി ഒരു ഞായറാഴ്ച രാവിലെ ശുശ്രൂഷയ്ക്കായി പോകുവാനുള്ള തിരക്കിലായിരുന്നു. പെട്ടെന്ന് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഒരു ദൂതൻ ക്യേരിയെ അന്വേഷിച്ചെത്തി. 'സതി' നിരോധിച്ചു കൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റ് ഒരു നിയമം പാസ്സാക്കിയെന്നും, ആ രേഖ ബംഗാളിയിലേക്ക് മൊഴിമാറ്റം നടത്തുവാൻ ക്യേരി ചെല്ലണമെന്നും അറിയിക്കുവാനാണ് ദൂതൻ എത്തിയത്. ഭൗതീക ഉത്തരവാദിത്വത്തെ ആത്മീയവൽക്കരിക്കുവാൻ ക്യേരി തയ്യാറായിരുന്നില്ല; തന്റെ 'ഗുരു' അതല്ലല്ലോ തന്നേ പഠിപ്പിച്ചത്. പള്ളിയിൽ ശുശ്രൂഷ നടത്തുവാൻ മറ്റൊരാളെ പറഞ്ഞയച്ചിട്ട് ക്യേരി ഭാരതത്തിലെ ജനങ്ങളെ ശുശ്രൂഷിക്കുവാനായി കടന്നുചെന്നു.



വിധേയത്വവും അങ്ങനെത്തന്നെ. ആത്മീയവൽകരിക്കുന്നവൻ പ്രത്യക്ഷത്തിൽ, മനുഷ്യനോടുള്ള വിധേയത്വത്തെ ഒഴിവാക്കും.

**മത്സരം (Rebellion)**

വിധേയത്വമനോഭാവമില്ലാത്തവൻ നേതൃത്വത്തോട് മത്സരിക്കും. ഏതൊരു പാപവും ആരംഭിക്കുന്നതുപോലെ മത്സരവും വളരെ സാധാരണ നിലയിലായിരിക്കും ആരംഭിക്കുന്നത്. ഒരു നല്ല പ്രവൃത്തി ചെയ്യുകയാണെന്നായിരിക്കും മത്സരിക്കുന്നവനും മറ്റുള്ളവർക്കും തുടക്കത്തിൽ തോന്നുക. മത്സരത്തെ അവതരിപ്പിക്കുന്നത് ഒരു നല്ല അഭിപ്രായം (Smart argument) അല്ലെങ്കിൽ മാറ്റത്തിനു വേണ്ടിയുള്ള ഒരാശയം (ideas of reform) എന്ന രീതിയിലായിരിക്കാം[21]. എന്നാൽ ആശയങ്ങൾ നിഷേധിക്കപ്പെടുമ്പോഴാണ് അതിനു പിന്നിലുണ്ടായിരുന്ന വികാരം വെളിപ്പെടുന്നത്. മത്സരം ആശയങ്ങളോടല്ല വ്യക്തികളോടാണ്. ആത്മീയ നേതൃത്വത്തിന്റെ പരാജയത്തിനെതിരെയുള്ള തിരുത്തൽ വാദമായിട്ടാണ് മത്സരം നാം കൊണ്ടുവരുന്നത്. മിര്യാമും അഹരോനും മോശെക്ക് വിരോധമായി സംസാരിക്കുന്നത് മോശെയുടെ ആത്മീയപരാജയത്തിന്റെ തിരുത്തലായിട്ടാണ്. *"മോശെ ഒരു കൂശ്യസ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു കൂശ്യസ്ത്രീ നിമിത്തം മിര്യാമും അഹരോനും അവന്നു വിരോധമായി സംസാരിച്ചു"* (സംഖ്യാപുസ്തകം 12:1). അതായത് വിജാതീയസ്ത്രീയെ വിവാഹം കഴിച്ചതിലൂടെ മോശെ ഒരു തെറ്റു ചെയ്തു എന്നും ആ തെറ്റിനെ അവർ തിരുത്തുകയായിരുന്നുവെന്നും.

മറ്റേതൊരു പാപത്തേയും പോലെ മത്സരത്തിന്റെയും തുടക്കം ചിന്തയിലാണ്. ചിന്തയിൽവെച്ചു തന്നെ നാം മത്സരത്തെ നശിപ്പിക്കുന്നില്ലായെങ്കിൽ അത് വേഗത്തിൽ വേരിറക്കും, മനസ്സു മുഴുവൻ മത്സരം കൊണ്ട് നിറയ്ക്കും.

**മത്സരത്തിന്റെ അപകടം**

മത്സരം ഒരു യുദ്ധമാണ്. യുദ്ധക്കെടുതി അനുഭവിക്കുന്നത് ചില വ്യക്തികൾ മാത്രമല്ല, ഒരു രാജ്യം മാത്രമല്ല, ആ രാജ്യത്തോട് ബന്ധപ്പെട്ടിരിക്കുന്ന മറ്റു രാജ്യങ്ങൾ കൂടിയാണ്. അമേരിക്കയും ഇറാക്കുമായുള്ള യുദ്ധത്തിന്റെ വിഷപ്പുക ഇന്ത്യക്കാരായ നാം പോലും ശ്വസിക്കേണ്ടി വന്നല്ലോ. ലൂസിഫർ ദൈവത്തിനെതിരെ മത്സരിച്ചപ്പോൾ താൻ മാത്രമല്ല വലിയൊരു കൂട്ടം ദൂതന്മാരെയും അതിൽ പിടിച്ചിട്ടു, അവരും ലൂസിഫറിനോടുകൂടെ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ടു.

പഴയനിയമത്തിൽ മത്സരത്തെ ആഭിചാരത്തോടാണ് ഉപമിച്ചിരിക്കുന്നത് (1 ശമൂവേൽ 15:23). ആഭിചാരത്തിനുള്ള വിധി മരണശിക്ഷയും (പുറപ്പാട് 22:18).

നേതൃത്വസ്ഥാനത്ത് ദൈവം ആക്കിവെച്ച മോശെയോട് മത്സരിച്ച കോരഹിനെയും കൂട്ടരെയും ദൈവം നശിപ്പിക്കുന്നതിനെക്കുറിച്ചുള്ള വേദപുസ്തക വിവരണം ശ്രദ്ധേയമാണ്. *"എന്നാൽ യഹോവ ഒരു **അപൂർവ്വ കാര്യം** പ്രവർത്തിക്കുകയും ഭൂമി വായ് പിളർന്നു അവരെയും അവർക്കുള്ള സകലത്തെയും വിഴുങ്ങിക്കളയുകയും... ചെയ്താൽ"* (സംഖ്യാപുസ്തകം 16:30). മത്സരത്തിനെതിരെയുള്ള ദൈവത്തിന്റെ ശിക്ഷ സാധാരണ നിലയിൽ ഉള്ളതായിരുന്നില്ല, അത് അപൂർവ്വകാര്യമായിരുന്നു.

മരുഭൂമിയിൽ യിസ്രയേൽജനം മോശെക്കെതിരെ മത്സരിച്ചതിനെക്കുറിച്ചുള്ള പുതിയനിയമ വിവരണം ഇങ്ങനെയാണ്: *"നമ്മുടെ പിതാക്കന്മാർ അവന്നു കീഴ്പ്പെടുവാൻ മനസ്സില്ലാതെ അവനെ തള്ളിക്കളഞ്ഞു ഹൃദയം കൊണ്ടു മിസ്രയീമിലേക്കു പിന്തിരിഞ്ഞു" (അപ്പൊ. പ്രവൃത്തികൾ 7:39).* "നമ്മുടെ നേതൃത്വത്തിന്റെ ക്രമീകരണങ്ങൾക്കെതിരായുള്ള എല്ലാ വിമർശനവും എതിർപ്പും നരകത്തെ ഉണ്ടാക്കിയെടുക്കുന്ന പണിക്ക് ഉത്സാഹം കൂട്ടലാണ്."[22]

മത്സരസ്വഭാവമുള്ള ഒരാൾ ആത്മീകമായി വളരുന്നില്ല. കാരണം "...മത്സരികൾ വരണ്ട ദേശത്ത് പാർക്കും" (സങ്കീർത്തനം 68:6). ഉണങ്ങി വരണ്ട നിലത്ത് ഒന്നും വളരാറില്ലല്ലോ.



*"താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു എന്നും ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽ നിന്നും എഴുന്നേറ്റു വസ്ത്രം ഊരിവെച്ചു ഒരു തുവർത്ത് എടുത്തു അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി."*

(യോഹന്നാൻ13:3–5)

## F) ദാസ്യത്വം (Servanthood)

താഴ്മയിൽ നിന്നു മാത്രമേ ദാസ്യത്വമനോഭാവം പുറപ്പെടുകയുള്ളൂ. യജമാന 'മനോഭാവം' ശിഷ്യത്വത്തിന്റെ പാതയിലെ ഒരു വിലങ്ങുതടിയാണ്.

വേദപുസ്തക വീക്ഷണത്തിൽ നിന്നും തീർത്തും വിഭിന്നമായാണ് 'ശുശ്രൂഷകൻ' എന്ന വാക്ക് ഇന്ന് നാം മനസ്സിലാക്കുന്നതും ഉപയോഗിക്കുന്നതും. പുതിയ നിയമത്തിൽ ശുശ്രൂഷകന്റെ ഗ്രീക്ക് വാക്ക് 'ഡൂലോസ്', അടിമയെയാണ് കുറിക്കുന്നത്. സേവകൻ, വേലക്കാരൻ എന്നൊക്കെ നാം പറയുന്നതിൽ നിന്നും വിദൂരമായ ഒരു അർത്ഥമാണ് അടിമ എന്ന പദത്തിന്. അടിമയുടെ അന്നത്തെ നില എന്തായിരുന്നുവെന്നറിയാൻ അരിസ്റ്റോട്ടിലിന്റെ അടിമയെക്കുറിച്ചുള്ള നിർവചനം ശ്രദ്ധിച്ചാൽ മതി: 'ജീവനുള്ള ഒരു ഉപകരണം'. 'എടുത്താൽ പൊങ്ങാത്ത ഒരു ബാക്ടീരിയ' അല്ലെങ്കിൽ 'വളരെവേഗത്തിൽ ഓടുന്ന ഓരാമ' എന്നൊക്കെ കേട്ടാൽ നല്ലൊരു നർമ്മമായി ഇന്ന് നമുക്ക് തോന്നുന്നതുപോലെ ആയിരിക്കും ഒന്നാം നൂറ്റാണ്ടിലെ ഒരാൾ 'വിലയേറിയ ഡൂലോസ് (ശുശ്രൂഷകൻ)', 'ശ്രേഷ്ഠ ഡൂലോസ്' എന്നൊക്കെ കേൾക്കുമ്പോൾ.

ഒരു അടിമ ഏതൊരു ജോലിയും ചെയ്യുവാൻ തയ്യാറാണ്. കുറഞ്ഞതോ കൂടിയതോ എന്ന ഒരു വേർതിരിവ് അവനില്ല.

## ദാസനായി – 'തീരുക'

"*അവിടുന്ന് ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറികെപ്പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു...*" (ഫിലിപ്പിയർ 2:6–7). ബോധപൂർവ്വമുള്ള ഒരു സ്വീകരണമാണിത്. ദാസനായിത്തീരുന്നതും ദാസ്യപ്രവൃത്തികൾ ചെയ്യുന്നതും രണ്ടാണ്. ദാസനായിത്തീരാതെയും ഒരാൾക്ക് ദാസ്യവേല ചെയ്യാം. ദാസ്യവേല പ്രവൃത്തിയെ സൂചിപ്പിക്കുമ്പോൾ ദാസൻ വ്യക്തിത്വത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. [23]

ദാസനാകാതെ ദാസ്യവേല ചെയ്യുമ്പോൾ ആരെ, എപ്പോൾ, എങ്ങനെ ശുശ്രൂഷിക്കണമെന്നുള്ള തീരുമാനത്തിന്റെ കടിഞ്ഞാൺ നമ്മുടെ കൈയിൽതന്നെ ആയിരിക്കും. അങ്ങനെയുള്ള സന്ദർഭത്തിൽ ആരെയാണോ നാം ശുശ്രൂഷിക്കുന്നത് അവരല്ല നാം തന്നെയാണ് യജമാനൻമാർ. ഇന്ത്യയിലേക്ക് മിഷണറി പ്രവർത്തനത്തിനായി പുറപ്പെട്ട പ്രെയിംഗ് ഹൈഡ് തന്നെക്കുറിച്ചു പറയുന്ന സാക്ഷ്യമാണ്: 'കർത്താവിനെ ഞാൻ സ്നേഹിച്ചിരുന്നതു കൊണ്ടുത്തന്നെ, കർത്താവിനെ ശുശ്രൂഷിക്കുക എന്നതായിരുന്നു എന്റെ അഭിലാഷം. അത് നന്നായിത്തന്നെ ചെയ്യണമെന്ന് ഞാൻ ആഗ്രഹിച്ചു. അങ്ങനെയൊക്കെ ആയിരിക്കുമ്പോൾ തന്നെ എന്റെ ആ ആഗ്രഹത്തിന്റെ ഒത്തനടുക്കുതന്നെ 'സ്വയ'വും ഉണ്ടായിരുന്നു." ഒരു ശുശ്രൂഷ സ്വീകർത്താവിന് അപ്പോൾ ആവശ്യമില്ലായെങ്കിൽ കൂടി അത് സ്വീകരിക്കുവാൻ ശുശ്രൂഷകൻ നിർബന്ധപൂർവ്വം ആവശ്യപ്പെടും. യാഥാർത്ഥ ശുശ്രൂഷകൻ എപ്പോൾ വേണമെങ്കിലും ശുശ്രൂഷ ചെയ്യുവാൻ തയ്യാറാണെങ്കിലും എപ്പോഴും അയാൾ ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്നില്ല.

യേശു ദാസ്യവേല ചെയ്തു എന്നത് ശിഷ്യന്മാരുടെ കാൽകഴുകിയതിലൂടെ നാം മനസ്സിലാക്കുമ്പോൾ തന്നെ ആ പ്രവൃത്തിയല്ല യേശുവിന്റെ ദാസ്യത്വത്തിന്റെ തായ്‌വേര്. ദാസനായി തീർന്നു എന്നതാണ്. ദാസനായിത്തീർന്നതുകൊണ്ടാണ് യേശു ദാസ്യവേല ചെയ്തത്. മറിച്ചല്ല.

ദാസനാകാതെയുള്ള ദാസ്യവേലയുടെ കപടമുഖങ്ങൾ പലതാണ്. അങ്ങനെയുള്ള ശുശ്രൂഷകൾ സ്വയത്തിനു പിന്നെയും കൊഴുപ്പു കൂട്ടുമെന്നേയുള്ളൂ. അങ്ങനെയുള്ള ശുശ്രൂഷകൾക്ക് കാഴ്ചക്കാർ അത്യന്താപേക്ഷിതമാണ്! കാഴ്ചക്കാരില്ലെങ്കിൽ കാഴ്ചക്കാരുള്ളിടത്തേക്ക് ശുശ്രൂഷ പറിച്ചുനടുകയോ ആധുനിക വാർത്താവിതരണ ഉപകരണങ്ങൾ ഉപയോഗിക്കുകയോ ചെയ്യും. മദർ തെരേസാ: കാരുണ്യശുശ്രൂഷയുടെ കൈയൊപ്പുകാരി, പത്രപ്രവർത്തകർ കിണഞ്ഞു പരിശ്രമിച്ചു നോക്കി, തന്റെ സേവനങ്ങളോട് ചേർത്ത് തനിക്ക് മഹത്വം കിട്ടുന്ന ഏതെങ്കിലുമൊരു കാരണം പറയിക്കുവാൻ. പത്രപ്രവർത്തകർ തോറ്റു പിന്മാറിയതേയുള്ളൂ. ആ വായിൽ നിന്നും 'യേശുവിന്റെ സ്നേഹം കൊണ്ടാണെ'ന്നല്ലാതെ മറ്റൊരു വാക്ക് പൊഴിച്ചിടാൻ അവർക്ക് കഴിഞ്ഞില്ല. മദർ തെരേസാ ലോകത്തിനു മുമ്പിൽ ഒന്നും കാണിച്ചില്ല, പക്ഷേ, കാണുവാനായി ലോകം അവരുടെ പിറകേ ഓടിച്ചെന്നു. "*...അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി. ഉടനെ വാതിൽക്കൽ പോലും ഇടമില്ലാത്തവണ്ണം പലരും വന്നുകൂടി...*"(മർക്കൊസ് 2:1–2).

ദാസനായിത്തീർന്നവന് തന്റെ പ്രവൃത്തികളുടെ പാരിതോഷികം ഒരു വിഷയമല്ല. കാരണം, തന്റെ സ്വത്വം സ്വാഭാവികമായി വെളിപ്പെട്ടതു മാത്രമാണ് തന്റെ സേവനങ്ങൾ. അവർക്ക് പിന്നെയും പറയുവാനുള്ളത് "*ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ*" എന്നു മാത്രമാണ് (ലൂക്കൊസ് 17:10)

ശുശ്രൂഷിക്കുക മാത്രമല്ല ശുശ്രൂഷ ഏൽക്കുവാനും യഥാർത്ഥ ശുശ്രൂഷകൻ തയ്യാറാണ്. ആരോ പറഞ്ഞു, കാൽ കഴുകുന്നതിനേക്കാൾ കഠിനമാണ് മറ്റൊരാൾ കാൽ കഴുകുമ്പോൾ അതിനായി നമ്മുടെ കാൽ നീട്ടി കൊടുക്കുക എന്നത്. "ശുശ്രൂഷ ഏൽപ്പാനല്ല ശുശ്രൂഷിപ്പാനാണ് ഞാൻ വന്നത്" എന്ന് യേശു പറഞ്ഞതിനർത്ഥം 'തന്റെ ലക്ഷ്യം ശുശ്രൂഷ ഏൽക്കലല്ല', എന്നേയുള്ളൂ. ശിഷ്യന്മാരുടെ കാൽ കഴുകിയ യേശു തന്നെ മറ്റൊരിക്കൽ ശിഷ്യന്മാർ തുഴയുന്ന വഞ്ചിയിൽ തലയിണവെച്ച് ഉറങ്ങുന്നു (മർക്കൊസ് 4:38).

നല്ല രീതിയിൽ പെയിന്റു ചെയ്യണമെങ്കിൽ ആദ്യമടിച്ച പെയിന്റ് നന്നായി ചുരണ്ടിക്കളയേണ്ടതുപോലെ ദാസനായി തീരണമെങ്കിൽ 'മേൽവസ്ത്രം' (പുറംകുപ്പായം) ഊരിവെച്ചേ മതിയാകൂ. ശിഷ്യന്മാരുടെ കാൽ കഴുകുന്നതിനുമുമ്പ് യേശു ചെയ്തതും അതാണ്: "*അത്താഴത്തിൽ നിന്നു എഴുന്നേറ്റു വസ്ത്രം ഊരിവെച്ചു ഒരു തുവർത്തെടുത്തു അരയിൽ ചുറ്റി*" (യോഹന്നാൻ 13:4–5). ഇവിടെ 'വസ്ത്രം' ഊരിവെച്ചു എന്നത് പണ്ടു കാലത്ത് ഉപയോഗിച്ചിരുന്ന 'രണ്ടാംമുണ്ട്' പോലുള്ള യെഹൂദന്മാരുടെ ഒരു വസ്ത്രമായിരുന്നു. പദവികളും എല്ലാവിധ ഉന്നതഭാവങ്ങളും ഒഴിവാക്കാതെയും, മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണാതെയും ഒരു ദാസ്യവേലയില്ല.

ആരോ ഒരാൾ ജോർജ്ജ് മുള്ളറോട് തന്റെ സേവനമനോഭാവത്തിന്റെ രഹസ്യമെന്താണെന്ന് ചോദിച്ചു. മുള്ളർ നൽകിയ മറുപടി: "ഞാൻ മരിച്ച

ഒരു ദിവസമുണ്ട്; പൂർണ്ണമായും മരിച്ച ഒരു ദിവസം." അത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ മുള്ളർ നിലത്തേക്ക് കുനിഞ്ഞുകൊണ്ടിരുന്നു. കുനിഞ്ഞ് കുനിഞ്ഞ് നിലം മുട്ടുമെന്ന നിലവരെ ആയി. വീണ്ടും തുടർന്നു: "ഞാൻ ജോർജ്ജ് മുള്ളറോട് മരിച്ചു; തന്റെ താൽപ്പര്യങ്ങളോട്, മുൻഗണനകളോട്, രുചികളോട്, ഇച്ഛകളോട്, ലോകത്തോട്, ലോകത്തിന്റെ അംഗീകാരത്തോടും വെറുപ്പിനോടും, എന്റെ സഹോദരന്മാരുടെ അംഗീകാരത്തോടും അവഗണനകളോടും പോലും. അന്നുമുതൽ ഞാൻ പഠിച്ചു ദൈവത്തിനു മാത്രം അംഗീകാരയോഗ്യനായാൽ മതിയെന്ന്."[24]

**ദാസ്യത്വം: നിഗളത്തിനു നേരെയുള്ള വാൾ**

നിഗളത്തിന്റെ കടയ്ക്കുതന്നെ വെട്ടാനുള്ള മൂർച്ചയുള്ള ഒരു വാളാണ് ദാസ്യ ശുശ്രൂഷ. മർക്കൊസ് ഒൻപതിൽ ശിഷ്യന്മാരുടെ ഇടയിൽ നടന്ന 'ആരുടെ സ്വയമാണ് വലുതെന്ന' തർക്കത്തിന് മറുമരുന്നായി യേശു പറയുന്നത്: "*ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും* ***ശുശ്രൂഷകനും ആകേണം*** *എന്നു പറഞ്ഞു*" (മർക്കൊസ് 9:35). സ്വയത്തിന്റെ മരണം അത്ര ലളിതമായി സംഭവിക്കുന്ന ഒന്നല്ല. ചില പാമ്പുകളെ എത്ര തല്ലിച്ചതച്ചാലും അതിന്റെ വാൽ അനങ്ങിക്കൊണ്ടേയിരിക്കും. മർക്കൊസ് ഒൻപത് കഴിഞ്ഞ് തൊട്ട അടുത്ത അദ്ധ്യായത്തിൽ വീണ്ടും അതേ പ്രശ്നം നാം കാണുന്നു. ഈ പ്രാവശ്യം ഗോദയിൽ ഇറങ്ങിയത് സെബദിമക്കളായ യാക്കോബും യോഹന്നാനുമാണെന്നു മാത്രം. പതുക്കെ ബാക്കി പത്തുപേരും കളിയിൽ ചേർന്നു. പഴയ ആ മരുന്നു തന്നെയാണ് വീണ്ടും യേശു നൽകുന്നത്. '*നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം; നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം*" (മർക്കൊസ് 10:43-44).

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്സിന്റെ സമൂഹത്തിൽ വ്യത്യസ്ത നിലകളിലുള്ള ആളുകൾ ഉണ്ടായിരുന്നു. ആ കൂട്ടത്തിൽ ബുദ്ധിമാനും വാഗ്മിയും ആയിരുന്നു മാസ്സിയോ. ഒരിക്കൽ ഫ്രാൻസിസ്സ് മാസ്സിയോയെ വിളിച്ചു ചോദിച്ചു. "ഇന്നു മുതൽ നിനക്ക് മറ്റുള്ളവരുടെ കുശ്ശിനിക്കാരനും അവർ ധ്യാനത്തിനു നിൽക്കുന്ന സ്ഥലത്തെ വാതിൽ സൂക്ഷിപ്പുകാരനുമായി നിൽക്കാമോ?" ഇത് ഫ്രാൻസിസ്സ് മാസ്സിയോയെ ഒന്നു പരീക്ഷിക്കുക കൂടിയായിരുന്നു. വിനയത്തോടെ മാസ്സിയോ ആ ദൗത്യം ഏറ്റെടുത്തു. മറ്റ് സഹോദരങ്ങൾ ഇതു കണ്ട് അസ്വസ്ഥരായി. മിടുക്കനും നല്ലവനുമായ മാസ്സിയോ പ്രാർത്ഥനയ്ക്ക് പോലും സമയമില്ലാതെ അവിശ്രമം പണിയെടുക്കുന്നത് മറ്റു സഹോദരങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. അവർ ചിന്തിച്ചത് ഇത്തരം ജോലികൾ ചിലർക്ക് ചെയ്യാം, എന്നാൽ മാസ്സിയോയ്ക്ക് അൽപ്പം പോലും യോജിച്ചതല്ല. എന്നാൽ മാസ്സിയോ പറഞ്ഞു: "പിതാവേ, അങ്ങെന്തു ജോലി എന്നെ ഏൽപ്പിക്കുന്നുവോ അതു പൂർണ്ണമായി ദൈവഹിതമാണെന്നുധരിച്ച് അതു ചെയ്യാൻ ഞാൻ ഒരുക്കമാണ്." ഇതുകേട്ട ഫ്രാൻസിസ്സ് അവരോടു വിനയത്തെപ്പറ്റി നല്ലൊരു പ്രസംഗം ചെയ്തു.[25]



**വെള്ളിപ്പാത്രങ്ങളും മൺപാത്രങ്ങളും**

സ്വർഗ്ഗത്തിനാവശ്യം വെള്ളിപാത്രങ്ങളെയല്ല മൺപാത്രങ്ങളെയാണ്. വെള്ളിപ്പാത്രങ്ങൾ രാജകീയമായവയും മൺപാത്രങ്ങൾ നിസാരമായവയും ആണ്. വെള്ളിപ്പാത്രങ്ങൾ നമ്മെ യജമാനനെ ഓർമ്മിപ്പിക്കുമ്പോൾ മൺപാത്രങ്ങൾ ദാസന്മാരെയാണ് ഓർമ്മിപ്പിക്കുന്നത്. യജമാനഭാവത്തിന്റെ അഹങ്കാരമൊക്കെ അപ്പൊസ്തലന്മാരിൽ നിന്നും ഒഴിഞ്ഞുമാറുവാൻ കാത്തിരിക്കുകയായിരുന്നു ദൈവം, അവരെ പുതിയ നിയമത്തിന്റെ 'ശുശ്രൂഷക'രാക്കാൻ.

"....സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ" (ഗലാത്യർ 5:13). കർത്താവിന്റെ ക്രൂശീകരണത്തോടെ അപ്പൊസ്തലന്മാരുടെ നിഗളത്തിന്റെ ഗോപുരം ഇടിഞ്ഞുവീണപ്പോൾ അവരും കാലുകഴുകുവാനുള്ള വെള്ളപ്പാത്രവും തുവർത്തും കൈയിലെടുത്തു. പിന്നീട് അവർ ചെയ്യുന്ന ഏതൊരു പ്രവൃത്തിയെയും അത് ദൈവവചന പ്രസംഗമാകട്ടെ, ഭക്ഷണം വിതരണമാകട്ടെ അവർ വിളിച്ചത് ശുശ്രൂഷ എന്നു തന്നെയാണ്. പത്രൊസിന്റെ വാക്കുകൾ ഇങ്ങനെയാണ്: ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ (*Helping Others* - NLT) ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ (പത്രൊസ് 4:11).

ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ജോൺ ഒരു പ്രസംഗകനായിരുന്നു. ഒരിക്കൽ, രക്ഷാസൈന്യത്തിന്റെ സ്ഥാപകനായിരുന്നു വില്ല്യം ബൂത്തിനെ കാണുവാൻ അയാൾ എത്തിയത് രക്ഷാസൈന്യത്തിൽ ഒരു പ്രസംഗകനായി ചേരുവാൻ ദൈവം തന്നോട് ആവശ്യപ്പെട്ടു എന്നറിയിക്കുവാനാണ്. വില്ല്യം ബുത്ത് ഈ കാര്യം ദൈവസന്നിധിയിൽ കൊണ്ടു ചെന്നു. ദൈവം നൽകിയ മറുപടി വ്യത്യസ്തമായിരുന്നു. ദൈവഹിതം വില്ല്യം ബുത്ത് ജോണിനെ അറിയിച്ചു. പ്രസംഗകനായിട്ടല്ല മറ്റെന്തെങ്കിലും ജോലി ചെയ്തുകൊണ്ട് രക്ഷാസൈന്യത്തിൽ പ്രവർത്തിക്കുക എന്ന്. രക്ഷാസൈന്യത്തിന്റെ ഓഫീസിൽ വരുന്നവരുടെ ഷൂ പോളീഷ് ചെയ്യുവാനുള്ള ഒരു ദൗത്യം വില്ല്യം ബുത്ത് ജോണിനെ ഏൽപ്പിച്ചു. ജോൺ ആ ദൗത്യം ഏറ്റെടുത്തു. നിലത്തേക്ക് കുനിഞ്ഞ് ജോൺ മുട്ടിന്മേൽ നിന്നു. ആദ്യത്തെ

ഷൂ കൈയിലെടുത്തു. നീണ്ട രണ്ടു വർഷം ഷൂ പോളീഷു ചെയ്യൽ തുടർന്നു.

ഒരു ദിവസം, വില്ല്യം ബൂത്തിനൊരറിയിപ്പു കിട്ടി, അവിടെ നടന്നു കൊണ്ടിരിക്കുന്ന കൺവെൻഷന് അന്നത്തെ പ്രസംഗകർ വരികയില്ലായെന്ന്. ബുത്ത് പ്രാർത്ഥനാമുറിയിൽ കയറി ദൈവഹിതം ആരാഞ്ഞു. ''ജോൺ പ്രസംഗിക്കട്ടെ'' ദൈവശബ്ദം ബുത്ത് കേട്ടു. ഷൂ പോളീഷുകാരൻ ജോൺ ഷൂ താഴെ വെച്ച് പുൾപ്പിറ്റിലേക്ക് നടന്നു. അന്നത്തെ യോഗത്തിൽ ജോണിന്റെ പ്രസംഗം അതിശക്തമായിരുന്നു. പരിശുദ്ധാത്മാവിന്റെ കാറ്റ് ആഞ്ഞു വീശി. അവിടെ ഒരു ഉണർവ്വ് ആരംഭിച്ചു.



# 5

# താഴ്മ നമ്മിൽ പെയ്തിറങ്ങുന്നതെങ്ങനെ?

***''കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല.''***

(യോഹന്നാൻ 15:4)

മുമ്പ് നാം കണ്ടതുപോലെ നമുക്ക് ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്ന ഒന്നല്ല താഴ്മ. നമ്മിൽ നിറഞ്ഞുവരുന്നതാണ്. ആ പ്രക്രിയയുടെ കേന്ദ്രം ദൈവമാണെങ്കിലും നമ്മുടെ ഉത്തരവാദിത്വവും അപ്രധാനമല്ല. നമ്മുടെ പങ്ക്, ദൈവം നമ്മോട് ചെയ്യുവാനാവശ്യപ്പെടുന്ന കാര്യങ്ങളോടുള്ള അനുസരണമാണ്. ഇതൊക്കെ ആയിരിക്കും ദൈവം നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങൾ എന്ന് പറയുവാൻ പോയിട്ട് ചിന്തിക്കുവാൻ പോലും നമുക്കാർക്കും കഴിയുകയില്ല. കാരണം, ഓരോരുത്തരുടെയും സ്വയത്തിന്റെ രൂപം ഒരാളുടേതിൽ നിന്നും മറ്റൊന്ന് വ്യത്യസ്തമാണ്. സ്വയത്തിന്റെ വഴുവഴുപ്പും രൂപമാറ്റവും പെട്ടെന്നും വളരെ കൂടുതലുമാണ്. ''*ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അത് ആരാഞ്ഞറിയുന്നവൻ ആർ?*'' (യിരെമ്യാവു 17:9). 'ഏറ്റവും വലിയ വഞ്ചകനെന്നോ തട്ടിപ്പുകാര'നെന്നോ സ്വയത്തെക്കുറിച്ച് പറയാം. എങ്കിലും ദൈവത്തിന്റെ കൈയിൽ അത് പകൽപ്പോലെ വ്യക്തതയുള്ളതും ആട്ടിൻകുട്ടിയെപ്പോലെ മെരുക്കമുള്ളതുമാണ്. അതുകൊണ്ടു തന്നേ ഓരോരുത്ത

രോടും ദൈവത്തിന്റെ ഇടപെടൽ വ്യത്യസ്ത നിലകളിലും രീതിയിലും ആയിരിക്കും. താഴ്മ അതിശ്രേഷ്ഠമായ ഒരു ദൈവീക സുകൃതമായതുകൊണ്ട് അത് പ്രാപിക്കുവാനായി കെടുക്കേണ്ട വിലയും വളരെ വലുതാണ്. ക്രിസ്തീയ ജീവിതത്തെ ഒരു നേരമ്പോക്കായി കരുതുന്നവർക്ക് താഴ്മയിലേക്കുള്ള കവാടം ഒരു ദാക്ഷിണ്യവുമില്ലാതെ അടഞ്ഞുതന്നെയാണ്. "*വലങ്കണ്ണു നിനക്കു ഇടർച്ചവരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക; വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക*" എന്നതാണ് അതിന്റെ തീവ്രത. '*സെബലൂൻ പ്രാണനെ ത്യജിച്ച ജനം നഫ്താലി പോർക്കളമേടുകളിൽ തന്നേ*' (ന്യായാധിപന്മാർ 5:18). യുദ്ധഭൂമിയിൽ, മരണഗന്ധത്തിലും മുറിവുകൾ നൽകുന്ന വേദനകൾ സഹിച്ചും ഒരേ ഒരു ലക്ഷ്യത്തോടെ, അത് കൈപ്പിടിയിൽ ആകുന്നതുവരെയും പോരടിക്കുവാൻ തയ്യാറായ സെബലൂനും നഫ്താലിയും താഴ്മയിലേക്കുള്ള പ്രയാണത്തിന്റെ കാഠിന്യങ്ങളിൽ നമുക്കൊരു പ്രചോദനമാണ്. 'മുട്ടുവിൻ തുറക്കപ്പെടു'മെന്നതിന്റെ മൂലാർത്ഥം 'മുട്ടിക്കൊണ്ടേയിരിക്കുവിൻ' അപ്പോൾ തുറക്കപ്പെടുമെന്നാണ്. തീർച്ച, ഇന്നല്ലെങ്കിൽ നാളെ അൽപ്പാൽപ്പമായി നമുക്കത് തുറന്നു കിട്ടും.

## (I) പ്രാർത്ഥന

ജീവിതത്തിൽ നിന്നും പ്രാർത്ഥനയെ പൂർണ്ണമായും അറുത്തു മാറ്റിയിരിക്കുന്ന ഒരു വ്യക്തി ദൈവത്തിൽ നിന്നും ഒന്നും പ്രതീക്ഷിക്കേണ്ടതില്ല, താഴ്മ തികച്ചും. താഴ്മയിലേക്കുള്ള പ്രയാണത്തിന്റെ പാസ്പോർട്ടോ വിസയോ വിമാനടിക്കറ്റോ അല്ല, എയർപോർട്ടിലേക്കുള്ള പ്രവേശനം പോലുമാണ് പ്രാർത്ഥന.

'വസ്തുവക'കളുടെ സമാഹരണത്തിനായി ദൈവത്തെ കൂട്ടുപിടിച്ചുകൊണ്ട് പതിവു രീതിയിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയല്ല താഴ്മയോടുള്ള ബന്ധത്തിൽ നാം പറഞ്ഞു വരുന്ന ഈ പ്രാർത്ഥന. പതിവു പ്രാർത്ഥനയിൽ നിന്നും വളരെ ദൂരം ഇങ്ങോട്ട് നാം നടന്നു പോരണം, ഈ പ്രാർത്ഥനയെക്കുറിച്ച് മനസ്സിലാക്കുവാൻ. 'ലോകത്തിന്റെ സ്നേഹിതനാകുവാൻ' സാത്താൻ നമ്മെ വഞ്ചിച്ച് പഠിപ്പിച്ചതാണെന്നു പോലും തോന്നിപ്പോകും ചില പ്രാർത്ഥനകൾ കേൾക്കുമ്പോൾ. അങ്ങനെയുള്ള പ്രാർത്ഥനകളുടെ ഒത്ത നടുവിൽ നിൽക്കുന്നത് ദൈവമല്ല നാമാണ്. നമ്മുടെ സ്വയത്തിന്റെ ആവശ്യങ്ങളാണ്. ആ പ്രാർത്ഥനകളെയാണ് യാക്കോബ് ശാസിക്കുന്നത്: "നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കുന്നില്ല." അങ്ങനെ



യുള്ള ഒരു പ്രാർത്ഥനയ്ക്ക് കാരണമായിത്തീർന്ന ജഡീക ആസക്തിയെ ചൂണ്ടിക്കാണിച്ച് അതിന്റെ ഭവിഷ്യത്ത് യാക്കോബ് തുടർന്നും സൂചിപ്പിക്കുന്നു: "*വ്യഭിചാരണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു*" (യാക്കോബ് 4:3-4).

എന്നാൽ താഴ്മയിലേക്ക് പ്രവേശിക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന തികച്ചും വ്യത്യസ്തമായ ഒന്നാണ്. തോമസ് മെർട്ടൻ (Thomas Merton) ഈ പ്രാർത്ഥനയെ 'ഹൃദയത്തിന്റെ പ്രാർത്ഥന' (Prayer of the heart) എന്നാണ് വിളിക്കുന്നത്. അതെക്കുറിച്ചുള്ള മെർട്ടന്റെ വിശദീകരണം ഇങ്ങനെയാണ്: "ദൈവത്തിന്റെ മുമ്പാകെ തെളിമയോടെ നമ്മെ നിറുത്തുവാനുള്ള ഒരു വഴിയാണ് ഹൃദയത്തിന്റെ പ്രാർത്ഥന." (Prayer of the heart as a way of keeping oneself in the presence of God and of reality, rooted in one's own inner truth.)[1] ഈ പ്രാർത്ഥനയെ നിയന്ത്രിക്കുന്നത് തലച്ചോറോ നാവോ അല്ല, ഹൃദയമാണ്. മാഡം ഗയോൺ (Madame Guyon) പ്രാർത്ഥനയെക്കുറിച്ച് പറയുന്നത് "ദൈവത്തിലേക്ക് നമ്മുടെ ഹൃദയത്തെ തിരിച്ച് ദൈവത്തിൽ നിന്നും സ്നേഹം ഏറ്റെടുക്കുന്ന"[2]താണ് പ്രാർത്ഥന.

ഇങ്ങനെയുള്ള പ്രാർത്ഥനയുടെ പാഠങ്ങൾ വാക്കുകൾകൊണ്ടോ അക്ഷരങ്ങൾ കൊണ്ടോ പൂർണ്ണമായും വിശദീകരിക്കുക ശ്രമകരമാണ്. കാരണം, ഇത് ഹൃദയത്തിന്റെ ഭാഷയാണ്. സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ്. സ്നേഹത്തിന്റെ ഭാഷ എത്ര വിശദമാക്കുമോ അത്രയും വികലമാവുകയേ ഉള്ളൂ. അത് ജീവിതം കൊണ്ടു മാത്രം മനസ്സിലാക്കേണ്ട ഒന്നാണ്.

ഹൃദയത്തിന്റെ പ്രാർത്ഥനയുടെ കേന്ദ്രം നമ്മുടെ ഭൗതിക ആവശ്യങ്ങളോ ആഗ്രഹങ്ങളോ അല്ല. ദൈവം തന്നെയാണ്. "*സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം. എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു...*" (സങ്കീർത്തനം 84:1-2). അതേക്കുറിച്ച് ആൻഡ്രു മുറേയുടെ വാക്കുകൾ ഇങ്ങനെയാണ്: "Until the spirit of the heart is renewed, until it is emptied of all earthly desires and stands in an habitual hunger and thirst after God - which is the true spirit of Prayer - all our prayer will be too much like lessons given to scholars."

ഈ പ്രാർത്ഥനയിൽ നാം ക്രിയാത്മകത കുറഞ്ഞവരും ദൈവം സജീവവുമാണ്. അതിനർത്ഥം പ്രാർത്ഥനയിൽ നമുക്കുള്ള പങ്ക്, ദൈവം

കാണിച്ചു തരുന്ന നമ്മുടെ സ്വയത്തെ അതുപോലെ തന്നെ കാണുകയും ഹൃദയം വായിൽ കൊരുത്തു തരുന്ന വാക്കുകളെ ദൈവത്തോടറിയിക്കുക എന്നതും മാത്രമാണ്. *"അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണ നില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു"* (റോമർ 8:26). ഈ പ്രാർത്ഥനയിൽ വാക്കുകളുടെ പെരുപ്പത്തിന് വലിയ കാര്യമില്ല. നമ്മെ നാം ആയിരിക്കുന്നതുപോലെ കാണുമ്പോഴുണ്ടാകുന്ന ഹൃദയ നുറുക്കത്തെ, കണ്ണുനീരായി യേശുവിന്റെ പാദത്തിൽ വീഴിക്കുന്നതിലൂടെ നമ്മിൽ വിരിയുന്ന പുഷ്പങ്ങളാണ് താഴ്മ ഉൾപ്പെടെയുള്ള ആത്മാവിന്റെ ഫലങ്ങൾ. അങ്ങനെയാകുമ്പോൾ പ്രാർത്ഥനയുടെ ലക്ഷ്യം തന്നെ ദൈവസാദൃശ്യമുള്ളവരായി മാറുക എന്നതാകും. ഡഗ്ളസ് വി.സ്റ്റീർ (Douglas V.Steere) പ്രാർത്ഥനയെ കാണുന്നത്: 'പ്രാർത്ഥിക്കുകയെന്നാൽ രൂപാന്തരപ്പെടുക' (To pray means to change) എന്നാണ്. 'ദൈവമേ, അങ്ങയുടെ ഇഷ്ടം എന്നിൽ ആകണമേ' എന്ന് പ്രാർത്ഥിക്കുന്ന പ്രാർത്ഥന ദൈവകേന്ദ്രീകൃതമായ പ്രാർത്ഥനയാണ്.

പതിവു പ്രാർത്ഥനകളിൽ നമ്മുടെ ഇഷ്ടത്തിലേക്ക് ദൈവത്തെ തളച്ചിടുവാൻ ശ്രമിക്കുമ്പോൾ ഹൃദയത്തിന്റെ പ്രാർത്ഥനയിൽ ദൈവത്തിന്റെ ഹിതത്തിലേക്ക് നമ്മെ തളച്ചിടുവാനായി ദൈവത്തിന് നാം ഇരുകൈകളും നീട്ടിക്കൊടുക്കുകയാണ്. "ദൈവഹിതം നിറവേറട്ടെ" യെന്ന് പൊതുവായി പ്രാർത്ഥിച്ച് കാര്യത്തിലേക്കു കടക്കാതെയുള്ള വട്ടം കറങ്ങലല്ല ഇത്. ധൈര്യപൂർവ്വം വിശദാംശങ്ങളിലേക്ക് കടന്ന് മകന്റെ വിദ്യാഭ്യാസവും, കാത്തിരിക്കുന്ന വിസയും, ബാങ്കിൽ കിടക്കുന്ന പണവും എന്നു വേണ്ട നെഞ്ചിനെ തൊടുന്ന ഏതൊരു വിഷയമായും 'മോറിയാ'മല കയറുന്ന ഒരു പ്രവൃത്തിയാണിത്. മകൻ ചോദിച്ചെന്നിരിക്കാം: "അപ്പാ, യാഗമൃഗം എവിടെ?" ഉത്തരത്തിനു വേണ്ടി തപ്പിത്തടയുന്നില്ല. കാരണം, അത് നെഞ്ചിന്റെ ഒത്ത നടുക്കു തന്നെ ഉണ്ടല്ലോ: "എന്റെ സ്വപ്നങ്ങൾ!"

ഇത് സ്വയത്തിന്റെ കരളിനു തന്നെ കത്തി കുത്തിയിറക്കലാണ്. "This spiritual death (which is really a blessing in disguise) is undeniably painful. It cuts "swift and deep into our inner most thoughts and desires with all their parts, exposing us for what we really are" [3] എളുപ്പത്തിൽ കടന്നുപോകാവുന്ന ഒരു പരവതാനിയല്ല ഇത്. അങ്ങനെയുള്ള പരവതാനിയൊന്നും നമ്മുടെ മുമ്പിൽ യേശു വിരിച്ചു തന്നിട്ടില്ലല്ലോ. *"ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ*



*അനുഗമിക്കട്ടെ"* (മത്തായി 16:24). യേശുവിന്റെ പ്രാർത്ഥനയെ ലൂക്കൊസ് വരച്ചു കാണിക്കുന്നത്: *"അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി.* ***അവൻ പ്രാർത്ഥന കഴിഞ്ഞു എഴുന്നേറ്റു..."*** (ലൂക്കൊസ് 22:44-45).

***ഹൃദയത്തിന്റെ പ്രാർത്ഥനയുടെ രണ്ട് ശത്രുക്കളാണ് കാപട്യവും തിരക്കും.***

**കാപട്യം**

ഹൃദയത്തിലേക്കുള്ള ദൈവിക പ്രവേശനം തടയുന്ന കവാടമാണ് കാപട്യം. ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും മറച്ചുവെച്ചുകൊണ്ടാണ് ഹൃദയത്തിന്റെ പ്രാർത്ഥനാ മുറിയിലേക്ക് കയറുന്നതെങ്കിൽ ആ പ്രാർത്ഥന ഒരു പാഴ്ശ്രമമാണ്. പഴയ പതിവു പ്രാർത്ഥനയുടെ അതേ താഴ്വരയിൽ മാത്രമേ നാം ചെന്നു ചേരുകയുള്ളൂ. എത്ര വേഗം നാം നാമാകുമോ അത്ര വേഗം ഉയരങ്ങളിലേക്ക് കയറിച്ചെല്ലാം. *"യഹോവേ, നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും? നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ"* (സങ്കീർത്തനം 15:1-2).

**തിരക്ക്**

ഈ തലമുറയുടെ വലിയൊരു ശാപമാണ് തിരക്ക്. പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ മനുഷ്യന് കൂടുതൽ സമയലാഭം ഉണ്ടാക്കി കൊടുത്തിട്ടും അവന്റെ ഓട്ടം കൂടുന്നതല്ലാതെ കുറയുന്നില്ല. Instant എന്ന വാക്ക് നമ്മുടെ സ്വന്തമായിത്തീർന്നിരിക്കുന്നു. 'അരുളപ്പാട് അറിയിക്കേണ്ടതിന് അല്പം നിൽക്ക' എന്ന് ദൈവം വിളിക്കുമ്പോൾ നാം വാച്ചിലേക്ക് നോക്കുന്നു. ഈ വേഗതയും തിരക്കും നമ്മുടെ ആത്മീയ ജീവിതത്തെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ പ്രാർത്ഥനയ്ക്ക് മനക്കണക്കുകളോ എളുപ്പവഴികളോ ഇല്ല. *"മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം"* (യെശയ്യാവ് 30:15).

ഹൃദയത്തിന്റെ പ്രാർത്ഥനയോട് ചേർത്തു നിർത്തേണ്ട ഒന്നാണ് ഉപവാസം. *"എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല"* (മത്തായി 17:21). ഭൂതബാധിതനായ ഒരു ബാലന്റെ സൗഖ്യത്തോടുള്ള ബന്ധത്തിലാണ് യേശു ഈ വാക്കുകൾ പറയുന്നത്. ശിഷ്യന്മാർക്ക് ഭൂതത്തെ പുറത്താക്കുവാൻ കഴിയാതിരുന്നത് വിശ്വാസക്കുറവു കൊണ്ടായിരുന്നു. വിശ്വാസക്കുറവിനുള്ള കാരണം

‘തങ്ങളിലുള്ള വിശ്വാസ’ കൂടുതൽ കൊണ്ടും (ആത്മാവിൽ ദരിദ്രന്റെ അദ്ധ്യായത്തിൽ ഇതേക്കുറിച്ച് നാം വിശദമായി കണ്ടതാണ്). ഉപവാസം നമ്മുടെ ശരീരത്തിന്റെ ശക്തി മാത്രമല്ല ഹൃദയത്തിന്റെ കാഠിന്യവും കുറയ്ക്കും. ‘സകല രാജ്യങ്ങളും അതിന്റെ മഹത്വവും’ നേടിയെടുക്കുവാനുള്ള ഒരു പരിപാടിയാണ് ഉപവാസമെന്നുള്ള ഈ കാലത്തെ ധാരണയിൽ വഞ്ചിക്കപ്പെടാതെ, സ്വയത്തിന്റെ ശക്തി കുറച്ച്, ദൈവത്തിലുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുവാനുള്ള ഒരു ദൈവികവഴി എന്ന നിലയിൽ വേണം ഉപവാസത്തെ കാണുവാൻ.

**(ii) അഹങ്കാരം വളരുവാനുള്ള വളം നാം ഇട്ടു കൊടുക്കാതിരിക്കുക.**

നേട്ടങ്ങൾ, വിജയങ്ങൾ, ലഭിച്ച പദവികൾ ഇവയെക്കുറിച്ച് ധ്യാനിക്കാതിരിക്കുക. അതിന് ബോധപൂർവ്വമായ ഒരു ശ്രമം ആവശ്യമാണ്. “*ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി*” (2 കൊരിന്ത്യർ 10:4-5). ദാവീദിന്റെ കാലത്ത് യിസ്രായേലിനു നേരെ ദൈവത്തിന്റെ കോപം ജ്വലിക്കുവാനുണ്ടായ കാരണം തന്റെ നേട്ടങ്ങളുടെ ഒരു കണക്കെടുക്കുവാൻ ദാവീദ് ഒരു ശ്രമം നടത്തി എന്നതാണ്. ഒറ്റ നോട്ടത്തിൽ നിർദോഷമെന്നു തോന്നാവുന്ന ഒരു സാധാരണ പ്രവൃത്തി മാത്രമേ ദാവീദ് ചെയ്തുള്ളൂ. ജനസംഖ്യ എടുക്കുക. എന്നാൽ ആ പ്രവൃത്തിയല്ല പ്രശ്നം, അതിനു പിന്നിലുള്ള ഉദ്ദേശ്യമായിരുന്നു. തന്റെ ഭരണകാലത്ത് ജനങ്ങൾ വർദ്ധിച്ചതും, ആ വർദ്ധനവിന്റെ ശതമാനം എത്രയെന്നും അറിഞ്ഞ് തന്റെ സ്വയത്തിന് ഒരു വിരുന്നു നടത്തുവാനാണ് ദാവീദ് പദ്ധതിയിട്ടത്. നമ്മുടെ സഭയിൽ എത്ര അംഗങ്ങളുണ്ടെന്നും നമ്മുടെ കുടുംബത്തിലെത്ര പേർ ഉന്നത പദവികളിലുണ്ടെന്നുമൊക്കെ നാം ചിന്തിക്കുകയും അതേക്കുറിച്ച് പുകഴ്ച പറയുകയും ചെയ്യുന്നതു പോലെ. അതൊക്കെ നമ്മുടെ സ്വയത്തിന് പടർന്നു കയറുവാനുള്ള താങ്ങുകളാണെന്ന് ഓർക്കണം. അതുകൊണ്ടാണ് ശലോമോൻ പറയുന്നത് *“നിന്റെ വായല്ല മറ്റൊരുത്തൻ, നിന്റെ അധരമല്ല വേറൊരുത്തൻ നിന്നെ സ്തുതിക്കട്ടെ” (സദൃശവാക്യങ്ങൾ 27:2).*

നാമാരും അഹങ്കാരം എന്ന പരീക്ഷയ്ക്ക് അതീതരല്ല. ഭക്തനായ ഇയ്യോബു പോലും തന്റെ ജീവിതത്തിൽ സംഭവിക്കാവുന്ന പാപത്തിന്റെ സാധ്യത മുന്നിൽ കണ്ടുകൊണ്ട് ആവശ്യമായ മുൻകരുതലുകളെടുക്കുന്നു. “*ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു; പിന്നെ ഞാൻ ഒരു*



*കന്യകയെ നോക്കുന്നതെങ്ങനെ?*” (ഇയ്യോബ് 31:1). യുദ്ധം തുടങ്ങുമ്പോഴല്ലല്ലോ ഒരു പടയാളി തോക്കന്വേഷിക്കേണ്ടത്! ‘‘*വിവേകമുള്ളവൻ അനർത്ഥം കണ്ടു ഒളിച്ചു കൊള്ളുന്നു; അല്പബുദ്ധികളോ നേരെ ചെന്നു ചേതപ്പെടുന്നു*’’ (സദൃശവാക്യങ്ങൾ 22:3). പാപത്തോട് എത്ര അകലത്തിൽ സഞ്ചരിക്കാമോ അത്രയും അകലത്തിൽ സഞ്ചരിക്കുന്നതാണ് സുരക്ഷിതത്വം.

സംസാരമാണ്, നമുക്കുള്ളിൽ നിഗളം കത്തിച്ച തീ പുറത്തു കൊണ്ടു വരുന്നത്. “....*നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു...*” (യാക്കോബ് 3:5). സംസാരത്തിൽ നമ്മെക്കുറിച്ചുള്ള കാര്യങ്ങൾ കൊണ്ടു വരുന്നതിൽ മിതത്വം പാലിക്കുക. ഒരു ക്രിസ്തീയ യോഗത്തിൽ സദസ്യരിലൊരാൾ ക്ലാസ്സെടുക്കുന്ന ശുശ്രൂഷകനോട് അയാളെക്കുറിച്ച് എന്തെങ്കിലും പറയുവാൻ ആവശ്യപ്പെട്ടു. കാരണം തന്നെക്കുറിച്ചുള്ള പരിചയപ്പെടുത്തലൊന്നും കൂടാതെയാണ് അയാൾ ക്ലാസ്സ് ആരംഭിച്ചത്. എന്നാൽ ശുശ്രൂഷകന്റെ മറുപടി: “അതിനിവിടെ വലിയ പ്രസക്തിയൊന്നും ഇല്ലല്ലോ” എന്നായിരുന്നു. ജെറമി ടെയ്ലറിന്റെ (Jeremy Taylor) വാക്കുകൾ ഇങ്ങനെയാണ്: “മറ്റുള്ളവർ നിങ്ങളെക്കുറിച്ച് എന്തെങ്കിലുമൊന്ന് പറയണമെന്ന് ചിന്തിച്ചോ അവരുടെ ശ്രദ്ധ നിങ്ങളിലേക്ക് കൊണ്ടു വരുവാനായിട്ടോ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നും തന്നെ പറയരുത്.”[4] നാവിന് നാം ഒരു കടിഞ്ഞാൺ ഇട്ടേ മതിയാവൂ, താഴ്മയിൽ വളർന്നു വരേണമെങ്കിൽ. “...*തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ ഒരുവൻ ഭക്തനെന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമാണ്*” (യാക്കോബ് 1:26).

വീടുകളിലെ ‘ഷോ’കെയിസിൽ നാം പ്രദർശിപ്പിക്കുന്ന പ്രശംസാപത്രങ്ങളും മെഡലുകളും അവാർഡുകളും നമ്മുടെ സ്വയത്തിന് കയറിപ്പോകുവാനുള്ള ഏണിപ്പടികളാണോയെന്ന് ശ്രദ്ധയോടെ അന്വേഷിക്കേണ്ടത് ആവശ്യമാണ്. ഒരു പട്ടണത്തിൽ താഴ്മയുള്ളവനെന്ന് പേരുകേട്ട മനുഷ്യന് ‘താഴ്മയുള്ളവൻ’ എന്നൊരു മെഡൽ എല്ലാവരും കൂടി സമ്മാനിച്ചത് അടുത്ത ദിവസം മുതൽ തന്റെ വസ്ത്രത്തിൽ അയാൾ കുത്തിക്കൊണ്ട് നടന്നതിനെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്. ഇതേ വിഷയത്തിൽ ഞാനും കടന്നു പോയ ഒരു പ്രലോഭനം ഓർക്കുന്നു. എനിക്ക് ലഭിച്ച ഒരു ‘ഫലകം’ എന്റെ വീട്ടിലെ ഷോക്കെയ്സിൽ സ്ഥാപിച്ചിരുന്നു. ആ ഫലകത്തോടുള്ള ബന്ധത്തിൽ എന്നിൽ സംഭവിക്കുന്ന ചില മാറ്റങ്ങളെക്കുറിച്ച് ഒരിയ്ക്കൽ പരിശുദ്ധാത്മാവ് എന്നെ ഓർമ്മപ്പെടുത്തി. അപ്പോഴാണ് ഞാനും അത് ശ്രദ്ധിച്ചത്. അതിഥികളാരെങ്കിലും വീട്ടിൽ വന്നാൽ ആ ഫലകത്തിലേക്ക് അവർ നോക്കണമെന്നും അതേക്കുറിച്ച് എന്തെങ്കി

ലുമൊക്കെ അവർ ചോദിക്കണമെന്നുമുള്ള ഒരു ആഗ്രഹം എന്നിൽ മുള പൊട്ടിയിരുന്നു.

ഡിഗ്രികളും സ്ഥാനപ്പേരുകളും പേരിനു മുമ്പിൽ എഴുതിച്ചേർക്കുന്നത് എന്തിനാണെന്ന് അവനവൻ വിലയിരുത്തണം. ചിലപ്പോൾ അത് ഒരാവശ്യമായിരിക്കാം. പക്ഷേ, തീർത്തും സ്വയത്തിനുള്ള പൂമാലയാകരുത്. ഡോക്ടർമാർ തങ്ങളുടെ കാറിന്റെ ഗ്ലാസ്സിൽ തങ്ങൾ ഡോക്ടർമാരാണെന്നറിയിക്കുവാനുള്ള ചിഹ്നം പൊതുവേ പതിപ്പിക്കാറുണ്ട്. അതിനുള്ള കാരണം, സമൂഹത്തിൽ ഏറ്റവും അത്യാവശ്യമായി ലഭിക്കേണ്ട സേവനങ്ങളിൽ ഒന്നാണ് വൈദ്യസേവനം. അതുകൊണ്ട് ഏതൊരു സ്ഥലത്തും ഡോക്ടർമാർ തിരിച്ചറിയേണ്ടത് ആവശ്യമാണ്. എന്നാൽ അതു തന്നെയാണോ 'എന്റെ' കാരണമെന്ന് ഓരോരുത്തരും വിലയിരുത്തണം. ഓർക്കുക സ്വയം വലിയ തന്ത്രശാലിയാണ്!

### (iii) താഴ്ത്തുന്ന ചില അനുഭവങ്ങളും സന്ദർഭങ്ങളും

ചില പ്രത്യേക സാഹചര്യങ്ങളും സംഭവങ്ങളും നമ്മുടെ ജീവിതത്തിൽ കടന്നു വരുന്നത് അവിചാരിതമല്ല. നമ്മിൽ താഴ്മ രൂപപ്പെടുത്തുവാനായി ദൈവം ഉപയോഗിക്കുന്ന വഴികളാണിതൊക്കെ. നമ്മെ ചെറുതാക്കുന്നതോ നമുക്ക് നാണക്കേടുണ്ടാക്കുന്നതോ ആയ സാഹചര്യങ്ങളെ നാം ഒഴിവാക്കുകയാണ് പതിവ്. എന്നാൽ അതിലൂടെയൊക്കെയാണ് നമ്മുടെ സ്വയത്തിന്റെ ക്രൂശീകരണം നടക്കുന്നതെന്ന് നാം അറിയണം.

റീസ് ഹവൽസ് (Rees Howells) എന്ന പ്രാർത്ഥനാ മനുഷ്യന്റെ ജീവിതത്തിലെ ഒരനുഭവം ഇങ്ങനെയാണ്. 1879-ൽ വെയിൽസിൽ ജനിച്ച ഹവൽസ് വളർന്നു വന്നപ്പോൾ ഒരു ഖനിത്തൊഴിലാളി ആയി. ജോലി ചെയ്യുന്ന സ്ഥലത്തേക്കും തിരിച്ചും രണ്ടു മൈൽ വീതം നടക്കണമായിരുന്നു. ഈ നടപ്പിന്റെ സമയം അയാൾ പ്രാർത്ഥനയ്ക്കായി ഉപയോഗിച്ചു. അതിൽ ഒരു മൈൽ ആരുമില്ലാത്ത സ്ഥലത്തു കൂടി വേണം നടക്കുവാൻ. ആദ്യത്തെ, ജനങ്ങളുള്ള പകുതി കഴിയുമ്പോൾ ദൈവത്തോടുള്ള ബഹുമാനം കൊണ്ട്, ഹവൽസ് 'തൊപ്പിയൂരി' പ്രാർത്ഥിക്കുവാൻ തുടങ്ങി. അന്ന് വെയിൽസിൽ പരസ്യസ്ഥലങ്ങളിൽ തലയിൽ തൊപ്പിയില്ലാതെ യാത്ര ചെയ്യുക സാധാരണമല്ല. അതൊരു തരം താണ കാര്യമായിട്ടാണ് കരുതിയിരുന്നത്. ദൈവം ഹവൽസിനോട് മറ്റേപ്പകുതി കൂടി തൊപ്പി ഊരിപ്പിടിക്കുവാൻ ആവശ്യപ്പെട്ടു. അതിനോടുള്ള ഹവൽസിന്റെ ആദ്യത്തെ പ്രതികരണം: "തലയിൽ തൊപ്പിയില്ലാതെ പട്ടണത്തിലൂടെ നടന്നു പോകാനോ?



അങ്ങനെ ഞാൻ ജോലി സ്ഥലത്തേക്കോ? ഇല്ല, ഒരിക്കലുമില്ല." എന്നാൽ ഒടുവിൽ ഹവൽസ് തല കുനിച്ചു. ദൈവം വിജയിച്ചു.

മറ്റൊരിക്കൽ ദൈവം ഹവൽസിനോട് ആവശ്യപ്പെട്ടത് ഇതിനേക്കാൾ കഠിനമായിരുന്നു. 'ക്ഷൗരക്കത്തി' ഉപയോഗിക്കരുതെന്ന്. അന്നത്തെ കാലത്ത് വെയിൽസിൽ ക്ഷൗരം ചെയ്യാത്ത ഒരാളെ ഒരു നികൃഷ്ട ജീവിയായിട്ടായിരുന്നു ആളുകൾ കണ്ടിരുന്നത്. അതേക്കുറിച്ച് ഹവൽസ് പറയുന്നത്: "ദൈവം എന്നെ ഓരോ ഇഞ്ചായി നിലത്തുകൂടെ വലിച്ചിഴയ്ക്കുകയായിരുന്നു." എന്നിരുന്നാലും ഈ പ്രാകൃതമനുഷ്യൻ വഴിയിലൂടെ കടന്നു പോകുമ്പോൾ ആളുകൾ അറിയാതെ എഴുന്നേറ്റു പോകുമായിരുന്നത്രേ! കാരണം അത്രയ്ക്കധികമായിരുന്നു ഹവൽസിൽ മറ്റുള്ളവർ കണ്ട ദൈവിക തേജസ്സ്."[5]

ഇതൊക്കെ അവിചാരിതമായും തിരഞ്ഞെടുപ്പിൽ നമുക്ക് നേരിട്ട് പങ്കില്ലാത്തതുമായ കാര്യങ്ങളാണ്. എന്നാൽ അറിഞ്ഞുകൊണ്ട് നാം തിരഞ്ഞെടുക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒരിക്കൽ യേശു പറഞ്ഞത്: *"ഒരുത്തൻ നിന്നെ കല്യാണത്തിനു ക്ഷണിച്ചാൽ...ചെന്ന് ഒടുക്കത്തെ സ്ഥലത്ത് ഇരിക്ക"* (ലൂക്കൊസ് 14:8-10). വീണ്ടും നമുക്ക് ശ്രദ്ധ കിട്ടുവാൻ വേണ്ടി ആയിരിക്കരുത് അത്. അതുപോലെ നമുക്ക് ഇരിക്കുവാൻ അനുവദിക്കപ്പെട്ട സ്ഥലം (അത് മുഖ്യാസനം ആണെങ്കിൽ കൂടി) ഒഴിവാക്കുന്നതിനെക്കുറിച്ചുമല്ല ഇത്. മുഖ്യാസനം തിരഞ്ഞെടുക്കുവാനുള്ള സ്വാഭാവികവും സ്വയത്തിലൂന്നിയതുമായ ആഗ്രഹത്തിനെതിരെയുള്ള ഒരു താക്കീത് എന്ന നിലയിൽ വേണം യേശുവിന്റെ വാക്കുകളെ നാം കാണുവാൻ. യാത്ര ചെയ്യുവാനായി യേശു കഴുതയെ തിരഞ്ഞെടുത്തത് അവിചാരിതമല്ല. ബോധപൂർവ്വമായ ഒരു തിരഞ്ഞെടുപ്പായിരുന്നു. *"സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും* ***താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും*** *പെൺകഴുതയുടെ കുട്ടിയായ ചെറു കഴുതപ്പുറത്തും കയറിവരുന്നു"* (സെഖര്യാവു 9:9).

### (IV) ക്ഷമ ചോദിക്കുക

നമ്മുടെ സ്വയത്തെ വളരെ വേദനിപ്പിക്കുന്ന ഒന്നാണ് തെറ്റ് അംഗീകരിച്ചുകൊണ്ട് മറ്റൊരാളോട് ക്ഷമ ചോദിക്കുക എന്നതും മറ്റൊരാളോട് ക്ഷമിക്കുക എന്നതും. അതുകൊണ്ടാണ് പത്രൊസ് ചോദിച്ചത് "ഏഴുവട്ടം മതിയോ?" ഏഴുവട്ടം വരെ എങ്ങനെയെങ്കിലും കടിച്ചുപിടിച്ച് ക്ഷമ ചോദിക്കാം. അതു കഴിഞ്ഞിട്ടെങ്കിലും 'എന്റെ സ്വയത്തെ എനിക്ക് സൂക്ഷി

ക്കാമല്ലോ'എന്നതായിരുന്നു പത്രോസിന്റെ ഭാവം. എന്നാൽ കർത്താവിന്റെ മറുപടി: "*ഏഴു വട്ടമല്ല; ഏഴു എഴുപതുവട്ടം*" (മത്തായി 18:21-22). അത് ഒരു ചെറിയ സംഖ്യയല്ല. താഴ്മയോടുള്ള ബന്ധത്തിൽ നമുക്കത് ഇങ്ങനെ വായിച്ചെടുക്കാം. 'ക്ഷമ ചോദിക്കുവാൻ നമ്മെത്തടയുന്ന അഹങ്കാരത്തിന്റെ അവസാനശ്വാസം പോകുന്നതുവരെയും ക്ഷമചോദിച്ചു കൊണ്ടേയിരിക്കുക'. പിന്നെ ക്ഷമ ചോദിക്കുക എന്നത് ഒരു പ്രശ്നമല്ല, സ്വാഭാവീകമായ ഒരു കാര്യം മാത്രമാകും.

**(V) പ്രപഞ്ചത്തെയും അതിന്റെ സൃഷ്ടാവിനെയും അറിയുക:** ദൈവത്തിന്റെ ഔന്നത്യത്തെക്കുറിച്ചുള്ള വെളിപ്പാടാണ് നമ്മിൽ താഴ്മ രൂപപ്പെടുത്തുന്നതിനുള്ള മാധ്യമം. ദൈവം തന്നെക്കുറിച്ചുള്ള വെളിപ്പാടുകൾ പ്രകൃത്യാതീതമായി നൽകാറുണ്ടെങ്കിലും തന്നെക്കുറിച്ച് ഈ പ്രപഞ്ചത്തിലൂടെ വെളിപ്പെടുത്തി തന്നിരിക്കുന്ന സത്യങ്ങൾ നിസ്സാരങ്ങളായി തള്ളരുത്.

ഈ പ്രപഞ്ചത്തിന്റെ വലിപ്പം ഭയങ്കരമാണ്. ആധുനിക നിരീക്ഷണോപകരണങ്ങളും ശൂന്യാകാശപേടകങ്ങളും സഹായിച്ചിട്ടും മനുഷ്യന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ള പ്രപഞ്ചം ഒരളവുവരെയേ ഉള്ളൂ. വാനനിരീക്ഷണ ശാസ്ത്രജ്ഞൻമാർ കരുതുന്നത് അതിനപ്പുറവും ഈ പ്രപഞ്ചം വിപുലമാണെന്നാണ്. നിരീക്ഷിക്കാൻ കഴിയുന്ന പ്രപഞ്ചം (Observable Universe) എത്രയോ ഭയങ്കരം! മനുഷ്യന് ഈ പ്രപഞ്ചത്തെക്കുറിച്ച് നല്കുന്ന അറിവ് ദൈവത്തെക്കുറിച്ച് അറിയുവാനും ആ അറിവ് തന്റെ നിസാരത്വത്തെക്കുറിച്ചുള്ള ബോധ്യം അവനിൽ ഉളവാക്കുകയും വേണം.

"ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്ക് വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്'' (റോമർ 1:19-20 The Bible published by The Pastoral Orientation Centre).

**നമ്മുടെ പ്രപഞ്ചം-ഭൂമി ഉൾപ്പെടുന്ന ഗ്യാലക്സിയെക്കുറിച്ചുള്ള ഒരു പഠനം**

" *ആകയാൽ നിങ്ങൾ എന്നെ ആരോടു സദൃശ്യമാക്കും? ഞാൻ ആരോടു തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിചെയ്യുന്നു. നിങ്ങൾ കണ്ണു മേലോട്ടു ഉയർത്തി നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ?...*" (യെശയ്യാവ് 40:25-26).




## സൗരയൂഥത്തിന്റെ അപേക്ഷിക വലിപ്പം

ഭൂമി




12,700 KM
(0.000000000133
പ്രകാശവർഷം)

സൗരയൂഥം



17.6 billion KM
(0.00187
പ്രകാശവർഷം)

**മറ്റു പ്രതിരോധങ്ങളില്ലാത്തിടത്ത് പ്രകാശം ഒരു വർഷം സഞ്ചരിക്കുന്ന ദൂരമാണ് ഒരു പ്രകാശവർഷം. അതായത് 9.84 ലക്ഷം കോടി കിലോമീറ്റർ)**




ലോക്കൽ
സ്റ്റെല്ലാർ ക്ലൗഡ്
30 പ്രകാശവർഷം




ക്ഷീരപഥം

150000
പ്രകാശവർഷം



കണ്ടെത്തിയിട്ടുള്ള
പ്രപഞ്ചം

93 billion
പ്രകാശവർഷം




വിർഗോ
സൂപ്പർ ക്ലസ്റ്റർ

110, 000, 000
പ്രകാശവർഷം


**അതായത് നമ്മുടെ ഭൂമി പ്രപഞ്ചത്തിന്റെ $1.43 \times 10^{-20}$ ഭാഗം മാത്രമാണ് അല്ലെങ്കിൽ ഈപ്രപഞ്ചം ഭൂമിയേക്കാൾ $7X10^{19}$ മടങ്ങ് വലിപ്പമുള്ളതാണ്.**

## പ്രപഞ്ചത്തിൽ ഭൂമിയുടെ വലിപ്പം


ഭൂമിയും മറ്റു ഗ്രഹങ്ങളും തമ്മിലുള്ള ആപേക്ഷിക വലിപ്പം





സൗരയൂഥത്തിന്റെ ആപേക്ഷിക വലിപ്പം




**വലിപ്പമേറിയ ആർക്ട്ടറസ് നക്ഷത്രവുമായി സൂര്യനെ തുലനം ചെയ്യുമ്പോൾ സൂര്യൻ ഒരു ചെറിയ പൊട്ടുപോലെ മാത്രം. ഭൂമി ഈ തുലനത്തിൽ ദൃഷ്ടി ഗോചരമല്ല**




**നക്ഷത്ര സമൂഹത്തിലെ ഭയങ്കരനായ ബെറ്റെഗ്യൂസുമായി തുലനം ചെയ്യുമ്പോൾ ആർക്ട്ടറസ് നക്ഷത്രം വളരെ ചെറുതുമാത്രം.**






- നിരീക്ഷിക്കുവാൻ കഴിയുന്ന പ്രപഞ്ചത്തിന്റെ ഏകദേശ വ്യാപ്തി 880 x $10^{21}$ കിലോമീറ്റർ ആണ്. അതായത് 880, 0000000, 0000000, 0000000 കിലോമീറ്റർ അല്ലെങ്കിൽ 880 കോടി കോടി കിലോമീറ്റർ ആണ്. ഈ കണക്ക് ലളിതമായി മനസ്സിലാക്കുവാൻ അമേരിക്കയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള ദൂരവുമായി തട്ടിച്ചു നോക്കിയാൽ മതി. അത് ഏകദേശം 20,000 കിലോമീറ്ററാണ്.
- ഭൂമിയിൽ നിന്നും ഭൂമിയുടെ ഏറ്റവും അടുത്ത നക്ഷത്രമായ പ്രോക്സിമാ സെന്റ്റോറിയിലേക്കുള്ള ദൂരം 40,000,000,000,000 കിലോമീറ്റർ അല്ലെങ്കിൽ 4.24 പ്രകാശവർഷമാണ്.
- ഏകദേശം പതിനായിരം കോടി ഗ്യാലക്സികൾ ഈ പ്രപഞ്ചത്തിൽ ഉണ്ടെന്നാണ് അനുമാനിക്കപ്പെടുന്നത്. കോടിക്കണക്കിന് നക്ഷത്രങ്ങളുടെ ഒരു സമൂഹമാണ് ഗ്യാലക്സി. ഓരോ ഗ്യാലക്സിയിലും ഏകദേശം പതിനായിരം കോടി നക്ഷത്രങ്ങളുമുണ്ട്.

ഈ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടാവാണ് നമ്മുടെ ദൈവം. ഈ വലിയ ദൈവത്തിന്റെ മുമ്പിൽ ആർക്ക് നിഗളത്തിന്റെ വാക്കുകൾ പറയുവാനും താഴ്മയോടെ അല്ലാതെ നടക്കുവാനും കഴിയും?

Pages 117-119
Collected and Edited by Mathew George

### (VI) നമ്മിലുള്ള വീഴ്ച്ചകളും നിഗളത്തിന്റെ അഴുക്കുകളും കണ്ട് നിരാശപ്പെടാതിരിക്കുക

ദൈവം കരുണയും ദീർഘക്ഷമയും ഉള്ളവനാണ്. ഒരു ദിവസം കൊണ്ടല്ലല്ലോ ഒരു കുഞ്ഞ് നടക്കുവാൻ പഠിച്ചതും, 'റോമാ നഗരം പണിതുയർത്തിയതും'. പലപ്പോഴും നമുക്കുണ്ടാകുന്ന പശ്ചാത്താപം എന്നു തോന്നാവുന്ന ദുഃഖം 'സ്വയസഹതാപ'ത്തിൽ നിന്നും ഉയിർകൊള്ളുന്നതാണ്, ദൈവത്തിന്റെ വെളിപ്പാടിൽ നിന്നുമല്ല. ദൈവത്തേക്കാൾ നമ്മെ അധികം ശ്രദ്ധിക്കുമ്പോഴുണ്ടാകുന്ന ഒരു തളർവാതമാണത്. നമ്മുടെ തെറ്റു കണ്ട്, നമ്മിലേക്കുതന്നെ നോക്കിയിരുന്ന്, തളർന്ന്, യൂദയെപ്പോലെ വേണമെങ്കിൽ സ്വയം ജീവനൊടുക്കാം. അല്ലെങ്കിൽ നമ്മുടെ തെറ്റുകണ്ട് പൊട്ടിക്കരഞ്ഞ്, യേശുവിലേക്കുനോക്കി വിശുദ്ധിയുടെ പടവുകൾ കയറി മുന്നോട്ടു നടന്ന പത്രോസിനെപ്പോലെ ജയാളി ആകാം.

ദൈവത്തിന്റെ കരുണയുടെയും ദീർഘക്ഷമയുടെയും ആഴം അറിഞ്ഞിട്ടില്ലാത്തവൻ തന്റെ തെറ്റിനെക്കുറിച്ച് ഓർത്തിട്ടും അറിഞ്ഞിട്ടും വലിയ പ്രയോജനമില്ല. കാരണം, അങ്ങനെയുള്ള ഒരു വ്യക്തി ദൈവത്തിലൂടെ ലഭിക്കുന്ന പാപക്ഷമയ്ക്കായി ക്രൂശിലേക്കു പോകുവാൻ ഒരുക്കമല്ല. ദൈവത്തിന്റെ രീതി പലതിലും മനുഷ്യരീതികളിൽ നിന്നും വിഭിന്നമാണ്. ഒരു മെഴുകുതിരിയുടെ തിരി കെട്ട്, അത് പുകഞ്ഞുകൊണ്ടിരിക്കുമ്പോൾ നാമാരും അത് ഊതി കത്തിക്കുവാനുള്ള പാഴ്ശ്രമം നടത്താറില്ല. പുകയുന്ന തിരിയെ ഊതികത്തിക്കുന്നതല്ല എളുപ്പം, ഞെരടി കെടുത്തുന്നതാണ്. പക്ഷേ, ദൈവം തിരഞ്ഞെടുത്തത് എളുപ്പമുള്ളതല്ല കഠിനമായതാണ്. "*ചതഞ്ഞ ഓട അവൻ ഒടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തിക്കളയുകയില്ല*"(യെശയ്യാവു 42:3). കാരണം തന്റെ ഉള്ളിൽ നമ്മെക്കുറിച്ച് ഒരു വലിയ സ്വപ്നമുണ്ട്. നാം ഇപ്പോൾ ആയിരിക്കുന്ന അവസ്ഥ മാത്രമല്ല നാളെ നാം ആയിത്തീരുന്ന അവസ്ഥകൂടി ദൈവത്തിനറിയാം.

നാം എത്ര ബലഹീനരാണെന്നുള്ളതല്ല ദൈവമെത്ര ശക്തനാണെന്നുള്ളതാണ് പ്രധാന്യം. നാം ക്ഷമയോടെ കാത്തിരിക്കുവാൻ തയ്യാറാണെങ്കിൽ ശക്തനായ ദൈവം നമ്മെക്കുറിച്ചുള്ള തന്റെ സ്വപ്നം നമ്മിൽ നിവർത്തിക്കും.

"***വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനു തന്നേ, സർവ്വകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ*** *(യൂദാ 24,25).*



# 6

# താഴ്മയ്ക്കായുള്ള ഒരു പ്രാർത്ഥന

സൗമ്യതയും താഴ്മയുമുള്ള യേശുവേ,
എന്റെ പ്രാർത്ഥന കേൾക്കേണമേ.

സ്നേഹിക്കപ്പെടുവാനും ഉന്നതസ്ഥാനം ലഭിക്കുവാനുമുള്ള
ആഗ്രഹത്തിൽ നിന്നും സ്ഥാനമാനങ്ങളും, പുകഴ്ചയും
ലഭിക്കുവാനുള്ള ആഗ്രഹത്തിൽ നിന്നും, മറ്റുള്ളവരേക്കാൾ
മാനിക്കപ്പെടുവാനുള്ള ആഗ്രഹത്തിൽ നിന്നും
മറ്റുള്ളവർ എന്നോടു ആലോചന ചോദിക്കേണമെന്ന
ആഗ്രഹത്തിൽ നിന്നും വിടുവിക്കേണമേ.

മറ്റുള്ളവരുടെ നിന്ദയെപ്പറ്റിയുള്ള ഭയത്തിൽ നിന്നും,
മറ്റുള്ളവരുടെ ശാസനയെപ്പറ്റിയുള്ള ഭയത്തിൽ നിന്നും
മറ്റുള്ളവർ എന്നെ പരിഹസിക്കുമെന്നും,
തെറ്റിധരിക്കുമെന്നുമുള്ള ഭയത്തിൽ നിന്നും മറ്റുള്ളവരാൽ
ദോഷം സംഭവിക്കുമെന്നുള്ള ഭയത്തിൽ നിന്നും
വിടുവിക്കേണമേ.

എന്നെക്കാൾ കൂടുതൽ മറ്റുള്ളവർ സനേഹിക്കപ്പെടുവാനും,
ബഹുമാനിക്കപ്പെടാനുമുള്ള ആഗ്രഹവും, ഞാൻ കുറഞ്ഞാലും
മറ്റുള്ളവർ വളരുന്നത് കാണുവാനുള്ള ആഗ്രഹവും
എനിക്കു നൽകേണമേ.

മറ്റുള്ളവർ എന്നെക്കാൾ ശ്രേഷ്ഠതയിലും വിശുദ്ധിയിലുമായി
ത്തീരുന്നത് കാണുവാനുള്ള ആഗ്രഹവും എനിക്ക് തരേണമേ.
ഞാൻ ആകേണ്ടതുപോലെ വിശുദ്ധനായിത്തീരുവാൻ
എന്നെ സഹായിക്കേണമേ.

യേശുവിന്റെനാമത്തിൽ
ആമേൻ!

# ഗ്രന്ഥസൂചിക


### അദ്ധ്യായം ഒന്ന്

1. മനില സി. മോഹൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 ജനുവരി 18, പേജ് 98.
2. Barclay Commentary. Matthew 6:16-18, (Bangalore : Theological Publication in India) Page 235
3. Jeremy Taylor. Holy living and holy dying (Illinois: Tyndale House Publishers, Inc., 1986) Page 39.
4. വില്യം മാക്ഡൊണാൾഡ്. യഥാർത്ഥ ശിഷ്യത്വം. (Tiruvalla: Gospel For Asia Publications, 2004) പേജ് 122
5. An Excerpt from *Humility: The Quiet Virtue* by Everett L. Worthington. Jr.

### അദ്ധ്യായം രണ്ട്

1. Andrew Murray. Humility (Chennai: Whitaker Publishers India (P) Ltd) Page 11
2. Barclay Commentary. No. 11 Page 36
3. കടപ്പാട്.
4. Leonard Ravenhill. Why Revival Tarries (Tiruvalla Guidance Publications, 1985) Page 21
5. Barclay Commentary. Matthew 6:9 Page 205

### അദ്ധ്യായം മൂന്ന്

1. ഫാ. ചാക്കോ ബർണാഡ് സി.ആർ. ഏറ്റവും പ്രയാസകരമായ സുകൃതം. Published by Dr. J. Kattukaran, Thrissur.

### അദ്ധ്യായം നാല്

1. Fenelon. Let Go (Chennai : Whitaker Publishers India (P) Ltd) Page 1
2. John Stott. Essential living (England: Inter-Varsity press, 1988) Page 60
3. Rincy Cherian. Bible study Notes (Life Fellowship, Trivandrum).
4. Barclay Commentary. No. 12. Page 220
5. Bob Laurent. Watchman Nee: Man of Suffering (Uhrichsville : Barbour Publishing, Inc.) Page 69
6. റവ. ഡോ. മാത്യു ഡാനിയൽ. സാധു കൊച്ചുകുഞ്ഞ് ഉപദേശി (തിരുവല്ല: ക്രൈസ്തവ സാഹിത്യ സമിതി, 2008) പേജ് 22
7. ഫാ. ചാക്കോ ബർണാഡ് സി.ആർ. ഏറ്റവും പ്രയാസകരമായ സുകൃതം. പേജ് 11
8. Howard G. Hendricks. Teaching to Change Lives (Oregon: Multnomah) page 27
9. Dietrich Bonhoeffer. The cost of discipleship (India:Suvarha Bhavan) Page 100
10. എം. കുര്യൻ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് (തിരുവല്ല:ക്രൈസ്തവ സാഹിത്യ സമിതി, 2008) പേജ് 78
11. ലോറൻ കണ്ണിംഗ് ഹാം. ദൈവമേ, ഇത് വാസ്തവത്തിൽ അങ്ങ് തന്നെയോ? ട്രാൻസ്ലേഷൻ എൽ സാം.YWAM Publishing Pvt. Ltd. Published in Malayalam by Peaceway publication.Page 141
12. Barclay Commentary. No. 2. Published by Theological Publishers in India, Banglore Page 287.
13. Barclay Commentary. No. 14. Page 105.
14. Barclay Commentary. No. 7. Page 58
15. Leonard Ravenhill. Why Revival Tarries: (Tiruvalla Guidance Publications, 1985) Page 34.
16. Edwin Louis Cole. Maximized Manhood (New Kensington: Whitaker House, 1982) Page 27.
17. ജോൺ മിൽട്ടൻ. നഷ്ടസ്വർഗ്ഗം (പുനരാഖ്യാനം സനന്ദനൻ, കോട്ടയം ഡി.സി. ബുക്സ്, 1985), പേജ് 24-25)
18. Fenelon. Let Go Page 7
19. Thomas Merton. Contemplative Prayer (New York : Image Books, 1971) Page 76.
20. Andrew Murray. Humility. Page 43.
21. M. Basilea Schlink. You will never be the same (Secunderabad : OM Books, 2004) Page
22. Ibid. Page 139.
23. Richard Foster. Celebration of Discipline
24. കടപ്പാട്
25. എം. കുര്യൻ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്

### അദ്ധ്യായം അഞ്ച്

1. Thomas Merton. Contemplative Prayer Page 23
2. Madame Guyon. Experiencing God through Prayer (Chennai: Whitaker Publishers India (P) Ltd) Page 13
3. Fenelon. Let Go Page 6
4. Jeremy Taylor. Holy living and holy dying, Page 40.
5. Norman Grubb. Rees Howell:Intercessor (London: Lutter Worth Press, 1978) Chapters Seventeen and Eighteen.